
കിനാവിൽ
നിന്നൊരു
രാജകുമാരി
ഹരികുമാർ

ഇ. ഹരികുമാർ

അമ്പതു വർഷത്തെ
സാഹിത്യജീവിതം



Canadayilninnoru Rajakumari

കാനഡയിൽനിന്നൊരു രാജകുമാരി

(collection of short stories in Malayalam)

Author: E. Harikumar

Electronic version published in 2013

This book is meant for distribution among research organisations absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright © 2013 by E. Harikumar

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

## ഇ. ഹരികുമാർ

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972–ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983–ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966–1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5-ബി, അവന്യു ക്രെസ്റ്റ് അപാർട്‌മെന്റ്സ്
അവന്യു റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091–0487–2251779

**ഇ–മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

# കാനഡയിൽനിന്നൊരു
# രാജകുമാരി


ഡോക്ടർ ഗുറാമിയുടെ ആശുപത്രി

സൂര്യകാന്തിപ്പൂക്കൾ

കാട്ടിക്കൊമ്പ്

ചെപ്പടിക്കാരനും ഞാനും

കാനഡയിൽനിന്നൊരു രാജകുമാരി

ഒരു വിശ്വാസി

പുതിയൊരു വെളിപാടിനുവേണ്ടി

മുഴുമിക്കാത്ത ഒരു യാത്ര

നഗരം

# ഡോക്ടർ ഗുറാമിയുടെ ആശുപത്രി

**കു**ന്നിൻചരുവിലെ അരുവിയെപ്പറ്റി അയാൾ മകനു പറഞ്ഞു കൊടുത്തു. അവൻ ജനിക്കുന്നതിനു മുമ്പ് താൻ അമ്മയുമൊത്ത് അവിടെ പോയത്. മുട്ടുവരെ ആഴമുള്ള തെളിവെള്ളം. അടിയിൽ മഞ്ഞനിറത്തിൽ വൃത്തിയുള്ള മണൽ, ഉരുളൻ കല്ലുകൾ. ചിലയിടത്ത് കറുത്ത പാറകൾ. പാറക്കൂട്ടങ്ങൾക്കിടയിൽ നീന്തിക്കളിക്കുന്ന പരൽമീനുകൾ. അവയെ പിടിക്കാൻ ശ്രമിച്ചപ്പോൾ അമ്മ വഴുതി വീണ് സാരി നനഞ്ഞത്.

ശിശുസഹജമായ കൗതുകത്തോടെ, ഇടയ്ക്കിടയ്ക്ക് ചെറുചോദ്യ ങ്ങൾ ചോദിച്ച് വിജു എല്ലാം കേട്ടിരുന്നു.

ഇത്ര ചെറിയ മത്സ്യങ്ങളോ?

അവൻ വിരലുകൾകൊണ്ട് വലുപ്പം കാണിച്ചു.

അതെ. രാമചന്ദ്രൻ പറഞ്ഞു. ചിലത് അതിലും വലിയവ.

വിജു ആലോചിക്കുകയാണ്. അരുവിയെപ്പറ്റി, മത്സ്യങ്ങളെപ്പറ്റി, ഒരു ചിത്രം മനസ്സിലുണ്ടാക്കുകയാണ് അവൻ. അവന് വളരെ വ്യക്തമായ ഒരു ചിത്രം വരയ്ക്കാൻ കഴിയില്ലെന്ന് അയാൾക്കറിയാം. കാരണം അഞ്ചു വയസ്സിനിടയ്ക്ക് അവൻ ഒരരുവി കണ്ടിട്ടില്ല. പോരാത്തതിന് അയാൾ മുഴുവൻ പറഞ്ഞിട്ടുമില്ല. പറയാനിരിക്കുന്നത് പറഞ്ഞതിനേക്കാൾ കൂടുതലാണ്. തെളിഞ്ഞ ആകാശത്തെപ്പറ്റിയും, ചുറ്റുമുള്ള വൃക്ഷങ്ങളുടെ പച്ചപ്പിനെപ്പറ്റിയും കുന്നിൻനിര കടന്നുവന്ന് തങ്ങളെ തഴുകിയിരുന്ന തണുത്ത കാറ്റിനെപ്പറ്റിയും രാമചന്ദ്രൻ പറഞ്ഞിട്ടുണ്ടായിരുന്നില്ല. അതുപോലെ രാഗിണിയുടെ കണ്ണുകളിൽ തുടിച്ചുനിന്ന ആവേശ ത്തെപ്പറ്റിയും കുസൃതിയെപ്പറ്റിയും.

അതെല്ലാം ഏഴോ എട്ടോ കൊല്ലങ്ങൾക്കുമുമ്പ് കഴിഞ്ഞവയാണ്. എങ്കിലും ഓർമ്മകൾ ഒരു നിത്യഹരിത വൃക്ഷത്തെപ്പോലെ ഇപ്പോഴും തുടിച്ചു നിൽക്കുന്നു. ദൈനംദിന കർമ്മങ്ങളുടെ മറവിൽ അവ ഒളിച്ചിരി ക്കുന്നുവെന്നു മാത്രം. ഇന്നിപ്പോൾ അതെല്ലാം ഓർക്കാനുണ്ടായ കാരണമെന്താണ്? രാവിലെ എഴുന്നേറ്റ് ഉമ്മറത്തു വന്നപ്പോൾ വീശിയിരുന്ന തണുത്ത കാറ്റാണോ? തളത്തിന്റെ ഒരരുകിൽ സോഫയുടെ തലയ്ക്കലായി വെച്ചിട്ടുള്ള അക്വേറിയത്തിൽനിന്ന് കുമിളകൾ പൊന്തുന്നതിന്റെ ശബ്ദം കേട്ടതാണോ? ആ ഗുളു ഗുളു ശബ്ദം അരുവിയിലെ വെള്ളം പാറക്കെട്ടിൽ ക്കൂടെ ഒഴുകുന്ന പ്രതീതി ഉണ്ടാക്കി. പലപ്പോഴും രാത്രി വളരെ വൈകുംവരെ അയാൾ സോഫയിൽ, തലഭാഗത്ത് ഒരരുവി ഒഴുകുന്ന ശബ്ദവും ശ്രദ്ധിച്ച് ഒന്നും ചെയ്യാതെ കിടക്കാറുണ്ട്. മോൻ കൊതുവലയ്ക്കുള്ളിൽ ചുരുണ്ടു കൂടി ഉറങ്ങുന്നു. രണ്ടു കൊല്ലം മുമ്പ് അവൻ തന്റെ കുഞ്ഞിക്കൈകൾ കൊണ്ട് അമ്മ യെ കെട്ടിപ്പിടിച്ച് ഉറങ്ങിയിരുന്നത് രാമചന്ദ്രൻ ഓർക്കും.

അയാൾ രാഗിണിയെപ്പറ്റി ഓർത്തു. നമുക്ക് സ്വന്തമായി ഒരു വീടു വേണം – അവൾ പറയാറുണ്ട്. അധികം വലുതൊന്നും വേണ്ട. രണ്ടു കിടപ്പുമുറികൾ. പിന്നെ ഇരിക്കാനും ഊണുകഴിക്കാനും ഒരു മുറി, അടുക്കള അത്രയും മതി. അങ്ങിനത്തെ ഒരു വീട്ടിൽ താമസിക്കാൻ കൊതിയാവുന്നു.

അവൾ ആശിച്ചിരുന്ന വീട് ഇപ്പോൾ തയ്യാറായി. താമസക്കാരി മാത്രം ഇല്ല. കലങ്ങിയ മനസ്സോടെ അയാൾ കിടക്കും. രാത്രിയുടെ നിഗൂഢശബ്ദങ്ങൾ അയാൾ ശ്രദ്ധിക്കും. ആ ശബ്ദങ്ങളെല്ലാം അവസാനം ഒരരുവിയുടെ ശബ്ദത്തിൽ ലയിച്ചുചേരും. ആ ശബ്ദം അയാൾക്ക് ആശ്വാസമരുളും. അതിന്റെ ഓർമ്മയിൽ അയാൾ മയങ്ങി ഉറങ്ങും.

രാവിലെ അന്തരീക്ഷം മാറുന്നു. വിജു എഴുന്നേറ്റ് വന്നാൽ വീട് പ്രസാദാത്മകമാകുന്നു. ആദ്യം തന്നെ അവൻ തന്റെ മത്സ്യങ്ങളെപ്പറ്റി അന്വേഷിക്കും. ഗ്ലാസ് ടാങ്കിനടുത്തുവന്ന് ഉള്ളിലെ അത്ഭുതലോകം ജിജ്ഞാസയോടെ നോക്കും. അവൻ നിൽക്കുമ്പോൾ തല ടാങ്കിന്റെ പകുതിവരേയെ എത്തുന്നുള്ളു. മത്സ്യങ്ങൾ അവൻ നിൽക്കുന്നിടത്തേക്കു വരും ഒരു ചോദ്യത്തോടെ.

പിന്നെ ടാങ്കിനുള്ളിലെ താൽക്കാലികാവസ്ഥയെപ്പറ്റി റണ്ണിങ്ങ് കമന്ററിയാണ്. വർത്തമാനപത്രം വായിച്ചുകൊണ്ടിരിക്കെ അയാൾ മൂളിക്കൊണ്ടിരിക്കും.

അച്ഛാ ഏയ്ഞ്ചൽ ഫിഷ് ഗോൾഡ് ഫിഷിനെ വല്ലാതെ ഓടിക്കണണ്ട്ട്ടൊ. പാവം ഗോൾഡ് ഫിഷ്. അതെന്തി നാണ് ഏയ്ഞ്ചലിന്റെ അടുത്തുപോണത്?

സ്വർണ്ണമത്സ്യങ്ങൾ വിജുവിന്റെ ഇഷ്ടക്കാരാണ്. അവ ആരേയും ഉപദ്രവിക്കില്ല. തടിച്ച കുമ്പയുള്ള ആ മത്സ്യ ങ്ങൾക്ക് സ്വന്തം ശക്തി അറിയില്ലെന്നു തോന്നുന്നു. അതുകൊണ്ട് മറ്റ് മത്സ്യങ്ങൾ ഉപദ്രവിച്ചാലും തിരിച്ച് ഉപദ്രവിക്കാതെ ഭാരിച്ച ദേഹവും കുലുക്കി നീന്തിയകലും. അത് വിജുവിന് ധാർമികരോഷമുണ്ടാക്കുന്നു.

അവന്റെ റണ്ണിങ്ങ് കമന്ററി തുടരുക തന്നെയാണ്.

ഓറഞ്ച് ഗപ്പിയുടെ വാല് കാണാൻ നല്ല ഭംഗിയുണ്ട്. ഈ സൂര്യവെളിച്ചത്തില്.

ജനലിലൂടെ അരിച്ചുവന്ന വെളിച്ചം ടാങ്കിനുള്ളിൽ പ്രകാശത്തിന്റെ ഒരു അത്ഭുതപ്രപഞ്ചം ഉണ്ടാക്കിയിരിക്കുന്നു. ചെടികൾക്ക് അവയുടെ ഹരിതാഭ വീണ്ടു കിട്ടി. കല്ലുകൾ പ്രകാശിക്കുന്നു. മത്സ്യങ്ങളുടെ തനിമയുള്ള നിറങ്ങൾ ഉദിച്ചുകണ്ടു. ആ ടാങ്കിനുള്ളിൽ മത്സ്യങ്ങളുടെ വലുപ്പത്തിലുള്ള ഒരാളായി നടക്കാൻ അയാൾക്കുതോന്നി.

മലഞ്ചെരുവിൽ മരങ്ങൾക്കിടയിലൂടെ രാഗിണിയുടെ ഒപ്പം നടന്നത് അയാൾ ഓർത്തു. വൈകുന്നേര ങ്ങളിൽ ചെരിഞ്ഞു വീഴുന്ന സുര്യരശ്മികൾ ഇലകളിലൂടെ വീഴുന്നത് രാഗിണിയുടെ മുഖത്ത് വെളിച്ചവും നിഴലുമുണ്ടാക്കി. വെളിച്ചത്തിൽ അവളുടെ മുഖം പ്രകാശിച്ചപ്പോൾ, ഉടനെ നിഴൽവീണ് മങ്ങി. അന്ന് അയാൾക്ക് എന്തോ അകാരണമായ ഒരു ഭയം ഉണ്ടായി.

ഇതാ ഈ സ്വോഡ്ടെയില് ചെറിയ സ്വോഡ്ടെയിലിനെ വല്ലാതെ ഉപദ്രവിക്കണണ്ട്. നമുക്കതിനെ മാറ്റിയിടാം.

വിജു വിളിച്ചു പറഞ്ഞു.

അയാൾ സ്വപ്നാടനത്തിൽനിന്ന് തിരിച്ചുവന്നു.

സ്വോഡ് ടെയിലുകൾ സ്വതവേ കുറച്ചു കലഹപ്രിയരാണ്. വലിയ മത്സ്യങ്ങൾ ചെറിയ മത്സ്യങ്ങളെ ഉപദ്രവിക്കും. ഇവിടെ ഇപ്പോഴുള്ള കലഹം കാമിനി മൂലമാണ്. രണ്ടു ജോടികളാണ് ടാങ്കിലുള്ളത്. ഒരു പെണ്ണിനെ പെറാൻ മാറ്റിയിട്ടിരിക്കയാണ്. രണ്ടാമത്തെ പെണ്ണിനു വേണ്ടിയാണ് സ്വോഡ് ടെയിലുകൾ തമ്മിൽ കലഹം.

നമുക്കീ സ്വോഡ് ടെയിലിനെ മാറ്റിയിടാം അല്ലേ?

വായനയ്ക്കിടയിൽ അയാൾ മൂളി. പക്ഷേ, അധികനേരം വായിച്ചിരിക്കാൻ കഴിയില്ല. അപ്പോഴേക്ക് മോൻ വലയുമായി എത്തിയിട്ടുണ്ടാകും. ഉപദ്രവകാരിയായ മത്സ്യത്തെ മാറ്റിയിടാനായി. രാമചന്ദ്രൻ എഴുന്നേൽക്കാൻ നിർബന്ധിതനാകും.

ഗ്ലാസ് ടാങ്ക് വലുതാണ്. നാലടി നീളവും, ഒരടി വീതിയും, ഒന്നര അടി ആഴവും. അടിയിലിട്ട മണലട്ടിക്കു മീതെ ചെറിയ വെള്ളാരംകല്ലുകൾ ഇടയ്ക്കിടക്ക് വാലിസ് നേരിയ, അമേസോൺ സ്വോഡ് മുതലായ ചെടികൾ. ചെടികൾക്കും കല്ലുകൾക്കും ഇടയിൽ ഒരു കാട്ടിന്നിടയിലെന്നപോലെ സിറാമിക്കന്റെ പ്രേതഭവനം. അവയ്ക്കിട യിൽ വിവിധ നിറത്തിലുള്ള മത്സ്യങ്ങൾ നീന്തിക്കളിക്കുന്നു. ഇണചേരുന്നു, പോരാടുന്നു. സ്വോഡ് ടെയിലുകൾ, ബ്ലാക്ക് മോളികൾ, സ്വർണ്ണ മത്സ്യങ്ങൾ, ഏയ്ഞ്ചലുകൾ. അവ പലനിറത്തിൽ വെളുത്തവ, കറുപ്പും വെളുപ്പും ചേർന്നതും. പിന്നെ ഗപ്പികൾ. വിവിധ നിറങ്ങളുള്ള നീണ്ട വാലുകൾ വിറപ്പിച്ചുകൊണ്ട് അവ നീന്തിക്കളിച്ചു. ഇതാണ് വിജുവിന്റെ മത്സ്യലോകം. ചില്ലുമതിലുകൾക്കുള്ളിൽ പ്രകൃതിയുടെ ഒരു ചെറുപതിപ്പ്.

ഇണകളുടെ ഈ ലോകത്ത്  ഒറ്റയാനായി ഒരു മത്സ്യം മാത്രം. അത് ഗുറാമിയാണ്. കിസ്സിംഗ് ഗുറാമി. രണ്ടിഞ്ചു നീളമുള്ള പരന്നു നീണ്ട മത്സ്യം. അദ്ദേഹത്തെ വിജു വിളിക്കുന്നത് ഡോക്ടർ ഗുറാമിയെന്നാണ്. ഡോക്ടർമാരുടേതുപോലെ വെളുത്ത ഓവർകോട്ടാണ് ഗുറാമിയുടേത്. അദ്ദേഹം ആരെയും ഉപദ്രവിക്കാതെ, ശണ്ഠകൂടാതെ, നിസ്വാർഥസേവനം അനുഷ്ഠിക്കുന്നു. ടാങ്കിന്റെ ചില്ലുഭിത്തികൾ, ചെടിയുടെ തണ്ടുകൾ, ഇലകൾ എന്നിവയെല്ലാം നക്കി പൂപ്പൽ കളയുകയാണ് അദ്ദേഹത്തിന്റെ പണി. അദ്ദേഹം നിരന്തരം യാതൊരു മുറുമുറുപ്പുമില്ലാതെ ചെയ്തു വന്നു. ഒരു ചെടി കഴിഞ്ഞാൽ അടുത്ത ചെടി. ഒരു ചുമർകഴിഞ്ഞാൽ അടുത്ത ചുമർ. ധൃതിയിൽ ജോലിചെയ്തു കൊണ്ടിരിക്കെ അബദ്ധത്തിൽ മറ്റേതെങ്കിലും മത്സ്യത്തെ നക്കിയെന്നുവരും. ഉടനെ 'സോറി' പറഞ്ഞ് ഡോക്ടർ അടുത്ത ചെടിയിലേക്ക് തിരിയുന്നു. ദേഷ്യമില്ല, പകയില്ല, വാശിയില്ല. പരോപകാരതൽപരത മാത്രം.

ആ വലിയ ടാങ്കിനുനടുത്തുതന്നെയിട്ടിരിക്കുന്ന രണ്ടടി ടാങ്കാണ് ഡോക്ടർ ഗുറാമിയുടെ ആസ്പത്രി. ആ പേരുവരാൻ കാരണം. ഗുറാമിയും അതിന്റെ ഇണയും കുട്ടിയായിരുന്നപ്പോൾ അസുഖം ബാധിച്ച് ആ ടാങ്കിലായിരുന്നു. അതിന്റെ ഇണ ചത്തുപോയി. ഡോക്ടർ ഗുറാമി രണ്ടു മാസത്തെ ചികിത്സയ്ക്കുശേഷം അത്ഭുതകരമായി രക്ഷപ്പെട്ടു. അതിനു ശേഷമാണ് വിജു ആ ടാങ്കിനെ ഡോക്ടർ ഗുറാമീസ് ഹോസ്പിറ്റൽ എന്ന് വിളിക്കാൻ തുടങ്ങിയത്. അതിൽ ഇപ്പോൾ കിടക്കുന്നത് ചുവന്നു തടിച്ച് സുന്ദരിയായ സ്വോഡ് ടെയിൽ ആണ്. പ്രസവത്തിനു വേണ്ടി മാറ്റിയിട്ടതാണ്. വിജു അതിനെ വിളിക്കുന്നത് അമ്മുകുട്ടിയമ്മ എന്നാണ്. ഒരു പക്ഷേ, ആ മത്സ്യം പെറ്റിരിക്കാനും മതി.

അച്ഛാ അമ്മുക്കുട്ടിയമ്മ പ്രസവിച്ചു.

വിജു വിളിച്ചു പറഞ്ഞു. അയാൾ നോക്കി. ശരിയാണ്. ചെറിയ നേരിയ ഓറഞ്ച് നിറമുള്ള കുട്ടികൾ. അവ ടാങ്കിന്നടിയിൽ ഇട്ട വെള്ളാരങ്കല്ലുകൾക്കു മീതെ അരിച്ചു നടന്നു. ചിലവ അമ്മയുടെ അടുത്ത്, എന്നാൽ വളരെ അടുത്തു പോകാതെ നീന്തിക്കളിച്ചു. ഇടയ്ക്ക് ഇടംകണ്ണിട്ട് അമ്മയെ നോക്കി. മാതൃസ്നേഹത്തിൽ അത്ര വിശ്വാസമില്ലാത്ത പോലെ. അമ്മ മത്സ്യമാകട്ടെ, പേറു കഴിഞ്ഞ് ക്ഷീണിച്ചെങ്കിലും അഭിമാനപൂർവ്വം കുട്ടികളെ നോക്കി പതുക്കെ നീന്തുകയാണ്.

അമ്മുക്കുട്ടിയമ്മയ്ക്ക് വിശക്കുന്നുണ്ടാവും. രാമചന്ദ്രൻ പറഞ്ഞു. ആദ്യം നമുക്കവരെ വലിയ ടാങ്കിലേക്ക് മാറ്റുക. എന്നിട്ട് വല്ലതും തിന്നാൻ കൊടുക്കണം.

വിജു കുട്ടികളെ കൗതുകത്തോടെ, അത്ഭുതത്തോടെ നോക്കുകയാണ്. ഇതിനുമുമ്പും ആ ടാങ്കിൽ മത്സ്യങ്ങൾ പെറ്റിട്ടുണ്ട്. പക്ഷേ, ഒരോ പുതിയ പേറും വീണ്ടും വീണ്ടും അത്ഭുതമുളവാക്കുന്നു. അമ്മയുടെ ആകൃതിയിൽ, നിറത്തിൽ, ചെറിയ പതിപ്പുകൾ. പെറ്റുവീണ ഉടനെ അവ ജാതിസ്വഭാവം കാണിക്കാൻ തുടങ്ങുന്നു. ചെറിയ കണ്ണുകൾകൊണ്ട് ചുറ്റും നോക്കി ഭക്ഷണത്തിനു വേണ്ടി പരതുന്നു.

ഈ കുട്ടികള് ഇപ്പൊത്തന്നെ ഫൈറ്റ് ചെയ്യുന്നുണ്ട് അച്ഛാ.

അവർ കളിക്കുകയാണ് മോനെ.

എന്തെങ്കിലും സംഭവിക്കുന്നത് നല്ലതാണ്. ഇനി ഒരാഴ്ചയ്ക്ക് ഈ കുട്ടികളുടെ കളികൾ കണ്ടിരിക്കാം. ഓർമകളുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് അയാൾക്ക് താൽക്കാലികശാന്തി കിട്ടും. ഓഫീസിൽ പോയാൽ ജോലിയിൽ മുഴുകയായി. വീട്ടിലെ കാര്യങ്ങളെപ്പറ്റി ഓർക്കേണ്ട. രേണു നല്ല ജോലിക്കാരിയാണ്. വിജുവിനെ സ്കൂളിൽ കൊണ്ടുപോയാക്കുന്നതും കൂട്ടിക്കൊണ്ടുവരുന്നതും അവളാണ്. വീട്ടിലും അവനുവേണ്ട കാര്യങ്ങളെല്ലാം രേണു നോക്കിക്കൊള്ളും. രേണുച്ചേച്ചിയെ അവന് നല്ല ഇഷ്ടമാണ്.

ഫയലുകൾക്കിടയിൽ കണ്ണും നട്ടിരിക്കുമ്പോൾ ഇടയ്ക്ക് വേദന കൊണ്ടു പുളയുന്ന ഒരു മുഖം മനസ്സിൽ വരുന്നു. ഒരു കൊല്ലത്തിനുശേഷവും ആ മുഖം അയാളെ തളർത്തുന്നു. വേദന സഹിക്കാതാവുമ്പോൾ രാഗിണി പറയുന്നു. ഇതിലും ഭേദം മരിക്ക്യാണ്. താൻ നിസ്സഹായനായി നോക്കി നിൽക്കുന്നു. അവളുടെ ദേഹത്ത് തൊടാൻ ധൈര്യമില്ലാതെ. ഒരു മൃദുസ്പർശം കൂടി വളരെ വേദനാജനകമായിരുന്നു.

ഒരു ദിവസം വിജു ചോദിച്ചു.
അച്ഛാ, മരിച്ചുപോയോര്‍ ഒരു ദിവസം തിരിച്ചുവരില്ലേ?
അയാള്‍ ആലോചിച്ചു. മരിച്ചുപോയവര്‍ തിരിച്ചുവരുമോ? മരണത്തെപ്പറ്റി, മരണാനന്തരത്തെപ്പറ്റി, അവന്റെ മനസ്സില്‍ എന്തു സങ്കല്‍പ്പങ്ങളാണുള്ളതെന്നറിയില്ല. താന്‍ എന്തെങ്കിലും പറഞ്ഞാല്‍ അത് അവന്റെ ഭാവനയെ നശിപ്പിക്കുമെന്നയാള്‍ ഭയപ്പെട്ടു. ശരിക്കു പറഞ്ഞാല്‍ രാഗിണി ഒരു ദിവസം തിരിച്ചുവരുമെന്നും, വളരെ സ്വാഭാവികമായി, ഒന്നും സംഭവിച്ചിട്ടില്ലാത്ത പോലെ നിര്‍ത്തിവെച്ചേടത്തു നിന്ന് ജീവിതം തുടങ്ങുമെന്നും, ഇതെല്ലാം ഒരു ദുഃസ്വപ്നം മാത്രമാണെന്നും വിശ്വസിക്കാന്‍ അയാള്‍ ശ്രമിച്ചിരുന്നു. സ്വപ്നങ്ങളാല്‍ സ്വയം ചതിക്കപ്പെടാന്‍ അയാള്‍ ശ്രമിച്ചിരുന്നു.
മരണം എന്താണെന്ന് അയാള്‍ ആലോചിക്കാറുണ്ട്. ജീവിതത്തിന്റെ അവസാനമാണോ? അതോ വെറും ഒരു രൂപാന്തരപ്രാപ്തി മാത്രമാണോ മരണം? അല്ല, അതിലുമുപരിയായി ആത്മാവിന്റെയും പുനര്‍ജ്ജനിയുടേയും പരമ്പരയിലുള്ള ഒരു കണ്ണി മാത്രമാണോ മരണം?
തിരിച്ചു വരാന്‍ പറ്റ്വോ? വിജു ചോദിക്കുകയാണ്.
നമുക്കൊന്നും അറിയില്ല മോനെ. അയാള്‍ വിജുവിന്റെ പുറം തലോടിക്കൊണ്ട് പറഞ്ഞു. ഈ പ്രപഞ്ചത്തില്‍ നമുക്കറിയാത്തത് അറിയുന്നതിനേക്കാള്‍ എത്രയോ അധികാണ്.
എനിക്കു തോന്നണത് അമ്മ തിരിച്ചു വരുംന്നാണ്. അമ്മയുടെ കൈയും പിടിച്ച് നടക്കണത് ഞാന്‍ സ്വപ്നം കാണാറുണ്ട്. എങ്ങോട്ടാ പോണത്ന്നറിയില്ല്യാ. നടന്നോണ്ടിരിക്ക്യാണ്. എവിടീം എത്ത്ണില്ല്യ.
രാത്രി ഉറങ്ങുന്നതിനു മുമ്പ് മോന് കഥ പറഞ്ഞുകൊടക്കണം. അധികവും അയാള്‍ ഭാവനയില്‍ അപ്പപ്പോള്‍ കെട്ടിച്ചമയ്ക്കുന്ന കഥകളായിരിക്കും. ഒരു വാചകം പറയുമ്പോള്‍ അറിയില്ല, അടുത്ത വാചകം എന്തായിരിക്കുമെന്ന്. പറഞ്ഞു കഴിഞ്ഞാല്‍ ആ വാചകത്തിന്റെ ഘടനയും, അര്‍ത്ഥവും, സര്‍വോപരി വിജുവിന്റെ പ്രതികരണ വും അടുത്ത വാചകമുണ്ടാക്കാന്‍ സഹായിക്കുന്നു. വിജുവിന്റെ താല്‍പര്യത്തോടൊത്ത് കഥ നീണ്ടുപോകുന്നു. പക്ഷേ, കഴിഞ്ഞ പതിനഞ്ചുദിവസമായി അവന് കഥകള്‍ വേണ്ട; മറിച്ച് പുതുതായി വാങ്ങാന്‍ പോകുന്ന വീടിനെപ്പറ്റിയുള്ള വര്‍ണ്ണനകളാണ് കേള്‍ക്കേണ്ടത്. ഒരു ദിവസം പറഞ്ഞതുതന്നെ പിറ്റേന്നും ആവര്‍ത്തിക്കുന്നു. അതില്‍ എന്തെങ്കിലും വിട്ടുപോയാല്‍ അവന്‍ പിടിക്കും.
അപ്പോള്‍ ബാല്‍ക്കണിടെ കാര്യം പറഞ്ഞില്ലല്ലോ.
ശരി, ശരി. രാമചന്ദ്രന്‍ പറഞ്ഞു. ബാല്‍ക്കണിയില്‍ അലൂമിനിയത്തിന്റെ റെയിലിങ്ങില്‍ ഉരസി നീക്കാവുന്ന സ്ഫടിക വാതിലുകളുണ്ട്. അതിലൂടെ നോക്കിയാല്‍ വളരെ ദൂരം തടസ്സമില്ലാതെ കാണാന്‍ പറ്റും. താഴെ വൃക്ഷത്തലപ്പുകള്‍ ഒരു പച്ചപ്പരവതാനിപോലെ. മീതെ നീലാകാശം. ഇടയ്ക്കിടയ്ക്ക് വെള്ള മേഘങ്ങള്‍. അവയ്ക്കിടയില്‍ പറന്നു കളിക്കുന്ന പക്ഷികള്‍.....
പുതിയ വീട് ശരിക്കു പറഞ്ഞാല്‍ തയ്യാറായിരിക്കുന്നു. മൂന്നാം നിലയിലെ ഫ്‌ളാറ്റ് തന്റെ വിവരണങ്ങളില്‍ ചിത്രീകരിക്കും പോലെത്തന്നെയായിരുന്നു. വൈദ്യുതി കണക്ഷന്‍ കൂടി കിട്ടിയാല്‍ പാര്‍പ്പാക്കാം. അയാള്‍ ദുഃഖത്തോടെ ഓര്‍ത്തു. ഈ വീട്ടില്‍ രാഗിണിയുടെ കാല്‍പ്പാടുകളുണ്ട്. അവളുടെ നിശ്വാസം അലിഞ്ഞു ചേര്‍ന്ന വായുവാണീ വീട്ടില്‍. ഓര്‍മകളില്‍ നിന്നു രക്ഷപ്പെടാന്‍ താന്‍ വീടു മാറാന്‍ തീര്‍ച്ചയാക്കിയതില്‍ അയാള്‍ വേദനിച്ചു.
വിജുവിനും ഇടയ്ക്കിടയ്ക്ക് അമ്മയുടെ ഓര്‍മയുണ്ടാവാറുണ്ട്. ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോള്‍ അവന്‍ കാസറ്റുകളിട്ട ഡ്രോയര്‍ തപ്പുകയായിരുന്നു.
അയാള്‍ ചോദിച്ചു. എന്താണ് മോനെ നോക്കുന്നത്?
ഒരു കാസറ്റ്.
ഏതു കാസറ്റെന്നു പറയുവാന്‍ അവനു കഴിഞ്ഞില്ല. അവസാനം ഒരു പൊടി പിടിച്ച കാസറ്റെടുത്തു പൊന്തിച്ചു കാണിച്ചു.
ശ്രീ വെങ്കിടേശ സുപ്രഭാതം!
അത് രാഗിണിയുടെ ചുരുക്കം ചില ദൗര്‍ബല്യങ്ങളില്‍ ഒന്നായിരുന്നു.
വിജു ആ കാസറ്റും പിടിച്ചുകൊണ്ട് നില്‍ക്കുകയാണ്.
ഇതു നല്ല കാസറ്റാണോ അച്ഛാ?
കഴിഞ്ഞ ഒരു കൊല്ലമായി സുബ്ബലക്ഷ്മിയുടെ ശബ്ദം വീട്ടില്‍ ഉണ്ടായിരുന്നില്ല. അതവന്ന് അറിയാം. അതിന്റെ കാരണമെന്തെന്നും ഊഹിച്ചു കാണണം.
മോന് ഇത് കേള്‍ക്കണോ?
അവന്റെ മുഖം തെളിഞ്ഞു.
പിറ്റേന്ന് പുലര്‍ച്ചെ വിജു ഉണരുന്നതിനു മുമ്പ് അയാള്‍ ആ കാസറ്റ് പാടിച്ചു. പുറത്ത് അപ്പോഴും ഇരുട്ടായിരുന്നു. ക്ലാവുപിടിച്ച ഒരു ഓട്ടു നിലവിളക്ക് അയാള്‍ ഷെല്‍ഫില്‍ നിന്ന് തപ്പിയെടുത്തു. പുളി കൂട്ടി കഴുകിയപ്പോള്‍ ആ വിളക്ക് തിളങ്ങി. എണ്ണയൊഴിച്ച് തിരിയിട്ട് അയാള്‍ വിളക്കു കൊളുത്തി. രാഗിണിയുടെ നിറം ഓട്ടു വിളക്കിന്റെ നിറമായിരുന്നു. തളത്തില്‍ ചുവരില്‍ തറച്ച സ്റ്റാന്‍ഡില്‍ പൊടി പിടിച്ച ശ്രീകൃഷ്ണ പ്രതിമ തുടച്ചു വൃത്തിയാക്കി. നിലവിളക്ക് വെച്ചു. ചന്ദനത്തിരി പുകച്ചു സുബ്ബലക്ഷ്മി പാടുകയായിരുന്നു.
വിജു അപ്പോഴും ഉറങ്ങുകയായിരുന്നു.
ഉണര്‍ന്നെഴുന്നേറ്റു വന്നപ്പോള്‍ വിജു ചോദിച്ചു.
അച്ഛന്‍ ഇന്നു രാവിലെ ആ കാസറ്റ് വെച്ചിരുന്നോ?
ഉവ്വെന്ന് ആയാള്‍ തലയാട്ടി.

ഞാൻ വിചാരിച്ചു സ്വപ്നം കണ്ടതാവുംന്ന്.

ഞായറാഴ്ച അവധി ദിവസങ്ങളിൽ സ്വതവേ അയാൾ വൈകിയാണ് എഴുന്നേൽക്കാറ്. ഏഴര മണിക്ക് എഴുന്നേറ്റു വന്നപ്പോഴേക്ക് വിജുവിന്റെ കുളി കഴിഞ്ഞു. രേണു അവനെ പുറപ്പെടുവിക്കുന്നു. അയാൾക്ക് അത്ഭുതം തോന്നി. അവന്ന് പൗഡറിന്റെ വാസനയുണ്ടായിരുന്നു. അയാൾ അവനെ അരികിൽ ചേർത്തു പിടിച്ചു.

മോൻ ഇന്ന് നല്ല കുട്ടിയായി നേർത്തെ കുളിച്ചിട്ടുണ്ടല്ലൊ.

അച്ഛൻ മറന്നോ?

അവൻ ചോദിച്ചു. അയാൾ ചോദ്യഭാവത്തോടെ അവനെ നോക്കി.

ഇന്നല്ലേ പുതിയ വീട് കാണാൻ പോവാംന്ന് പറഞ്ഞിട്ടുള്ളത്?

ശരി തന്നെ. അയാൾ മറന്നുപോയിരുന്നു. ഈ ഞായറാഴ്ച എന്തായാലും അവനെ കൊണ്ടുപോകാമെന്നേറ്റിരുന്നു. കഴിഞ്ഞ രണ്ടു ഞായറാഴ്ചയും കഴിഞ്ഞില്ല.

അച്ഛൻ എണീറ്റ് കുളിക്കൂ.

ഇതാ എണീറ്റു. അയാൾ എഴുന്നേറ്റു.

ആട്ടെ നീ ഇന്ന് മത്സ്യക്കുട്ടികളെ നോക്കിയോ?

ഇല്ല! അവൻ ക്ഷമാപണത്തോടെ പറഞ്ഞു. മറന്നു പോയില്ലെ? ഞാൻ നോക്കി വരാം. അപ്പോഴേക്കും അച്ഛൻ കുളിച്ചു വരണം.

ശരി.

പക്ഷേ, കുളിമുറിയിലേക്ക് കടന്ന ഉടനെ അയാൾ മോന്റെ വിളികേട്ടു. കുറച്ചു കാര്യമായ എന്തോ ആവശ്യത്തി നാണ് വിളിക്കുന്നതെന്ന് തോന്നി. നോക്കിയപ്പോൾ അവൻ ഡോക്ടർ ഗുറാമിയുടെ ആശുപത്രിക്കു മുമ്പിലാണ്.

അച്ഛാ, ഇതിലെ വെള്ളം കണ്ടില്ലേ കലങ്ങീരിക്കണത്? നമുക്ക് വെള്ളം മാറ്റാം.

വെള്ളം കലങ്ങിയിരിക്കുന്ന. ശരിയാണ്. അത് കുട്ടികൾക്ക് വിഷമമുണ്ടാക്കുന്നുമുണ്ട്. കുട്ടികൾ ജലപ്പരപ്പിനു തൊട്ടുതാഴെ ശ്വാസം കിട്ടാൻ വിഷമമുള്ള മട്ടിൽ നീന്തുകയാണ്. അപ്പോഴാണ് അയാൾ കണ്ടത്. ഫിൽട്ടർ പ്രവർത്തിക്കുന്നില്ല. ഒരു പക്ഷേ രാത്രി മുഴുവൻ അത് പ്രവർത്തിച്ചിട്ടുണ്ടാവില്ല. അതാണ് വെള്ളം കലങ്ങാൻ കാരണം.

നമുക്ക് ഇപ്പൊത്തന്നെ വെള്ളം മാറ്റാം അച്ഛാ.

അയാൾ ആലോചിച്ചു. ഇപ്പോൾ വെള്ളം മാറ്റിയാൽ ആ പാവങ്ങളെ ഉപദ്രവിക്കലാവും. ഒരു പക്ഷേ, അസുഖം ബാധിച്ച് എല്ലാം ചത്തെന്നു വരും. അയാൾ പറഞ്ഞു.

അങ്ങനെ വെള്ളം മാറ്റാൻ പാടില്ല മോനെ. ഒരു ദിവസം പ്രായമായ കുട്ടികളല്ലേ? അവയ്ക്കിപ്പോഴും അമ്മടെ ഗന്ധമുള്ള വെള്ളം തന്നെ വേണം, നീന്തിക്കളിക്കാൻ. നമുക്കീ ഫിൽട്ടർ ശരിയാക്കാം. രണ്ടു മണിക്കൂറിനുള്ളിൽ വെള്ളം തെളിയും.

ഈ വെള്ളത്തിന് അമ്മ മത്സ്യത്തിന്റെ വാസനയുണ്ടാവോ?

ഉണ്ടാവും. ഒരാഴ്ച ആ മത്സ്യം ഈ ടാങ്കിൽ കിടന്നതല്ലേ? ഈ കുഞ്ഞുങ്ങൾ അമ്മയുടെ വയറ്റിൽ കിടന്നപ്പോഴുള്ള ഗന്ധം തന്നെ വേണം കുറച്ചു വലുതാവണവരെ. നമ്മൾ വെള്ളം മാറ്റിയാൽ പാപമാണ്.

വിജു നിശ്ശബ്ദനായി, ടാങ്കിനുള്ളിലേക്ക് നോക്കിനിന്നു.

അയാൾ പതുക്കെ കുളിമുറിയിലേക്ക് വലിഞ്ഞു. കുളിമുറിയിൽ കടന്ന് വാതിലടച്ചപ്പോൾ അയാൾ എന്തുകൊണ്ടോ രാഗിണിയെ ഓർത്തു. ഒരു ദിവസം രാമചന്ദ്രൻ ഓഫീസിൽനിന്ന് വരുമ്പോൾ രാഗിണി ചെറിയ ടാങ്കിനു മുമ്പിലിരിക്കയായിരുന്നു. അന്ന് ആ ടാങ്കിനു 'ഡോക്ടർ ഗുറാമിയുടെ ആശുപത്രി' എന്നു പേരിട്ടിട്ടില്ല. അതൊരു സ്ഥിരം പ്രസവ വാർഡാക്കിയതിനു ശേഷമാണ് വിജു ആ പേരിട്ടത്. അയാൾ അടുത്തു ചെന്നപ്പോൾ ശബ്ദമുണ്ടാക്കരുതെന്ന് അവൾ ആംഗ്യം കാട്ടി. അവൾ പതുക്കെ പറഞ്ഞു.

നോക്കൂ. ഇതു പ്രസവിക്ക്യാണ്.

അയാൾ അനങ്ങാതെ അവളുടെ അടുത്തു പോയിരുന്നു. അതൊരു സ്വോഡ്ടെയ്ൽ ആയിരുന്നു. ചുവന്നു തടിച്ചു സുന്ദരിയായ ഒരു മത്സ്യം. കുറച്ചുനേരം അത് നീന്തിനടക്കും. പിന്നെ അടിത്തട്ടിലെ കല്ലുകൾക്ക് ഒരിഞ്ചു മുകളിലായി അത് അനങ്ങാതെ നില്ക്കും. അടിവയറ്റിൽ നിന്ന് രണ്ടു മൂന്നുകുട്ടികൾ പുറത്തേക്ക് തെറിക്കും. പിന്നെ ഒരു പിടച്ചിലാണ് ആ മത്സ്യം ടാങ്കിൽ മുകളിലേക്കും ചുവട്ടിലേക്കും പിടച്ചിലോടെ കുതിക്കുന്നു.

പാവം അവൾക്ക് നല്ല വേദനണ്ടെന്നാണ് തോന്നണത്.

രാഗിണി പറഞ്ഞു. അവളുടെ സ്വരത്തിൽ അനുതാപമുണ്ടായിരുന്നു. അതയാളെ വിഷമിപ്പിച്ചു. കുറച്ചു നേരത്തെ പിടച്ചിലിനു ശേഷം ആ മത്സ്യം വീണ്ടും ഒരു മാതിരി ശാന്തയായി നീന്തുന്നു.വീണ്ടും ഒരിടത്ത് അനങ്ങാതെ നില്ക്കുന്നു. അടിവയറ്റിൽ നിന്ന് കുട്ടികൾ പുറത്തേക്ക് തെറിക്കുന്നു.

അയാൾ അരമണിക്കൂറോളം ആ ടാങ്കിനു മുമ്പിൽ ഇരുന്നു. പേറു കഴിഞ്ഞപ്പോഴേക്ക് അവൾ അവശയായിരുന്നു.

പെട്ടെന്നൊരു തേങ്ങൽ കേട്ടപ്പോഴാണ് രാമചന്ദ്രൻ ശ്രദ്ധിച്ചത്. രാഗിണി കരയുകയായിരുന്നു. സാരിയുടെ തുമ്പുകൊണ്ട് കണ്ണീർ തുടച്ച് അവൾ നിശ്ശബ്ദയായി കരയുകയായിരുന്നു.

രാഗിണിയുടെ പ്രസവം കുറച്ച് വിഷമം പിടിച്ചതായിരുന്നു. അവൾ സ്വതവേ ക്ഷീണിതയായിരുന്നു. പ്രസവ വേദന തുടങ്ങിയപ്പോഴാണ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചത്. നീണ്ട പത്തുമണിക്കൂറുകൾ അവൾ വേദന സഹിച്ചുകിടന്നു. അവസാനം അവൾ പറഞ്ഞു. എനിക്ക് സഹിക്കാൻ വയ്യ. ഒരു മണിക്കൂർകൂടി കാത്തശേഷം കുട്ടിയെ എടുക്കുകയാണുണ്ടായത്.

കുളി കഴിഞ്ഞ് അയാൾ വേഗം പുറപ്പെട്ടു. ദോശ തയ്യാറായെന്ന് രേണു അറിയിച്ചു. അയാൾ വിജുവിനെ വിളിക്കാനായി ചെന്നു. അവൻ ടാങ്കിനു മുമ്പിൽ അതേ നില്പാണ് അവന്റെ മുഖം വാടിയിരുന്നു.

എന്തു പറ്റി വിജു? അയാൾ ചോദിച്ചു.

അവൻ ഒന്നും പറഞ്ഞില്ല. മത്സ്യക്കുട്ടികളെ നോക്കിക്കൊണ്ടിരിക്കുക മാത്രം ചെയ്തു. അവൻ എന്തോ ആലോചിക്കുകയായിരുന്നു.

അച്ഛാ, ഈ മത്സ്യക്കുട്ടികൾക്ക് ശരിക്കും വെള്ളത്തിൽ അമ്മടെ വാസന കിട്ട്വോ?

കിട്ടും മോനെ! എല്ലാ ജീവികൾക്കും അങ്ങനെയാണ്. കുട്ടികൾക്ക് അമ്മയുടെ വാസന മനസ്സിലാവും.

പെട്ടെന്ന് അയാൾ നിർത്തി. വിജുവിന്റെ മുഖം ഇരുളുന്നതും കണ്ണിൽ വെള്ളം ഉരുണ്ടു കൂടുന്നതും അയാൾ കണ്ടു. ആ കണ്ണീർ തുടയ്ക്കാൻ അയാൾ അശക്തനായിരുന്നു. സാന്ത്വനവാക്കുകളൊന്നും പറയാൻ കഴിയാതെ അയാൾ അവനെ തന്നിലേക്കടുപ്പിക്കുക മാത്രം ചെയ്തു. അയാളുടെ കണ്ണുകളും നിറയുന്നുണ്ടായിരുന്നു. പിന്നെ തേങ്ങലുകൾക്കിടയിൽ അവൻ പറഞ്ഞു.

അച്ഛാ, നമുക്കീ വീട് മാറേണ്ട. നമുക്കിവിടെത്തന്നെ താമസിക്കാം.

back to index

# സൂര്യകാന്തിപ്പൂക്കൾ

ഇന്നലെ വൈകുന്നേരം ദില്ലിയിൽ നിന്ന് ബോംബെയ്ക്കുള്ള തീവണ്ടിയിലായിരുന്നു. ഇന്ന് ബോംബയിൽ നിന്ന് നാട്ടിലേക്കുള്ള വണ്ടിയിൽ. ബോംബെയിൽ കഷ്ടിച്ചൊരു പകൽ മാത്രം. ചെമ്പൂരിൽ പോയി പെൺകുട്ടിയെ കണ്ടു. ഇനി മറ്റന്നാൾ പുലർച്ചെ തൃശൂരിലെത്തും. ടാക്സിപിടിച്ച് വീട്ടിലെത്തുമ്പോൾ ആറുമണിയാകും. അമ്മ രാത്രി ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങിയാൽ പുലർച്ചെ ഉണരാൻ വൈകുമോ, മകൻ വന്നതറിയാതെ പോകുമോ എന്ന ഭയം. അയാൾ ആലോചിച്ചു. തന്നെക്കണ്ടാൽ എപ്പോഴും പറയാറുള്ള വാചകം തന്നെ വീണ്ടും പറയും.

നീ വല്ലാതെ ചടച്ചിട്ടുണ്ടല്ലോ.

എതിർവശത്തെ സീറ്റിൽ ഇരിക്കുന്നത് കുറച്ച് പ്രായം ചെന്ന ദമ്പതികളായിരുന്നു. അവർ അയാളെ നോക്കി ചിരിച്ചു. ഭർത്താവ് ചോദിച്ചു.

എവിടെയാണ് ഇറങ്ങുന്നത്.

തൃശൂരിൽ. അയാൾ പറഞ്ഞു. നിങ്ങളോ?

ഞങ്ങൾക്ക് തിരുവനന്തപുരം വരെ പോണം.

അവർ അധികമൊന്നും സംസാരിക്കരുതേ എന്നയാൾ പ്രാർത്ഥിച്ചു. തീവണ്ടിയാത്രകളിൽ കഴിയുന്നത്ര ഏകാകിയാവാനാണയാൾക്കിഷ്ടം. മനോരാജ്യം കാണാം പഴയകാലത്തെ ഓർമ്മകൾ വീണ്ടും പുതുക്കാം. പഴയ വ്രണങ്ങളെ താലോലിക്കാം, വല്ലപ്പോഴും കണ്ടുകിട്ടിയ സന്തോഷത്തിന്റെ നിമിഷങ്ങളെ മുത്തു പോലെ പുറത്തെടുക്കാം. ഇതെല്ലാം യാത്രയിലെ പറ്റു.

അയാൾ രാവിലെ കണ്ട പെൺകുട്ടിയെപ്പറ്റി ആലോചിച്ചു. ഫെർട്ടിലൈസർ കോളനിയിലെ ഇരുനില ക്കെട്ടിടത്തിലൊന്നിലാണ് അവളുടെ ഫ്ളാറ്റ്. അമ്മയുടെ കത്തിൽനിന്നാണ് അവരുടെ വിലാസം കിട്ടിയത്. അമ്മ എഴുതി. നീ നാട്ടിലേയ്ക്കു വരുമ്പോൾ ബോംബെ വഴി വന്നാൽ മതി. അവിടെ ഒരു പെൺകുട്ടിയുണ്ട്. നീ അവളെ കണ്ടുനോക്ക്. ഇഷ്ടായെങ്കിൽ നമുക്ക് ഈ പ്രാവശ്യം തന്നെ അതു നടത്താം. അവളുടെ അച്ഛനും അമ്മയും ഒക്കെ ഞങ്ങളുടെ നല്ല കൂട്ടായിരുന്നു. നീ എന്തായാലും കുട്ടിയെ കണ്ടു വരണം.

വടിവില്ലാത്ത അക്ഷരത്തിൽ ഇൻലന്റിന്റെ നാലതിരുകളിൽക്കൂടി തലങ്ങനെയും വിലങ്ങനെയും അമ്മയുടെ പരാതികൾ നിരന്തരം ഒഴുകിവന്നു. ഓരോ കത്തു കിട്ടുമ്പോഴും അയാൾ ചിരിക്കും. കത്ത് ഒരാവർത്തി കൂടി വായിക്കും പിന്നെ വിചാരിക്കുകയും ചെയ്യും. വരാം അമ്മെ വരാം. കുറച്ചുകൂടി കഴിയട്ടെ. പത്തുകൊല്ലം ജോലിയെടുത്ത ശേഷം, സ്വന്തമായി ഒരു ജീവിതം വേണമെന്നയാൾക്കു തോന്നിത്തുടങ്ങി യിരുന്നു. പക്ഷേ, അതിനിനി എല്ലാം ആദ്യം തുടങ്ങണം. പത്തുകൊല്ലം താൻ ഇഷ്ടമില്ലാത്ത ചില ബന്ധുക്കളെ സഹായിച്ച് ജീവിതം നശിപ്പിച്ചു. ആലോചിക്കും തോറും അയാളുടെ മനസ്സ് കലുഷമായി. കടലാസ്സെടുത്ത് അമ്മയ്ക്ക് എഴുതാൻ തുടങ്ങുന്നു. നാലഞ്ചു പേജ് ധൃതിയിൽ എഴുതിയുണ്ടാക്കുന്നു.

അമ്മയുടെ ഏട്ടനും മക്കൾക്കുംവേണ്ടി ഞാൻ എന്റെ ജീവിതത്തിന്റെ നല്ല വർഷങ്ങൾ ചെലവിട്ടു. ഇനി എനിയ്ക്ക് സ്വന്തമായി ജീവിക്കണമെങ്കിൽ ആദ്യം വല്ലതും സമ്പാദിച്ചിട്ടു വേണം.............

കത്ത് പോസ്റ്റ് ചെയ്യാതെ മേശവലിപ്പിലിടുന്നു. നാലഞ്ചുദിവസം നിത്യേന അതെടുത്തു വായിക്കുന്നു.

അരിശം കുറച്ചടങ്ങിയാൽ കത്തു കീറി വലിച്ചെറിയുന്നു, പിന്നെ ഒരു ഇൻലന്റ് എടുത്ത് എഴുതുന്നു.

കാര്യമൊക്കെ ശരി തന്നെ. എനിയ്ക്ക് കല്യാണം വേണം. പക്ഷേ,കുറച്ചുകൂടി ഒരുക്കാനുണ്ട്. വല്ല പെൺകുട്ടികളും ഉണ്ടോ അമ്മയുടെ സ്റ്റോക്കിൽ? ഒന്നു രണ്ടു കൊല്ലത്തിനുള്ളിൽ എല്ലാം ശരിയാക്കാം.അമ്മ വേവലാതിപ്പെടാതിരിക്കൂ.

മനസ്സ് അലഞ്ഞുതിരിഞ്ഞു പോയതയാൾ കണ്ടു ഫെർട്ടിലൈസർ കോളനിയിൽ രാവിലെ പെണ്ണുകാണാൻ പോയത് ഓർക്കാനാണ് ശ്രമിച്ചത്. അതോടൊപ്പം ആ പെൺകുട്ടിയെപ്പറ്റി സ്വല്പം മനോരാജ്യം കാണാനും. പെൺകുട്ടി സുന്ദരിയായിരുന്നു. ഇരുനിറം. അധികം തടിയില്ല. സാരിയാണ് വേഷം. അവൾ തല കുനിച്ച് വാതിൽക്കൽ നില്ക്കുകയായിരുന്നു.

മോളെ ഇവിടെ വന്നിരിക്ക്.

അവളുടെ അച്ഛൻ പറഞ്ഞു.

വേണ്ടച്ഛാ. ഞാൻ ഇവിടെ നിന്നോളാം.

നമ്മുടെ ഭാർഗ്ഗവിച്ചേച്ചീടെ മകനാണ് മോളെ. നിന്നെ കാണാൻ വന്നതാണ്.

അവൾ പതുക്കെ നടന്നു വന്ന് അയാൾ ഇരുന്നിരുന്ന സോഫയുടെ മറ്റേ അറ്റത്ത് വന്നിരുന്നു.

എന്താ കുട്ടീടെ പേര്? അയാൾ ചോദിച്ചു.

നിർമ്മല.

പഠിക്കുകയാണോ?

അല്ല ബി. എ. കംപ്ലീറ്റ് ചെയ്തു.

പിന്നെ ഒന്നും ചോദിക്കാനില്ലെന്ന് അയാൾക്കു മനസ്സിലായി. വേണമെങ്കിൽ പലതും ചോദിക്കാം എന്താവാനാണ് ആഗ്രഹം? ഹോബി? വായനയുണ്ടോ? ഇഷ്ടപ്പെട്ട ഗ്രന്ഥകാരൻ? പക്ഷെ അതെല്ലാം കൃത്രിമമാവും. ഒരു ചോദ്യാവലി മുമ്പിൽ വെക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല. അന്യോന്യം ഇഷ്ടമാവേണ്ടത് ഒരു ചോദ്യാവലിയുടെ ഉത്തരങ്ങളുടെ സാദൃശ്യത്തിലല്ല, മറിച്ച് മാനസികമായി അടുക്കാൻ പറ്റുമോ എന്ന

കാര്യത്തിലാണെന്ന് അയാൾ വിശ്വസിച്ചു. ഒരു പെൺകുട്ടിയും ആൺകുട്ടിയും തമ്മിൽ അരമണിക്കൂർ അടുത്തടുത്തിരുന്നാൽ രണ്ടുപേരും സംസാരിച്ചില്ലെങ്കിലും മാനസികമായ സംവേദനം നടക്കുമെന്ന് അയാൾക്കറിയാം.

ഭാർഗ്ഗവിയുടെ കത്തുണ്ടായിരുന്നു. നിർമ്മലയുടെ അച്ഛൻ പറഞ്ഞു. പക്ഷെ ഞങ്ങൾ നിർമ്മലയോട് ഒന്നും പറഞ്ഞിട്ടില്ല.

അയാളുടെ തല നരച്ചിരുന്നു. റിട്ടയർ ചെയ്യേണ്ട വയസ്സായി കാണും.

ദാസനെ ഞാൻ കുട്ടിക്കാലത്ത് കണ്ടതാണ് അന്ന് എത്രയായിട്ടുണ്ടാകും പ്രായം?

ആറു വയസ്സ്. നിർമ്മലയുടെ അമ്മ പറഞ്ഞു. ഭാർഗ്ഗവിച്ചേച്ചിയും കേശു വേട്ടനും ബോംബെ വിടുമ്പോൾ ഇവൻ ഒന്നാം ക്ലാസ്സ് കഴിഞ്ഞ് നില്ക്കുകയായിരുന്നു. നമ്മുടെ മോൾക്ക് ഒരു വയസ്സായിട്ടില്ല അന്ന് നല്ല കൗതുകമുള്ള കുട്ടിയായിരുന്നു ഇവൻ. തുടുത്ത കവിളുകളും തിളങ്ങുന്ന കണ്ണുകളുമായി അന്ന് നല്ല നിറവുമുണ്ടായിരുന്നു. കുഞ്ഞി ഷൂസുമിട്ട് അവൻ വന്ന് മുട്ടിന്മേൽ കയ്യും വെച്ച് കുമ്പിട്ടുനിന്ന് നിർമ്മല കിടന്നു കളിക്കുന്നത് നോക്കി നില്ക്കും കുറെ നേരം.

നിർമ്മല ചിരിച്ചു.

ദാസന് അതൊന്നും ഓർമ്മയില്ല. പോകുന്നതിനു മുമ്പ് നല്ല ഭംഗിയുള്ള ഒരു സ്ത്രീയുടെ വീട്ടിൽ പോയത് ഓർമ്മയുണ്ട്. നിറയെ പൂക്കളുള്ള ഒരു തോട്ടമുള്ള വീട്ടിൽ. ആ സ്ത്രീ ഇവരായിരുന്നുവോ?

മരത്തിന്റെ ഫ്രെയിമിൽ ചൂരൽമെടഞ്ഞ ഒരു സോഫ ഒരരുകിൽ എഴുതാനുള്ള മേശ, കസേര. ചുമരിൽ ഒരു വർണ്ണ ചിത്ര കലണ്ടർ. ഇത്രയും മാത്രം. വളരെ ലളിതമായിരുന്ന മുറി. അയാൾക്ക് അവരുടെ സാമീപ്യം ഇഷ്ടപ്പെട്ടു. മൂന്നുപേരും തനിയ്ക്ക് അന്യരല്ലെന്ന തോന്നൽ അയാൾക്ക് സാന്ത്വനമരുളി.

ഊണുകഴിഞ്ഞ് പോകാറാകുമ്പോൾ ദാസൻ പറഞ്ഞു.

എനിയ്ക്ക് നിർമ്മലയെ ഇഷ്ടമായി, അവൾക്ക് എന്നെ ഇഷ്ടമായോ എന്ന് അമ്മയ്ക്കെഴുതിയാൽ മതി.

അവരെ ഊഹത്തിനു വിട്ടുകൊടുത്തു ശിക്ഷിക്കുന്നത് ശരിയല്ലെന്നയാൾക്കു തോന്നി.

ഇഷ്ടമാവാതെ എന്താ?

ഭവാനിയമ്മ പറഞ്ഞു.

തന്റെ സാമീപ്യത്തിൽ നിർമ്മലയും സ്വസ്ഥയായി കണ്ടു. പിന്നെ യാത്രചോദിച്ചപ്പോൾ അവളുടെ മുഖത്തുണ്ടായ പ്രസന്ന ഭാവരസങ്ങളിൽ നിന്ന് അവൾക്ക് തന്നെ ഇഷ്ടമായെന്നയാൾക്കു മനസ്സിലായി.

ഇപ്പോൾ ട്രെയിനിൽ ഒറ്റയ്ക്കിരിയ്ക്കുമ്പോൾ ആ അറിവ് അയാളിൽ ആഹ്ലാദം പകർന്നു. നിർമ്മലയ്ക്ക് തന്നെ ഇഷ്ടമായോ എന്നറിഞ്ഞില്ലെങ്കിൽ തനിയ്ക്കൊരിക്കലും ഈ സമാധാനമുണ്ടാവില്ലായിരുന്നു. ഇപ്പോൾ ചെമ്പൂരിലെ ഫ്ളാറ്റുകളിലൊന്നിൽ താമസിക്കുന്ന ഇരുനിറമുള്ള മെലിഞ്ഞ പെൺകുട്ടി അയാളുടെ സ്വകാര്യ സ്വത്തായി മാറിയിരുന്നു.

വീട്ടിൽ ആരൊക്കെയുണ്ട്?

എതിർവശത്തുനിന്നു ചോദ്യം. സ്ത്രീയുടേതാണ്

അമ്മ.......

അയാൾ നിർത്തി.

അച്ഛൻ?

മരിച്ചു.

ഓ.

നാല്പത്തിയെട്ടാം വയസ്സിൽ. ഹാർട്ടറ്റാക്കായിരുന്നു.

അയാൾ അച്ഛനെപ്പറ്റി ഓർത്തു. തനിയ്ക്ക് പതിനഞ്ചുവയസ്സുള്ളപ്പോഴാണ് അച്ഛൻ മരിച്ചത് ബോംബെയിൽ തുടങ്ങിയ ബിസിനസ്സിൽ കനത്ത നഷ്ടം വന്നപ്പോഴാണ് എല്ലാം വിറ്റ് നാട്ടിൽ വന്ന് താമസമാക്കാമെന്ന് വെച്ചത്. ഫ്ളാറ്റു വിറ്റു, കടങ്ങളെല്ലാം വീട്ടി, ബാക്കി പണംകൊണ്ട് ഒരു ചെറിയ കട തുടങ്ങുകയും ചെയ്തു. അതും വളരെ നഷ്ടത്തിൽ കലാശിച്ചു. അവസാനത്തെ ഒന്നു രണ്ടു കൊല്ലം വളരെ ബുദ്ധിമുട്ടായിരുന്നു. അച്ഛന്റെ മോശമായ ആരോഗ്യം, പെട്ടെന്നു ദേഷ്യംപിടിക്കുന്ന പ്രകൃതം, കടക്കാരുടെ ശല്യം. അച്ഛൻ തന്നോടു തന്നെയല്ല വേറെ ആരോടെങ്കിലും ബഹളം കൂടിയാൽ കൂടി ദാസൻ അകത്തെവിടെയെങ്കിലും ഒറ്റയ്ക്കു പോയിരുന്ന് കരയാറുണ്ട്, അച്ഛന്റെ കഷ്ട പ്പാടുകളോർത്ത്. ബോംബെയിൽ താൻ ചെറിയ കുട്ടിയായിരിക്കുമ്പോൾ, അച്ഛൻ എത്ര സ്നേഹസമ്പന്നനും സ്വീകാര്യനുമായിരുന്നെന്നയാൾ ആലോചിക്കാറുണ്ട്. ബിസിനസ്സിൽ തുടരെയുണ്ടായ നഷ്ടം അച്ഛനെ തളർത്തിയിരുന്നു, ഒരു വാശിക്കാരനും വെറിയനുമാക്കിയിരുന്നു.

അമ്മ ഒറ്റയ്ക്കാണോ താമസം?

വീണ്ടും എതിർവശത്തിരുന്ന സ്ത്രീ ചോദിച്ചു.

ദാസൻ ഒരു നിമിഷം സംശയിച്ചു; പിന്നെ തലയാട്ടി.

ഒറ്റയ്ക്കാണോ? അയാൾക്കതറിയില്ല. അമ്മാവന്റെ മകൾ രേണു അവിടെ വന്ന് താമസിക്കാറുണ്ടെന്നയാൾ അറിഞ്ഞിരുന്നു. അമ്മ പക്ഷേ ഒരു കത്തിലും അവരെപ്പറ്റി എഴുതിയിരുന്നില്ല. മകന്റെ വിരോധബുദ്ധി അവർക്കറിയാമായിരുന്നു.

ദാസൻ അമ്മാവനെ ഓർത്തു. അമ്മാവനെ നിരന്തരം പിൻതുടർന്നിരുന്ന ദുർവിധിയെപ്പറ്റിയും അമ്മ പറയാറുണ്ട്.

ചിലരെ ദുർവിധി കുറച്ചു കാലത്തേക്ക് ശല്യപ്പെടുത്തും. ചിലരെ ജീവിതകാലം മുഴുവൻ. ഏട്ടന്റെ കാര്യം അങ്ങിനെയാണ്. കുട്ടിക്കാലം മുതലേ മൂപ്പരൊരു ഗ്രഹപ്പിഴക്കാരനാണ്. തൊട്ട കാര്യങ്ങളൊന്നും ശരി

യായിട്ടില്ല. സാധാരണ കുട്ടികൾ അനായാസേന ചെയ്യുന്ന കാര്യങ്ങൾ ഏട്ടൻ ചെയ്താൽ അബദ്ധമായി. കൈയ്യൊടിയുകയോ, തലയ്ക്കു മുറിവേൽക്കുകയോ ചെയ്യും. പരീക്ഷയിലെല്ലാം തോല്ക്കും. കാരണം പഠിച്ചതൊന്നുമല്ല പരീക്ഷക്കു വരുക. വലുതായിട്ടും ഈ ദൗർഭാഗ്യം ഏട്ടന്റെ ഒപ്പം തന്നെയുണ്ടായിരുന്നു. കല്യാണദിവസം കൂടി എനിക്കോർമ്മ യുണ്ട്, എന്നുമില്ലാത്ത കാറ്റും മഴയും. മരങ്ങളൊക്കെ കട പുഴകി വീണു. ബസ്സുണ്ടായിരുന്നില്ല എന്നിട്ട് കല്യാണ വീട്ടിലേക്ക് മഴ നനഞ്ഞ് പതിനെട്ടു നാഴിക നടന്നിട്ടാണ് പോയത്. അന്ന് മുഹൂർത്തം തെറ്റിയില്ലെന്നേയുള്ളു വിധി അങ്ങിനെയായാൽ എന്താ ഒരാള് ചെയ്യ്യാ? മൂന്നു പ്രാവശ്യം കച്ചവടം നടത്താൻ നോക്കി പൊളിഞ്ഞു.

അമ്മാവന് ഒരിക്കലും സ്ഥിരമായ വരുമാനം ഉണ്ടായിരുന്നില്ലെന്ന് ദാസൻ ഓർത്തു. കുട്ടിക്കാലത്ത് അച്ഛൻ സഹായിച്ചിരുന്നതായി ഓർമ്മയുണ്ട്. പിന്നെ അച്ഛന്റെയും ശനിദശ തുടങ്ങിയപ്പോൾ അവരെല്ലാം, അമ്മാവനും അമ്മായിയും രണ്ടു കുട്ടികളും എങ്ങനെയായിരുന്നു ജീവിച്ചിരുന്നതെന്ന് ദാസന് അറിയില്ലായിരുന്നു. അച്ഛൻമരിച്ച് രണ്ടു കൊല്ലത്തിനുള്ളിൽ താൻ ദില്ലിയിലേക്ക് ജോലിയന്വേഷിച്ചു പോകുകയും ചെയ്തപ്പോഴാണ് തന്റെ കഷ്ടകാലം തുടങ്ങിയത്.

തീവണ്ടി പശ്ചിമഘട്ടങ്ങളിലേയ്ക്ക് പ്രവേശിച്ചുതുടങ്ങി. വണ്ടിയുടെ താളം പതുക്കെയായി. ഇനി മല നിരകളും തുരങ്കങ്ങളും വരും. അയാൾക്ക് നേരിയ ഓർമ്മയുണ്ട്. ഇരുപത്തൊന്നു കൊല്ലം മുമ്പ് ഇതേ വഴി യാത്ര ചെയ്തത്. അന്ന് ആറു വയസ്സുള്ളപ്പോൾ അമ്മയുടെയും അച്ഛന്റെയും ഒപ്പം യാത്ര ചെയ്തതാണ്. യാത്രക്കിടയിൽ തുരങ്കങ്ങൾ വന്ന് ബാഹ്യലോകം പെട്ടെന്ന് അപ്രത്യക്ഷമാകുന്നത് അവൻ അത്ഭുതം വിടർന്ന കണ്ണുകളോടെ നോക്കിയിരുന്നു. അങ്ങിനെ ബാഹ്യലോകം പെട്ടെന്ന് ഇരുളാനുള്ള കാരണം വളരെ പിന്നീടാണ് അവനു മനസ്സിലായത്.

ജാലകത്തിന്നരുകിൽ ആകെ പ്രക്ഷുബ്ധനായിരുന്ന ആറുവയസ്സുകാരനെ അയാൾ ഓർത്തു. സ്വന്തം കുട്ടിക്കാലം ഒരു കണ്ണാടിയിലെന്നപോലെ അയാൾ നോക്കിക്കണ്ടു. അവൻ പ്രക്ഷുബ്ധനായിരുന്നു, കാരണം അവന്റെ കയ്യിൽ മുറുകെപ്പിടിച്ച കടലാസു പൊതിയിൽ സൂര്യകാന്തിപ്പൂവിന്റെ വിത്തുകളായിരുന്നു. അവനത് നാട്ടിലെ തോട്ടത്തിൽ വെച്ചു പിടിപ്പിക്കണം. വളരെ ഉത്തരവാദിത്വമുള്ള ഒരു ജോലിയായിരുന്നു. അവൻ കടലാസു പൊതി മുറുകെപ്പിടിച്ചു.

നാട്ടിലേക്കു പുറപ്പെടുന്നതിനു മുമ്പ് വിട പറയാൻ പോയതായിരുന്നു, ഒരു വീട്ടിൽ. അവിടെ സൂര്യകാന്തി പ്പൂക്കൾ വിടർന്നു നിൽക്കുന്നതു കണ്ടപ്പോൾ അതിന്റെ വിത്തു വേണമെന്നു ദാസൻ പറഞ്ഞു. പൂക്കളുള്ള സാരിയുടുത്ത ഭംഗിയുള്ള ഒരു സ്ത്രീ ആ ചെടിയുടെ വിത്തുകൾ എടുത്ത് ഭദ്രമായി പൊതിഞ്ഞ് അവന്റെ കൊച്ചു കയ്യിൽ കൊടുത്തത് ദാസന് ഓർമ്മയുണ്ട്. അവൻ അതു പിന്നെ കൈവിട്ടില്ല. കുളിക്കുമ്പോഴുള്ള കുറച്ചു സമയം മാത്രമേ അതു നിലത്തു വെച്ചുള്ളു. ഉറങ്ങുമ്പോൾ കൂടി ആ വിത്ത് ഒരു വിലപിടിച്ച വസ്തുവെപ്പോലേ കൈയ്യിൽ മുറുകെ പിടിച്ചു. പിറ്റേന്ന് തീവണ്ടിയിൽ യാത്ര തിരിക്കുമ്പോഴും, അവന്റെ കളിപ്പാട്ടങ്ങളേക്കാൾ കരുതലോടെ അവൻ മുറുകെ പിടിച്ചത് ആ പൊതിയായിരുന്നു.

തീവണ്ടി പർവ്വതനിരകളിലേക്ക് കടന്നു. ഒരു വശത്ത് മലനിരകൾ, ഒരു വശത്ത് അഗാധമായ കൊല്ലികൾ. അതിനിടയ്ക്ക് ഇരുട്ടു നിറയ്ക്കുന്ന തുരങ്കങ്ങൾ. അയാൾ വീണ്ടും ആറാം വയസ്സിൽ അച്ഛനമ്മമാരുടെ ഒപ്പം ചെയ്ത യാത്ര ഓർമ്മിച്ചു. ജനലിനടുത്തിരുന്ന് പുറത്തു കണ്ട മായാലോകത്തിൽ മുഴുകിയിരിക്കയായിരുന്നു. അവൻ ബോംബെയിൽ നിന്നു പുറപ്പെട്ടപ്പോൾ ചൂടായിരുന്നു. മലനിരകളിൽ എത്തിയപ്പോൾ തണുത്ത കാറ്റു വീശാൻ തുടങ്ങി അതവന്റെ കണ്ണുകളെ തലോടി. തീവണ്ടിയുടെ പതിഞ്ഞ ശബ്ദം ഒരു താരാട്ടായി വന്ന് അവന്റെ കണ്ണുകളെ അടപ്പിച്ചു. അവൻ ഒരു നിമിഷം മയങ്ങിപ്പോയി. ജാഗ്രതയുടെ ചങ്ങലയിൽ ദുർബ്ബലമായ ഒരു കണ്ണിയായി ആ ഉറക്കത്തിന്റെ നിമിഷം ഭവിച്ചു. വിത്തുകൾ ഉള്ളപൊതി ജാലകത്തിലൂടെ പുറത്തിട്ട കയ്യിൽ നിന്ന് വഴുതി വീണു.

താൻ പെട്ടെന്ന് ഉണർന്ന് കരയാൻ തുടങ്ങിയത് ദാസൻ ഓർമ്മിച്ചു. തന്നെ സംബന്ധിച്ചിടത്തോളം എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. മാത്രമല്ല തനിക്കു വിത്തുകളോടുണ്ടായിരുന്ന ഉത്തവാദിത്വം, അതായത് അവയെ നാട്ടിലെ മണ്ണിൽ വളർത്തിയെടുക്കാമെന്ന മൗനവാഗ്ദാനം തെറ്റിച്ചിരിക്കുന്നു. കമ്പാർട്ടുമെന്റിലെ എല്ലാവരും തിങ്ങിക്കൂടി, എന്താണുണ്ടായതെന്നറിയാൻ. ഒരു പൊതി വിത്തുകൾ മാത്രമാണ് പോയതെന്നറിഞ്ഞപ്പോൾ ആൾക്കാർ തിരിച്ചുപോയി. പലരും അവനെ ആശ്വസിപ്പിച്ചു. അവന് പക്ഷേ ആശ്വസിക്കാൻ കഴിഞ്ഞില്ല. പിന്നെ നാട്ടിലെത്തി കുറെക്കാലം കഴിഞ്ഞിട്ടും നഷ്ടപ്പെട്ട ആ സൂര്യകാന്തി വിത്തുകളുടെ ഓർമ്മ അവന്റെ കണ്ണുകളെ നനച്ചു.

താൻ ഏകദേശം ആ സ്ഥലത്തെത്തിയെന്നു ദാസൻ മനസ്സിലാക്കി. ഇടതുവശത്ത് കണ്ട ഒരു വെള്ളച്ചാട്ടം അയാൾക്ക് ഓർമ്മയുണ്ട്. അതിനടുത്തു തന്നെയാണ് വിത്തുകൾ നഷ്ടപ്പെട്ടത്. അയാൾ പുറത്തേക്കു നോക്കി അത്ഭുതം കൊണ്ടും ആഹ്ലാദംകൊണ്ടും അയാൾ എഴുന്നേറ്റ് ഓടി കമ്പാർട്ടുമെന്റിന്റെ വാതിൽ തുറന്ന് പുറത്തേക്ക് എന്തിനിന്നു നോക്കി അവിടെ കുന്നിന്റെ ചായ്‌വിൽ താഴ്‌വരയിൽ ഒരു വലിയ സൂര്യകാന്തി ത്തോട്ടം ഉണ്ടായിരി ക്കുന്നു. ആയിരക്കണക്കിന് പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. മഞ്ഞയുടെ ഒരു പരവതാനി വിരിച്ചിട്ട പോലെ കാഴ്ച മനോഹരമായിരുന്നു. അയാൾ വാതിലിനു പുറത്തേയ്ക്ക് എന്തിനോക്കി. കാറ്റടിക്കുമ്പോൾ പൂക്കളുടെ പരവതാനിയിൽ ഓളങ്ങളുണ്ടാക്കുന്നതയാൾ കണ്ടു. ആ കാഴ്ച മറയരുതേ എന്നയാൾ പ്രാർത്ഥിച്ചു. പക്ഷേ അടുത്ത നിമിഷത്തിൽ വണ്ടി ഒരു തുരങ്കത്തിലേക്കു പ്രവേശിക്കുകയും ആ കാഴ്ച അയാളിൽ നിന്ന് ക്രൂരമായി അപഹരിക്കുകയും ചെയ്തു. പിന്നെ തുരങ്കം കഴിഞ്ഞ് വീണ്ടും നോക്കിയപ്പോൾ മലയുടെ ഒരു ഭാഗം മറ്റെ താഴ്‌വരയെ മറച്ചു നിന്നു. അയാൾ പോയി സീറ്റിൽ ഇരുന്നു.

അതേസ്ഥലത്താണ് തന്റെ കയ്യിലുണ്ടായിരുന്ന വിത്തുകൾ നഷ്ടപ്പെട്ടതെന്ന് അയാൾക്കുറപ്പാണ്. ഒരു

വികൃതിക്കാറ്റ് ആ വിത്തുകളെ പൊതിയിൽനിന്നഴിച്ച് താഴ്‌വരയിൽ വിതറി. വെയിൽ ആ വിത്തുകളെ ഉണക്കിയെടുത്തു. മണ്ണ് ആ വിത്തുകളെ അരുമയോടെ തന്റെ മാറിൽ മഴക്കാലം വരുന്നത് വരെ സൂക്ഷിച്ചു. മഴ വന്നപ്പോൾ അവയെ ഉണർത്തി അവയുടെ കൊച്ചു കണ്ണുകൾ മിഴിപ്പിച്ചു. ചെടികൾ വളർന്ന് പൂവും കായുമായി. വീണ്ടും വേനലിൽ വിത്തുകൾ മണ്ണിന്റെ മാറിൽ ഒളിക്കപ്പെട്ടു.അടുത്ത വർഷക്കാലംവരെ. വർഷം വന്നപ്പോൾ ഇതാവർത്തിച്ചു. ഇരുപത്തൊന്നു വർഷം മുറ തെറ്റാതെ പ്രകൃതിയുടെ സർഗ്ഗാത്മകപ്രക്രിയ ആവർത്തിച്ചു. എല്ലാ വർഷവും തീവണ്ടിയിൽ യാത്ര ചെയ്യുന്ന ആയിരങ്ങൾ ഈ അത്ഭുതകാഴ്ച കണ്ട് സ്തബ്ധരായി ആഹ്ലാദഭരിതരായി നിന്നിട്ടുണ്ടാകണം. തന്റെ തോട്ടത്തിലായിരുന്നെങ്കിൽ പൂക്കളുടെ നിഷ്‌കാമ സേവനത്തിന് പരിമിതികളുണ്ടായേനെ.

വെയിൽ മങ്ങി ക്രമേണ മലനിരകൾ അവ്യക്തതയിലേക്ക് മറഞ്ഞു.

നിങ്ങൾ എത്രപേരാണ് അമ്മയ്ക്ക്?

മറുവശത്തിരുന്നവർ ചോദിച്ചു.

ഞാൻ മാത്രം. ദാസൻ പറഞ്ഞു. പിന്നെ ഓർത്തു, പക്ഷേ താൻ രണ്ടുപേരെക്കൂടി തലയിലേറ്റി നടക്കുകയുണ്ടായി.

എതിർവശത്തിരുന്ന യാത്രക്കാരുടെ ചോദ്യങ്ങൾ മലക്കു മുകളിൽ നിന്നു തട്ടിയിട്ട ചെറിയ കല്ലുകൾ പോലെയാണ്. അവ ഒന്നൊന്നായി കൂട്ടിമുട്ടി താഴ്‌വരയിലെത്തുമ്പോളേയ്ക്ക് കല്ലുകളുടെ ഒരു വലിയ കൂട്ടം തന്നെയുണ്ടാക്കുന്നു. അവരുടെ ഓരോ ചോദ്യവും തന്റെ മനസ്സിന്റെ താഴ്‌വരയിൽ ഓർമ്മകളുടെ ഒരു വലിയ ഹിമപാതം തന്നെയുണ്ടാക്കുന്നു.

പതിനേഴാം വയസ്സിൽ ജോലി തുടങ്ങിയതാണ്. തന്റെ അമ്മയെ നോക്കി പുലർത്താൻ വേണ്ടി. പക്ഷേ അതിന്റെ ഗുണം മുഴുവൻ എടുത്തിരുന്നത് അമ്മാവനും, അമ്മായിയും രണ്ടുമക്കളുമായിരുന്നു. അമ്മയ്ക്കെന്നു പറഞ്ഞ് അയച്ചിരുന്ന പണം അവസാനം എത്തി യിരുന്നത് അമ്മാവനും മക്കൾക്കുമായിരുന്നു. അതയാൾ വളരെ കഴിഞ്ഞിട്ടാണ് മനസ്സിലാക്കിയത്.

ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ പണമില്ലാതെ പല ദിവസങ്ങളിലും കൊണോട്ട് പ്ലേസിൽ റെസ്റ്റോറണ്ടുകളുടെ മുമ്പിൽ, കയറാൻ ധൈര്യമില്ലാതെ കീശയിലുള്ള ചില്ലറ കൈകൊണ്ടു പരതി, നടന്ന ദിവസങ്ങൾ അയാൾ ഓർത്തു.

പതിനേഴു വയസ്സിൽ ജോലിചെയ്യുന്ന ഒരു കുട്ടിയ്ക്ക് ഉച്ചയ്ക്ക് വിശന്നു നടക്കേണ്ടി വരുക എന്ന ഗതികേട് വരുത്തുന്നത് പാപ മാണ്.

അയാൾ അമ്മയോട് പിന്നീടൊരിക്കൽ കയർത്തു.

ഒന്നും രണ്ടും ദിവസങ്ങളല്ല. പല ദിവസങ്ങൾ ഞാനവിടെ സുഭിക്ഷമായി കഴിഞ്ഞ് ബാക്കിയുള്ള പണം അയച്ചു തരുകയാണെന്നു കരുതിയോ? നൂറ്റമ്പതുറുപ്പിക കിട്ടിയതിൽനിന്ന് അമ്പതുറുപ്പികയാണ് അയക്കുന്നത് ബാക്കി നൂറുറുപ്പികകൊണ്ട് ഞാൻ എങ്ങിനെയാണ് ആ നഗരത്തിൽ ജീവിയ്ക്കുന്നതെന്ന് അമ്മയ്ക്കറിയാമോ? സ്നേഹിതന്മാർ റെസ്റ്റോറണ്ടുകളിലും സിനിമയ്ക്കും പോകുമ്പോൾ ഞാൻ കള്ളം പറഞ്ഞൊഴിവാവുന്നത്, കീറിയ സോക്സും അടിതേഞ്ഞ് ഓട്ടയായ ഷൂസും മറ്റുള്ളവരെ കാണിക്കാതെ നടക്കാൻ കഷ്ടപ്പെടുന്നത്, ഇതൊന്നും അമ്മയ്ക്ക് മനസ്സിലാവില്ല.

ശരിയാണുമോനെ, ബാബുവും രേണുവും നിന്നേക്കാൾ ചെറിയ കുട്ടികളല്ലെ? അവർ ഏട്ടന്റെ മക്കളല്ലെ? എന്റെ മകനും ഏട്ടന്റെ മക്കളും തമ്മിൽ എന്താണ് വ്യത്യാസം? രണ്ടും എന്റെ മക്കളെപ്പോലെയല്ലെ? അവരെ വളർത്തേണ്ടത് നിന്റെയും ചുമതലയല്ലെ? അവർ വിശന്നു കരയുമ്പോഴോ?

അമ്മയുടെ ന്യായം അയാൾക്കു തീരെ തൃപ്തികരമായിതോന്നിയില്ല ഫലമോ? ഓരോ പ്രാവശ്യം നാട്ടിൽ പോയാലും വൃത്തികെട്ട മനസ്സുമായി തിരിച്ചുവരേണ്ടി വരുന്നു.

എന്നെങ്കിലും നിന്റെ മനസ്സുമാറും. അതുപോലെ നിന്റെ കഷ്ടകാലത്തിനൊരറുതി വരുകയും ചെയ്യും. അമ്മ പറയും. അതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.

എന്തായാലും ഒന്നാം തീയ്യതിയായാൽ വീണ്ടും തനിക്ക് അയക്കാൻ പറ്റുന്നതിൽ കൂടുതൽ പണം അമ്മക്കയയ്ക്കുന്നു. വീണ്ടും വിശന്നു നടക്കേണ്ടി വന്ന ഭക്ഷണവേളകൾ. മനസ്സിൽ അമർഷം ബാക്കിനില്ക്കുന്നു.

തനിയ്ക്ക് സ്വപ്നം കാണാനുള്ള അവകാശംകൂടി നഷ്ടപ്പെട്ടിരിക്കുന്നു. ദാസൻ വിചാരിച്ചു തന്റെ ഭാര്യയാവാൻ പോകുന്ന പെൺകുട്ടിയെപ്പറ്റി മനോരാജ്യം കാണാനായിരുന്നു വിചാരിച്ചത് കലുഷമായ മനസ്സിന് അതിനുള്ള അവകാശമില്ല.

പകൽ, റെയിൽ പാതയ്ക്കിരുവശത്തുമുള്ള വിജനത, ചൂട്, ഒന്നും ആലോചിക്കാതിരിക്കാൻ അയാൾ ശ്രമിച്ചു. ഓർമ്മകൾ ക്ഷണിക്കാത്തിടത്തു കടന്നുചെല്ലുന്ന അതിഥികളെപ്പോലെയാണ്. നാം മുഖം തിരിച്ചിട്ടും കാര്യമില്ല. അവർ അവിടെത്തന്നെയുണ്ടാകും.

അമ്മയുടെ കത്ത്. രേണുവിന്റെ കല്യാണം തീർച്ചയാക്കിയിരിക്കുന്നു. അടുത്ത മാസം 20-ാം തീയതി. വരന് ബാംഗ്ലൂരിലാണ് ജോലി. തരക്കേടില്ലെന്നു തോന്നുന്നു. ഏട്ടന്റെ കയ്യിൽ ഒട്ടും പണമില്ല. ഏട്ടൻ ആകെ വിഷമിച്ചിരിക്കയാണ്. നീ തന്നെയാണ് ഒരു വഴി. കടമെടുത്തെങ്കിലും ചുരുങ്ങിയത് അയ്യായിരം അയക്കണം. പിന്നെ മാസം കുറേശ്ശെയായി വീട്ടാമല്ലൊ. ഇനി കുറേക്കാലം നീ എനിയ്ക്ക് പണമൊന്നും അയക്കണ്ട.

പണം അയച്ചില്ലെങ്കിൽ അമ്മ എങ്ങനെ കഴിയും? ദാസൻ ആലോചിച്ചു.

അയാൾ ഉടനെ മറുപടി അയച്ചു. പറ്റില്ല. പണമുണ്ടാക്കാൻ കഴിയില്ല.

അമ്മയുടെ കത്ത് വീണ്ടും.

നിന്റെ കത്തിനെപ്പറ്റി ഞാൻ ഏട്ടനോട് പറഞ്ഞിട്ടില്ല. നീ പണമയക്കുമെന്ന പ്രതീക്ഷയിലാണ്

മൂപ്പരിരിക്കുന്നത്. എനിയ്ക്കും ആ പ്രതീക്ഷയുണ്ട്. കഴിയുന്നതും വേഗം പണമയക്കു. കല്യാണത്തിനിനി ഒരു മാസം കൂടിയില്ല.

ക്രെഡിറ്റ് സൊസൈറ്റിയിൽ നിന്ന് അയ്യായിരം ഉറുപ്പിക കടമെടുത്ത് അയച്ചു കൊടുത്തപ്പോൾ അയാൾ സ്വയം പറഞ്ഞു.

ഞാൻ വീണ്ടും തോറ്റിരിക്കുന്നു.

അവസാനത്തെ ഇൻസ്റ്റാൾമെന്റ് അടച്ച് കടം മുഴുവൻ വീട്ടിയത് കഴിഞ്ഞ മാസമാണെന്നയാൾ ഓർത്തു. ഇനി സ്വന്തം കല്യാണത്തിന് വീണ്ടും കടമെടുക്കേണ്ടി വരും.

പ്രതീക്ഷിച്ചപോലെ തന്നെ. അമ്മ രാത്രി ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. ടാക്സി ഗെയ്റ്റി ൽ നിന്നപ്പോഴേയ്ക്ക് അമ്മ എത്തിയിട്ടുണ്ടാ യിരുന്നു.

നീ തടിച്ചിട്ടൊന്നുമില്ല. കത്തിലൊക്കെ എഴുതിയിരുന്നത് തടിച്ചിട്ടുണ്ട്, കണ്ടാൽ മനസ്സിലാവില്ലാ എന്നൊക്കെയാണല്ലോ.

അതൊക്കെ അമ്മയെ സന്തോഷിപ്പിക്കാൻ എഴുതിയതല്ലെ?

ആട്ടെ നീ നിർമ്മലയെ കണ്ടുവോ?

കണ്ടു.

ഇഷ്ടപ്പെട്ടുവോ?

ഒരു കറുത്തുമെലിഞ്ഞ പെണ്ണ്! അയാൾ പറഞ്ഞു.

അവൾ കറുത്തിട്ടൊന്നുമല്ല. നിന്നേക്കാൾ നിറമുണ്ട്. തടി, അവൾ കല്യാണമൊക്കെ കഴിഞ്ഞാൽ തടിച്ചോളും ആട്ടെ നിനക്കിഷ്ടപ്പെട്ടുവോ?

ഇഷ്ടപ്പെട്ടു.

അമ്മയുടെ കണ്ണിലെ തിളക്കം ദാസൻ ശ്രദ്ധിച്ചു. ഈ സ്ത്രീയോട് തനിയ്ക്കൊരിക്കലും ജയിക്കാൻ കഴിയില്ലെന്ന് അയാൾ ഓർത്തു.

കിടപ്പുമുറിയിലേക്കുള്ള വാതിൽ ചാരിയിട്ടിരിക്കയായിരുന്നു. അതു തുറന്ന് ഒരു സ്ത്രീ പുറത്തു വന്നു. അത് രേണുവാണെന്നു മനസ്സിലായപ്പോൾ അയാൾ നിശബ്ദനായി.

ദാസേട്ടന്റെ ടാക്സിയുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ഉണർന്നു. അവൾ തലമുടി കെട്ടിക്കൊണ്ടാണത് പറഞ്ഞത്. അയാൾ ചിരിച്ചുവെന്ന് വരുത്തി.

രേണു മൂന്നു മാസമായി ഇവിടെ തന്ന്യാണ്.

എനിയ്ക്ക് കാലിന് അസുഖം ആയേപ്പിന്നെ അവളും കുട്ടികളും വന്നതാ. എന്റെ സഹായത്തിന്. അവളുടെ ഭർത്താവ് ബാംഗ്ലൂരിൽ ഒറ്റക്കാണ്.

അമ്മയ്ക്കോ? കാലിനോ? എന്താണസുഖം?

അച്ഛൻപെങ്ങള് വീണു. കാലിന്റെ എല്ല് പൊട്ടി. പ്ലാസ്റ്ററിലായിരുന്നു. രണ്ടു മാസം. രേണു പറഞ്ഞു. നടക്കാനൊന്നും പറ്റിയിരുന്നില്ല. കഴിഞ്ഞ മാസാണ് പ്ലാസ്റ്റർ വെട്ടിയത്.

അമ്മയുടെ നടത്തത്തിൽ അല്പം പിശകുണ്ടെന്ന് അയാൾക്ക് തോന്നിയിരുന്നു. അപ്പോൾ അമ്മ ആ കാര്യം തന്നെ അറിയിക്കാതെ കഴിച്ചുകൂട്ടി.

അത്ര അധികമൊന്നുമുണ്ടായിരുന്നില്ല അമ്മ പറഞ്ഞു. എഴുതിയാൽ നീ ധൃതി പിടിച്ചുവരും. ഏതായാലും രണ്ടു മാസം കഴിഞ്ഞാൽ ലീവിൽ വരുന്നുണ്ടല്ലൊ. അപ്പോൾ അറിഞ്ഞാൽ മതീന്നു വെച്ചു.

പുറത്തൊരു കാൽപെരുമാറ്റം. അമ്മാവനായിരുന്നു. പറ്റെ വെട്ടിയ മുടിയും, നിറം മങ്ങിയ ഷർട്ടും മുണ്ടുമായി, അയാൾ വാതിലിനു പുറത്തു നിന്നു.

സ്റ്റേഷനിൽ വരണമെന്നു വിചാരിച്ചതായിരുന്നു. പറ്റീല്ല്യ. ഈ വാതക്കടച്ചില് കാരണം എണീക്കാൻ പറ്റിയില്ല്യ.

അമ്മാവൻ മുഖത്തു നോക്കാതെയാണ് സംസാരിക്കാറ്. തല അല്പം താഴ്ന്ന് മുഖം കുറച്ച് ഇടത്തോട്ട് ചരിച്ചുവെച്ച്. വർഷങ്ങളായുള്ള പരാജയങ്ങൾ ആ മനുഷ്യന്റെ ആത്മധൈര്യം തീരെ കെടുത്തിയിരുന്നു.

വരാത്തതു നന്നായി, ദാസൻ വിചാരിച്ചു. ഒരു പക്ഷെ വേണമെന്നു വെച്ച് വരാതിരുന്നതായിരിക്കും. സ്റ്റേഷനിൽ വെച്ച് താൻ ഒരു സീൻ ഉണ്ടാക്കുമെന്ന ഭയമുണ്ടാവും. താൻ അമ്മാവനോട് വളരെ വൃത്തികേടായിട്ടാണ് പെരു മാറിയിരുന്നത്. ദാസൻ വിചാരിച്ചു. തന്റെ വികാരങ്ങൾ അത്രയധികം വ്രണപ്പെട്ടിരിക്കുന്നു.

അഞ്ചുകൊല്ലം മുമ്പാണ്. നാട്ടിൽ വന്നപ്പോൾ സ്റ്റേഷനിൽ അമ്മാവനുണ്ടായിരുന്നു. അങ്ങിനെ പതിവില്ലാത്തതാണ്. ടാക്സി നിന്നത് അമ്മാവന്റെ ചെറിയ വീട്ടിലായിരുന്നു. ദാസൻ ഒരു ചോദ്യഭാവത്തോടെ അമ്മാവനെ നോക്കി.

ഭാർഗ്ഗവി ഇപ്പൊ ഇവിട്യാണ് താമസം.

ഒറ്റയ്ക്കു താമസിക്കാനുള്ള വിഷമം കാരണം. അമ്മ ഏട്ടന്റെ കൂടെ താമസിക്കുകയാണെന്നാണ് കരുതിയത്. കാര്യങ്ങളുടെ കിടപ്പ് അങ്ങിനെയൊന്നുമല്ലെന്ന് അകത്തു കടന്നപ്പോൾ മനസ്സിലായി. അമ്മ സ്വന്തം ഇരുനില കെട്ടിടം ഏട്ടന്റെ രണ്ടുമുറി വീടുമായി കൈമാറ്റം നടത്തിയിരിക്കുന്നു.

നമുക്കെന്തിനാ ഇത്ര വലിയ വീടൊക്കെ? ഏട്ടനാണെങ്കിൽ ഒരു പെൺകുട്ടിയുണ്ട്. അവളുടെ കല്യാണത്തിന് സമയൊക്കെ ആയിരിക്കുന്നു. ഈ ചെറിയ വീട്ടിൽ വെച്ച് കല്യാണൊക്കെ ശരിയാവുമോ? ആരെങ്കിലും അന്വേഷിച്ചു വരുമ്പോൾ തന്നെ വീടു നന്നല്ലെങ്കിൽ ഒരു തൃപ്തിയാവില്ല. ഏട്ടൻ സമ്മതിച്ചതൊന്നുമില്ല. പിന്നെ ഞാൻ നിർബ്ബന്ധിക്ക്യേ.

ദാസൻ സ്തബ്ധനായി നിന്നു. അഞ്ചു മുറികളുള്ള ഓടിട്ട ഇരുനിലക്കെട്ടിടം അതിന്റെ പത്തിലൊന്നു വില പോലുമില്ലാത്ത ഒരു കൂരപ്പെരക്കു വേണ്ടി കൈ മാറിയിരിക്കുന്നു. അമ്മയുടെ ഏട്ടൻ സ്നേഹം വളരെയധികം അതിരു കവിഞ്ഞു പോയിരിക്കുന്നു.

നമുക്ക് ഇതിലും വലിയ വീടൊക്കെ ഉണ്ടാക്കാം. നിനക്കതിനുള്ള കഴിവുണ്ട്. രേണു നിന്റെ അനുജത്തി യല്ലെ? അവളുടെ കല്യാണമൊക്കെ നന്നായി നടത്താൻ തന്നെയല്ലെ നിനക്കിഷ്ടമുണ്ടാവുക.

പിന്നെ അഞ്ചുകൊല്ലത്തേക്കയാൾ നാട്ടിലേക്കു വന്നില്ല. നാലുകൊല്ലം മുമ്പ് രേണുവിന്റെ കല്യാണം കഴി ഞ്ഞു.

രേണു തടിച്ചിട്ടുണ്ടെന്ന് അയാൾ കണ്ടു. അഞ്ചുകൊല്ലം മുമ്പ് താൻ കാണുമ്പോൾ അവൾ മെലിഞ്ഞിട്ടാ യിരുന്നു. അഞ്ചു കൊല്ലവും, രണ്ടു പ്രസവവും അവളെ ഒരു വലിയ സ്ത്രീയാക്കി മാറ്റിയിരിക്കുന്നു.

ദാസേട്ടൻ ചായ കുടിക്കൂ. അവൾ ചായ കൊണ്ടുവന്നു.

ഞാൻ പോണു.

കുളിമുറി പുറത്തായിരുന്നു. അയാൾ കുളി കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ അമ്മ പറഞ്ഞു.

നീ രേണുവിനോട് കുറച്ചു കൂടിയൊക്കെ സ്നേഹത്തില് പെരുമാറണം. അവൾക്ക് നിന്നെ എന്തു സ്നേഹമാണെന്നറിയ്യോ? എപ്പോഴും നിന്റെ കാര്യം മാത്രമേ പറയാറുള്ളൂ. കുട്ടിക്കാലത്ത് ഒപ്പം കളിച്ചതും എല്ലാം. എന്റെ കാലൊടിഞ്ഞ് കിടന്നപ്പോഴും അവളാണ് എല്ലാം നോക്കിയിരുന്നത്. പിന്നെ ബാബു പഠിക്കാൻ നല്ല മിടുക്കനാണ്. എപ്പോഴും ഫസ്റ്റ് ക്ലാസ്സാണ്. അവനെപ്പോഴും പറയും എനിയ്ക്ക് ജോലി കിട്ടിയിട്ടു വേണം ദാസേട്ടനെ സഹായിക്കാൻ.

കുട്ടിക്കാലത്ത് എത്ര വിഷമങ്ങളുണ്ടായാലും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനും കുറേക്കൂടി എളുപ്പമായിരുന്നു.

കിടപ്പു മുറിയിൽ നിലത്തു വിരിച്ചിട്ട കിടക്കയിലാണ് രേണുവിന്റെ കുട്ടികൾ കിടന്നിരുന്നത്. മൂത്തവൻ എഴുന്നേറ്റിരുന്ന് കണ്ണുകൾ തിരുമ്മി. ദാസനെകണ്ടപ്പോൾ അവൻ എഴുന്നേറ്റ് വന്നു. അയാളിരിക്കുന്ന കസേരയുടെ അടുത്ത് വന്ന് മുഖമുയർത്തി പറഞ്ഞു.

ഞാൻ ഒറങ്ങുമ്പൊ മാമൻ വന്നു?

അവന്റെ കണ്ണുകളിൽ അത്ഭുതമുണ്ടായിരുന്നു. അടുപ്പവും. അപ്പോഴാണ് അയാൾ കണ്ടത്. രേണുവിന്റെ മോൾ മുട്ടുകുത്തിവരുന്നു. അവൾ കസേരയുടെ കാൽ പിടിച്ചു നിന്ന് കൈ നീട്ടി, അവളെ എടുക്കാൻ. അയാൾ അവളെ വാരിയെടുത്തു. താഴത്തെ തൊണ്ണിൽ മുളച്ചുവരുന്ന രണ്ടു കുഞ്ഞിപ്പല്ലുകൾ കാട്ടി അവൾ അയാളെ നോക്കി ചിരിച്ചു, എന്നിട്ടയാളെ അത്ഭുതപ്പെടുത്തുമാറ് അയാളുടെ കുറ്റിരോമങ്ങൾ വളർന്ന കവിളിൽ ഉമ്മവെച്ചു.

ജോലിക്കായി ദില്ലിയിൽ പോയി ആദ്യത്തെ പ്രാവശ്യം ലീവിൽ വന്നപ്പോഴുണ്ടായ ഒരു സംഭവം ദാസൻ ഓർത്തു. അയാൾ ഉമ്മറത്തിരിക്കയായിരുന്നു. അപ്പോഴാണ് രേണു പടി കടന്നു വരുന്നതു കണ്ടത്, ഒറ്റയ്ക്കാണ്. അന്നവൾക്ക് ആറോ ഏഴോ വയസ്സ് പ്രായമുണ്ടാകും. കുറച്ചു വലിയ ഫ്രോക്കാണ് ഇട്ടിരുന്നത്. നഗ്നമായ കാലുകളിൽ ഒരു കിലോമീറ്റർ ദൂരം നടന്നുവന്ന പൊടി. അവൾ നേരെ വന്ന് അയാളിരിക്കുന്ന കസേരയുടെ അടുത്തു വന്നു. തോളിൽക്കൂടി കയ്യിട്ട് അയാളുടെ മുഖം കുനിച്ചു പിടിച്ച്, കവിളിൽ ഒരുമ്മ തന്നു. അതേ പോലെ തിരിച്ചു പോകയും ചെയ്തു. താൻ വന്നുവെന്നറിഞ്ഞപ്പോൾ അച്ഛനെയും അമ്മയേയും കൂടി കാക്കാതെ അവൾ തന്നെ കാണാനും തനിയ്ക്ക് ഒരുമ്മ തരാനും ഒറ്റയ്ക്ക് ഇറങ്ങിപ്പുറപ്പെട്ടതായിരുന്നു ഒരു കിലോ മീറ്റർ ദൂരം.

കൗതുകമുള്ള രണ്ടു കൊച്ചുമുഖങ്ങൾ അയാൾ മാറി മാറി നോക്കി. രേണുവിന്റെ കുട്ടിക്കാലത്തെ ഛായ തന്നെയാണ്.

മോളെ ഇങ്ങട്ട് തന്നോളു, എണീറ്റു വന്നപടിയാണ്. ഏട്ടന്റെ മേൽ അവൾ മൂത്രമൊഴിക്കും.

അടുക്കളയിൽ നിന്നു വന്ന രേണു പറഞ്ഞു.

സാരമില്ല ദാസൻ പറഞ്ഞു. സ്നേഹസന്ദേശവുമായി തന്റെ അടുത്തെത്തിയ പഞ്ഞിക്കെട്ടു പോലെ മൃദുവായ ആ കുട്ടിയെ വിട്ടുകൊടുക്കാൻ അയാൾ തയ്യാറായില്ല. അയാൾ അവളെ ചേർത്തു പിടിച്ചു.

തീവണ്ടിയിൽ വരുമ്പോൾ സഹ്യന്റെ താഴ്വരയിൽ സൂര്യകാന്തിപ്പൂക്കൾ വിടർന്നു നിൽക്കുന്നതു കണ്ടതയാൾ ഓർത്തു.

back to index

# കാട്ടിക്കൊമ്പ്

**ഓ**ർമ്മവെച്ചനാൾ മുതൽ ആ കാട്ടിക്കൊമ്പ് തളത്തിലെ വാർണിഷ് ഇട്ട തട്ടിനു തൊട്ടുതാഴെ ചുമരിൽ തൂക്കിയിട്ടിരിക്കയായിരുന്നു. നല്ല വണ്ണമുള്ള ഒരു കമ്പികൊണ്ട്. ഗാൽവനൈസ് ചെയ്ത് ചാരനിറത്തി ലുള്ള കമ്പി. കുട്ടിക്കാലത്ത് ആ കമ്പിയുടെ വണ്ണം എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. പിന്നെ കുറച്ചു വലുതായപ്പോൾ വളയ്ക്കാൻ പ്രയാസമുള്ള ആ കമ്പിയും കടയിൽ തടിച്ച് അറ്റമെത്തുമ്പോൾ കൂർത്ത് അകത്തോട്ട് വളഞ്ഞ കൊമ്പും ജീവനുള്ള ഒരു കാട്ടുപോത്തിന്റെ ശക്തിയുടെ പ്രതീകമായി തോന്നി. ഉമ്മറവാതിൽ കടന്നാൽ കാണുക ആ കാട്ടിക്കൊമ്പായിരുന്നു. മുഖത്തെ എല്ലുകൾ പൊളിഞ്ഞു തുടങ്ങിയിരിക്കുന്നു. പല്ലുകൾക്കിടയിൽ വിടവ്. കണ്ണിന്റെ സ്ഥാനത്ത് രണ്ട് ഓട്ടകൾ. ആ ശൂന്യമായ ഓട്ടകളിലൂടെ വികൃതമായ മുഖവുമായി കാട്ടുപോത്ത് നമ്മെ ദയനീയമായി നോക്കി.

മുത്തച്ഛൻ വേട്ടായാടാൻ പോയ കഥകൾ മുത്തശ്ശി പറയാറുണ്ട്. വളരെ കൊല്ലങ്ങൾക്കു മുമ്പാണ്. ഇപ്പോൾ ശരിക്കും ഓർമ്മയില്ല. ഇന്ന് മനസ്സിലുള്ള ചിത്രം ഭീമാകാരനായ മുത്തച്ഛൻ തോക്കുമേന്തി കാട്ടിലൂടെ നടന്നു നീങ്ങുന്നതാണ്. കാട്ടിൽ പ്രാണരക്ഷാർത്ഥം ഓടുന്ന മൃഗങ്ങൾ. ചെടികൾ ഉലയുന്ന ശബ്ദം. തോക്കിന്റെ ഗർജ്ജനം. മുറിവേറ്റ മൃഗത്തിന്റെ ദീനരോദനം.

ഞാൻ അമ്മയോട് ചോദിക്കാറുണ്ട്. എന്തിനാണ് മുത്തച്ഛൻ ആ സാധുമൃഗത്തിനെ കൊന്നത്?

മുത്തച്ഛൻ വല്യ ആളായിരുന്നു. അമ്മ പറയും. അതു പറയുമ്പോൾ അമ്മയുടെ മുഖം അഭിമാനംകൊണ്ട് വികസിക്കും.

വല്യ ആളായിരുന്നു.

വീട് വളരെ വലുതായിരുന്നു. ജനലുകൾക്കും വാതിലുകൾക്കും മുകളിൽ കമാനങ്ങളുണ്ടായിരുന്നു. മുറികളിൽ തട്ടുകൾ വളരെ ഉയരത്തിലായിരുന്നു. അതിനു കീഴിൽ നിൽക്കുമ്പോൾ അച്ഛൻ ഒരു ചെറിയ മനുഷ്യനെപ്പോലെ എനിക്കു തോന്നാറുണ്ട്. അച്ഛൻ വളരെ ഒതുങ്ങി ശബ്ദമില്ലാതെയാണ് അവിടെ കഴിഞ്ഞി രുന്നത്. പകൽ അദ്ദേഹം പാടത്ത് പണിക്കാരെക്കൊണ്ട് പണിയെടുപ്പിച്ചു. ഉഴുമ്പോൾ കാറ്റിൽ ചെളിയുടെ ഗന്ധം പൊങ്ങിവന്നു. ഉച്ചവെയിലിൽ ചെടികളെല്ലാം മയങ്ങുമ്പോൾ ഞാൻ പടിയ്ക്കൽ നിന്നുകൊണ്ട് ആ ഗന്ധം ആസ്വദിക്കും ഉച്ചയ്ക്ക് ഊണു കഴിയ്ക്കാൻ വരുന്ന അച്ഛന് വെയിലിന്റെ ഗന്ധമുണ്ടായിരുന്നു.

മുത്തശ്ശി നേർത്തെ ഉറങ്ങാൻ പോകും. രാത്രി അവർക്ക് കണ്ണു കാണാൻ വിഷമമുണ്ടായിരുന്നു.

രാത്രി ഊണു കഴിക്കുമ്പോഴാണ് അച്ഛൻ സംസാരിക്കാറ്. ഞാറ് നടുന്നതിനെപ്പറ്റി, പാടത്ത് ഇക്കൊല്ലം ധാരാളം കളകൾ ഉള്ളതിനെപ്പറ്റി, പുഞ്ചയ്ക്കു തേവുന്നതിനെപ്പറ്റി, പണിക്കാർ പ്രതീക്ഷയ്ക്കൊത്ത് ജോലി യെടുക്കാത്തതിനെപ്പറ്റി.

എന്റെ അച്ഛനുണ്ടായിരുന്നപ്പൊ ഈ വെഷമമൊന്നുംണ്ടായിരുന്നില്ല.

അമ്മ പറഞ്ഞു. ജോലിക്കാരെക്കൊണ്ട് പണിയെടുപ്പിക്കാൻ അച്ഛന് നല്ല സാമർത്ഥ്യാ. അച്ഛൻ അവരെ യൊക്കെ വരച്ച വരേല് നിർത്തും. ചാത്തയൊ ക്കെ എത്ര ഓഛാനിച്ചിട്ടാണ് അച്ഛന്റെ മുമ്പില് നിൽക്കാറ്.

അച്ഛൻ ഒന്നും പറയില്ല. ചാത്ത എന്നേ മരിച്ചു പോയിരുന്നു. എനിയ്ക്ക് നേരിയ ഓർമ്മ മാത്രമേയുള്ളൂ. കറുത്ത് കുള്ളനായ ചാത്ത തോർത്തു മുണ്ടും കോണകവും വേഷം. തോളിലും ഒരു തോർത്തുമുണ്ടുണ്ടാവും. ഞാൻ കാണുമ്പോൾ ചാത്തയ്ക്ക് വളരെ വയസ്സായിരുന്നു.

അച്ഛൻ ഒന്നും പറയില്ല. നിശ്ശബ്ദനായി ഊണുകഴിക്കും റാന്തലിന്റെ നീട്ടിയ തിരിയുടെ വെളിച്ചം അച്ഛന്റെ നിഴൽ ചുമരിൽ പരത്തുന്നത് ഞാൻ നോക്കിയിരിക്കും, അച്ഛന്റെ മുഖത്തു നോക്കാൻ ധൈര്യമില്ലാതെ.

വീടുനിറയെ നിഴലുകളായിരുന്നു. അവ അവിടെ പെരുമാറുന്നവരോടൊപ്പം ചലിച്ചു. അർത്ഥഗർഭമായി തലയാട്ടി നിഴലുകൾ എന്നെ ഭയപ്പെടുത്തി. ഇടനാഴിയിൽ, അല്ലെങ്കിൽ മച്ചിനകത്ത്, നിഴലുകൾ എന്റെ മേൽ ചാടിവീഴാൻ നില്ക്കുന്നപോലെ തോന്നിച്ചു.

നിന്റെ അച്ഛന് ഒന്നുകൂടി ആലോചിക്കാമായിരുന്നു.

അച്ഛൻ പറഞ്ഞു.

എന്ത്?

മകളെ എനിയ്ക്കു പിടിച്ചുതരുന്നതിനു മുമ്പ്. ഇതിലും കഴിവുള്ള എത്രപേരുണ്ടായിരുന്നു.

മുകളിലെ മുറികളിൽ നിഴലുകൾ കുറവാണ്, ഞാൻ ആലോചിച്ചു. പകലുകൾ മുറികളെ പ്രകാശ മയമാക്കുന്നു. രാത്രി വിളക്കുകൊണ്ടു നടക്കുമ്പോഴും നിഴലുകൾ എന്നെ ഭയപ്പെടുത്തിയിരുന്നില്ല. ഇരുട്ടിൽ പറക്കുന്ന മിന്നാമിനുങ്ങുകൾ. ജനലിലൂടെ നോക്കി ഞാൻ ഇരിക്കാറുണ്ട്.

ഞാൻ അതൊന്നും ഉദ്ദേശിച്ചിട്ടില്ല, അമ്മ പറഞ്ഞു. എന്തിനാപ്പൊ അതൊക്കെ കുത്തിപ്പൊക്കണത്?

പണിക്കാരെ അടിക്കാനും ചവിട്ടാനും ഒന്നും എന്നെക്കൊണ്ടാവില്ല. നിന്റെ അച്ഛനെ സംബന്ധിച്ചിടത്തോളം അവരൊന്നും മനുഷ്യരായിരുന്നില്ല. എനിക്കങ്ങനെയല്ല. നിന്റെ അമ്മയ്ക്കുംണ്ട് ഈവക വിചാരങ്ങൾ.

മുത്തശ്ശി അച്ഛനെ എപ്പോഴും ദേഷ്യം പിടിപ്പിച്ചിരുന്നു.

ഓർമ്മവെച്ച നാളുകളിൽ, എനിയ്ക്ക് മൂന്നോ നാലോ വയസ്സുള്ള പ്പോൾ, ചാണകം മെഴുകിയ വിശാലമായ മുറ്റത്ത് നെല്ലിന്റെ വലിയ കൂമ്പാരങ്ങളുണ്ടായിരുന്നു. അകത്തും പുറത്തും പണിക്കാരികൾ ഓടി നടന്ന് ജോലിയെടുത്തു. നെല്ലു പുഴുങ്ങുന്നതിന്റെ ഗന്ധം, നെല്ലുകുത്തുകാരികൾ നെല്ലു കുത്തുമ്പോഴുണ്ടാകുന്ന ശ്ശ് ശ്ശ് ശബ്ദം. വളകളുടെ സംഗീതം.

ഇടയ്ക്കിടയ്ക്ക് സദ്യകൾ ഉണ്ടായിരുന്നു വടക്കെ മുറ്റത്തുണ്ടാക്കിയ കൂറ്റൻ അടുപ്പുകളിൽ വലിയ ഉരുളികളിലും, ചരക്കുകളിലും അരി തിളച്ചു. ദഹണ്ഡക്കാർ ബഹളമുണ്ടാക്കി പണിക്കാരികളോട് ആജ്ഞാപിച്ചു കൊണ്ടിരുന്നു. ഉച്ചയ്ക്ക് ഊണിന്റെ സമയമായാൽ പടിയ്ക്കൽ നിന്ന് നായാടികളുടെ ശബ്ദം കേൾക്കാം.

വല്യമ്പ്രാനേയ്, എന്തെങ്കിലും കൊടുത്തയയ്ക്ക്യാ.

വല്യമ്പ്രാട്ടേയ്, ഒരു ഊണ് തര്യാ.........

ഉച്ചത്തില് അവരുടെ ശബ്ദം, ഒരു നിലവിളിയായി, പ്രാചീനമായൊരു സംഗീതമായി ഒഴുകി വന്നു. എനിയ്ക്ക് നായാടികളെ പേടിയായിരുന്നു അവർ കുട്ടികളെ പിടിച്ചു കൊണ്ടുപോകുമെന്നു ഞാൻ വിശ്വസിച്ചു. പണിക്കാരികൾ അവർക്കുള്ള ഭക്ഷണം ഗെയിറ്റിനും കുറച്ചകലെ വരമ്പത്തു വെച്ചുകൊടുക്കും. പണിക്കാരികൾ തീണ്ടാപ്പാടകലെയെത്തിയാൽ നായാടികൾ വന്ന് ആ ഇലകൾ എടുത്തുകൊണ്ടു പോകും. അവരുടെ ശബ്ദം നിലയ്ക്കും. അതുവരെ ഞാൻ ശ്വാസമടക്കിപ്പിടിച്ച് നില്ക്കാറുണ്ട്. നായാടികൾ കയറു കൊണ്ടുള്ള ഉറികളും പശുവിനെ കെട്ടാനുള്ള വടവും ഉണ്ടാക്കിക്കൊണ്ടുവന്നിരുന്നു.

നെല്ലിന്റെ വൻകൂനകളും, ചരക്കുകളും, നെല്ലുകുത്തുകാരികളുടെ വളകിലുക്കങ്ങളും പെട്ടെന്നൊരു ദിവസം ഇല്ലാതായി. അകത്തും പുറത്തും ഓടിനടന്നു പണിയെടുത്തിരുന്ന പണിക്കാരികളും അപ്രത്യക്ഷരായി. നായാടികളുടെ രോദനംമാത്രം വിശേഷദിവസങ്ങളിൽ ഉയർന്നുകേട്ടു. പിന്നെ കാലക്രമത്തിൽ അതും കേൾക്കാതായി.

തറവാട്ടിലെ മുതല് നശിക്കാൻ കാരണം ഞാനല്ല. അച്ഛൻ പറഞ്ഞു ഭൂനിയമം വന്നതും കുടിയാൻ ജന്മിയായതും ഒന്നും നിന്റെ അമ്മയ്ക്ക് മനസ്സിലാവില്ല.

മുത്തശ്ശിയ്ക്ക് അതൊന്നും ഒരിയ്ക്കലും മനസ്സിലായിരുന്നില്ല, യുദ്ധാനന്തരം അവശ്യസാധനങ്ങൾ കരിഞ്ചന്തയിലെത്തിയതും സാധനങ്ങളുടെ വില കണക്കറ്റു വർദ്ധിച്ചതും അവർ അറിഞ്ഞില്ല.

അവരെ സംബന്ധിച്ചിടത്തോളം ഒരു സാധനം വാങ്ങണമെങ്കിൽ അതു വാങ്ങണമെന്നു മാത്രം. അതിന്റെ വില പതിന്മടങ്ങു വർദ്ധിച്ചുവോ എന്നൊന്നും അവർക്കറിയില്ല. അവർ പണം ഒരിക്കലും കൈകാര്യം ചെയ്തിരുന്നില്ല. അതുകൊണ്ടുതന്നെ പണത്തിന്റെ വിലയും അറിഞ്ഞില്ല. അവരെ സംബന്ധിച്ചിടത്തോളം ഒരുറുപ്പികയും പത്തുറുപ്പികയും ഒന്നുതന്നെ. പണം.

ആവശ്യപ്പെട്ട സാധനങ്ങൾ കിട്ടിയില്ലെങ്കിൽ അവർക്കു പരിഭവമായി. കൊള്ളിവാക്കുകൾ പറഞ്ഞു. മുത്തച്ഛൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ആ കാര്യം എത്ര എളുപ്പം സാധിക്കുമായിരുന്നു എന്നു പറയും.

കാട്ടിക്കൊമ്പ് ഒരു ഹേതുവായിരുന്നു മരുമകനുമായുള്ള സംഘട്ടനത്തിന് മൂർച്ച കൂട്ടാൻ മുത്തശ്ശി അതുപയോഗിച്ചു. കാട്ടി ക്കൊമ്പ് സ്റ്റഫ് ചെയ്താൽ ഭംഗിയാകുമെന്ന് ആരോ മുത്തശ്ശിക്ക് പറഞ്ഞു കൊടുത്തു. പിന്നെ അതിന്മേലായി മുത്തശ്ശിയുടെ കണ്ണ്. കാട്ടിക്കൊമ്പ് സ്റ്റഫ് ചെയ്യുക എളുപ്പമായിരുന്നില്ല. ഒന്നാമതായി സ്റ്റഫ് ചെയ്യുന്ന സ്ഥലം അടുത്തൊന്നുമുണ്ടായിരുന്നില്ല. ചുരുങ്ങിയത് കോഴിക്കോട്ടോ തൃശൂരോ കൊണ്ടു പോകണം. പിന്നെ അതിന് എത്ര ചെലവു വരുമെന്നും അറിയില്ല മനുഷ്യന് അതിലും പ്രധാനപ്പെട്ട എത്ര കാര്യങ്ങൾ ചെയ്യാൻ കിടക്കുന്നു. പാടത്ത് പച്ചിലകൾ വെട്ടിയിടണം. ചാണകം വിതറണം, തേവാനുള്ള ഏത്തം ശരിയാക്കണം.

മുത്തശ്ശിയോട് എപ്പോഴും എതിർത്തു പറയുമെങ്കിലും അച്ഛൻ മുത്തശ്ശിയുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയിരുന്നു. ഒരു പുതിയ നിലവിളക്ക്, അല്ലെങ്കിൽ കാലിൽ പുരട്ടാനുള്ള കുഴമ്പ്. അതുമല്ലെങ്കിൽ മുത്തശ്ശി ഇടയ്ക്ക് പറമ്പിലൊക്കെ നടന്നുനോക്കും. വൈകുന്നേരം അച്ഛൻ വന്നാൽ പറയും, വേലിയൊക്കെ പൊളിഞ്ഞിരിക്കുണു.

പിറ്റേന്നു തന്നെ അച്ഛൻ പണിക്കാരെ വിളിച്ച് മുള്ളുവെട്ടി വേലിപ്പണി തുടങ്ങും.

കാട്ടിക്കൊമ്പിന്റെ കാര്യം മറിച്ചായിരുന്നു. അച്ഛന് തീരെ ഇഷ്ടമില്ലാത്ത സാധനമായിരുന്നു അത്.

ആ കാട്ടിക്കൊമ്പെടുത്ത് വലിച്ചെറിയൂ. അച്ഛൻ പറയും. ഉമ്മറത്തു തന്നെ വെക്കാൻ കണ്ട ഒരു സാധനം!

മുത്തശ്ശിയെ സംബന്ധിച്ചിടത്തോളം ആ കാട്ടിക്കൊമ്പ് പ്രിയപ്പെട്ടതായിരുന്നു. മുത്തച്ഛന്റെ പരാക്രമങ്ങളുടെയും പൗരുഷത്തിന്റെയും ഓർമ്മകൾ ഉണർത്തുന്ന ഒരു സ്മാരകം.

അച്ഛനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അത് അവഹേളനത്തിന്റെ പ്രതീകവും. തനിയ്ക്കിഷ്ടമില്ലാത്ത ഒരു വ്യക്തിയുടെ തുടച്ചു നീക്കപ്പെടേണ്ട അവസാനത്തെ കണികയാണത്, അച്ഛൻ മുത്തച്ഛനെ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അച്ഛന്റെ സംസാരത്തിൽ നിന്ന് അത് മനസ്സിലായിരുന്നു.

ഉച്ച വേളകൾ അസ്വസ്ഥമായിരുന്നു. ഞാൻ അലഞ്ഞുനടന്നു. പറമ്പിൽ, വീട്ടിനുള്ളിൽ, തട്ടിൻപുറത്ത്, എന്തിനോവേണ്ടി ഞാൻ അന്വേഷിച്ചുനടന്നു എന്താണ് അന്വേഷിക്കുന്നതെന്ന് തീരെ അവ്യക്തമായിരുന്നു. ഒരു സ്വപ്നം പോലെയായിരുന്ന പഴയ പ്രതാപത്തിന്റെ നിഴലുകൾ അന്വേഷിച്ച് ഞാൻ തട്ടിൻപുറത്തും മച്ചിനകത്തും പരതി. കൂട്ടിയിട്ട വെങ്കലപ്പാത്രങ്ങൾക്കിടയിലൂടെ ഞാൻ നടന്നു. മച്ചിനകത്ത് മരം കൊണ്ടുണ്ടാക്കിയ അറയിൽ ചാരിവെച്ച കൂറ്റൻ ചട്ടുകങ്ങൾ, കയ്യിലുകൾ, ഓട്ടുവിളക്കുകൾ, ചെമ്പുകൊണ്ടുണ്ടാക്കിയ ഒരു ശരറാന്തൽ, അതെല്ലാം പഴയ പ്രതാപത്തിന്റെ കഥകൾ എനിയ്ക്കു പറഞ്ഞുതന്നു. ഞാൻ കുട്ടിയായിരിക്കുമ്പോഴുണ്ടായിരുന്ന, എനിക്കിപ്പോൾ നേരിയ ഓർമ്മ മാത്രമുള്ള ഐശ്വര്യത്തിന്റെ നാളുകൾ. ഞാൻ നെടുവീർപ്പിട്ടു.

അമ്മയും മുത്തശ്ശിയും മയക്കമായിരുന്നു. വയലിൽ ഉഴുന്ന പണിക്കാർ കാളകളെ തെളിക്കുന്ന ശബ്ദം. വാക്കുകളില്ലാത്ത പ്രാകൃതമായ ഒരു പാട്ടിന്റെ ഈണങ്ങൾ. ഇതെല്ലങ്കിലും ചെയ്യാൻ, എന്തെങ്കിലും നശിപ്പിക്കാനെങ്കിലും കഴിഞ്ഞെങ്കിലെന്ന് ഞാൻ ആശിച്ചു. അപ്പോഴാണ് ആ കാട്ടിക്കൊമ്പ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിനെ തളച്ചിട്ട, വളയ്ക്കാൻ വിഷമമായ വണ്ണമുള്ള കമ്പിയും. ഞാൻ ഒരു മേശ ശബ്ദമുണ്ടാക്കാതെ

വലിച്ചിട്ട് അതിനുമേൽ കയറി. കുറച്ചൊരു അറപ്പോടെ ഞാൻ ആ കാട്ടിയുടെ മുഖത്തെ ദ്രവിച്ചു തുടങ്ങിയ എല്ലുകൾ തൊട്ടു. ആ എല്ലുകൾ ആടുന്നുണ്ടായിരുന്നു, രണ്ടു കൊമ്പുകൾ മാത്രം കാട്ടുപോത്തിന്റെ ശക്തികാണിച്ചു. ഞാൻ കമ്പി അഴിക്കാൻ ശ്രമിച്ചു. കമ്പി വളയുന്നില്ല കാട്ടിയുടെ തലയോടു മാത്രം ഒരു ഭീഷണിയോടെ ആടി, കുത്താൻ വരുന്ന പോലെ. അതെന്നെ ഭയപ്പെടുത്തി.

ഞാൻ വേഗം താഴെയിറങ്ങി,

വൈകുന്നേരങ്ങളിൽ അച്ഛൻ പാടത്തു നിന്നു വന്നാൽ കുളി കഴിഞ്ഞ് ചായ കുടിച്ച് പറമ്പിൽ നടക്കാൻ ഇറങ്ങും. അപ്പോഴാണ് എനിയ്ക്ക് അച്ഛനോട് സംസാരിക്കാൻ അവസരം കിട്ടുക. കുട്ടി യായിരിക്കുമ്പോൾ ഒരിക്കൽ ഞാൻ ചോദിച്ചു.

അച്ഛാ, കാട്ടുപോത്തിനും നമ്മുടെ മാതിരി വേദനണ്ടാവില്ലെ?

ഉണ്ടാവും മോനെ.

അപ്പൊ വെടി കൊള്ളുമ്പോഴും അതിന് വേദനിക്കില്ലെ?

നിലത്തേയ്ക്കിഴഞ്ഞു പോകുന്ന ഒരു പയർവള്ളി ഞെടിയിൽ പടർത്താൻ ശ്രമിക്കുകയായിരുന്നു അച്ഛൻ.

ഇല്ലെ അച്ഛാ വേദനിക്കില്ലേ?

മുഖമുയർത്താതെത്തന്നെ അച്ഛൻ പറഞ്ഞു.

വേദനിക്കും.

അപ്പൊ മുത്തച്ഛൻ വെടിവെച്ചപ്പൊ ആ കാട്ടുപോത്തിന് വേദനിച്ചിട്ടുണ്ടാവില്ലെ?

ഉണ്ടാവണം. അച്ഛൻ പറഞ്ഞു.

പിന്നെ പെട്ടെന്ന് മുഖമുയർത്തി എന്നെ നോക്കി. മകന്റെ മുഖത്തെ ദുഃഖം അദ്ദേഹം ദർശിച്ചു. അദ്ദേഹം മുഖം തിരിച്ചു.

മുത്തച്ഛൻ എന്തിനാതിനെ കൊന്നത്?

അച്ഛൻ ഒന്നും പറഞ്ഞില്ല. ഒരു വാഴനാരെടുത്ത് പയർവള്ളി വീണ്ടും താഴെ വീഴാതിരിക്കാൻ കെട്ടിക്കൊടുക്കുകയായിരുന്നു അച്ഛൻ. തെങ്ങോലകൾക്കിടയിലൂടെ വരുന്ന സൂര്യവെളിച്ചം മഞ്ഞ നിറമായിരുന്നു.

കാട്ടിയുടെ തളത്തിലുള്ള വാസം ഒരു ദിവസം അവസാനിച്ചു. ബീഭത്സമായ ആ തലയോടിനു പകരം അത്ര തന്നെ ബീഭത്സമല്ലാത്ത മറ്റൊരു തല അവിടെ വെക്കാമെന്ന് അച്ഛൻ കണ്ടു. ആരുടേയും എതിർപ്പില്ലാതെ ഒരു നിശബ്ദ വിപ്ലവം അച്ഛൻ നടത്തി. കാട്ടുപോത്തിന്റെ തലയോടിനേക്കാൾ കുറച്ചു കൂടി സ്വീകാര്യമായ ഒരു വസ്തു അച്ഛൻ കണ്ടെത്തി. മച്ചിനകത്തെ ഒരു മരപ്പെട്ടിയിൽ നിന്നാണ് അത് കിട്ടിയത്. ഒരു ചിത്രം. ചില്ലു പൊട്ടി ഫ്രെയിമിന്റെ ഇനാമൽ അടർന്നു പോയ ഒരു പഴയ എണ്ണഛായ ചിത്രം. അതു പൊടിതട്ടിക്കൊണ്ട് അച്ഛൻ പറഞ്ഞു.

ഇത് നന്നായി ഫ്രെയിം ചെയ്ത് നമുക്ക് ഇവിടെ തൂക്കാം. ഈ കാട്ടിക്കൊമ്പിനു പകരം.

മുത്തച്ഛന്റെ ഒരു ചിത്രമായിരുന്നു അത്.

അച്ഛന്റെ പ്രവർത്തിയുടെ വ്യംഗ്യം മുത്തശ്ശിയ്ക്ക് മനസ്സിലായില്ല, അമ്മയ്ക്കും. പക്ഷെ അത് വീട്ടിൽ സമാധാനം പുനഃസ്ഥാപിച്ചു. മുത്തച്ഛന്റെ കറുത്തു തടിച്ച വട്ടമുഖത്ത് കനത്ത പുരികത്തിനു താഴെ തീക്ഷ്ണ മായ കണ്ണുകൾ ഉമ്മറപ്പടി കയറുന്നവരെ എതിരേറ്റു.

കാട്ടിക്കൊമ്പ് തട്ടിൻ പുറത്തേക്ക് വലിച്ചെറിഞ്ഞു.

മുത്തച്ഛന്റെ തലയോട്ടി അവിടെ കാട്ടിക്കൊമ്പിനു പകരം തൂക്കിയിട്ടതായി ഞാൻ സങ്കൽപ്പിക്കാറുണ്ട്, വളയാൻ വിഷമമായ കമ്പി തലയോട്ടിന്റെ ഓട്ടകളിലൂടെ വലിച്ചു മുറുക്കിക്കൊണ്ട്. ആ ഭാവന ആശ്വാസം തരുന്നതായിരുന്നു. ഒരു പക പോക്കുന്ന സുഖം.

മുത്തശ്ശിയുടെ മരണശേഷം ഒരിക്കൽ വെള്ളവലിക്കുന്ന സമയത്ത് മുത്തച്ഛന്റെ ഛായാചിത്രവും തട്ടിൻ പുറത്തേയ്ക്ക് എറിഞ്ഞു. അമ്മയുടെ പ്രതിഷേധങ്ങൾ വകവെക്കാതെ തന്നെ.

പിന്നെ വർഷങ്ങൾ നീങ്ങിയപ്പോൾ ഇതെല്ലാം മറവിയിലേക്കു തള്ളി. മുത്ത ച്ഛന്റെ ചിത്രവും കാട്ടിക്കൊമ്പും, അതിനോടു ബന്ധപ്പെട്ട കാര്യങ്ങളും. പടിക്കൽ ഉണ്ടായിരുന്ന വയലുകൾ അപ്രത്യക്ഷമായി. അതോടൊപ്പം അതിൽ ജോലി ചെയ്തിരുന്ന പണിക്കാരും അവരുടെ പാട്ടുകളും, ചെളിയുടെ തീക്ഷ്ണഗന്ധവും എന്നെ ന്നേയ്ക്കുമായി നഷ്ടപ്പെട്ടു. വയലുകൾക്കു പകരം കെട്ടിടങ്ങൾ നിറഞ്ഞു.

അച്ഛനും അമ്മയും മരിച്ചു. ഞാൻ ഈ വലിയ വീട്ടിൽ ഭാര്യയും കുട്ടികളുമായി താമസിക്കുന്നു. ഇന്ന് ഈ കാര്യങ്ങളെല്ലാം ഓർക്കാൻ കാരണം മക്കളാണ്.

വൈകുന്നേരം താലൂക്കാപ്പീസിലെ ജോലി കഴിഞ്ഞു വീട്ടിലെത്തിയപ്പോഴാണ് കണ്ടത്. മക്കൾ ആ കാട്ടിക്കൊമ്പും മുത്തച്ഛന്റെ ചിത്രവും പിടിച്ച് നിൽക്കുന്നു. മകൻ കാട്ടിക്കൊമ്പ് നിലത്തുവെച്ച് കൊമ്പുകളിൽ പിടിച്ച് നിൽക്കുകയാണ്.

നോക്കു ഞങ്ങൾക്ക് തട്ടിൻ പുറത്തു നിന്ന് എന്താണ് കിട്ടിയതന്ന്?

മകന്റെ കണ്ണുകളിൽ അസ്വാസ്ഥ്യത്തിന്റെ ബീജങ്ങൾ ഞാൻ കണ്ടു. ഉച്ചവേളകളിലെ എന്തിനെന്നറിയാത്ത അന്വേഷണത്തിന്റെ നാമ്പുകൾ. മുത്തച്ഛന്റെ ഫോട്ടോ പിടിച്ചു നിൽക്കുന്ന അഞ്ചുവയസ്സുകാരിയുടെ കണ്ണു കളിൽ കൗതുകം മാത്രം. അവൾ പറഞ്ഞു.

ഞങ്ങള് രണ്ടുപേരും കൂടി തട്ടിൻ പുറത്ത് കയറി.

കാട്ടിക്കൊമ്പ് പിടിച്ചുകൊണ്ടിരുന്ന മകന്റെ മുഖം മ്ലാനമാവുന്നത് ഞാൻ ശ്രദ്ധിച്ചു. അവൻ ചോദിച്ചു.

അച്ഛാ ഇതെന്തിന്റെ കൊമ്പാണ്?

മോനെ ഇത് കാട്ടിക്കൊമ്പാണ്. കാട്ടുപോത്തിന്റെ  കൊമ്പ്.

ഇതെങ്ങനെയാണ് മരിച്ചത്?

മരിച്ചത് എന്നാണവൻ പറഞ്ഞത്?

അവനെ സംബന്ധിച്ചിടത്തോളം ഒരു മനുഷ്യനും ആ സാധുജീവിയും തമ്മിൽ വ്യത്യാസമൊന്നുമില്ല രണ്ടും മരണം തന്നെ. എനിയ്ക്ക് വേണമെങ്കിൽ രണ്ടും തമ്മിലുള്ള വ്യത്യാസം പറഞ്ഞുകൊടുക്കാം. അതുപോലെ ആ കാട്ടുമൃഗം എങ്ങിനെയാണത് ചത്തതെന്നും.

അതിനിടയ്ക്ക് വളരെ അസാധാരണമായി, അത്ഭുതകരമായി, ഒരു തേക്കുപാട്ടിന്റെ ഈരടികൾ കാറ്റിൽ അരിച്ചു വന്നു. വളരെ അകലെ ആരോ പുഞ്ചയ്ക്കു തേവുന്നുണ്ടാവാം. ഈ മോട്ടോർ യുഗത്തിൽ ആരാണ് ഏത്തം വെച്ച് തേവുന്നത്? ഒരു പക്ഷേ എന്റെ ഭാവന മാത്രമായിരിക്കാം. വയലിലെ ചെളിയുടെ ഗന്ധത്തിനായി, ഞാൻ മൂക്കു വിടർത്തി. ഒരു പുരാവൃത്തം ആവർത്തിക്കുകയാണോ?

back to index

# ചെപ്പടിക്കാരനും ഞാനും

നമുക്ക് കാണാൻ താല്പര്യമില്ലാത്ത ചിലർ വീണ്ടും നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അവിചാരിതമായി, പക്ഷേ ഒഴിഞ്ഞുമാറാൻ കഴിയാത്ത പരിത:സ്ഥിതിയിൽ. അങ്ങിനെ ഒരാളെയാണ് ഞാൻ ഇന്ന് കണ്ടത്. ചെപ്പടിവിദ്യക്കാരൻ തങ്കച്ചനെ, ഞാൻ രാവിലെ മുതൽ നടക്കാൻ തുടങ്ങിയതായിരുന്നു. ബൈക്ക് കേടായതു കൊണ്ട് നടക്കുക തന്നെ. കയ്യിൽ സാംബിളുകളും മരുന്നു സാഹിത്യവും നിറച്ച സഞ്ചിയും തൂക്കി ഒരു ഡോക്ടറുടെ അടുത്തു നിന്ന് വേറൊരു ഡോക്ടറുടെ അടുത്തേക്ക് നാലഞ്ചു കൊല്ലത്തെ പരിചയം കാരണം ഡോക്ടർമാരുടെ അടുത്ത് അധികം സമയം ചെലവാക്കേണ്ടി വരില്ല. ഒരു രോഗി പുറത്തു കടന്നാൽ ഉടനെ ഉള്ളിൽ കടക്കും. കുശലാന്വേഷണം. പിന്നെ ഒന്നോ രണ്ടോ സാംബിളുകൾ മേശപ്പുറത്ത് വെക്കുന്നു. ഡോക്ടർ മാർക്കുള്ള സാഹിത്യം അച്ചടിച്ച ബഹുവർണ്ണ പത്രങ്ങൾ സ്വയം സംസാരിക്കുന്നു. അഞ്ചു മിനിറ്റുമാത്രം. കാത്തു നിൽക്കുന്ന രോഗികളുടെ ആക്ഷേപത്തോടെയുള്ള നോട്ടങ്ങൾ കണ്ടില്ലെന്നു നടിച്ച് പുറത്തു കടക്കുന്നു. അങ്ങിനെ രാവിലെ മുതൽ അനേകം രോഗികളുടെയും അവരെ ഡോക്ടറെ കാണിക്കാൻ കൊണ്ടു വന്ന സഹായികളുടെയും ശാപപാത്രമായി നടന്നലഞ്ഞ ഞാൻ ഉച്ചയ്ക്ക് രണ്ടു മണിയോടെ ഒരു റെസ്റ്റോറണ്ടിൽ ഭക്ഷണം കഴിക്കാനെത്തിയപ്പോഴാണ് അതുണ്ടായത്.

വാഷ്ബേസിനിൽ കയ്യും മുഖവും കഴുകി തൂവാലകൊണ്ട് മുഖം തുടച്ച് കണ്ണാടിയിൽ നോക്കി തലമുടി ശരിയാക്കി ബാഗും തൂക്കി ഞാൻ ഒരു മാതിരി തിരക്കില്ലാത്ത മേശയ്ക്കു മുമ്പിൽ ഇരുന്നു.

എനിയ്ക്കെതിരെ ഒരാൾ ഇരിക്കുന്നു, മറ്റുമേശകളിലെല്ലാം തിരക്കായിരുന്നു. ഒരാളല്ലെ സാരമില്ല, ഞാൻ ബാഗു നിലത്തു വെച്ച് കസേരയിൽ ഇരുന്ന് ഫാൻ നല്ലവണ്ണം തിരിയുന്നില്ലെ എന്നു നോക്കി. തിരിയുന്നുണ്ട്. പക്ഷേ കാറ്റു കുറവാണ് സാരമില്ല എന്നു വിചാരിച്ച് ചാരിയിരുന്നു. നോക്കിയത് അയാളുടെ മുഖത്തായിരുന്നു. എനിയ്ക്കെതിരെ ഇയ്യാളായിരുന്നോ? പെട്ടെന്നു തോന്നിയത് എഴുന്നേറ്റ് സ്ഥലം മാറിയിരിക്കാനോ അല്ലെങ്കിൽ റെസ്റ്റോറണ്ടിനു പറത്തു പോകാനോ ആയിരുന്നു. അയാൾ ഞാൻ തലേ ന്നു കണ്ട ചെപ്പടിക്കാരനായിരുന്നു. കറുത്തു തടിച്ച് മുഖത്ത് നിറയെ വസൂരിക്കലകളുമായി ഒരുവൻ. വീതിയുള്ള മീശ അതിനുതാഴെ കറുത്ത ചുണ്ടുകൾ. അയാളെ സിഗരറ്റു പുകയുടെ മണമുണ്ടായിരുന്നു. ഞാൻ മാറി ഇരുന്നില്ല; അതു മാന്യതയ്ക്ക് ചേർന്നതല്ലല്ലോ. ഇനി ചെയ്യാനുള്ളത് കഴിയുന്നതും വേഗം എന്തെങ്കിലും കഴിച്ചു എന്നു വരുത്തി അവിടെനിന്ന് രക്ഷപ്പെടുകയാണ്. എതിരാളിയും അപ്പോൾ എത്തിയിട്ടേയുള്ളു. കാരണം അയാളും കൈലേസുകൊണ്ട് മുഖത്തെ വെള്ളം ഒപ്പിയെടുത്ത് പ്രതീക്ഷാനിർഭരമായ മുഖത്തോടെ ഇരിയ്ക്കയാണ്. ഞാൻ അയാളുടെ നോട്ടം നേരിടാതെ മുഖം തിരിച്ചിരുന്നു.

ഞാനും അയാളും തമ്മിൽ വളരെ അന്തരമുണ്ട് ക്ലാസ്സുകളുടെ അന്തരം. ഞാൻ ബി.എസ്സ്.സി. ഡിഗ്രിയെടുത്ത് അന്തസ്സുള്ള ജോലിയുള്ള ആളാണ്. അയാളാകട്ടെ, ഫുട്പാത്തിൽ ചെപ്പടി വിദ്യകൾ കാട്ടി നടക്കുന്ന ഒരു കാടൻ. ഞാനും അയാളും തമ്മിൽ ഒരു തലത്തിലും ചേരില്ല.

വെയിറ്റർ വന്ന് ആദ്യം ചോദിച്ചത് എന്നോടായിരുന്നു, അവന് ക്ലാസ് മനസ്സിലായെന്നർത്ഥം. അതിൽ എനിയക്ക് കുറച്ചഹന്തയുണ്ടായി. ഞാൻ ഇടം കണ്ണിട്ട് എന്റെ എതിരാളിയെ നോക്കി. അയാളിൽ ഭാവഭേദമൊന്നുമില്ല! ക്ഷമയോടെ അയാളുടെ ഊഴം കാത്തിരിക്കുകയാണ്.

മുട്ടക്കറിയും ചപ്പാത്തിയും പിന്നെ വെജിറ്റബിൾ എന്തൊക്കെയാണ്.

അലു മട്ടർ, പനീർ മട്ടർ, മിക്സ് വെജിറ്റബിൾ......

മിക്സ് വെജിറ്റബിൾ മതി. ഞാൻ പറഞ്ഞു.

വെയിറ്റർ ചെപ്പടിവിദ്യക്കാരനിലേക്കു തിരിഞ്ഞു.

എന്താണ് വേണ്ടത്?

ചിക്കൻ മസാല കൊണ്ടുവാ. പൊറോട്ടയും പിന്നെ മീൻ എന്താണുള്ളത്.

നെയ്മീൻ.

വറുത്തത് കൊണ്ടുവാ. നല്ല കഷണം നോക്കിയെടുക്ക്. പിന്നെ സലാഡ് വല്ലതും ഉണ്ടെങ്കിൽ അതും കൊണ്ടുവാ. ബാക്കി പിന്നെ പറയാം.

ഞാൻ സ്വല്പമൊന്നു ക്ഷീണിച്ചു. മുട്ടക്കറിയും, ചപ്പാത്തിയും മാത്രമെ എന്റെ സ്ഥിരം ലഞ്ചുകളിലുള്ളു. ഇന്ന് ഇയാളെ ഒന്ന് വീഴ്ത്താൻ വേണ്ടിയാണ് മിക്സ് വെജിറ്റബിളും ഓർഡർ ചെയ്തത്. എന്നിട്ടിപ്പോൾ അയാളുടെ തുടക്കത്തിലുള്ള ഇൻസ്റ്റാൾമെന്റു തന്നെ ഭയങ്കരമായിരിക്കുന്നു. അയാൾ ഒരു കോമ മാത്രമെ ഇട്ടിട്ടുള്ളു. കഥ ഇനിയും തുടരുമെന്നാണ്. ക്ലാസ്സ് മനഃസ്ഥിതി വെച്ചു പുലർത്തിയതിന് ഞാൻ എന്നെത്തന്നെ പഴിച്ചു.

സാറൊരു മെഡിക്കൽ റെപ്രസന്റേറ്റീവ് ആണ് അല്ലെ.

അവസാനം ദുഷ്ടൻ ഒരു ഡയലോഗിനു വന്നിരിക്കുന്നു. ഇനി ഒന്നും ചെയ്യാനില്ല. അയാളെ നേരിടുക തന്നെ.

ഞാൻ തലയാട്ടി; മുഖം തിരിച്ചിരുന്നു. പക്ഷെ അയാൾ വെറുതെ വിടാൻ ഭാവിച്ചിട്ടില്ല.

സാറിനെ ഞാൻ എവിടെയോ വെച്ചു കണ്ടിട്ടുണ്ട്.

ഉണ്ടാവാം. എന്നർത്ഥത്തിൽ ഞാൻ തലയാട്ടി.

അയാൾ എന്നെ കണ്ടിട്ടുണ്ടാകണം. കാരണം ജോസ് ജംഗ്ഷനിൽ അയാളുടെ ഷോ കാണുവാൻ തിങ്ങി ക്കൂടിയ ആൾക്കാരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു.

അയാളുടെ മുതൽക്കൂട്ടായി ഒരു സഞ്ചിയും രണ്ടുമൂന്നു കടലാസു പെട്ടികളും മാത്രമാണുണ്ടായിരുന്നത്. അവയിലെല്ലാം വളരെ അത്ഭുതകരമായ ചില സാധനങ്ങളായിരുന്നു. ചെപ്പടി വിദ്യയ്ക്കായി അയാൾ സ്വയം ഉണ്ടാക്കിയതായിരിക്കണം. രണ്ടു ഗോളങ്ങളെ ഒരു ചരടുകൊണ്ട് ബന്ധിച്ചത്, പല വലിപ്പത്തിലുള്ള മരക്കട്ട കൾ. ഉള്ളു പൊള്ളയായ തകരപ്പാത്രങ്ങളും രൂപങ്ങളും. എല്ലാറ്റിലുമുപരി അയാളുടെ കാര്യമായ മുതൽക്കൂട്ട് വാചകമടിക്കാനുള്ള കഴിവാണെന്ന് ഞാൻ ഓർത്തു. ആൾക്കാരെ മണിക്കൂറുകളോളം അത്ഭുത സ്തബ്ധരാക്കി നിർത്താനുള്ള ഒരു സിദ്ധി അയാൾക്കുണ്ടായിരുന്നു.

കടലാസുപെട്ടികളും സഞ്ചിയും തുറന്ന് അയാൾ സാധനങ്ങൾ ഓരോന്നായി പുറത്തെടുത്തു അവ കോൺ ക്രീറ്റിട്ട നിലത്തു നിരത്തി. തുണിക്കടയുടെ മുമ്പിൽ ഫുട്പാത്തിൽ ധാരാളം സ്ഥലമുണ്ടായിരുന്നു. പിന്നീട് അടുത്തു നിന്ന ആൾക്കാരെ അകറ്റിയ കറ്റി ഒരു വലയം സൃഷ്ടിച്ചു. ഒരരുകിൽ നിന്ന മെലിഞ്ഞു വിളറിയ ചെറുക്കനെ അയാൾ വലയത്തനുള്ളിലേയ്ക്കാനയിച്ചു. പന്ത്രണ്ടു പതിമൂന്നു വയസ്സു കാണും. ഒരു കീറിയ ട്രൗസറു മാത്രമാണ് വേഷം. അവന്റെ മുഖം നിർവ്വികാരമായിരുന്നു. അയാൾ സംസാരം തുടങ്ങി.

ഇതാ സാറന്മാരെ നോക്കി തൊഴ്.

അവൻ യാന്ത്രികമായി തൊഴുതു.

ഇത് എന്റെ മരുമകനാണ് സാറമ്മാരെ അവന് അസുഖമാണ്. വലിയ ഒരു രോഗമാണ്. ഡോക്ടർമാര് പറയുന്നത് തിരുവനന്തപുരത്ത് കൊണ്ടുപോകണമെന്നാണ്. അവന്റെ ചികിത്സയ്ക്കുള്ള പണമുണ്ടാ ക്കാനാണ് സാറമ്മാരെ, ഞാൻ ഈ ചെപ്പടി വിദ്യ കാണിക്കുന്നത്. നിങ്ങ ളെല്ലാം സഹകരിക്കണം. കഴിയുന്ന ത്ര സഹായം ചെയ്തു തന്ന് ഈ പാവപ്പെട്ടവനെ അവന്റെ അനന്തിര വന്റെ ചികിത്സയ്ക്ക് കൊണ്ടു പോ കാൻ സഹായിക്കണം.

അയാളുടെ ശബ്ദത്തിൽ ആത്മാർത്ഥതയുണ്ടായിരുന്നു. ശബ്ദം ഉയർ ന്നു താഴ്ന്ന് അലകളായെത്തിയപ്പോൾ ചുറ്റും കൂടിയവർ സഹാനുഭൂതിയോടെ അയാളെ നോക്കി. ആൾക്കാർ വീണ്ടും തടിച്ചുകൂടി. ശ്രോതാക്കൾ ഒരു മാതിരികൂടി എന്നു കണ്ടപ്പോൾ അയാൾ താൻ കാണിക്കാൻ പോകുന്ന വിദ്യകളെപ്പറ്റി ഒരു ചെറു പ്രസംഗം നടത്തി. ഓരോ യന്ത്രങ്ങളും നിലത്തു നിന്നു പൊക്കിയെടുത്ത് പൊന്തിച്ചുകാട്ടി അതുകൊണ്ട് എന്തുചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞുതുടങ്ങി. പലതും മനുഷ്യാതീതമായ കാര്യങ്ങളായിരുന്നു. അതെല്ലാം ചെയ്യാൻ കഴിയുമെങ്കിൽ അയാൾ ഹൗഡിനിയെത്തന്നെ വെല്ലുന്നവനായിരിക്കണം. എന്തായാലും ആളുകൾ ശരിക്കും ഒരു മാസ്മരവലയത്തിൽ അകപ്പെട്ടിരിക്കുന്നു. ഇനി അയാൾ തന്നെ മോചിപ്പിച്ചാലെ അവർക്ക് അനങ്ങാൻ പറ്റു.

പെട്ടെന്നയാൾ എന്തോ ഓർത്തപോലെ തിരിഞ്ഞു നോക്കി. നിർവ്വികാരനായി അപ്പോഴും നിൽക്കുകയായി രുന്ന മരുമകനെ നോക്കി.

നീയിപ്പോഴും നിൽക്കാണോ?

അയാൾ ഒരു തുണിക്കഷ്ണം നിലത്തു വിരിച്ച് അവനെ കിടത്തി അവന്റെ കിടപ്പ് പരിതാപകരമായിരുന്നു അയാൾ വീണ്ടും അവന്റെ അസുഖത്തെപ്പറ്റി പറയാൻ തുടങ്ങി. അതിന്റെ തുടക്കം ഒരു ദിവസം അവൻ ബോധം കെട്ടു വീണത്, പനിയായി കിടന്നത്. രക്തം ശർദ്ദിച്ചത്. പിന്നെ അവനെ തോളിലേറ്റി ഒരു ഡോക്ടറുടെ അടുത്തു നിന്ന് വേറൊരു ഡോക്ടറുടെ അടുത്തേക്ക് ക്ഷീണിതനായ യാത്ര. അയാൾ ശരിക്കും ഒരു ശോകാന്തനാടകത്തിലെ നായകനായി തോന്നി. ചുറ്റും നിന്ന ആൾക്കാർ സഹാനുഭൂതിയോടെ തലയാട്ടി, കഷ്ടം കഷ്ടമെന്നു ശബ്ദമുണ്ടാക്കി.

സാറന്മാരെ ഞാൻ കല്യാണം കഴി ച്ചിട്ടില്ല. എന്റെ ഈ മരുമകന്റെ രോഗം മാറി അവന് ഒരു പുതിയ ജീവിതം നൽകിയാലെ ഞാൻ എന്തും ചെയ്യു. എന്റെ ജീവിതം ഞാൻ ഇവന്നായി ഉഴിഞ്ഞിട്ടിരിയ്ക്കുയാണ്.

ആൾക്കൂട്ടത്തിൽ നിന്ന് പാവം എന്നൊരു ശബ്ദം ഉയർന്നു.

വെയ്റ്റർ എനിയ്ക്കുള്ള പ്ലേറ്റുകൾ കൊണ്ടുവെച്ചു. മുട്ടക്കറി മിക്സ് വെജിറ്റബി ൾ പിന്നെ വേറൊരു പ്ലേറ്റിൽ ചപ്പാത്തിയും.

ചെപ്പടിവിദ്യക്കാരൻ എന്റെ മുമ്പിലെ വിഭവങ്ങൾ തീരെ രസിക്കാത്ത മട്ടിൽ നോക്കി. മുഖം ചുളിച്ചു കൊണ്ടയാൾ പറഞ്ഞു.

സാറെ ഈ പച്ചക്കറിയൊന്നും തിന്നിട്ട് യാതൊരു കാര്യവുമില്ല, ഈ തങ്കച്ചനെ നോക്ക്, എത്ര മണിക്കൂർ വേണമെങ്കിലും വെയിലത്തുനിന്ന് പണിയെടുക്കാൻ പറ്റും. ഞാൻ മട്ടനും ബീഫും മാത്രമെ കഴിക്കാറുള്ളു. ഈ നശിച്ച ഹോട്ടലിൽ ബീഫില്ല. പിന്നെ മട്ടനെന്നു പറഞ്ഞു തരുന്നത് ബീഫാണു താനും. മട്ടന്റെ വില കൊടു ത്ത് മാട്ടിറച്ചി തിന്നേണ്ടി വരും. അതാ ഞാൻ ചിക്കൻ ഓർഡർ ചെയ്തത്. കിട്ടാൻ പോണത് പ്രാവിന്റെ ഇറച്ചിയാണെന്നറിയാം. എന്നാലും എന്തെങ്കിലും തിന്നണ്ടെ?

ഞാൻ ചപ്പാത്തി കഷ്ണമാക്കി മുട്ടക്കറിയിൽ മുക്കി തിന്നാൻ തുടങ്ങി.

വെയ്റ്റർ തങ്കച്ചന്റെ ഭക്ഷണം കൊണ്ടു വന്നു നിരത്തി. അയാൾ ഓരോ പ്ലേറ്റും അടുത്തേക്കു വെച്ച്

അതൃപ്തിയോടെ നോക്കി. തിരിച്ചു നടക്കാൻ തുടങ്ങിയ വെയ്റ്ററെ ശ്, ശബ്ദമുണ്ടാക്കി വിളിച്ചു. ചിക്കൻ മസാലയുടെ പ്ലേറ്റിലേക്ക് ചൂണ്ടിച്ചോദിച്ചു.

ഇതെന്താണ്?

ചിക്കൻ മസാല. അവൻ കുറച്ച് ധാർഷ്ട്യത്തോടെ പറഞ്ഞു.

തന്റെ കോഴിക്ക് കാലൊന്നുമില്ലെ?

ലെഗ് പീസില്ല.

എന്തേ, കാലില്ലാത്ത കോഴിയെയാണോ പിടിച്ച് കൂട്ടാൻ വെച്ചത്?

അല്ല. ലെഗ് പീസുകൾ കഴിഞ്ഞിരിക്കുന്നു.

എന്നാൽ ബ്രെസ്റ്റ് ഇല്ലേ? കോഴിമുല?

തങ്കച്ചൻ കൈകൊണ്ട് അസഭ്യമായ ഒരാംഗ്യം കാണിച്ചു.

വെയ്റ്റർ പ്ലെയിറ്റ് തിരിച്ചെടുത്തു നടന്നു.

അല്ല ഇവന്മാരുടെയൊക്കെ ഒരു വേല സാറെ. തെരഞ്ഞുകൊണ്ടത്തന്നതാ. ഒരു കഷ്ണം എല്ലും മസാല യും. സാറെ നല്ലോം ശ്രദ്ധിച്ചില്ലെങ്കിൽ ഇവന്മാര് നമ്മളെ വഹിച്ചു കളയും.

വെയ്റ്റർ ഉടനെ വേറൊരു പ്ലെയിറ്റുമായി തിരിച്ചുവന്നു. അതിൽ ഒരുഗ്രൻ കോഴിക്കാൽ കിടന്നിരുന്നു.

ഇതെങ്ങനാ, പിന്നെ മുളച്ചുണ്ടായതായിരിക്കും.

പിന്നെ വിജയശ്രീലാളിതനായി എന്നെ നോക്കി പറഞ്ഞു.

ഇപ്പോഴോ സാറെ, ഞാമ്പറഞ്ഞില്ലെ. ഇവന്മാരോടൊക്കെ ഇങ്ങനെ പെരുമാറണം. അല്ലെങ്കിൽ ഇവറ്റ പൂവമ്പഴം കൊണ്ട് നമ്മുടെ കഴുത്തറക്കും.

എനിയ്ക്ക് തങ്കച്ചനോട് കുറച്ചൊരാദരവുതോന്നി. എന്നെക്കൊണ്ട് ഒരിക്കലും കഴിയാത്ത കാര്യമാണ് തങ്കച്ചൻ നിഷ്പ്രയാസം ചെയ്തത്. ഓരോ പ്രാവശ്യം റെസ്റ്റോറണ്ടുകളിൽ പോയി ഭക്ഷണം കഴിക്കുമ്പോഴും മോശമായ ഭക്ഷണത്തിന് അമിതവില കൊടുത്ത് ചീഞ്ഞു സ്വാദുകെട്ട മത്സ്യത്തെപ്പറ്റിയോ, പുകയാളിയ ചപ്പാത്തിയെപ്പറ്റിയോ പ്രതിഷേധിക്കാനാവാതെ കലുഷമായ മനസ്സിനെ സമാധാനിപ്പിക്കാൻ വെയ്റ്റർക്ക് ടിപ്പുകൊടുക്കാതിരിക്കുക മുതലായ സൗമ്യമായ മൗനപ്രതിഷേധങ്ങൾ മാത്രം കൊണ്ട് തൃപ്തിപ്പെടുന്ന എനിയ്ക്ക് തങ്കച്ചൻ ഒരു ആരാധനാപുരുഷൻ തന്നെയായി.

എനിയ്ക്ക് തങ്കച്ചനോട് തോന്നിയ വിദ്വേഷങ്ങൾക്ക് കുറച്ച് അയവ് വന്നു. വിദ്വേഷം ഉണ്ടാവാനുള്ള കാരണം ഞാൻ അയാളെ അയാളുടെ ജോലിസ്ഥലത്തു വെച്ചു കണ്ടതാണ്. അയാളുടെ ചെപ്പടി വിദ്യപ്രോഗ്രാം മുഴുവൻ മനംപുരട്ടലുണ്ടാക്കുന്നതായിരുന്നു.

പ്രത്യേകിച്ചും അതിനെപ്പറ്റി പിന്നീടാലോചിക്കുമ്പോൾ. നോക്കിനിൽക്കെ അതെല്ലാം വളരെ സ്വാഭാവിക മായി തോന്നിയിരുന്നു. ചെപ്പടിവിദ്യ കാണിക്കാനുള്ള അയാളുടെ ഒരുക്കങ്ങൾ, കാണിക്കാൻ പോകുന്നതിനെ പ്പറ്റിയുള്ള വിവരണങ്ങൾ, മരുമകന്റെ അസുഖം, അതിൽ അയാൾക്കുള്ള ആകാംക്ഷ, നിരാശ, എല്ലാം, ഹൃദയത്തിൽ തട്ടുന്നതായിരുന്നു.

പക്ഷെ അയാൾ ഒരൊറ്റ വിദ്യപോലും കാണിക്കുകയുണ്ടായില്ല.

പെട്ടന്നാണതുണ്ടായത്. അനന്തിരവൻ എഴുന്നേറ്റിരുന്നു ശർദ്ദിക്കാൻ തുടങ്ങി. വളരെ പരിതാപകരമായിരു ന്നു അവന്റെ അവസ്ഥ. നെഞ്ചിലെ എല്ലുകൾ പുറത്തേക്കു തെറിച്ചു പോകുമെന്ന തോന്നലുണ്ടാക്കത്തക്ക വിധം ഉറക്കെ ഓക്കാനിച്ചു കൊണ്ട് അവൻ ശർദ്ദിച്ചു ചോര! അത് അവന്റെ മുമ്പിൽ പരന്നുകിടന്നു. നാലു പ്രാവശ്യം ശർദ്ദിച്ചശേഷം അവൻവീണ്ടും നിലത്ത് നീണ്ടുനിവർന്നു കിടന്നു. തങ്കച്ചൻ താൻ പ്രദർശിപ്പിച്ചിരുന്ന സാധനങ്ങളെല്ലാം നിലത്തിട്ട് അവന്റെ അടുത്തേക്ക് ഓടി വന്നു പിന്നെ വളരെ നാടകീയമായി അയാൾ ആൾക്കൂട്ടത്തിനു നേരെ തിരിഞ്ഞ് മാർക്ക് ആന്റണി സീസറുടെ ശവശരീരത്തിനരികെ നിന്നു ചെയ്ത പ്രസംഗത്തേക്കാൾ ഒട്ടും പിന്നിലല്ലാത്ത ഒരു പ്രസംഗം തുടങ്ങി.

സാറന്മാരെ നിങ്ങളിതു കാണുന്നില്ലെ? ഇവിടെ വീണുകിടക്കുന്ന കുട്ടിയെപ്പറ്റി നിങ്ങൾക്കാർക്കും അനുകമ്പയില്ലെ? ഇവിടെ രക്തം ഛർദ്ദിച്ച് മയങ്ങിക്കിടക്കുന്ന ഈ അനന്തിരവനെപ്പറ്റി നിങ്ങൾക്കും വേദനയില്ലെ? വേവലാതിയില്ലെ? ഇവന്റെ ചികിത്സക്കു വേണ്ടിയാണ് ഞാൻ ഈ നട്ടുച്ചവെയിലത്തു നിന്ന് ജോലിയെടുക്കുന്നത്. ഇവനെ ഒരാഴ്ചക്കുള്ളിൽ ആസ്പത്രിയിൽ എത്തിച്ചില്ലെങ്കിൽ ഇവൻ മണ്ണിന്നടിയി ലാവും. ഇതാ ഇതു മാതിരിയാവും.

അയാൾ സഞ്ചിയിൽ നിന്ന് ഒരു വെള്ളത്തുണിയെടുത്ത് അവനെ മൂടി. ആ തുണിമേൽ ഒരസ്ഥികൂടത്തിന്റെ ചിത്രമുണ്ടായിരുന്നു. ആ കാഴ്ച വളരെ വിഷമമുണ്ടാക്കുന്നതായിരുന്നു. തങ്കച്ചൻ ഒരു പാത്രവുമായി ആൾ ക്കാരുടെ അടുത്തു വന്നു.

ദയവുചെയ്ത് ഈ പാവപ്പെട്ടവനെ സഹായിക്കിൻ ഈ പാവപ്പെട്ട കുട്ടിയെ ആസ്പത്രിയിൽ കൊണ്ടു പോകാൻ വേണ്ടി കഷ്ടപ്പെടുന്ന ഈ പാവപ്പെട്ടവനെ സഹായിക്കിൻ.

ആൾക്കാർ പിരിഞ്ഞുപോവാൻ തുടങ്ങി. ഇങ്ങനെയൊക്കെയാവും പരിണാമം എന്ന് മുൻകൂട്ടിയറിയുന്ന പോലെ അവർ അന്യോന്യം നോക്കി തലയാട്ടി. ചിലർ പണം കൊടുത്തു. ചില്ലറ, ചെറിയ നോട്ടുകൾ. ഞാൻ കീശയിൽ നിന്ന് ഒരു രണ്ടുറുപ്പികയുടെ നോട്ടെടുത്ത് പാത്രത്തിലിട്ടു. എങ്ങനെയെങ്കിലും അയാൾ ആ ചെക്കനെ ആസ്പത്രിയിലെത്തിക്കട്ടെ. പാത്രത്തിൽ ധാരാളം ഒറ്റ ഉറുപ്പികയുടേയും രണ്ടുറുപ്പികയുടേയും നോട്ടുകൾ ഉണ്ടായിരുന്നു. ഒറ്റനോട്ടത്തിൽ അയാളുടെ കളക്ഷൻ ഇരുപത് ഇരുപത്തഞ്ച് രൂപയുണ്ടാകും.

ഇപ്പോൾ അയാൾ മുമ്പിലിരുന്ന് കോഴിക്കാലും കടിച്ച്പറിച്ച് പൊറോട്ട തിന്നപ്പോൾ എനിയ്ക്ക് മനസ്സിലാവുന്നു. ഇതെല്ലാം വെറും കാപട്യമായിരുന്നെന്ന് അയാൾ കാണികളുടെ മൃദുലവികാരങ്ങൾ ചൂഷണം ചെയ്യുകയായിരുന്നെന്ന് എന്നിട്ട് എന്നെപ്പോലെ അനേകം പേർ അനുകമ്പയുടെ പേരിൽ കൊടുത്ത ഒരുറുപ്പികയും രണ്ടുറുപ്പികയും അയാൾ ഇവിടെ വന്ന് തിന്നു മുടിക്കുന്നു. രണ്ടുറുപ്പിക ദാനം കൊടുത്ത ഞാനാകട്ടെ കുറച്ചൊരു മോടി കാണിക്കാനായി മിക്സ് വെജിറ്റബിൾ ഓർഡർ ചെയ്തതിൽത്തന്നെ പശ്ചാത്തപിച്ചിരിക്കുകയും. എനിയ്ക്ക് കലശലായ അരിശമുണ്ടായി.

കോഴിയെ ഒരുവിധം അകത്താക്കി, മീശമേൽ തങ്ങിനിൽക്കുന്ന മസാലയുടെ അംശങ്ങൾ സഞ്ചിയിൽ നിന്ന് എടുത്ത ചെറിയ ടർക്കീഷ് ടൗവ്വൽ കൊണ്ടു തുടച്ച് ഒരു ഗ്ലാസ്സ് വെള്ളം ഒറ്റ വലിക്ക് അകത്താക്കി അയാൾ എന്നെ നോക്കി ചിരിച്ചു. ഒരു പാട്ടിലായെന്ന മട്ടിൽ.

ഞാൻ ചിരിക്കാതെ ഗൗരവപൂർവ്വം അയാളോടു ചോദിച്ചു.
നിങ്ങളെന്തിനാണീ പണിക്കു നിൽക്കുന്നത്?
ഏതു പണി സാറെ?
ഈ ചെപ്പടിവിദ്യയും മറ്റും. ഇതെല്ലാം ആളെ പറ്റിക്കുന്ന കളികളല്ലേ?
തങ്കച്ചൻ നിവർന്നിരുന്നു. ഇപ്പോൾ പറഞ്ഞതിൽ കാര്യമുണ്ടെന്ന മട്ടിൽ. ടർക്കീഷ് ടൗവ്വൽ മടക്കി കുനിഞ്ഞ് സഞ്ചിയിൽ നിക്ഷേപിച്ചു. അയാൾ വെയ്റ്ററെ മാടിവിളിച്ചു.
ഈ പ്ലേറ്റുകളൊക്കെ കൊണ്ടുപോ. എന്നിട്ട് ഒരു ഗ്ലാസ്സ് ലെസ്സി കൊണ്ടുവാ.
തങ്കച്ചനോടു സംസാരിക്കുകയേ വേണ്ടെന്നു വെച്ചതായിരുന്നു. എന്നിട്ടിപ്പോൾ, ഒരു ദുർബ്ബലനിമിഷത്തിൽ ഞാൻ അനാവശ്യമായി ഒരു വാചകം എടുത്തെറിഞ്ഞു. അത് കൂടുതൽ കുഴപ്പങ്ങളുണ്ടാക്കാനും സാദ്ധ്യത യുണ്ട്.
സാറ് കാര്യങ്ങളൊക്കെ ശരിയായിട്ടു തന്നെയാണ് ധരിച്ചിരിക്കുന്നത്. തങ്കച്ചൻ സാവധാനം പറഞ്ഞു. അയാളുടെ സ്വരത്തിൽ ആക്ഷേപമില്ല, ആവേശമില്ല. കാര്യമാത്ര പ്രസക്തമായ ശബ്ദത്തിൽ അയാൾ പറഞ്ഞു തുടങ്ങി.
സാറ് ബുദ്ധിയുള്ളവനാ. അതോണ്ട് ഞാൻ പറയണതൊക്കെ പെട്ടെന്ന് പിടി കിട്ടും. ഞാൻ എന്തു ചെയ്യണമെന്നാണ് സാറ് പറയുന്നത്? എട്ടാം ക്ലാസിൽ പഠിത്തം നിർത്തേണ്ടിവന്നു. കാരണമൊന്നും പറഞ്ഞ് സാറിനെ വിഷമിപ്പിക്കുന്നില്ല. പഠിപ്പൊക്കെ ഉണ്ടെങ്കിൽ ഞാനും സാറിന്റെ മാതിരി ബാഗും തൂക്കിപ്പിടിച്ച് നടന്നിരുന്നു. പഠിത്തമില്ലാത്തതുകൊണ്ട് ഒരു വിദ്യയും അറിയില്ല. ജീവിക്കാൻ വേണ്ടി പലതും ചെയ്തു സാറെ. കുറെക്കാലം ഫുട്ട്പാത്തില് കച്ചോടം ചെയ്തു. രണ്ടു കൊല്ലം കച്ചോടം ചെയ്തപ്പൊ മനസ്സിലായി, അത് നമുക്ക് പറ്റില്ലെന്ന്. പിന്നെ കുറെക്കാലം അല്ലറ ചില്ലറ ജോലി ചെയ്തു. അതിലൊന്നും പണമില്ല സാറെ വൈകുന്നേരം വരെ കഠിനാദ്ധ്വാനം ചെയ്ത് വൈകുന്നേരം നന്നായിട്ടൊരൂണിനുള്ള കാശു കൂടി കിട്ടില്ല. പിന്നെ കുറെക്കാലം സ്മഗിളിംഗ് നോക്കി. ഫോർട്ട് കൊച്ചീല് പോയി സാധനങ്ങൾ കൊണ്ടുവന്ന് വിറ്റു. പോലീസ് പിടിച്ചു. സാറെ ഞാൻ കട്ടു കൊണ്ടു വരുന്നതൊന്നുമായിരുന്നില്ല. നല്ല സ്മഗ്ൾഡ് ഗുഡ്സ് കാശുകൊടുത്ത് വാങ്ങിക്കൊണ്ടുവന്നതായിരുന്നു. എന്നിട്ടും പോലീസ് പിടിച്ചു. കൊറെ പണം അങ്ങനെയും നഷ്ടമായി.
ഇരക്കാൻ എനിയ്ക്കു താല്പര്യമില്ല സാറെ. അതൊണ്ടാ ഈ പണി തുടങ്ങിയത്. ചെപ്പടി വിദ്യയും എനിയ്ക്കറിയൊന്നുല്യ മുമ്പ് ചെയ്ത ജോലിയൊന്നും എനിയ്ക്കറിഞ്ഞിട്ട് ചെയ്തതൊന്നുമല്ല. അതു പോലെതന്നെ, ഇത് അതിലും എളുപ്പാണ്. കുറച്ച് വാചകമടിക്കണമെന്നു മാത്രം.
തങ്കച്ചൻ എഴുന്നേറ്റ് വാഷ്ബേസിനിൽ പോയി കൈകഴുകി വന്നു. ടൗവ്വൽ വീണ്ടും പുറത്തെടുത്ത് മുഖം തുടച്ചു.
സാറെ ആൾക്കാരുടെ മന:ശാസ്ത്രം ഞാൻ കുറച്ച് മനസ്സിലാക്കീട്ടുണ്ട്. ഞാനീ സാധനങ്ങളൊക്കെ നിരത്തി വെച്ചാൽ അവിടെ എന്തൊക്കേയോ നടക്കാൻ പോണുന്നുണ്ട്ന്ന് വിചാരിച്ച് ആൾക്കാര് കൂടും. ചെയ്യാൻ പോണ കാര്യങ്ങളെപ്പറ്റി ഞാൻ പറയും. അപ്പോൾ അതൊക്കെ കണ്ടിട്ട് പോകാമെന്നുവെച്ച് അവർ നില്ക്കും. കൂടുതൽ ആൾക്കാർ കൂടും. തൊടക്കത്തില് അവർക്ക് ബോധമുണ്ടാവും അവർ എന്തിനാണ് കൂടിനില്കുന്ന തെന്ന്. പിന്നെ പിന്നെ ഞാൻ കുറച്ചു വാചകമടിച്ചു കഴിയുമ്പോഴേയ്ക്കും അവർ കാത്തു നില്ക്കുന്നതെന്തിനാ ണെന്നു തന്നെ മറന്നുപോകും. അപ്പോഴാണ് നമ്മുടെ പയ്യൻ ചോര ഛർദ്ദിക്കുക. അതോടെ ആൾക്കാരുടെ ശ്രദ്ധയൊക്കെ അതിലേക്കായി. അപ്പോഴാണ് ഞാൻ പാത്രവുമെടുത്ത് ആൾക്കാരുടെ അടുത്തു ചെല്ലുന്നത്. പണം ചോദിക്കലാണ് സാറെ അവസാനത്തെ ആക്ട്, അതു കഴിഞ്ഞാൽ ആൾക്കാർ പിരിഞ്ഞു പെയ്ക്കൊ ള്ളും. ഞാൻ അടുത്തു ചെല്ലുമ്പോഴേക്കു തന്നെ പകുതി ആൾക്കാർ പിരിഞ്ഞു പോയിട്ടുണ്ടാകും.
അപ്പോൾ ഈ ശർദ്ദിക്കലും തങ്കച്ചന്റെ പ്രോഗ്രാമിലുള്ളതാണോ?
ഞാൻ ചോദിച്ചു.
അല്ലാതെന്താ സാറെ. ഒക്കെ ട്രെയിനിംഗാണ്. എന്റെ കാലു കണ്ടാൽ അവൻ ഛർദ്ദിക്കും, പഠിപ്പിക്കുമ്പോൾ ഛർദ്ദിക്കാൻ പറഞ്ഞ് ഛർദ്ദിക്കാഞ്ഞപ്പോൾ ഞാൻ അവന്റെ വയറ്റിത്തിട്ട് ഒരു തൊഴി തൊഴിച്ചു ഉടനെ ഛർദ്ദിച്ചു. ഇപ്പോഴും എന്റെ കാലു കണ്ടാൽ അവൻ ഛർദ്ദിക്കും,
ചോരയോ?
ചോരയോ? അതൊക്കെ ഒരു ട്രിക്കാ സാറെ.
വെയിറ്റർ ഒരു വലിയ കപ്പിൽ ഐസ്ക്രീം ഇട്ട ഫ്രൂട്ട് സലാഡ് അയാളുടെ മുമ്പിൽ കൊണ്ടുവന്നു വെച്ചു. ഇതെപ്പോഴാണ് അയാൾ ഓർഡർ ചെയ്തതെന്ന് ഞാൻ അത്ഭുതപ്പെട്ടു
രണ്ടു വട പാർസലായി കൊണ്ടു വാ. തങ്കച്ചൻ വെയ്റ്ററോട് ആജ്ഞാപിച്ചു.
നമ്മുടെ പയ്യനുവേണ്ടിയാണ് സാറെ. പാവമാ.
നിങ്ങടെ മരുമകനാണല്ലെ?
ഹെയ് അവനെന്റെ ആരുമല്ല സാറെ. വഴിയിൽ പട്ടിണികിടന്ന് ചാവാൻ പോയപ്പോ ഞാൻ കണ്ട്, ഒപ്പം നടത്തുന്നതാ. ഇനി ഞാൻ രാത്രിയും അവന് ഇതുപോലെ വല്ലതും കൊണ്ടുപോയി കൊടുക്കും. അത്രയൊ ക്കെ മതി. അതിനുള്ള ജോലിയല്ലെ അവൻ ചെയ്യുണുള്ളു.
രണ്ടുനേരം ലഘുഭക്ഷണം, ലഘു എന്നു പറഞ്ഞാൽ വളരെ ലഘുവായത്. അതിനിടയ്ക്ക് ദിവസത്തിൽ മൂന്നോ നാലോ പ്രാവശ്യം ശർദ്ദിക്കപ്പെടാനുള്ള വെള്ളം അകത്താക്കുക അതെന്തു വിഷമാണാവോ? ഒരു ആറു മാസത്തിനുള്ളിൽ അവന്റെ സ്ഥിതി എന്തായിരിക്കുമെന്നു ഞാൻ ആലോചിച്ചു. ഈശ്വരാ!

തങ്കച്ചൻ സ്വാദോടുകൂടി ഫ്രൂട്ട് സലാഡ് കഴിക്കുകയാണ്. ആപ്പിളിന്റെയും, സപ്പോട്ടയുടെയും, മുന്തിരിങ്ങയുടെയും വാസന വാനില ഗന്ധവുമായി ചേർന്ന് എന്റെ വായിൽ വെള്ളമൂറിച്ചു. തൽക്കാലം ആ കാര്യത്തിൽ ഞാൻ തങ്കച്ചനുമായി മത്സരിക്കുന്നില്ല. പോരാത്തതിന് ഞാൻ അസ്വസ്ഥനാകുന്നു.

തങ്കച്ചൻ അയാളുടെ ബില്ലുകൂടി എന്റെ തലയ്ക്കിടുമോ എന്ന ഭയം എനിയ്ക്കുണ്ടായി. അയാളുടെ സാലഡ് കഴിയുമ്പോഴേയ്ക്കും എഴുന്നേറ്റ് തടി തപ്പാം. ഞാൻ എഴുന്നേറ്റു.

സാറ് ഇരി. തങ്കച്ചൻ പറഞ്ഞു. ഈ ഫ്രൂട്ട് സലാഡ് സ്വാദുണ്ട് സാറെ. സാറ് കഴിക്കുന്നോ?

വേണ്ട. ഞാൻ പറഞ്ഞു.

വെയ്റ്റർ അടുത്തു വന്നു.

ഹെയ് സാറിന്റെ ബില്ലും എന്റെ ബില്ലിൽ ചേർത്ത് കൊണ്ടുവാ.

അഞ്ചിന്റെയും പത്തിന്റെയും കുറെ നോട്ടുകൾ പുറത്തെടുത്ത് തങ്കച്ചൻ പറഞ്ഞു.

വേണ്ട. എന്റെ ഞാൻ കൊടുക്കാം.

ഞാൻ കീശയിൽ നിന്ന് പേഴ്സെടുത്തു.

അതു പറ്റില്ല സാറെ.

പിന്നെ കാത്തു നിന്ന വെയ്റ്ററോട് അയാൾ പറഞ്ഞു.

ഞാൻ പറഞ്ഞില്ലെടോ രണ്ടും കൂടി ഒരു ബില്ലു കൊണ്ടുവാ.

അയാൾ പോയി. ഞാൻ നിസ്സഹായനായി ഇരുന്നു. ഞാൻ ഒരിക്കൽക്കൂടി തങ്കച്ചനോട് തോറ്റിരിക്കുന്നു. പറയാനാവാത്ത ഒരു വികാരം എന്നെ പിടികൂടി. വിഷലിപ്തമായ ഒരു പങ്കാളിത്തത്തിൽ കൂട്ടുകൂടിയ തോന്നൽ.

വെയ്റ്റർ നോട്ടുകളുമായി പോയി. തിരിച്ച് ഒരു പ്ലാസ്റ്റിക് പ്ലേറ്റിൽ ചില്ലറയും പെയ്മെന്റും റിസീവിട് എന്ന് സ്റ്റാമ്പടിച്ച ബില്ലും കൊണ്ടുവന്നു. രണ്ടുറുപ്പികയുടെ ഒരു ടിപ്പുകൊടുത്ത് പുറത്തു കടക്കുമ്പോൾ തങ്കച്ചൻ പറഞ്ഞു.

പാവങ്ങളാണ് സാറെ. നമ്മളീ കൊടുക്കുന്നതുകൊണ്ടാ അവറ്റ ജീവിക്കുന്നത്. ഹോട്ടലുകാരൊക്കെ എന്തുകൊടുക്കും?

പകയില്ല വിദ്വേഷമില്ല, താല്പര്യം മാത്രം:

ഫുട്പാത്തിന്റെ ഓരത്തിലൂടെ ഞങ്ങൾ നടന്നു. എന്റെ കയ്യിൽ തൂക്കിപ്പിടിച്ച സഞ്ചിയിൽ മരുന്നുകളുടെ സാംബിളുകൾ. അതിൽ മറുനാടുകളിൽ നിരോധിച്ചിട്ടുള്ള പല വിഷമരുന്നുകളുമുണ്ട്. കുടിച്ചാൽ ചുമ മാറാത്ത ചുമ നിവാരിണി, അപകടം പിടിച്ച വേദന നിവാരിണികൾ, അങ്ങനെ പലതും. തങ്കച്ചന്റെ കയ്യിൽ തൂക്കിയിട്ട സഞ്ചിയിൽ എന്താണെന്നെനിക്കറിയില്ല ഒരു പക്ഷെ ജാലവിദ്യക്കുള്ള ഉപകരണങ്ങളായിരിക്കും. നാലു കെട്ടിടങ്ങൾക്കപ്പുറത്ത് പൂട്ടിയിട്ട ഒരു കടയ്ക്കു മുമ്പിൽ അയാൾ നിന്നു. അവിടെ രണ്ടു മൂന്നു ഭാണ്ഡക്കെട്ടുകൾക്കിടയിൽ മെലിഞ്ഞ് എല്ലും തോലുമായി കറുത്ത ഒരു പയ്യൻ കിടന്നിരുന്നു. അവൻ കൈകൾ കാലുകൾക്കിടയിൽ തിരുകി ഉറങ്ങുകയായിരുന്നു. തങ്കച്ചൻ അവനെ തൊട്ടുണർത്തി.

എടാ മോനെ നീയിതു കഴിച്ചോ.

ഇവിടെയാണ് സാറെ എന്റെ ക്യാമ്പ്. രാത്രി ഇവിടെത്തന്നെ വിരിച്ചിട്ട് കിടക്കും. സാറന്മാര്ടെ മാതിരിയല്ലല്ലോ. നമുക്കൊക്കെ ഇത് പ്രാക്ടീസാ.

ഇനി ഒരു അരമണിക്കൂർ വിശ്രമാ സാറെ. അതു കഴിഞ്ഞാൽ അടുത്ത പരിപാടിയായി. അടുത്തത് കച്ചേരിപ്പടിയിലാണ്. അതു കഴിഞ്ഞിട്ട് ഒരു കളി കൂടിയുണ്ടാവും ഇന്ന്.

പയ്യൻ വട മുഴുവൻ തിന്ന്, ഇലയിൽ ഒട്ടിപ്പിടിച്ച ചട്ടിണി വിരലു കൊണ്ട് വടിച്ചു തിന്നുകയായിരുന്നു.

വയ്യ. ഈ ക്രൂരത കണ്ടു നിൽക്കാൻ വയ്യ. അവനെ ഈ പണിക്കു കൊണ്ടു നടക്കുന്നതിൽ ഭേദം പട്ടിണി കിടന്ന് മരിയ്ക്കാൻ വിടുകയാണ്.

ആണോ? ഏതാണ് ശരി? ഏതാണ് തെറ്റ്? എനിയ്ക്ക് തീരുമാനിയ്ക്കാൻ കഴിഞ്ഞില്ല.

back to index

# കാനഡയിൽ നിന്നൊരു രാജകുമാരി

**ത**ള്ളഗൊറില്ല പുഴയ്ക്കപ്പുറത്ത് ഒരു വലിയ അഴിക്കൂട്ടിൽ തടങ്കലിലാണ്. കൂട്ടിനു പുറത്ത് ഒരാൾ കാവലിരിക്കുന്നു. പുഴയിലാകട്ടെ നിറയെ ചീങ്കണ്ണികളും. ആകാശത്ത് പറന്നു കൊത്തുന്ന കഴുന്മാർ. ഇവയ്ക്കിടയിലാണ് കുട്ടി ഗൊറില്ലയ്ക്ക് പോകേണ്ടത്, അമ്മയെ രക്ഷിയ്ക്കാൻ. മരത്തിനു മുകളിൽ തൂങ്ങിയാടുന്ന താക്കോൽ ചാടിപ്പിടിച്ച് അതു കൊണ്ട് അഴിക്കൂട്ടിന്റെ വാതിൽ തുറക്കണം. ചാട്ടം പിഴച്ചാൽ മൂക്കുകുത്തി വീണതു തന്നെ. അജിത് ചെയ്യുന്നത് കുട്ടി ഗൊറില്ലയുടെ മാർഗ്ഗം സുഗമമാക്കുക മാത്രമാണ്. മുമ്പിൽ ചീങ്കണ്ണി വരുമ്പോൾ അവൻ ഗൊറില്ലയെ ചാടിക്കുന്നു. പിന്നെ കുറച്ചു ദൂരം അതിന്റെ പോക്ക് മരത്തിന്റെ കൊമ്പുകളിൽ ചാടി ചാടിയാണ് അപ്പോഴേക്കും പക്ഷികൾ പിന്നിൽ നിന്നു വരുന്നു. അപ്പോൾ അജിത് ഗൊറില്ലയെ നിലത്തിറക്കുന്നു. എല്ലാം കഴിഞ്ഞ് പുഴയുടെ മറുകരയിലെത്തിയാൽ മരത്തിന്റെ മുകളിലെ കൊമ്പിൽ കെട്ടിയിട്ട താക്കോലിനു വേണ്ടി ഒരു ചാട്ടം. പൂട്ടു തുറക്കുമ്പോൾ തള്ളഗൊ റില്ല ചിരിക്കുന്നു. കീ കീ കീ. ഇതെല്ലാം അവൻ നടത്തുന്നത് അഞ്ച് ചുവപ്പു ബട്ടനുകൾ അമർത്തിയിട്ടാണ്. അവന്റെ കൈ വിരുത് സമ്മതിക്കണം. ചീങ്കണ്ണിയുടെ വായിലും, കഴുകന്മാരുടെ കൂർത്ത കൊക്കുകളിലും പെടാതെ ആ കുട്ടി ഗൊറില്ലയെ അവൻ അതിവേഗം നിർദ്ദിഷ്ട സ്ഥാനത്തെത്തിക്കുന്നു. സ്കോർ ബോർഡിൽ അവന്റെ സ്കോർ കുതിച്ചു കയറുന്നു.

അജിത് സ്കൂളിൽ പോയ സമയം നോക്കി അയാൾ ആ വീഡിയോ ഗെയിം എടുത്തു. കളിക്കാൻ ശ്രമിക്കുന്നു. നാലു സ്റ്റെപ്പു കഴിയുമ്പോഴേയ്ക്ക് വാ തുറന്നു വന്ന ഒരു ചീങ്കണ്ണി, കുരങ്ങിനെ, അയാൾക്ക് ബട്ടനമർത്തി ചാടിക്കാൻ അവസരം കിട്ടുന്നതിനു മുമ്പെ പിടികൂടുന്നു. കുരങ്ങിന്റെ ചീ ചീ എന്ന കരയുന്ന ശബ്ദം. അജിത് ഒപ്പമുണ്ടെങ്കിൽ അതു സമ്മതിക്കില്ല. കുട്ടിഗൊറില്ലയെ ചീങ്കണ്ണിയോ കഴുകനോ പിടികൂടുന്നത് അവന് സഹിക്കാനാവില്ല. അവൻ വീഡിയോ ഗെയിം തട്ടിപ്പറിച്ചു വാങ്ങുന്നു. ധൃതിയിൽ ചുവപ്പുബട്ടനുകൾ അമർത്തുന്നു. ഒരു അടിയന്തരാവസ്ഥ സംജാതമായിരിക്കയാണ്. അവൻ അതിൽ നിമഗ്നനാകുന്നു. പരിസരം മറക്കുന്നു. സ്കോർ ബോർഡിൽ സ്കോർ കൂടിക്കൂടി വരുന്നു.

അയാൾ വിമലയോടു പറയുന്നു, നീ മോന്റെ പ്രോഗ്രസ് കാർഡ് കണ്ടുവോ?

കണ്ടു.

എന്താണഭിപ്രായം?

അയാളുടെ സ്വരത്തിൽ ആക്ഷേപമുണ്ടായിരുന്നു. മകന്റെ പഠിത്തത്തിന്റെ മുഴുവൻ ചുമതലയും ഭാര്യക്കാണെന്നും, അവന്റെ മാർക്കു കുറഞ്ഞാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഭാര്യ ഏറ്റെടുക്കണ മെന്നുള്ള ധ്വനി ആ ചോദ്യത്തിലുണ്ടായിരുന്നു.

ആദ്യം നല്ല വശം പറയാം. വിമല പറഞ്ഞു. ഇംഗ്ലീഷിൽ തൊണ്ണൂറ്റിരണ്ടു ശതമാനമുണ്ട്. സയൻസിൽ എൺപത്തിയെട്ട്. ഹിന്ദിയിൽ എഴുപത്. കണക്കിലാണ് കുറച്ചുമോശം, സംസ്കൃതത്തിലും.

എത്രയാണ് മാർക്കെന്നു പറഞ്ഞില്ല.

കണക്കിൽ അമ്പത്തിരണ്ടും സംസ്കൃതത്തിൽ അറുപതും.

ഞാൻ ആദ്യമേ പറയാറുണ്ട്, അവന് കണക്കിൽ ട്യൂഷൻ കൊടുക്കുകയാണ് നല്ലതെന്ന്.

അതിന് പറ്റിയ ഒരു ടീച്ചറെ കിട്ടണ്ടെ? സുനിക്ക് ട്യൂഷൻ കൊടുക്കണ ടീച്ചറെ അവന് ബോദ്ധ്യായില്ല. ഭംഗി പോരാത്രെ! അച്ഛന്റെ മോൻ തന്നെ.

അവൻ പറയുന്നതു ശരിതന്നെയാണ്. വിജയൻ ആലോചിച്ചു. ഒന്നു രണ്ടു മണിക്കൂർ ഒരാളുടെ ഒപ്പം ഇരിക്കണമെങ്കിൽ, ആ വ്യക്തിക്ക് കുറച്ച് സൗന്ദര്യവുമുണ്ടെങ്കിൽ മുഷിയില്ല.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം വിമല പറഞ്ഞു. ഒരു ട്യൂഷൻ ടീച്ചറെ കിട്ടിയിട്ടുണ്ട്.

അവൾ കൂടുതലൊന്നും പറഞ്ഞില്ല. നാളെ മുതൽ വരും. വൈകുന്നേരം അഞ്ചു മുതൽ ആറു വരെ ക്ലാസ്സെടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നു മാത്രം.

ഭംഗിയുള്ള സ്ത്രീയാണോ? അയാൾ ചോദിച്ചു.

ഈ ഭംഗിയെന്നു പറയുന്നതുണ്ടല്ലൊ, വിമല പറഞ്ഞു. അതു കാണുന്ന ആളുടെ ദൃഷ്ടിയിലാണ്. ആത്മീയ സൗന്ദര്യമാണ് പ്രധാനം.

അയാൾ ട്യൂഷൻ ടീച്ചറുടെ രൂപം മനസ്സിൽ കണ്ടു. കവിളൊട്ടി, കണ്ണുകൾ കുണ്ടിൽ ചാടി കോന്ത്രൻ പല്ലുമായി ഒരു മെലിഞ്ഞ രൂപം. അവരുടെ ഉള്ളിൽ നിന്ന് ആത്മീയ സൗന്ദര്യം വഴിഞ്ഞൊഴുകുന്നു. അടുത്ത മുറിയിൽ കുനിഞ്ഞിരുന്ന് പുസ്തകങ്ങളുമായി മല്ലിടുന്ന മകനെ അയാൾ സഹതാപപൂർവ്വം നോക്കി. പാവം പയ്യൻ. അവൻ പക്ഷേ, ഈ ട്യൂഷൻ ടീച്ചറുടെ മുമ്പിൽ ഇരിക്കുമോ എന്നു കണ്ടറിയണം.

പിറ്റേന്ന് അയാൾ ക്ലബ്ബിൽ പോകാതെ ഓഫീസിൽ നിന്നു നേരെ വീട്ടിലേക്കു തിരിച്ചു. ടീച്ചറെ പരിചയപ്പെടാം. അജിത്തിന്റെ ചില പ്രശ്നങ്ങളെപ്പറ്റി അവരോടു പറയുകയും വേണം. അഞ്ചര മണിക്കെത്തിയപ്പോൾ ട്യൂഷൻ ടീച്ചറെത്തിയിട്ടില്ല – അജിത്ത് കളിക്കാൻ പോയിരിക്കുന്നു. അവന്റെ ശബ്ദം അയൽവീട്ടിൽ നിന്നും ഉയർന്നു കേൾക്കാനുണ്ട്. വിമല ഒരു പതിനാറുകാരിയുമായി സംസാരിച്ചു നിൽക്കുകയാണ്. വെളുത്ത സുന്ദരിയായ ഒരു കുട്ടി. മിഡിയും ടോപ്പുമാണ് വേഷം. തലമുടി രണ്ടാക്കി പിന്നിൽ ഒരു വാൽ മുമ്പിലേയ്ക്കിട്ടിരിയാണ്. ടോപ്പിൽ മാറിൽ എഴുതിയിട്ടുണ്ട്. I'm Carnivorous. ഒരു ഭീകരജീവിയുടെ ചിത്രവും. ഒരു ഡ്രാഗണെപ്പോലെ തോന്നിക്കുന്ന ഒരു ജീവി.

ഇതാണ് നീലിമ. നീലു എന്ന് വിളിക്കും. നമ്മുടെ വടക്കേലെ അമ്മയുടെ പേരക്കുട്ടിയാണ്. കാനഡയിലുണ്ടെന്നു പറയാറില്ലെ, ആ കുട്ടി. ഇനി നാട്ടിലാണ് പഠിക്കാൻ പോകു ന്നത്.

വടക്കേലെ അമ്മ ഇവളെപ്പറ്റി പറയുന്നത് അയാൾ കേട്ടിട്ടുണ്ട്. അവൾ കുട്ടിയായിരിക്കുമ്പോൾ കാണിച്ചിട്ടുള്ള അത്ഭുതങ്ങൾ. പിന്നെ അമ്മ കാനഡയിൽ പോയപ്പോൾ ഉണ്ടായ കാര്യങ്ങൾ, അങ്ങിനെ പലതും. കാനഡ വളരെ ദൂരെയാണ്. ഉയരങ്ങളിൽ. എല്ലാം കൂടി നീലിമയെപ്പറ്റി അയാൾക്കുണ്ടായിരുന്ന രൂപം ഒരു മാലാഖയുടേതായിരുന്നു. പിന്നിൽ ചുമലിൽ രണ്ടു കൊച്ചു ചിറകുമായി പറന്നു വരുന്ന മാലാഖ.

ചിറകില്ലാ എന്നു മാത്രമേയുള്ളു. നേരിൽക്കണ്ടപ്പോൾ അയാൾ ആലോചിച്ചു. ഇവൾ ഒരു മാലാഖ തന്നെയാണ്.

ആർ യു റിയലി കാർണിവറസ്? അയാൾ ചോദിച്ചു. അവളുടെ മുഖം തുടുത്തു. അവൾ തല താഴ്ത്തി പിന്നിൽ നിന്ന് തലമുടിയുടെ മറ്റെ വാലും മുമ്പിലേക്കാക്കി ചുവന്ന ഡ്രാഗണെ മറച്ചു.

എന്താണ് ട്യൂഷൻടീച്ചർ വരാഞ്ഞത്? അയാൾ ചോദിച്ചു. ആദ്യത്തെ ദിവസം തന്നെ മുടങ്ങിയാൽ എന്താണു സ്ഥിതി.

വിമലയും നീലുവും കൂടി ചിരിക്കാൻ തുടങ്ങി. നിർത്താത്ത ചിരി. വിമല നീലിമയുടെ തോളിൽ കയ്യിട്ടു ചിരിക്കുകയായിരുന്നു.

സാധാരണ ഗതിയിൽ അയാൾക്കു ദേഷ്യം പിടിക്കേണ്ടതായിരുന്നു. പക്ഷെ, അന്ന്, ചിരിക്കുമ്പോൾ കൂടുതൽ സുന്ദരിയായ ഒരു പെൺകുട്ടിയുടെ സാമീപ്യം കൊണ്ടൊ, തന്റെ ചോദ്യത്തിനുള്ള ഉത്തരം വിമല പറയാതെതന്നെ കിട്ടിയെന്നതു കൊണ്ടോ, എന്തോ അറിയില്ല, അയാളും കൂടെ ചിരിക്കാൻ തുടങ്ങി.

അങ്ങിനെയാണ് നീലിമ എന്ന സുന്ദരി അജിത്തിന്റെ ട്യൂഷൻ ടീച്ചറായത്. ഫലം അത്ഭുതാവഹമായിരുന്നു. ഒരാഴ്ചകൊണ്ട് അവന്റെ അറിവ് പതിന്മടങ്ങ് വർദ്ധിച്ചു. അൻഡ്രോമേഡാ ഗാലക്സി, ബ്ലാക് ഹോൾ മുതലായ നിസ്സാര കാര്യങ്ങൾ മാത്രം ചോദിച്ചറിഞ്ഞിരുന്ന അജിത് വളരെ ഗഹനമായ കാര്യങ്ങൾ ചോദിച്ചു തുടങ്ങി.

ആനകൾ ഓടി വരുമ്പോൾ ടാർസൻ എന്താണ് പറഞ്ഞത്?

എനിക്കറിയില്ല. അയാൾ കൈമലർത്തി.

ആനകൾ വരുന്നു. ആനകൾ വരുന്നു എന്ന് അവൻ പറഞ്ഞു. ഇനി, ആനകൾ കറുത്ത കൂളിംഗ് ഗ്ലാസ്സുകൾ ഇട്ടു വന്നപ്പോൾ ടാർസൻ എന്താണ് പറഞ്ഞത്?

എന്താണ് പറഞ്ഞത്?

ഒന്നും പറഞ്ഞില്ല. അജിത് പറഞ്ഞു. ടാർസന് അവ ആനകളാണെന്നു മനസ്സിലായില്ല.

കണക്കിൽ അവന്റെ പ്രാവീണ്യം എത്ര മാത്രം വർദ്ധിച്ചിട്ടുണ്ടെന്ന് അടുത്ത ടെസ്റ്റു കഴിഞ്ഞാൽ അറിയാം.

നീ അപ്പോയിന്റ് ചെയ്ത പുതിയ ട്യൂഷൻ മിസ്സില്ലെ? അയാൾ വിമലയോട് പറഞ്ഞു. അവളെന്താണ് അജിത്തിനെ പഠിപ്പിക്കുന്നത്? കടംകഥകളോ? കണക്കോ?

വിമല ചിരിക്കാൻ തുടങ്ങി. നീലു പറയുന്നത് ഈ മന്തന് എല്ലാം അറിയാമെന്നാണ്. അശ്രദ്ധ കാരണം കണക്കുകൾ തെറ്റിക്കുകയാണെന്നാണ്. പിന്നെ അവരുടെ ട്യൂഷന്റെ സമയത്ത് ഒന്നു ശ്രദ്ധിച്ചു നോക്കുകേട്ടോ. നല്ല രസമാണ്.

അവൾ എന്തൊക്കെ കുളൂസാണ് പറയുക എന്നോ. നമ്മുടെ പൊട്ടൻകുട്ടി അതൊക്കെ വിശ്വസിക്കുകയും ചെയ്യും.

ശ്രദ്ധിച്ചപ്പോൾ രസം തോന്നി.

നീലു പറയുകയാണ്.

ഞങ്ങൾക്ക് അവിടെ ഒരു വലിയ കോട്ട തന്നെയുണ്ട്. ചുറ്റും ഒരു ഡീപ് മോട്ടാണ്.

മോട്ട്ന്ന് പറഞ്ഞാൽ?

ഈ കാസിലുകൾക്കു ചുറ്റും കാണില്ലെ ആഴത്തില് വെള്ളം.

കിടങ്ങോ?

ആ അതു തന്നെ.

കോട്ടയ്ക്ക് ഒരോ ഒരു വാതിലേ ഉള്ളൂ. അത് തുറക്കാൻ ആജ്ഞാപിക്കാൻ എനിയ്ക്കും മമ്മിയ്ക്കും ഡാഡിയ്ക്കും മാത്രമെ പറ്റൂ. അതിനൊരു പാസ്‌വേർഡ് ഉണ്ട്. അതു ഞങ്ങൾക്ക് മൂന്നുപേർക്കും മാത്രമെ അറിയൂ.

അപ്പോൾ നിങ്ങൾ മൂന്നു പേരും മരിക്കുകയാണെങ്കിലോ?

അജിത്തിന്റെ സംശയം.

ഇഡിയറ്റ്, ഞങ്ങൾ അങ്ങിനെ മരിക്കുകയൊന്നുമില്ല. ഞങ്ങൾ അരയിൽ ഒരു മന്ത്രച്ചരട് കെട്ടിയിട്ടുണ്ട്. അതുള്ളിടത്തോളം കാലം പെട്ടെന്ന് മരിക്കുകയൊന്നുമില്ല.

അതെവിടെ നിന്നു കിട്ടിയതാണ്?

അതു മുത്തച്ഛന്റെ കാലത്തുള്ളതാണ്. ഓരോ തലമുറയായി അതു കൈമാറി.

നീലുവിന്റെ മുത്തച്ഛൻ എവിടെയാണ് താമസിച്ചിരു ന്നത്?

തൃപ്പൂണിത്തുറയിൽ. അവൾ പറഞ്ഞു. അവിടെ ഒരു വലിയ കൊട്ടാരത്തിലായിരുന്നു. പിന്നെ മുത്തച്ഛൻ മരിച്ചപ്പോൾ അമ്മമ്മ ആ കൊട്ടാരൊക്കെ ഗവർമ്മെണ്ടിന് കൊടുത്ത് ഇവിടെ വന്ന് താമസിക്ക്യാണ്. നീ വീട്ടിൽ വന്നാൽ മുത്തച്ഛന്റെ സിംഹാസനൊക്കെ കാട്ടിത്തരാം.

ശരിക്കും?

ആ, ശരിക്കും. അതെല്ലാം മുകളിൽ തട്ടിൻപുറത്താണിട്ടിരിക്കുന്നത്. നിനക്കു ധൈര്യമുണ്ടെങ്കിൽ പോയി

കാണാം. കാരണം മുത്തച്ഛന്റെ പ്രേതം എന്നും വരാറുണ്ടവിടെ. തട്ടിൻപറത്ത് സിംഹാസനത്തിൽ ഇരിക്കാറുണ്ട്. അമ്മമ്മ ഒരിക്കൽ തട്ടിൻപുറത്ത് എന്തോ എടുക്കാൻ കയറിയപ്പോൾ എല്ലാ ഫർണീച്ചറും പൊടിയും മാറാലയും പിടിച്ച് കിടക്കുകയായിരുന്നു. ഈ സിംഹാസനം മാത്രം പൊടിയൊന്നും പിടിക്കാതെ തിളങ്ങിക്കിടക്കുന്നു. ഒരു അസ്ട്രോളജറാണ് പറഞ്ഞത് മുത്തച്ഛന്റെ പ്രേതം വരാറുണ്ടെന്ന്. അവര് കള്ളികൾ വരച്ച് ഷെല്ലൊക്കെ നിരത്തിവെച്ച് നോക്കില്ലെ? അങ്ങിനെ കണ്ടതാണ്.

നീലുവിന് പേടിയില്ലെ?

എനിക്കു പേടിയാണെന്നോ? ഞാൻ ഓടും.

അജിത്തിനെ സംബന്ധിച്ചിടത്തോളം നീലു ഒരു പുതിയ ലോകം തുറന്നു കൊടുത്തിരിക്കയാണ്. അവന് സംശയങ്ങളെ ഉള്ളൂ. ഈ വക സംശയങ്ങൾ അവൻ അമ്മയോടാണ് ചോദിക്കുക. വിമല അടുക്കളയിൽ ജോലിയെടുക്കുമ്പോൾ അവൻ സ്വരം താഴ്ത്തി ഓരോന്നു ചോദിക്കുന്നു.

നീലിമ പറഞ്ഞ കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നു. അവന്റെ കണ്ണുകളിൽ അത്ഭുതമാണ്.

അവൾ ശരിക്കും ഒരു രാജകുമാരി തന്ന്യാണ്ന്ന് പറഞ്ഞു. ശര്യാണ്ന്ന് തോന്ന്ണണ്ട്ട്ടൊ. അവളുടെ കൈവിരലൊക്കെ എന്തുഭംഗിയാണ്. നമ്മള് മാസികേലൊക്കെ നെയിൽ പോളീഷിന്റെ പരസ്യത്തിലൊക്കെ കാണില്ലെ അതുപോലത്തെ വിരലുകളാണ്.

അവള് പറയണത് കാനഡയിൽ നമ്മൾ പോയാൽ അവളുടെ അടുത്തിരിക്കാനൊന്നും പറ്റില്ല്യാത്രെ. നമുക്ക് സ്വാതന്ത്ര്യം കിട്ടിയില്ലെ, അതുകൊണ്ടാണ് ഇവിടെ നമുക്ക് അവളോട് സംസാരിക്കാനും അവളുടെ ഒപ്പം ഇരിക്കാനും പറ്റണത്രെ.

ഒരു കാര്യം ശ്രദ്ധിച്ചുവോ? വിജയൻ വിമലയോടു പറഞ്ഞു അജിത്ത് ഇപ്പോൾ വീഡിയോ ഗെയിം തൊടുന്നില്ല. ആ സമയം അവൻ പഠിക്കുകയൊന്നുമല്ല, മനോരാജ്യം കാണുകയാണ് എന്നാലും വീഡിയോ ഗെയിം കളിച്ച് അവൻ കണ്ണുകേടുവരുത്തില്ലല്ലൊ. നീലിമ ഒരു മന്ത്രവാദിനിയാണെന്നു തോന്നുന്നു. ടെസ്റ്റുകഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ തന്നെ അവൾ ചോദ്യക്കടലാസ് വാങ്ങി അവനെക്കൊണ്ട് എല്ലാം ചെയ്യിച്ചു.

മാത്രം ഒന്ന് തെറ്റിച്ചു. വെറും കെയർലെസ് ആയിട്ടാ. ഞാൻ ഇന്നലെ പറഞ്ഞു തന്നതല്ലെ അത്.

നീലിമ അവനോട് കയർക്കുന്നുണ്ടായിരുന്നു. അവൾ മലയാളം പറഞ്ഞിരുന്നത് കുറച്ച് കൊഞ്ചലോടെയാണ്. അവളുടെ മലയാളം കേൾക്കാൻ രസമുണ്ട്. ഇംഗ്ലീഷ് വാചകങ്ങൾ മലയാളത്തിലാക്കി പറയുകയാണ് അവൾ ചെയ്യുന്നത്. ചിലപ്പോൾ അവളുടെ ആക്ഷേപങ്ങൾ കേൾക്കാം.

നോക്കു ചേച്ചി ഈ അജിത് ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ല. വെറുതെ ഉപദ്രവി ചെയ്തുകൊണ്ടിരിക്ക്യാണ്.

വിമല ചിരിയ്ക്കാൻ തുടങ്ങി.

നീലിമ അത്ഭുതത്തോടെ വിമലയെ നോക്കി.

എന്താ ചേച്ചി ചിരിക്കുന്നത്?

ഒന്നുമില്ല മോളെ നിന്റെ ഭാഷ കേട്ടിട്ടു തന്നെ.

അമ്മമ്മയും അതെ, ഞാൻ സംസാരിക്കാൻ തുടങ്ങിയാൽ ഉടനെ ചിരിക്കും.

അയാൾ പിന്നീട് ക്ലബ്ബിൽ പോയില്ല. വീട്ടിലെ അന്തരീക്ഷം അയാൾക്ക് പെട്ടെന്ന് ഹൃദ്യമായി തോന്നി വൈകുന്നേരങ്ങളിലെ വിരസതയില്ല. സാധാരണ വൈകുന്നേരങ്ങളിൽ നേരിട്ടു വീട്ടിലേക്കു വന്നാൽ വല്ലാത്ത ബോറടിയാണ്. അജിത് കളിക്കുവാൻ പോകും. വിമലയ്ക്ക് വല്ല കൂട്ടുകാരുമുണ്ടാവും. അവരുമായി മതിലിനപ്പുറത്തും ഇപ്പുറത്തും നിന്ന് കൊതുകടി കൊണ്ട് സംസാരിച്ചു നില്ക്കും. താൻ മാത്രം ടേപ്പ് റെക്കാർഡിൽ വല്ല പഴയ പാട്ടും വെച്ച് വീട്ടിനുള്ളിലെ മങ്ങിയ വെളിച്ചത്തിലിരിക്കും. ഇപ്പോൾ അങ്ങിനെയല്ല. വൈകുന്നേരങ്ങൾ വളരെ പ്രകാശമയമായിരിക്കുന്നു. കാനഡയിൽ നിന്നു വന്ന ഒരു രാജകുമാരി തങ്ങളുടെ ജീവിതത്തിൽ ആഹ്ലാദം നിറച്ചിരിക്കുന്നു. അജിത്തിന്റെ പിറന്നാൾ ആഘോഷിക്കാൻ അവളാണ് നിർദ്ദേശിച്ചത് സാധാരണ ഒരു പായസം. നാലും കൂട്ടിയ ഒരു ഊണ്. അതോടെ കഴിഞ്ഞു. അങ്ങിനെയൊന്നുമല്ല വേണ്ടതെന്നു പറഞ്ഞത് നീലിമയാണ്.

ചേച്ചി, നമുക്ക് അജിത്തിന്റെ ബർത്ത്ഡേ നന്നായി സെലിബ്രേറ്റ് ചെയ്യണം.

പിന്നെ അവളുടെ വകയാണ് ഒരുക്കങ്ങളെല്ലാം. കേക്ക് ഓർഡർചെയ്തു. അതിൽ ഹാപ്പി ബർത്ത് ഡേ ടു അജിത് എന്നും തിയ്യതിയും അവൾ ക്രീം കൊണ്ട് എഴുതിപ്പിച്ചു. ബലൂണുകൾ, ക്രെയിപ്പ് പേപ്പർ,

മിട്ടായികൾ നിറയ്ക്കാനുള്ള കൊച്ചു പായ്ക്കറ്റുകൾ എന്നിവ വാങ്ങിക്കൊണ്ടു വന്നു. ആ പാക്കറ്റുകളിൽ മൂന്നു മിട്ടായി രണ്ടു ബലൂണുകൾ, പിന്നെ ഒരു സർപ്രൈസ് സമ്മാനം അത് പ്ലാസ്റ്റിക് വിസിൽ, കീ ചെയിൻ എന്നിവയായിരുന്നു. അതിഥികളായി വരുന്ന കൊച്ചുകുട്ടികൾക്ക് പാർട്ടികഴിഞ്ഞ് പോകുമ്പോൾ കൊണ്ടു പോകാനുള്ള പാക്കറ്റുകളാണ്. ഇംഗ്ലീഷ് പാട്ടുകളുള്ള അവളുടെ സ്വന്തം കാസെറ്റുകൾ കൊണ്ടുവന്നു. ഇതെല്ലാം വിമല പിന്നീടു പറഞ്ഞപ്പോഴാണ് അയാൾക്കു മനസ്സിലായത്.

വൈകുന്നേരം ഓഫീസിൽ നിന്നു വന്നപ്പോൾ വീട്ടിൽ ആകെ ബഹളമായിരുന്നു. തൂക്കിയിട്ട ബലൂണുകൾക്കും വർണ്ണ ക്കടലാസുകൾക്കും താഴെ പാട്ടിനു ചുവടുവെച്ച് ഡാൻസുചെയ്യുന്ന ഒരു ഡസൻ കുട്ടികൾ. ആദ്യം അയാൾക്കു തോന്നിയത് അരിശമാണ്. അയാൾ ക്ഷീണിച്ചിരുന്നു. ഒരു ചായയും കുടിച്ച് സോഫയിൽ ചാരിയിരുന്ന് കുറച്ച് പഴയ ഹിന്ദിപ്പാട്ടുകൾ കേൾക്കണമെന്ന് വിചാരിച്ചാണ് വന്നത് ഇവിടെ ഇതാ ആകെ ബഹളം. ഒന്നിരിക്കാൻ കൂടി വയ്യ. അയാൾ പോയി ടേപ്പ്റിക്കാർഡറിന്റെ ശബ്ദം കുറച്ചു.

ചേട്ടൻ വന്നു. ഇനി കേക്ക് മുറിക്കാം.

നീലു പറഞ്ഞു.
എല്ലാവരും മേശയ്ക്കുമുമ്പിൽ പൊതിഞ്ഞു നിന്നു. അതിൽ മൂന്നു വയസ്സുതൊട്ട് പന്ത്രണ്ടു വയസ്സുവരെയുള്ള ചിടുങ്ങന്മാരും ചിടുങ്ങികളുമുണ്ട്. കൊച്ചു കണ്ണുകളിൽ പ്രകാശം. ഒരു മൂന്നു വയസ്സുകാരൻ ഉറക്കെ ചോദിക്കുന്നതു കേട്ടു. ചേച്ചീ, ഈ കേക്ക് നമുക്ക് തിന്നാൻ കിട്ടില്ലെ?
രാവിലെ ഓഫീസിൽ പോകുമ്പോൾ നീലുവും വിമലയും കൂടി കുശുകുശുക്കുന്നതു കണ്ടിരുന്നു. അജിത്തിന്റെ പിറന്നാൾ ആഘോഷിക്കുന്നതിനെപ്പറ്റിയാണെന്നു പറഞ്ഞപ്പോഴും ഇത്രയൊന്നും പ്രതീക്ഷിച്ചില്ല. അയാൾ മുഴുവൻ രസിക്കാത്ത മട്ടിൽ ഒരിടത്തു നിന്നു. വിമല കുട്ടികൾക്ക് കുടിക്കാൻ സർവ്വത്തുണ്ടാക്കുകയായിരുന്നു. നീലു കേക്കിന്റെ മുകളിൽ കത്തിച്ചു വെച്ച എട്ടു മെഴുകുതിരികൾ എങ്ങിനെ ഒറ്റ വീർപ്പിന് ഊതിക്കെടുത്തണമെന്ന് അജിത്തിനെ പഠിപ്പിക്കുകയായിരുന്നു.
ക്രമേണ കുട്ടികളുടെ ഉത്സാഹം അവരുടെ കണ്ണുകളിലെ തിളക്കം, എല്ലാം അയാളുടെ ഉദാസീനത ഇല്ലാതാക്കി. അജിത്ത് മെഴുകുതിരികൾ കെടുത്തുമ്പോൾ കുട്ടികളുടെ ഒപ്പം ഹാപ്പി ബർത്ത്ഡേ പാടാൻ അയാളുണ്ടായിരുന്നു.
അയാളുടെ കാസറ്റ് കലക്ഷനിലും നീലു ഇടപെട്ടു.
ഇതെന്താണ് ഓൾഡ്സോങ്ങ്സെല്ലാം വെച്ചിരിക്കുന്നത്? ഇതൊക്കെ വലിച്ചെറിയൂ. അവൾ അവളുടെ കാസറ്റ് കലക്ഷനിൽ നിന്ന് പുതിയ കാസറ്റുകൾ അയാൾക്കു കേൾക്കാൻ കൊടുത്തു. വാം, ബ്രൂസ് സ്പ്രിംഗ്സ്റ്റീൻ, ബില്ലി ഓഷൻ, ടീനാ ടേണർ. ഇതൊന്നും തന്നെ അയാൾ കേട്ടിട്ടുണ്ടായിരുന്നില്ല. പക്ഷെ ഒരിക്കൽ കേട്ടപ്പോൾ അതത്ര മോശമല്ലെന്നു തോന്നി. പിന്നെ പിന്നെ പാവം മുഹമ്മദ് റാഫിയും, ലതാ മങ്കേഷ്ക്കറും മേശവലിപ്പിലേക്കു വലിഞ്ഞു. നൗഷദിന്റെ ശ്രുതിലയമാധുര്യത്തിനു പകരം വീട്ടിൽ സ്റ്റീവി വണ്ടറിന്റെയും മൈക്കൽ ജാക്സന്റെയും ബീറ്റുകൾ നിറഞ്ഞു. നീലു വളരെ പ്രകടമായി അവരെ സ്വാധീനിക്കുകയായിരുന്നു.
ഭക്ഷണത്തിലും ആ വ്യത്യാസം അനുഭവപ്പെട്ടു. സാമ്പാറും മെഴുക്കുപെരട്ടിയും മോരൊഴിച്ച കൂട്ടാനും കുറെക്കൂടി സോഫിസ്റ്റിക്കേറ്റഡ് ആയ പാചകങ്ങൾക്ക് വഴിമാറി ക്കൊടുത്തു.
ട്യൂഷൻ സമയം. നീലു സംസാരിക്കുകയായിരുന്നു.
എന്റെ ബർത്ത്ഡേയ്ക്ക് എത്ര പേരാണ് വരുകയെന്നറിയാമോ?
കൊറെ പേരു വരോ?
ഉം. എല്ലാവരും റോയൽ ഫാമിലികളിൽ നിന്നായിരിക്കും. റോയൽ ഫാമിലിയിൽ നിന്ന് മാത്രമേ ക്ഷണിക്കുകയുള്ളു. രാജകുമാരൻമാർ വലിയ എയർകണ്ടീഷൻ ചെയ്ത ലിമോസിനുകളിൽ വരും. മിക്കവാറും പേർ റോൾസ് റോയ്സ് കാറിലായിരിക്കും വരുക.
റോൾസ് റോയ്സ് നല്ല കാറാണോ?
അജിത്ത് ചോദിക്കുന്നു.
നല്ല കാറാണെന്നോ? നല്ല ചോദ്യം. ലോകത്ത് ഏറ്റവും കോസ്റ്റ്ലിയായ കാറാ ണത്. ഹൺഡ്രഡ് തൗസന്റ് ഡോളറാണ് വില. അറിയ്യോ?
എന്നു വെച്ചാൽ?
ഒരു ഡോളർ എന്നു പറഞ്ഞാൽ പത്തുറുപ്പിക. അപ്പോൾ വൺ മില്ല്യൻ റുപ്പീസ്.
പത്തു ലക്ഷം?
അജിത്തിന്റെ കണ്ണുകളിൽ അത്ഭുതം.
ഹാ. ഞങ്ങളുടെ വീട്ടിൽ രണ്ടു റോൾസ് റോയ്സാണുള്ളത്. ഒന്ന് ഡാഡിക്കും ഒന്ന് മമ്മിക്കും. എനിയ്ക്ക് ഒരു സിത്രിയോൺ കാറാണ് വാങ്ങിത്തന്നത്.
നീലുവിന് കാറോടിക്കാനൊക്കെ അറിയുമോ?
അറിയാം. പക്ഷെ അതിന്റെ ആവശ്യമൊന്നുമില്ല. ഞങ്ങൾക്ക് ഷോഫറെല്ലാമുണ്ട്.
ഷോഫറെന്നു വച്ചാൽ?
ഡ്രൈവർ, യു ഇഡിയറ്റ്. വലിയ കാറുകളാവുമ്പൊ ഷോഫർ എന്നാ പറയാ.
പക്ഷെ രാജാക്കന്മാരൊക്കെ കുതിരപ്പുറത്തല്ലെ യാത്ര ചെയ്യുക?
അതൊക്കെ പണ്ട് എന്റെ മുത്തച്ഛൻ രാജാവായിരുന്ന കാലത്ത്. മുത്തച്ഛൻ ഫൈറ്റിംഗിനൊക്കെ പോയിരുന്നത് കുതിരപ്പുറത്താണ്.
നീലുവിന്റെ മുത്തച്ഛൻ ഫൈറ്റിംഗിനൊക്കെ പോവാറുണ്ടൊ?
പോവാറുണ്ടോ എന്നോ? മുത്തച്ഛൻ വലിയ ഫൈറ്ററായിരുന്നു. കുറെ കൺട്രീസ് കോൺക്വർ ചെയ്തിട്ടുണ്ട്. ബ്രിട്ടീഷുകാരോടൊക്കെ എത്ര പ്രാവശ്യം ഫൈറ്റ് ചെയ്തിട്ടുണ്ടെന്നോ? മുത്തച്ഛന്റെ ഷീൽഡും സ്വോഡും ഇപ്പോഴും വീട്ടിലിരിക്കുന്നുണ്ട്. ഷീൽഡിന്മേലും, സ്വോഡിന്റെ പിടിയിലും ഡയമണ്ട്സ് പതിച്ചിട്ടുണ്ട്,
അത് കാണാൻ പറ്റ്വോ?
ഉം, നിനക്ക് ധൈര്യമുണ്ടെങ്കിൽ പോയി നോക്കാം. എല്ലാം തട്ടിൻപുറത്താണ് വെച്ചിരിക്കുന്നത്.
നീലു ക്രമേണ അവരെ കീഴടക്കുകയായിരുന്നു. നിസ്സാരകാര്യങ്ങൾ കൂടി മാറ്റുവാൻ അവൾ ആജ്ഞാപിച്ചു. വൈകുന്നേരം മുനിഞ്ഞു കത്തുന്ന ബൾബുകൾ നോക്കി അവൾ പറഞ്ഞു.
ഇതെന്താണ് കാന്റിൽസ് മാതിരിയുള്ള ബൾബുകൾ ഇട്ടിരിക്കുന്നത്? ചേട്ടന് കുറച്ചുകൂടി ബ്രൈറ്റായിട്ടുള്ള ലാംപ്സ് ഇട്ടുകൂടെ?
അയാൾ പരുങ്ങി. ഇരുപത്തഞ്ചിന്റെയും നാൽപതിന്റെയും ബൾബുകൾ ഇട്ടത് സ്ലാബ് കടക്കാതിരിക്കാ

നാണ്. ഇരുപതിൽ നിന്ന് അടുത്ത സ്ലാബിലേക്കു കുതിച്ചാൽ ഇരട്ടി കൊടുക്കണം. അതുകൊണ്ട് വായിക്കാൻ വിഷമമാണെങ്കിലും നാല്പതിന്റെ ബൾബുകൾ കൊണ്ട് തൃപ്തിപ്പെടുന്നു.

നാളെ വരുമ്പോഴേയ്ക്കും ഈ ബൾബുകളൊക്കെ മാറ്റിയില്ലെങ്കിൽ പിന്നെ ഞാൻ വൈകുന്നേരം ഇവിടെ വരില്ല,

നീലു ഒരു രാജകുമാരിയാണ്. ആജ്ഞാപിച്ചാൽ അനുസരിക്കാതെ വയ്യ. പിറ്റേന്ന് അവൾ വരുമ്പോഴേയ്ക്ക് അയാൾ കുളിമുറിയിലേതൊഴികെ ബാക്കിയെല്ലാ ബൾബുകളും മാറ്റി. നീലു വരുമ്പോൾ വീട് പ്രകാശ മയമായിരുന്നു.

അയാൾ തല കുമ്പിട്ടുകൊണ്ട് അവളോട് പറഞ്ഞു.

അവിടുത്തെ ആജ്ഞ പാലിച്ചിരിക്കുന്നു. യുവർ ഹൈനസ്.

അവൾ പൊട്ടിച്ചിരിച്ചു.

ഞായറാഴ്ച ഉച്ച തിരിഞ്ഞാൽ നീലുവിന്റെ അമ്മമ്മ വരുന്നു. അവരുടെ പതിവാണത്. മുമ്പെല്ലാം നീലുവിന്റെ അമ്മയുടെ കത്തിലെ വിവരങ്ങളാണ് പറയാനുണ്ടായിരുന്നത്. നീലുവിന്റെ പരാക്രമങ്ങളെപ്പറ്റി. ഇപ്പോൾ നീലു ഇവിടെയായതുകൊണ്ട് അവളുടെ നേരിട്ടുള്ള കാര്യങ്ങളാണ് പറയാനുള്ളത്.

അമ്മമ്മ തീരെ ഫാഷനബ്ളല്ല എന്നാണ് നീലു പറയുന്നത്. അവർ പറഞ്ഞു. ഞാൻ ഇതുവരെ സെറ്റു മുണ്ടാണുടുത്തിട്ടുള്ളത്. ഇനി ഇപ്പോൾ ഈ വയസ്സുകാലത്ത് എനിക്കു വയ്യ പട്ടുസാരിയൊക്കെ ഉടുത്തു നടക്കാൻ.

അവൾ ഒരു രാജകുമാര്യാന്നാണ് അജിത്തിനോട് പറഞ്ഞിരിക്കണത്. വിമല പറഞ്ഞു. അവളുടെ മുത്തച്ഛൻ ഇവിടെ രാജ്യം ഭരിച്ചിരുന്നത്രെ.

അവർ ഉറക്കെ ചിരിക്കാൻ തുടങ്ങി.

അതു തന്ന്യാണ് അവൾ എന്നോട് പട്ടുസാരിയുടുക്കണമെന്നൊക്കെ പറേണത്. ഞാൻ കാനഡയിൽ പോയപ്പോഴും അവൾ എന്നെ നിർബ്ബന്ധിച്ചു. അവിടെ അവളുടെ സ്നേഹിതകളോടൊക്കെ പറഞ്ഞിട്ടുള്ളത് അവൾ രാജകുമാര്യാന്നാണ്. ഇവിടെ ഇന്ത്യയിൽ അവളുടെ മുത്തച്ഛനും അമ്മമ്മയും ഒരു വലിയ കോട്ട യിലാണ് താമസിക്കുന്നതെന്നും. ഞാനവിടെ ചെന്നപ്പോൾ അവർക്ക് എല്ലാം അറിയണം. കോട്ടയുടെ വലുപ്പം, അതിനു ചുറ്റുമുള്ള കിടങ്ങിന് എത്ര ആഴമുണ്ട്, അതിൽ പിരാഹ എന്ന മത്സ്യങ്ങളെ വളർത്തുന്നുണ്ടോ എന്നൊക്കെ. പിരാഹ എന്ന മത്സ്യങ്ങളില്ലെ, അത് ഒരാളെ ഏതാനും നിമിഷങ്ങൾ കൊണ്ട് കാർന്നു തിന്ന് അസ്ഥി മാത്രമാക്കുമത്രെ. അപ്പോൾ ആർക്കും ആ കിടങ്ങ് നീന്തിക്കടക്കാൻ കഴിയില്ലല്ലോ. ഇതൊക്ക്യാണ് നീലു അവളുടെ സ്നേഹിതകൾക്ക് പറഞ്ഞുകൊടുത്തിരിക്കണത്.

ഞാനൊരു മഹാറാണിയാണെന്നാണ് അവൾ പറഞ്ഞു ധരിപ്പിച്ചിരുന്നത്. അപ്പോൾ അതു മാതിരി ഉടുത്തൊരുങ്ങുകയും വേണമല്ലോ.

അവർ വെളുത്തു തടിച്ച ഒരു സ്ത്രീയായിരുന്നു. നെറ്റിമേലുള്ള ചന്ദനക്കുറിയും എപ്പോഴും ചിരിക്കുന്ന തറവാടിത്തമുള്ള മുഖവുമായി അവർ ഒരു മഹാറാണി ചമയാൻ മാത്രം കോളുള്ള ഒരു സ്ത്രീയായിരുന്നു.

നിങ്ങൾക്ക് രാജകുടുംബവുമായി വല്ല ബന്ധവുമുണ്ടോ?

ഏയ് ഒന്നുമില്ല. എന്റെ അച്ഛൻ കൊച്ചി രാജാവിന്റെ വേണ്ടപ്പെട്ട ഒരാളായിരുന്നു. അന്ന് മഹാരാജാവ് ചാർത്തിത്തന്നതാണ് ഈ വീടും പറമ്പുമൊക്കെ, അത്രമാത്രം. അതൊക്കെ പഴയകഥകൾ.

ആരും കേൾക്കുന്നില്ലെന്നു ഉറപ്പു വരുത്തിയാൽ അജിത്ത് അമ്മയോടു ചോദിക്കുന്നു,

ഞാൻ വലുതായാൽ എനിക്ക് ഒരു രാജകുമാരിയെ കല്യാണം കഴിക്കാൻ പറ്റുമോ.

എന്താ പറ്റാതെ? വിമല പറയുന്നു. മോനെ കണ്ടാലും ഒരു രാജകുമാരനെപ്പോലെയുണ്ടല്ലോ.

അമ്മേ നീലു ശരിക്കും ഒരു രാജകുമാരിയാണോ?

ആയിരിക്കും വിമല കൈമലർത്തി, എനിയ്ക്ക് അറിയില്ല. എന്താ നിനക്ക് നീലുവിനെ കല്യാണം കഴിക്കണോ?

അജിത്തിന്റെ മുഖം നാണംകൊണ്ട് ചുവന്നു.

ഈ അമ്മ. അമ്മ്യോട് ഞാൻ മുണ്ടില്ല.

അവൻ ഓടിപ്പോയി.

രാവിലെയായാൽ നീലു എത്തുന്നു. വിമലയുണ്ടാക്കുന്ന പലഹാരം രുചിച്ചു നോക്കാൻ. അജിത്തിന്റെ ഹോംവർക്കുകൾ ശരിയാണോ എന്നു നോക്കാൻ, വിജയേട്ടനുമായി ശണ്ഠകൂടാൻ. നീലുവിനെ ശുണ്ഠി പിടിപ്പിക്കാനായി അയാൾ പറയുന്നു.

ഈ പെണ്ണിന് വീട്ടിൽ തൊഴിലൊന്നുമില്ലെ? രാവിലെയായാൽ എത്തി.

അതെയതെ. വിമല പറയുന്നു. രണ്ടു മാസത്തിനുള്ളിൽ അവളുടെ ക്ലാസ്സുകൾ തുടങ്ങും. അതു കഴിഞ്ഞാൽ പിന്നെ അവളെ കണ്ടെങ്കിലല്ലേ? അപ്പോൾ അച്ഛനും മോനും നീലുവിനെ അന്വേഷിച്ചു നടക്കും. അപ്പോൾ കാണാം നീലുവിന്റെ വില.

നീലുവിന്റെ ഓമനമുഖത്ത് പരിഭവം.

സോറി രാജകുമാരി. അയാൾ പറയുന്നു. ഞാൻ തമാശ പറഞ്ഞതല്ലേ?

പരിഭവം പക്ഷെ ക്ഷണനേരത്തേക്കു മാത്രം.

ചേട്ടാ, ഞാൻ എന്റെ രണ്ടു കാസറ്റുകൾ കൊണ്ടുപോകുന്നുണ്ട്. ബില്ലി ഓഷനും, ആഹായും. വൈകു ന്നേരം തിരിച്ചുതരാം.

ശരി രാജകുമാരി.

രാജകുമാരി അവളുടെ ജൈത്രയാത്ര തുടർന്നു, അജിത്തിന്റെ മനോരാജ്യങ്ങളിലൂടെ, വിമലയുടെ ദിനചര്യകളിലൂടെ, വിജയന്റെ അഭിരുചികളിലൂടെ നീലു ജൈത്രയാത്ര ചെയ്തു. നീലു കീഴടക്കാൻ നിയോഗിക്കപ്പെട്ടവളായിരുന്നു. അവർ കീഴടങ്ങാൻ വിധിക്കപ്പെട്ടവരും കീഴടങ്ങലിന്റെ സുഖം അവർ അനുഭവിച്ചു നീലു വരുന്നതിനുമുമ്പുള്ള ദിവസങ്ങളെപ്പറ്റി ഓർമ്മിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. അതെല്ലാം കറുത്ത ദിവസങ്ങളായിരുന്നു. സൂര്യനുദിക്കാത്ത ഇരുണ്ട ദിവസങ്ങൾ. ഇപ്പോൾ അവരുടെ ലോകം പ്രകാശ മയമാണ്.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം അയാളുടെ ദിനചര്യ തെറ്റുന്നു. ഒന്നുകിൽ ഓഫീസിൽ പണി കൂടുതൽ അല്ലെങ്കിൽ പുറത്തിറങ്ങിയാൽ പരിചയക്കാരെ ആരെയെങ്കിലും കാണുന്നു. ഇന്നും അതാണ് സംഭവിച്ചത്. ഓഫീസിൽ നിന്നു പുറത്തു കടന്ന ഉടനെ കണ്ട പരിചയക്കാരൻ തന്നെ വിട്ടില്ല. ഒരു അട്ടയെ പ്പോലെ കടിച്ചു തൂങ്ങിയ അയാളെ ഒഴിവാക്കാൻ റെസ്റ്റോറണ്ടിൽ പോയി ചായ വാങ്ങിക്കൊടുക്കേണ്ടി വന്നു. എല്ലാം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ നേരം വൈകി. ഏഴുമണി കഴിഞ്ഞു. എന്നിട്ടും അടുക്കളയിൽ മാത്രമെ വിളക്ക് കത്തിച്ചിരുന്നുള്ളു അങ്ങിനെ പതിവില്ല. തുറന്ന അടുക്കളവാതിലിലൂടെ അയാൾ അകത്തുകയറി അകത്തു വിമല അരണ്ട വെളിച്ചത്തിൽ ഇരിക്കുകയായിരുന്നു.

നമ്മുടെ നീലു പോയി വിമല പറഞ്ഞു.

വിമല കരയുകയായിരുന്നെന്ന് അയാൾക്കുതോന്നി.

അവൾ തിരിച്ച് കാനഡയിൽ പോവുകയാണ്. ഇന്ന് വൈകുന്നേരം അവളുടെ അമ്മാവന്റെ ഒപ്പം പോയി. ബാംഗ്ലൂർക്കാണ് പോയത്. അവിടെന്ന് ബോംബെയ്ക്ക് പോകും.

അയാൾ കസേരയിലിരുന്നു. തീരെ പ്രതീക്ഷിക്കാത്തതാണത്.

എന്തെ ഇത്ര പെട്ടെന്ന്?

എന്തോ ഇമിഗ്രേഷന്റെ കുഴപ്പമാണത്രെ. അമ്മ പറഞ്ഞിരുന്നു. അവൾക്ക് ഇവിടെ ചേരാൻ പറ്റില്ലത്രെ അപ്പോൾ അവൾക്ക് കാനഡയിൽ നിന്ന് അവളുടെ അച്ഛൻ ടിക്കറ്റയച്ചു കൊടുത്തിരിക്കുന്നു. ടിക്കറ്റ് ഈ വെള്ളിയാഴ്ചക്കാണ്. അപ്പോഴാണ് ബോംബെയിലെ അവളുടെ അമ്മാവൻ വന്നത്. അയാൾ ഇന്ന് ബാംഗ്ലൂർ വഴി ബോംബെയ്ക്കു പോവ്വാണ്. അപ്പോൾ അവളേയും കൂട്ടി.

അയാൾ ഒന്നും പറയാനാവാതെ ഇരുന്നു. എഴുന്നേറ്റ് ലൈറ്റിന്റെ സ്വിച്ചിടാൻ, ചുറ്റും പരന്ന ഇരുട്ടകറ്റാൻ അയാൾക്കു കഴിഞ്ഞില്ല. തന്നെ വളരെ ആകർഷിച്ച ആമുഖം ഇനി കാണില്ലെന്നയാൾ ഓർത്തു.

നിങ്ങളെ കൊറെ നേരം അവൾ കാത്തു. പോവ്വാണ്ന്ന് പറയാൻ.

എത്ര മണിക്കാണവർ പോയത്?

ആറു മണിയായി ആറരയ്ക്കാണ് ബസ്സ്. ഇന്നെന്തേ നേരം വൈകിയത്?

നേരം വൈകി.

അവൾ കരയുകയായിരുന്നു, പോവുമ്പോൾ കൊറെനേരം ആ കസേരയിൽ കാത്തിരുന്നു. ആ, നിങ്ങൾക്കൊരു കത്തും കുറച്ച് കാസറ്റുകളും അവൾ മേശമേൽ വെച്ചിട്ടുണ്ട്.

മേശമേൽ നാലഞ്ചു കാസറ്റുകളുടെ അടിയിൽ ഒരു മടക്കിയ കടലാസ്സ്.

ഡിയർ ചേട്ടൻ, ഗുഡ്ബൈ. ഞാൻ കാത്തു കാണാൻ പറ്റിയില്ല. കുറച്ചുകൂടി കാസറ്റുകൾ വെക്കുന്നു. ബൈ, ലവ്, ചേട്ടന്റെ രാജകുമാരി.

വടിവില്ലാത്ത മലയാളത്തിൽ ഒരു ചെറിയ കുട്ടിയുടെ കയ്യക്ഷരത്തിലെഴുതിയ ആ കത്ത് അയാൾ വീണ്ടും വായിച്ചു.

വിമല ലൈറ്റിടരുതെന്നയാൾ ആഗ്രഹിച്ചു. തന്റെ കണ്ണിൽ ഉരുണ്ടു വന്ന ജലകണങ്ങൾ ഷർട്ടിന്റെ കയ്യിൽ വിമല കാണാതെ തുടച്ചു. അപ്പോഴാണയാൾ കേട്ടത് ഒരു കീ കീ കീ ശബ്ദം. അതെന്താണെന്ന് മനസ്സിലാവാൻ കുറച്ചു സമയമെടുത്തു. കഴിഞ്ഞ രണ്ടു മാസമായി വീട്ടിൽ ഈ ശബ്ദം ഉണ്ടായിരുന്നില്ല. അയാൾ അടുത്ത മുറിയുടെ വാതിൽക്കൽ ചെന്നു നോക്കി. അവിടെ കട്ടിലിൽ ജനലിലൂടെ വരുന്ന അരണ്ട വെളിച്ചത്തിൽ അജിത്ത് കുനിഞ്ഞിരുന്ന് വീഡിയോ ഗെയിം കളിക്കുകയാണ്.

അയാൾ തിരിച്ചു വന്ന് ടേപ്പ് റിക്കാർഡർ ഓണാക്കി ഒരു ബ്രെയ്ക്ക് ഡാൻസിന്റെ ബീറ്റ്. അയാൾ ടേപ്പ് റിക്കാർഡർ ഓഫാക്കി. മേശവലിപ്പിൽ പരതിയപ്പോൾ റാഫിയുടെ പഴയ പാട്ടുകളുടെ ഒരു കാസറ്റ് കിട്ടി. ഒരു ടവ്വലെടുത്ത് അയാൾ ടേപ്പ് റിക്കാർഡർ തുടച്ചു. മേശ വൃത്തിയാക്കി. റാഫിയുടെ കാസറ്റ് ഇട്ട് ടേപ്പ് റിക്കാർഡർ ഓണാക്കാൻ ഒരു നിമിഷം നോക്കി. പിന്നെ വേണ്ടെന്നു വെച്ചു. വരാൻ പോകുന്ന കറുത്ത ദിവസങ്ങളെ നേരിടാൻ അയാൾക്കു കുറച്ചുകൂടി തയ്യാറെടുപ്പു വേണം.

back to index

# ഒരു വിശ്വാസി

**ഓ**ർമ്മകളുടെ ചിത്രങ്ങൾ പൂപ്പൽ പിടിച്ചിരിയ്ക്കയാണ്. ഇടയ്ക്ക് പൂപ്പൽ തുടച്ചു വൃത്തിയാക്കുമ്പോൾ അവ കുറച്ചു നേരത്തേയ്ക്ക് വീണ്ടും തെളിയുന്നു. ഇത് സ്വയം പീഡനമാണെങ്കിലും ഞാൻ ഇടയ്ക്കിടയ്ക്ക് ചെയ്യുന്നതാണ്.

അതോടെ ആ സംഭാഷണ ശകലം ചെവിയിലെത്തുന്നു.

താനില്ലെങ്കിൽ എന്റെ കമ്പനി നടക്കുമോ എന്നു നോക്കട്ടെ.

വർഗ്ഗീസ് മാപ്പളയായിരുന്നു അത്. നന്ദി കേടിന്റെയും അഹന്തയുടെയും ശബ്ദം. അയാൾ മാടിക്കുത്തിയ കൈലിമുണ്ടിന്നടിയിലൂടെ കാണുന്ന കറുത്ത രോമാവൃതമായ കാലുകൾ ഞാൻ ഇന്നുമോർക്കുന്നു. താടിയിലെ കുറ്റി രോമങ്ങൾ ചൊറിഞ്ഞ് മുഖം കോട്ടിക്കൊണ്ടാണയാൾ സംസാരിച്ചത്.

ഞാൻ പടികൾക്കു താഴെയാണ് നിന്നിരുന്നത് നിരാശനായി അമർഷം നിറഞ്ഞ മനസ്സോടെ.

നിങ്ങളുടെ ജോലിയില്ലെങ്കിൽ ജീവിക്കാൻ പറ്റുമോ എന്നു ഞാനും നോക്കട്ടെ.

പിന്നെ തിരിഞ്ഞു നടക്കുമ്പോൾ പിന്നിൽ വാതിൽ കൊട്ടിയടയ്ക്കുന്ന ശബ്ദം, ഇതെല്ലാം നാലു കൊല്ലങ്ങൾക്കുമുമ്പാണ്. ഇന്നു ഞാൻ എന്റെ സ്വന്തം കടയിൽ ഇരിക്കുന്നു. ചെറുതാണെങ്കിലും എന്റേതു മാത്രം. ആരും എന്നോടു കൽപ്പിക്കാനില്ല.

ഓടിട്ട വീടിന്റെ ഒരരുകിൽ അസ്ബസ്റ്റോസു കൊണ്ടുണ്ടാക്കിയ ഒരു ചെറിയ മുറിയാണ് കട. നിരത്തിലേയ്ക്ക് അധിക ദൂരമില്ല. ഗെയ്റ്റു കടന്നാൽ നാലഞ്ചടി നടന്നാൽ മതി. മുമ്പിൽ പ്ലൈവുഡും ഗ്ലാസും ഉപയോഗിച്ച് ഒരു കൗണ്ടറും ഷോകേസും ഉണ്ടാക്കിയിട്ടുണ്ട്. മൂന്നു ഭിത്തികളിലും ഗ്ലാസിന്റെ ഷോകേസ് നിറയെ ചന്ദനത്തിരി പാക്കറ്റുകൾ നിറച്ചിരിക്കയാണ്. കൗണ്ടറിനു പിന്നിൽ ഒരു സ്റ്റൂളിലാണ് എന്റെ സ്ഥാനം ഞാനില്ലാത്തപ്പോൾ എന്റെ ഭാര്യ ഇരിയ്ക്കും. അതുമല്ലെങ്കിൽ മകൻ. രവി ഇരിയ്ക്കുമ്പോൾ പുറത്തുള്ള വർക്ക് അവന്റെ കൊച്ചു തല മാത്രമേ കാണാൻ പറ്റൂ. ആരെങ്കിലും ഗേയ്റ്റു കടന്നു വന്നാൽ ഉടനെ അവൻ ചാടിയെഴുന്നേല്ക്കുന്നു. ഒരു ചിരിയോടെ അവരെ നേരിടുന്നു. പിന്നെ അവന്റെ ക്രിയകളെല്ലാം ഞാൻ കണിശമായി പഠിപ്പിച്ചിട്ടുള്ളതും, അവൻ ഒരു മാതിരി വിജയകരമായി നടത്തുന്നതുമാണ്.

അവൻ ഞങ്ങളുടെ മൂന്നു ബ്രാണ്ടുകൾ കൗണ്ടറിൽ നിരത്തുന്നു.

ഏതാണ് വേണ്ടത്?

'തിരുവാതിര'യുണ്ടോ?

അത് വേറൊരു കമ്പനിയുടെ ബ്രാന്റാണ്. അവന്റെ മുഖം മങ്ങുന്നു.

ഇതു നല്ലതാണു ചേട്ടാ. നല്ല വാസനയുണ്ട്. ഇത് റോസാണ് ഇത് മുല്ലപ്പൂ, ഇത്......

'തിരുവാതിര' ഇല്ലെ? അയാൾ അക്ഷമനായി അന്വേഷിക്കുന്നു.

ഇല്ല.

ശരി പിന്നെ വരാം.

അയാൾ ഇറങ്ങി നടക്കുന്നു. എന്റെ മകന്റെ മുഖം വാടുന്നു. വളരെ സാവധാനത്തിൽ കൗണ്ടറിൽ നിരത്തിയ ചന്ദനത്തിരി പാക്കറ്റുകൾ ഒന്നു വാസനിച്ച്, തിരിച്ച് ഷോക്കേസിലേക്കു തന്നെ വെയ്ക്കുന്നു.

ഒരു പാക്കറ്റെങ്കിലും വിൽക്കാൻ പറ്റിയാൽ അവന്റെ മുഖം വികസിക്കുന്നു. ഞാനോ ഭാരതിയോ അവനെ കടയിൽ നിന്നൊഴിവാക്കാൻ ചെന്നാൽ അവൻ കൃത്രിമമായി വ്യസനം നടിച്ചു പറയും.

ഒന്നും ചെലവായിട്ടില്ല.

അപ്പോൾ ഞങ്ങൾക്ക് മനസ്സിലാവും. അവൻ ഡ്രോയർ തുറന്ന് ഏതാനും നോട്ടുകൾ ആഹ്ലാദത്തോടെ കാണിച്ചു തരും.

ഇനി മോൻ പോയി പഠിച്ചോ. ഹോം വർക്ക് ചെയ്തു കഴിഞ്ഞുവോ?

ഒരു കസ്റ്റമർ ഒന്നും വാങ്ങാതെ തിരിഞ്ഞു നടക്കുമ്പോഴും വല്ലതും വാങ്ങിപ്പോകുമ്പോഴും ഞങ്ങൾക്കു ള്ളിൽ അത്രയധികം ഓളങ്ങൾ ഉണ്ടാവാറില്ല. അനുഭവങ്ങൾ ഞങ്ങളുടെ മനസ്സിനെ ഈ വിധം നിസ്സാര സുഖ ദുഃഖങ്ങൾ ഏശാത്ത വിധം മരവിപ്പിച്ചിരിക്കുന്നു.

രാത്രി, ഭക്ഷണം കഴിഞ്ഞ് ചന്ദനത്തിരി തെറുത്തുണ്ടാക്കുമ്പോൾ രവിയും സഹായിക്കുന്നു. അവൻ പറയും.

നമുക്ക് ധാരാളം പരസ്യം കൊടുക്കണം. കണ്ടില്ലെ 'തിരുവാതിര'ക്കാർ എത്ര പരസ്യാണ് കൊടുക്കണത്. അതുകൊണ്ടാണ് എല്ലാവരും 'തിരുവാതിര' അന്വേഷിച്ചു വരുന്നത്. നമ്മുടെ 'ഓടക്കുഴലും' 'തുളസി'യും ഒന്നും ചെലവാകാത്തത്.

അതു പറഞ്ഞപ്പോഴാണ് പുതുതായി പരിചയപ്പെട്ട മോഹൻ പിള്ളയുടെ കാര്യം ഓർമ്മ വന്നത്. അയാളും പറഞ്ഞു ധാരാളം പരസ്യം കൊടുക്കണം, നിങ്ങളുടെ കയ്യിലുള്ള സാധനത്തിന്റെ മേന്മ എന്താണെന്ന് ജനങ്ങളോടു പറയണം. അല്ലാതെ അവരെങ്ങിനെ അറിയാനാണ്. ഒരാഴ്ച മുമ്പാണ് അയാൾ കടയിൽ വന്നത്.

വൈകുന്നേരം ഞാൻ കടയിൽ ഇരിയ്ക്കുകയായിരുന്നു. അയാൾ ഗേറ്റിൽ ഒരു നിമിഷം സംശയിച്ചു നിന്നു. പിന്നെ നടന്നുവന്ന് കടയുടെ മുമ്പിൽ ഒരു ചിരിയോടെ നിന്നു. അയാൾക്ക് ഉയരം കുറവായിരുന്നു. മീശയില്ലാത്ത കാരണം മേൽചുണ്ടിനു മുകളിൽ അല്പം വീർത്ത പോലെ തോന്നി. ഒരു പക്ഷേ, മീശ

അടുത്തൊരു ദിവസം എടുത്തുകളഞ്ഞതാവാനും മതി. ക്രോപ്പു ചെയ്ത മുടി. ചെമ്മൺ നിറത്തിലുള്ള നീണ്ട ഖദർ ജൂബ്ബയും കരയുള്ള ഖദർ മുണ്ടും.

സാധാരണ പതിവുകാരുടെ ധൃതിയും അക്ഷമയും ഒന്നുമില്ല. അയാൾ ക്ഷമയോടെ കടയുടെ ഉള്ളു മുഴുവൻ നോക്കിപ്പഠിക്കുകയായിരുന്നു. ഒരു ആർട്ട് ക്രിട്ടിക്ക്, ശിൽപപ്രദർശിനിയിലെന്നപോലെ ഓരോ റാക്കിലും, മുക്കിലും നോക്കുമ്പോഴെല്ലാം അയാളുടെ മുഖത്ത് വിവിധ രസങ്ങൾ ഉദിച്ചിരുന്നു. രണ്ടു മിനിറ്റ് എന്നെ ഒരനിശ്ചിതത്വത്തിൽ വിട്ട ശേഷം അയാൾ അടുത്തു വന്ന് കൗണ്ടറിൽ കൈവെച്ചുകൊണ്ട് പറഞ്ഞു.

എനിയ്ക്ക് നിങ്ങളുടെ കട വളരെ ഇഷ്ടപ്പെട്ടു.

ഞാൻ ഒന്ന് വല്ലാതായി, പ്രശംസ കിട്ടി തീരെ പരിചയമില്ലാത്തതിനാൽ ആരെങ്കിലും പ്രശംസിക്കുമ്പോൾ ഞാൻ സ്വാത്മബോധമുള്ളവനാകുന്നു. മുഖത്തെ പേശികൾ വലിഞ്ഞു മുറുകി ഒരു വികൃതമായ ചിരിയോടെ നിൽക്കുന്നു. പോരാത്തതിന് കടയെപ്പറ്റി പ്രശംസിക്കാൻ മാത്രം ഒന്നുമില്ലെന്നത് എനിയ്ക്കു തന്നെ അറിയാവുന്നതായതുകൊണ്ട്, ആ പ്രശംസ എന്റെ വിഷമങ്ങളെ ഇരട്ടിപ്പിക്കുകയാണ് ചെയ്തത്. അത് വെറും സാധാരണ പെട്ടിക്കട മാത്രമായിരുന്നു.

ഇതാണ് പാകം. അയാൾ പറഞ്ഞു. വലിയ കടകൾ എത്ര വൾഗർ ആണ്. സ്മാൾ ഈസ് ബ്യൂട്ടിഫുൾ.

ഞാൻ വെറുതെ ചിരിച്ചുകൊണ്ടുനിന്നു.

അയാൾ വീണ്ടും കടയുടെ ഉള്ളിലേയ്ക്കു നോക്കി.

നിങ്ങൾ മൂന്നു തരം ചന്ദനത്തിരിയാണുണ്ടാക്കുന്നത് അല്ലേ?

അതെ. മൂന്ന് വ്യത്യസ്ത ഗന്ധമാണ്. മൂന്നു പേരിട്ടിരിക്കയാണ്. ഞങ്ങൾ തന്നെയാണവ ഉണ്ടാക്കുന്നത്.

അതേയോ? അപ്പോൾ ഫാക്ടറിയും ജോലിക്കാരെല്ലാമുണ്ടാവുമല്ലൊ.

ഇല്ല. ഞാൻ തെല്ലൊരു വല്ലായ്മയോടെ പറഞ്ഞു. ഇപ്പോൾ തുടങ്ങിയിട്ടല്ലേയുള്ളൂ. ഞങ്ങൾ തന്നെയാണുണ്ടാക്കുന്നത്. ഒരു ചെറിയ ബാങ്ക് ലോൺ കിട്ടിയിട്ടുണ്ട്.

എല്ലാം മനസ്സിലായെന്ന അർത്ഥത്തിൽ അയാൾ തല കുലുക്കി.

ഒഴിവു സമയങ്ങളിൽ നിങ്ങൾ രണ്ടു പേരും കൂടി അദ്ധ്വാനിച്ച് ചന്ദനത്തിരികൾ ഉണ്ടാക്കുന്നു. ഒരു പക്ഷെ രാത്രി വളരെ വൈകും വരെ, കാരണം പകൽ നിങ്ങൾക്ക് കടയിലിരിക്കണം. അല്ലെങ്കിൽ വിൽക്കാൻ നടക്കണം. ഭാര്യയ്ക്ക് അടുക്കളപ്പണിയുണ്ടാകും, ശരിയല്ലെ?

ഞാൻ അത്ഭുതത്തോടെ, എന്റെ ഉള്ളുകള്ളികൾ മറ്റൊരാൾ മനസ്സിലാക്കിയ വല്ലായ്മയോടെ തലയാട്ടി.

അങ്ങിനെയാണ് ജീവിതം. അയാൾ വളരെ ഗൗരവമായി പറഞ്ഞു. ഒരു സമരം തന്നെയാണ്. എ വെരിറ്റബ്ൾ സ്ട്രഗ്ൾ.

അയാളെ എന്നിലേയ്ക്കടുപ്പിക്കുന്ന എന്തോ ഉണ്ടായിരുന്നു. അയാളുടെ കണ്ണുകൾ, അതിലുള്ള 'നമ്മൾ രണ്ടുപേരും, അല്ലെ' എന്ന ഭാവം.

എന്റെ പേര് മോഹൻ പിള്ള. അയാൾ പറഞ്ഞു. നമ്മടെ പേര്?

രാഘവൻ.

രാഘവൻ? അയാൾ ഊന്നിച്ചോദിച്ചു.

ഞങ്ങൾ നായന്മാരാണ്. പക്ഷെ ഞാൻ ടൈറ്റിലൊന്നും ഉപയോഗിക്കാറില്ല.

ശരിയാണ്. അയാൾ ഗൗരവമായി ആലോചിച്ചു കൊണ്ടു പറഞ്ഞു. അല്ലെങ്കിൽ ജാതിയിലും മതത്തിലുമൊക്കെ എന്തു കിടക്കുന്നു? നമ്മുടെ ചുറ്റും കാണുന്ന വൃത്തികേടിൽ പലതിന്റെയും ഉത്ഭവം ജാതിമതങ്ങളല്ലെ?

വീണ്ടും അയാൾ എന്റെ ഭാഗത്താണെന്നു പറയുന്നു. നമ്മുടെ വികാരങ്ങൾ എന്തെന്നറിയാതെതന്നെ മറ്റൊരാൾ അവ ഏറ്റുപറയുമ്പോൾ നാം പ്രശംസിക്കപ്പെടുന്നു. നമുക്കവരുമായി ഒരു സ്വകാര്യബന്ധം ഉണ്ടാവുന്നു. മനസ്സും മനസ്സുമായി ഒരടുക്കൽ. ആ മനുഷ്യൻ പിന്നെ, കാണാൻ ഭംഗിയില്ലെങ്കിലും ഇടാൻ സുഖമുള്ള ഒരു ഷർട്ടുപോലെ സ്വീകാര്യനാവുന്നു.

അയാൾ വാച്ചു നോക്കി.

ഓ എനിയ്ക്കു പോകണം.

പിന്നെ യാതൊരു മുന്നറിയിപ്പും, ലോഹ്യം ചോദിക്കലുമില്ലാതെ അയാൾ പോയ്ക്കഴിഞ്ഞു.

അകത്ത് ഭാരതി ചന്ദനത്തിരിക്കുള്ള കൂട്ട് കുഴയ്ക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അവൾ നടുനിവർത്തു.

നടു വേദനിച്ചിട്ട് വയ്യ. എന്താ ഇത്ര വൈകിയത്. വരാൻ? കുറച്ചു വെള്ളം വേണ്ടിയിരുന്നു.

ഞാൻ പാത്രത്തിൽ വെള്ളമെടുത്തു കൊണ്ടുവന്നു.

കടയിൽ ഒരു കസ്റ്റമർ വന്നിരുന്നു.

വല്ലതും വാങ്ങിയോ?

അയാൾക്ക് നമ്മുടെ കട നല്ല ഇഷ്ടമായി.

അതേയോ എന്ന അർത്ഥത്തിൽ അവൾ മൂളി. കൂട്ട് കുഴച്ച ശേഷം എഴുന്നേറ്റ് കരി പിടിച്ച കൈകൾ കഴുകി.

സമയമെത്രയായി?

എട്ടുമണി.

കട അടച്ചുവോ?

മോനോട് പറഞ്ഞിട്ടുണ്ട്.

ഭാരതി കസേരയിൽ ഇരുന്നു. അരക്കെട്ടിനു പിന്നിൽ കൈവെച്ചു.

ഇന്ന് വേദന കൂടിയിട്ടുണ്ട്.

ഞാൻ ഒന്നും പറയാതെ ഉണങ്ങാൻ വിരിച്ചിട്ട ചന്ദനത്തിരികൾ നോക്കി. എന്താണ് ആശ്വസിപ്പിക്കേണ്ടത്, രാവിലെ അഞ്ചു മണിക്ക് തുടങ്ങിയതാണ് ഈ ജോലി. അതിനിടയ്ക്ക് അടുക്കളപ്പണിയും. ഇനി കുഴച്ചുവെച്ചതു മുഴുവൻ തെറുത്തു കഴിയുമ്പോൾ ഒരു മണിയെങ്കിലുമാവും. വീണ്ടും അഞ്ചുമണിക്ക്.......

കുറച്ചുകൂടി ക്ഷമിക്കു. ഞാൻ മനസ്സിൽ പറഞ്ഞു. എല്ലാം ശരിയാവും. ചന്ദനത്തിരി വില്ക്കുന്ന കാര്യത്തിൽ മിടുക്കില്ലെങ്കിലും ഞാൻ സ്വപ്നങ്ങൾ വില്ക്കുന്നതിൽ നല്ല സെയിൽസ്മാൻ ആയിരുന്നു.

എന്റെ ഒരേ കസ്റ്റമർ ഭാരതിയാണ്. ഞാൻ അവൾക്ക് ദിവസേന മധുരമുള്ള സ്വപ്നങ്ങൾ വില്ക്കുന്നു.

കുറച്ചുകൂടി കഴിഞ്ഞാൽ നമുക്ക് രണ്ടു മൂന്നു പെൺകുട്ടികളെ ചന്ദനത്തിരിയുണ്ടാക്കാൻ ഏർപ്പാടു ചെയ്യാം. എവിടെയെങ്കിലും ഒരു ചെറിയ ഷെഡ്ഡ് വാടകയ്ക്കെടുത്ത് അവിടെ ഒരു ഫാക്ടറി മാതിരി തുടങ്ങാം. കടയിലിരിയ്ക്കാൻ ഒരു പയ്യനെ ഏർപ്പാടാക്കാം. ഒരാറുമാസം കൊണ്ട് നമുക്ക് ഇതെല്ലാം സാധിക്കും. പിന്നെ നമുക്ക് ഒരു സ്കൂട്ടർ വാങ്ങണം. ചന്ദനത്തിരികൊണ്ട് കടകളിൽ കയറിയിറങ്ങുമ്പോൾ യാത്ര ഒരു സ്ക്കൂട്ടറിലാവുമ്പോൾ സൗകര്യമാണ്. പിന്നെ അവർക്കും ഒരു മതിപ്പുണ്ടാവും എന്നെപ്പറ്റി. വെറും സെയിൽസ്മാൻമാരോടെന്നപോലെ വൃത്തികേടായി പെരുമാറില്ല.

ഭാരതി സ്വപ്നം കാണാൻ തുടങ്ങുന്നു. ഇളം നീല നിറമുള്ള സ്ക്കൂട്ടറിന്റെ പിന്നിൽ ഇരുന്ന് ഞായറാഴ്ചകളിൽ സിനിമ കാണാൻ പോവുക. മാസങ്ങളായി കണ്ടിട്ടില്ലാത്ത ബന്ധുക്കളുടെയും സ്നേഹിതരുടെയും വീട്ടിൽ പോവുക. സ്വപ്നം തുടരവേ അവൾ യാന്ത്രികമായി ജോലി ചെയ്യുന്നു.

ചെറുപ്പത്തിൽ അമ്മ പശുക്കൾക്ക് കാടിവെള്ളം കൊടുക്കുന്നതു കണ്ടിട്ടുണ്ട്. സ്വാദില്ലെങ്കിൽ ആ പാവങ്ങൾ പിണ്ണാക്കിട്ട് കുതിർത്തതാണെങ്കിലും ആ വെള്ളം കുടിക്കാറില്ല. അമ്മപോയി കുറച്ച് ഉപ്പ് എടുത്തുകൊണ്ടു വന്ന് വെള്ളത്തിൽ നനച്ച് കുടിക്കാൻ സമ്മതിക്കാതെ തലയാട്ടുന്ന ആ മൃഗത്തിന്റെ വായിൽ വെച്ചുകൊടുക്കുന്നു. ഒപ്പം അതിന്റെ തലയും വെള്ളത്തിലേയ്ക്ക് താഴ്ത്തിക്കൊടുക്കുന്നു. ഉപ്പിന്റെ സ്വാദോർത്ത് പശു കാടി വെള്ളം മുഴുവൻ അകത്താക്കുന്നു. പിന്നെ അമ്മയുടെ സ്നേഹമയമായ ശകാരങ്ങളാണ്.

അപ്പൊ അതങ്ങട് നേർത്തെ കുടിക്ക്യായിരുന്നില്ലേ. കൊഞ്ചാൻ നിക്കണത്.

അമ്മ സ്വന്തം മക്കളേക്കാൾ മിണ്ടാപ്രാണികളെ സ്നേഹിച്ചു. അപ്പോൾ അല്പ സ്വല്പം ചതിയായാലും കുഴപ്പമില്ല.

ഭാരതി സ്വപ്നത്തിന്റെ ഉപ്പുരസം ആസ്വദിച്ച് വെള്ളം കുടിക്കയാണ്. എനിയ്ക്ക് എന്റെ കാടിവെള്ളം കുടിക്കേണ്ടതുണ്ട്, ഉണങ്ങിയ ചന്ദനത്തിരികൾ എണ്ണി പാക്കറ്റു കൾ നിറയ്ക്കുക, ഡസന്റെ പായ്ക്കറ്റുകൾ ഒന്നായി പാക്കു ചെയ്യുക. ഓർഡർ അനുസരിച്ച് വേർതിരിച്ചു വെക്കുക.

മോഹൻപിള്ള പിറ്റേന്നും വന്നു ഒരു ചിരിയോടെ അയാൾ കൗണ്ടറിൽ കൈ കുത്തി നിന്നു. ഞാനുണ്ട് നിങ്ങളുടെ ഭാഗത്തെന്ന് സാന്ത്വനിപ്പിക്കുന്ന ഭാവം.

എനിയ്ക്കു നിങ്ങളുടെ ചന്ദനത്തിരിയുടെ വാസന ഇഷ്ടമായി. നല്ല വാസനയുണ്ട്.

മൂക്കു വിടർത്തി, ചന്ദനത്തിരിയുടെ വാസന ആസ്വദിക്കാൻ വേണ്ടി അയാൾ നിർത്തി.

നിങ്ങളുടെ ഗെയ്റ്റിന്റെ പത്തുവാര അകലെയെത്തിയാൽ ഈ വാസന കിട്ടുന്നുണ്ട്. പിന്നെ എന്റെ നടത്തം നിലത്തല്ല. ഈ വാസന എന്നെ ഒരു സ്വർഗ്ഗലോകത്തേയ്ക്ക് നയിക്കുന്നു.

അയാൾ വാസന എന്ന വാക്ക് ഉപയോഗിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. മണം, ഗന്ധം എന്ന വാക്കുകൾ അയാൾ ഉപയോഗിച്ചില്ല. നാട്ടുകാർ സ്ഥിരം ഉപയോഗിക്കുന്ന വാക്കുകളാണിവ. നല്ല മണം അല്ലെങ്കിൽ ചീത്തമണം സുഗന്ധം അല്ലെങ്കിൽ ദുർഗന്ധം. നാറ്റം അല്ലെങ്കിൽ വാട. വാസന എന്ന പദം കുറച്ച് പ്രശംസനീയമായിരുന്നു. മറ്റാർക്കുമില്ലാത്ത ഒന്ന് നമുക്കുണ്ടെന്ന് അംഗീകരിക്കുന്ന ആ അഭിപ്രായപ്രകടനം നമ്മെ വീണ്ടും അയാളിലേക്കടുപ്പിക്കുന്നു.

വിൽപനയൊക്കെ എങ്ങിനെയുണ്ട്?

തരക്കേടില്ല. കടയിൽ വലിയ വിൽപനയൊന്നുമില്ല. മൊത്തക്കച്ചവടക്കാർക്കാണ് ഞങ്ങൾ കാര്യമായി കൊടുക്കുന്നത്.

ഞാൻ ഒന്നു പറയട്ടെ ഒരു സജഷൻ മാത്രം.

അയാൾ നിർത്തി. എന്റെ മറുപടിക്കായി, അനുവാദത്തിനായി കാത്തുനിന്നു. എന്റെ മുഖത്തുനിന്ന് അയാൾക്കു കിട്ടാനുള്ളതു കിട്ടിയെന്നു തോന്നുന്നു. അയാൾ തുടർന്നു. ഈ നഗരത്തിൽ ചുരുങ്ങിയത് അമ്പത് ഉഡുപ്പി റസ്റ്റോറന്റുകളെങ്കിലുമുണ്ടാവും. ഇവരെല്ലാം ചുരുങ്ങിയത് ഓരോ പാക്കറ്റെങ്കിലും ഒരു ദിവസം പുകച്ചു കളയുന്നുണ്ട്. എന്നുവെച്ചാൽ അമ്പത് പാക്കറ്റ് ഒരു ദിവസം. നിങ്ങൾക്ക് മൊത്തവിലയ്ക്ക് കൊടുത്താലും ലാഭമല്ലെ? ആഴ്ചയിൽ പത്തു മുന്നൂറു പാക്കറ്റിന്റെ ബിസിനസ്സ് മോശമാണോ?

ആഴ്ചയിൽ മൂന്നൂറു പാക്കറ്റിന്റെ ബിസിനസ്സ് ഞങ്ങളെ സംബന്ധിച്ചിടത്തോളം നല്ല ബിസിനസ്സു തന്നെയാണ്. പക്ഷെ അതു പ്രകടിപ്പിക്കാതെ ഞാൻ ആണെന്നും അല്ലെന്നും അർത്ഥം വരുന്ന മുഖഭാവവുമായി നിന്നു.

ഒന്നു പരീക്ഷിച്ചു നോക്കു.

ഇനിയും ഒന്നും പറഞ്ഞില്ലെങ്കിൽ അയാളുടെ നിർദ്ദേശം മാനിക്കാതിരിക്കയാണെന്ന് അയാൾ ധരിക്കുമെന്നു കരുതി ഞാൻ പറഞ്ഞു.

നോക്കാം.

പിന്നെയുമുണ്ട് സ്ഥലങ്ങൾ. അയാൾ ആലോചിക്കുകയായിരുന്നു.

ഞാൻ പിന്നെ പറയാം. ഇത്രയും മനോഹരമായൊരു സാധനം വിൽക്കാൻ അത്ര പണിപാടൊന്നുമില്ല. പരസ്യം ചെയ്യണം ധാരാളം പരസ്യം. നിങ്ങളുടെ ബ്രാന്റ് ആൾക്കാരുടെ കണ്ണിൽ പെടണം.

അയാൾ വാച്ചു നോക്കി.

ഓ, സമയം! ഞാൻ വരാം.

അയാൾ പോയ്ക്കഴിഞ്ഞു.

ഭാരതിയുടെ കണ്ണുകൾ വിടർന്നു. ആഴ്ചയിൽ മുന്നൂറു പാക്കറ്റ്. അതും മൊത്തവിലയിൽ. നമുക്ക് ഒരു പാക്കറ്റിൽ അമ്പതു പൈസ കൂടുതൽ കിട്ടും. എന്താ മോശം നാളെത്തന്നെ ഒന്നു പോയി നോക്കു.

കാര്യങ്ങൾ അത്ര എളുപ്പമല്ലെന്ന് എനിക്കറിയാം. അത് അനുഭവങ്ങളെക്കൊണ്ട് കിട്ടിയ അറിവാണ്. വളരെ എളുപ്പമാണെന്നു തോന്നിയ കാര്യങ്ങൾ, അടുക്കുമ്പോൾ വിലങ്ങുതടികൾ നിറഞ്ഞതാണെന്നു മനസ്സിലാവുന്നു ഭാരതിയുടെ ശുഭാപ്തിവിശ്വാസം എന്തിനു കളയണം. പോരാത്തതിന് ഒന്നു ശ്രമിച്ചു നോക്കാൻ ഞാനും തീർച്ചയാക്കിയിരുന്നു. ഞാൻ പറഞ്ഞു.

നാളെ പോയി നോക്കാം.

തയ്യാറായ പാക്കറ്റുകൾ കുന്നുകൂടിയിരുന്നു, ഓർഡറുകൾ പ്രതീക്ഷിച്ച്. ശ്രമിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല. എന്തു കിട്ടിയാലും അതൊരു നേട്ടമാണ്.

നിറച്ച സഞ്ചിയുമായി ഞാനിറങ്ങി. തൊട്ടടുത്തുള്ള ഉഡുപ്പി റസ്റ്റോറന്റ് ഞാൻ ഒഴിവാക്കി. ഞങ്ങൾ വല്ലപ്പോഴും ഒരു ഞായറാഴ്ച മസാലദോശ കഴിക്കാൻ പോകാറുള്ള ഇടമാണത്. ഇനിയൊരു സെയ്ൽസ് മാൻ എന്ന നിലയ്ക്ക് എന്നെ സ്വയം പരിചയപ്പെടുത്താൻ ഒരു സങ്കോചം. രണ്ടു സ്റ്റോപ്പു കഴിഞ്ഞാൽ ഒരു വലിയ ഉഡുപ്പി റെസ്റ്റോറന്റുണ്ട്. തുടക്കം അവിടെത്തന്നെയാവട്ടെ ഞാൻ നടന്നു.

മാർബിൾ പതിച്ച ചുമരുള്ള ആ റെസ്റ്റോറണ്ടിൽ തണുപ്പായിരുന്നു. ചന്ദനത്തിരിയുടെ മണവും നെയ്റോസ്റ്റിന്റെ മണവും ചേർന്ന് വളരെ സുഖകരമായ ഒരു വാസന അന്തരീക്ഷത്തിൽ ഉണ്ടായിരുന്നു. ഉഡുപ്പി റെസ്റ്റോറന്റിൽ എപ്പോഴും ഊ വാസന ഉണ്ടാവാറുണ്ടെന്നത് ഞാൻ ഓർത്തു. പക്ഷെ അത് ശ്രദ്ധിക്കാറുണ്ടായിരുന്നില്ല. ജനിച്ച മുതൽ ഞാൻ അനുഭവിക്കാൻ തുടങ്ങിയതാണീ മണം. വീട്ടിൽത്തന്നെയായിരുന്നു അച്ഛൻ ചന്ദനത്തിരികൾ ഉണ്ടാക്കിയിരുന്നത്. വീട്ടിന്റെ കോലായിൽ തന്നെ കച്ചവടവും. ക്ലാസിലെ സ്നേഹിതന്മാരാരെങ്കിലും 'തന്റെ വീട്ടിൽ എന്തു വാസനയാണ്' എന്നു പറയുമ്പോൾ ഞാൻ അത്ഭുതപ്പെടാറുണ്ട്. ചന്ദനത്തിരി വാസനയുള്ള ഒരു സാധനമാണെന്ന കാര്യം കൂടി ഞാൻ മറന്നിരുന്നു.

ഇപ്പോൾ, ഇതൊരു പുതിയ മണമായതു കൊണ്ടോ അത് നെയ്റോസ്റ്റിന്റെ മണവുമായി കുഴഞ്ഞതു കൊണ്ടോ എന്തോ അത് വളരെ ഹൃദ്യമായി തോന്നി. ഞാൻ ആവോളം ആ മണം ആസ്വദിച്ചു.

കൗണ്ടറിനു മുകളിൽ വാടാത്ത പൂമാലയണിഞ്ഞ സ്വാമിയുടെ ചിത്രത്തിനു മുമ്പിൽ ഒരു കുറ്റിയിൽ നിറയെ ചന്ദനത്തിരി കത്തിച്ചിരിക്കുന്നു. അഞ്ചെട്ടെണ്ണമുണ്ടാവും. മോഹൻപിള്ള പറഞ്ഞതു ശരിയാണ്. ഇവർ ദിവസേന ഒരു പാക്കറ്റെങ്കിലും ഉപയോഗിക്കുന്നുണ്ടാവും.

കൗണ്ടറിൽ വെളുത്തു തടിച്ച ഒരാൾ ഇരുന്നിരുന്നു. കഴുത്തിൽ സ്വർണ്ണമാല, നെറ്റിയിൽ ചന്ദനക്കുറി, ചെവി യിൽ പൂക്കൾ. ഞാൻ ബാഗിൽ നിന്ന് മൂന്നു പാക്കറ്റുകൾ പുറത്തെടുത്ത് കൗണ്ടറിൽ നിരത്തി. അപ്പോഴേയ്ക്ക് രണ്ടുപേർ ബില്ലുമായി വന്നു. അയാൾ പാക്കറ്റുകൾ പതുക്കെ ഒരരുകിലേയ്ക്ക് മാറ്റി. അവരുടെ പണം വാങ്ങി ചില്ലറ കൊടുത്തി.

നല്ല ചന്ദനത്തിരിയാണ്. മൂന്നു വ്യത്യസ്ത വാസനയാണ് മുല്ലപ്പൂ, റോസ്, പിന്നെ ഇന്റിമേറ്റ്.

അയാൾ പറഞ്ഞു.

താങ്ക്സ്, ഇപ്പോൾ വേണ്ട. പിന്നെ ഇവിടെ ഒരാൾ കൊണ്ടുവന്നു തരുന്നുണ്ട്. ഒരു പഴയ ആളാണ്. ആട്ടെ നിങ്ങളുടെ വില എന്താണ്?

പാക്കറ്റിന് മൂന്ന് അമ്പത്. മുപ്പതു ചന്ദനത്തിരികളുണ്ടാവും.

വില അധികമൊന്നുമില്ല. അയാൾ പറഞ്ഞു. ഇതാണ് കാര്യം. ഒരു പറ്റുകാരനുണ്ട്. കുറച്ച് വയസ്സായ ആളാണ്. ഇതാ ഇപ്പൊ തന്ന് പോയിട്ടേള്ളൂ. ഒരു പക്ഷെ ഇതിനുള്ളിൽത്തന്നെ എവിടെയെങ്കിലുമുണ്ടാവും.

അയാൾ ഹാളിൽ തിരഞ്ഞു.

നല്ല തിരക്കുണ്ടായിരുന്നു. വെള്ള ലാമിനേറ്റിട്ട മേശയ്ക്കു മുമ്പിലിരുന്ന് ഭക്ഷണം കഴിക്കുന്ന ആൾക്കാർക്കിടയിൽ എനിക്കറിയാത്ത ഒരു ചന്ദനത്തിരിക്കാരനെ ഞാൻ തിരഞ്ഞു.

അതാ ആ വരുന്നില്ലെ, അയാളാണ് ആൾ.

ഞാൻ നോക്കി. വളരെ വയസ്സായ ഒരാൾ ഒരു കാൻവാസ് സഞ്ചിയും തൂക്കി വരുന്നു. വയസ്സൻ കൗണ്ടറിനു മുമ്പിൽ നിന്നു. സഞ്ചി താഴെ വെച്ച് കീറിത്തുടങ്ങിയ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ഒരു ഒറ്റ ഉറുപ്പിക നോട്ടെടുത്ത് കൊടുത്തു. സഞ്ചിയെടുത്തു തോളത്തു വെച്ചു.

ശരി വരട്ടെ മുതലാളി. അടുത്ത ആഴ്ച കാണാം.

തിരിയുമ്പോഴാണ് കിഴവൻ കണ്ടത്, ഞാൻ കൗണ്ടറിൽ വെച്ച മൂന്നു പാക്കറ്റ് ചന്ദനത്തിരികൾ. അയാളുടെ മുഖം മങ്ങി. അയാൾ ദൈന്യ ഭാവത്തിൽ എന്നെ നോക്കി. പിന്നെ താഴെ വെച്ച എന്റെ സഞ്ചിയും. ആ നോട്ടം വളരെ വിഷമിപ്പിക്കുന്നതായിരുന്നു.

കിഴവൻ പോയി.

ഒരു സാധു മനുഷ്യനാണ്. ഇതൊണ്ടാക്ക്യാണ് അയാൾ ജീവിക്കണത്. ഞാൻ വേണങ്കി അയാളെ ഒഴിവാക്കി നിങ്ങൾക്ക് ബിസിനസ്സ് തരാം.

വേണ്ട ഞാൻ ആ മൂന്നു പാക്കറ്റുകളും എടുത്തു.

ആ മൂന്നു പാക്കറ്റുകൾ വേണമെങ്കിൽ വെച്ചോളൂ. നിങ്ങൾ കുറച്ചു സമയം ഇവിടെ നഷ്ടപ്പെടുത്തിയതല്ലെ!
അതു സാരല്ല്യ. പാക്കറ്റുകൾ സഞ്ചിയിലേക്കിടുമ്പോൾ ഞാൻ പറഞ്ഞു.
ശരി, കാണാം.
ശരി. വേറൊരു കസ്റ്റമറുടെ പണം വാങ്ങുന്നതിനിടയിൽ ചിരിച്ചുകൊണ്ട് മുതലാളി പറഞ്ഞു.

അയാൾ വളരെ മര്യാദക്കാരനായിരുന്നു, അയാളുടെ മര്യാദ എന്നെ നിരായുധനാക്കി, മൂന്നു പാക്കറ്റാണെങ്കിൽ മൂന്നു പാക്കറ്റ്. അത്രയും വിൽക്കാമായിരുന്നു. പക്ഷേ, അയാളുടെ സംസാരത്തിലെ എന്തോ ഒന്ന് എന്നെ നിർവീര്യനാക്കിയിരുന്നു. അയാൾക്കത് ആവശ്യമില്ലെന്നും ഞാൻ എന്റെ പണ്ടങ്ങൾ അയാളുടെ തലയിലിടുകയാണെന്നും ഉള്ള ഒരു ബോധം എനിക്കുണ്ടായി. അയാൾ ഒന്ന് മുഖം ചുളിക്കുകയോ, എന്നെ അവഗണിക്കുകയോ ചെയ്തിരുന്നെങ്കിൽ എനിക്കതു ചെയ്യാമായിരുന്നു.

പിന്നെ ആ വയസ്സന്റെ നോട്ടം. അതു ദയനീയമായിരുന്നു. എന്റെ ബിസിനസ്സ് തട്ടിയെടുക്കല്ലെ എന്ന പ്രാർത്ഥനയുണ്ടായിരുന്നു അതിൽ.

ഞാൻ അച്ഛനെ ഓർത്തു. അവസാന കാലങ്ങളിൽ ബിസിനസ്സ് വളരെ മോശമായിരുന്നു. വളരെ മോശമെന്നു വെച്ചാൽ, ചില ദിവസം ഒന്നോ രണ്ടോ പാക്കറ്റുകൾ വിറ്റാലായി, അത്രമാത്രം.

പെട്ടെന്നാണ് അതെല്ലാം ഉണ്ടായത്. ആ പരിസരത്തെങ്ങും വേറെ കടകളില്ലായിരുന്നു. ഒരു മാതിരി നല്ല ബിസിനസ്സ് ഉണ്ടായിരുന്നതാണ് ദൂരെയുള്ള മറ്റു കടകളിലേക്കും അച്ഛൻ ഒരു പയ്യനെ വെച്ച് വിതരണം നടത്തി യിരുന്നു. പെട്ടെന്ന് അച്ഛന് മാർക്കറ്റ് നഷ്ടപ്പെട്ടു, ഒരു സായുധ വിപ്ലവം പോലെയായിരുന്നു അത്. ചുറ്റും പുതിയ കടകൾ ഉയർന്നുവന്നു. ഒരു കുട്ടി കളിപ്പാട്ടങ്ങൾ നിരത്തുന്ന വേഗത്തിലാണതുണ്ടായത്. നിരത്തു നിറയെ അറിയാത്ത ആൾക്കാർ ഉരസി നടന്നു. സ്വന്തം നാട്ടിൽ അന്യനായതുപോലെ അച്ഛനു തോന്നിക്കാണണം. ഇതിനിടയിൽ തന്റെ ചന്ദനത്തിരിക്കുള്ള പ്രിയം കുറഞ്ഞുവന്നതദ്ദേഹത്തെ അത്ഭുതപ്പെടുത്തി. കുറേക്കാലമായി വാതത്തിന്റെ ശല്യം കാരണം അച്ഛൻ പുറത്തിറങ്ങാറില്ല. അതുകൊണ്ട് പട്ടണത്തിന്റെ മറ്റു ഭാഗങ്ങളിൽ എന്താണ് സംഭവിച്ചുകൊണ്ടിരുന്നതെന്ന് അച്ഛന് മനസ്സിലായില്ല. വലിയ ഗ്ലാസ് ഷെൽഫുകളുള്ള കടകളിൽ പലതരം നിത്യോപയോഗ സാധനങ്ങൾ നിരന്നു. ചന്ദനത്തിരികൾ പല ആകർഷമായ പാക്കറ്റുകളിൽ എത്തി. പുതിയ മണം, പുതിയ പാക്കറ്റുകൾ തേടി ആൾക്കാർ ഈ പുതിയ കടകൾ കയറിയിറങ്ങി. ഇതൊന്നും അച്ഛന് മനസ്സിലായില്ല. അച്ഛന്റെ കണ്ണ് തിമിരത്തിന് ഓപ്പറേറ്റ് ചെയ്തിരുന്നു. കട്ടിയുള്ള കണ്ണടയിലൂടെ അച്ഛന്റെ കണ്ണുകൾ വളരെ വലുതും വിരൂപവുമായി തോന്നിയിരുന്നു. ആ കണ്ണുകളും പായിച്ച് അച്ഛൻ കടയിൽ വരാത്ത പതിവുകാരെ പ്രതീക്ഷിച്ച് നിരത്തിലേക്ക് നോക്കിയിരുന്നു.

അടുത്ത ഉഡുപ്പി റെസ്റ്റോറന്റിലേക്കു കുറച്ചധികം ദൂരമുണ്ടായിരുന്നു. ബസ്സ് പിടിക്കണോ എന്നാലോചിച്ച് ഞാൻ ഒരു നിമിഷം നിന്നു. രാവിലത്തെ പോക്കു കണ്ടാൽ ബസ്സുകൂലി കൂടി നഷ്ടമാണെന്നു തോന്നി ഞാൻ നടക്കാൻ തുടങ്ങി.

അത് ആദ്യത്തെ റെസ്റ്റോറണ്ടിന്റെ അത്രതന്നെ വലുതായിരുന്നില്ല. ചന്ദനത്തിരിയുടെ മൂന്നു പാക്കറ്റുകൾ മേശമേൽ വെക്കുമ്പോഴേക്കും മുതലാളി പറഞ്ഞു.
എടുത്തു വെച്ചോ ബാഗിൽ തന്നെ, ഇവിടെ ധാരാളം സ്റ്റോക്കുണ്ട്.
ഇതൊന്നു പരീക്ഷിച്ചു നോക്കു, ഞങ്ങൾ സ്വന്തമുണ്ടാക്കുന്നതാണ്.

അയാൾ എന്നെ ഒന്നു നോക്കി. അതിൽ അവജ്ഞയുമുണ്ടായിരുന്നു; ധാർഷ്ഠ്യവും. ആ നോട്ടത്തിൽ ഞാൻ ചെറുതായി വന്നു. അയാൾ ഒരു പടുകൂറ്റൻ മരം പോലെ വലുതാവുകയും. അല്പം നല്ല പെരുമാറ്റത്തിനായി, സമത്വത്തിനായി ഞാൻ തല ഉയർത്തി അയാളെ നോക്കി. അയാൾ തന്റെ പുതിയ ഔന്നത്യത്തിൽ നിന്ന് എന്നെ കൂടുതൽ അവജ്ഞയോടെ, നീ എന്തൊരു പുഴു എന്ന മട്ടിൽ നോക്കുകയാണ്.

ഞാനൊരു വെറും സെയിൽസ്മാനല്ലെന്നും വിൽക്കാൻ കൊണ്ടുവന്ന സാധനങ്ങളുണ്ടാക്കുന്ന കമ്പനിയുടെ ഉടമസ്ഥനാണെന്നും അയാളോട് പറയണമെന്നും, അതുവഴി അയാളിൽ കുറച്ചെങ്കിലും ബഹുമാനം ജനിപ്പിക്കണമെന്നും ഞാൻ ആശിച്ചു. പക്ഷേ, ഒന്നും പറയാൻ വയ്യ. ഞാനും അയാളും തമ്മിലുള്ള അകലം വർദ്ധിച്ചു വരുന്നു. ഈ കേൾക്കാദൂരത്തു നിന്ന് ഞാനയളോടെന്തു പറയാൻ? ഞാനൊരു വിഷമം പിടിച്ച അവസ്ഥയിലായിരുന്നു. എനിക്കു വേണമെങ്കിൽ ചന്ദനത്തിരി പാക്കറ്റുകൾ തിരിച്ചുവെച്ച് സഞ്ചിയും തൂക്കി പുറത്തു കടക്കാം. പക്ഷേ, ഈ ദൂരം കുറയ്ക്കാതെ എനിയ്ക്കു തിരിച്ചു പോകാനും വയ്യ. അതെനിയ്ക്ക് വല്ലായ്മയുണ്ടാക്കുന്നു. പരാജയത്തേക്കാൾ വൃത്തികെട്ട ഒരു ബോധം.
ആ സഞ്ചിയൊന്നു മാറ്റുമോ?

കൗണ്ടറിൽ ധൃതിയായ വ്യാപാരമാണ്. അയാൾ ഒരു താളത്തോടെ ആൾക്കാരിൽ നിന്ന് നോട്ടുകൾ വാങ്ങി അവരുടെ കൈയ്യിലുള്ള ബിൽ നോക്കി. ആദ്യം ചില്ലറയും പിന്നെ നോട്ടുകളും മേശപ്പുറത്ത് ഒരു ശബ്ദത്തോടെ വെച്ചു. പിന്നെ അടുത്ത ആളുടെ നോട്ട്, ബിൽ, ഞാൻ അയാളുടെ താളം തെറ്റിച്ചുവെന്ന് തോന്നുന്നു. കുറച്ചൊരു ഒഴിവു കിട്ടിയപ്പോൾ അയാൾ പറഞ്ഞു.
ആ സഞ്ചിയൊന്ന് മാറ്റണം. പിന്നെ ഞാൻ പറഞ്ഞില്ലെ, ഇപ്പൊ വേണ്ടാന്ന്.

ഞാൻ ചന്ദനത്തിരി പാക്കറ്റുകൾ സഞ്ചിയിലിട്ട് സഞ്ചി കൈയ്യിലെടുത്തു. പിന്നെ പോക്കറ്റിൽ നിന്ന് ഒരു വിസിറ്റിംഗ് കാർഡ് എടുത്ത് അയാളുടെ നേരെ നീട്ടി.

P. Raghavan
Proprieter
Sweet Dreams Agarbathy works
Cochin - 682 016

ഒരു ചെറിയ സ്ഥാപനത്തിന്റേതായാലും ഞാൻ ഒരു ഉടമസ്ഥനാണെന്നയാൾ അറിയട്ടെ. അതുവഴി ഞാനും അയാളും തമ്മിലുള്ള ഉയരത്തിന്റെ അന്തരം കുറയട്ടെ.

എന്റെ കണക്കുകൂട്ടലുകളെല്ലാം തെറ്റായിരുന്നു. അയാൾ എന്റെ കാർഡ് വാങ്ങി നോക്കുക പോലും ചെയ്യാതെ മേശയ്ക്കു താഴേയ്ക്കിട്ടു. മേശവലിപ്പിലേക്കോ അല്ലെങ്കിൽ ചവറ്റു കുട്ടയിലേക്കോ.

ഞാൻ പുറത്തു കടന്നു.

മോഹൻപിള്ള വീണ്ടും വന്നു. കൗണ്ടറിൽ കൈ വെച്ച് ഒരു ചിരിയോടെ അയാൾ എന്നെ നോക്കി, ഒരു ചോദ്യഭാവത്തോടെ.

ഞാൻ പറഞ്ഞ കാര്യം വല്ലതും ചെയ്തുവോ?

ഹോം വർക്ക് ചെയ്തുവോ എന്നു ചോദിക്കുന്ന അദ്ധ്യാപകന്റെ ലാഘവത്തോടെ അയാൾ ചോദിച്ചു.

ഞാൻ പെട്ടെന്ന് ഓർത്തപോലെ പറഞ്ഞു. ആ, ഉടുപ്പി റെസ്റ്റോറന്റിന്റെ കാര്യമല്ലെ? ഞാൻ മറന്നുപോയി, ഇന്നു നല്ല തിരിക്കായിരുന്നു കടയിൽ അടുത്തൊരു ദിവസം പോകാം.

പോകാതിരിക്കരുത്. നമുക്ക് നഷ്ടപ്പെടാനൊന്നുമില്ല. പത്തുമുന്നൂറു പായ്ക്കറ്റിന്റെ ബിസിനസ്സ് അത്ര മോശമൊന്നുമല്ല.

ഞാൻ തലയാട്ടി. ഇയ്യാൾ എന്തിനെന്നെ ഭരിക്കുന്നു. ഒരമർഷത്തോടെ ഞാൻ ഓർത്തു. രാവിലെയുണ്ടായ അനുഭവങ്ങൾ അത്ര സുഖകരമായിരുന്നില്ല. എന്റെ മുഖത്തുണ്ടായ നീരസം അയാൾക്ക് മനസ്സിലായെന്നു തോന്നുന്നു. അയാൾ ചിരിച്ചുകൊണ്ടു ചോദിച്ചു.

ഞാനൊരു മാഷ്ടെപോലെയാണല്ലെ? വല്ലാതെ നിർബന്ധിക്കുണു അല്ലെ?

ഞാനോർത്തു എന്റെ നന്മക്കുവേണ്ടി പറയുന്നതാണ്. അല്ലാതെ അയാൾക്ക് ഇതിൽ മറ്റെന്തു താല്പര്യമാണുള്ളത്?

ക്രമേണ എന്റെ മുഖത്തെ വലിഞ്ഞു മുറുകിയ പേശികൾ അയഞ്ഞുവന്നു. ഞാൻ ശാന്തനായി. തല വേദന നിവാരണി ഗുളികകളുടെ പരസ്യത്തിലെ മോഡലുകളെപ്പോലെ ഞാൻ ചിരിച്ചു.

ഞാൻ നിങ്ങൾക്കുവേണ്ടി വേറൊരു കാര്യം അന്വേഷിക്കുന്നുണ്ട്. കുറച്ചു വലിയ ബിസിനസ്സായിരിക്കും അതെപ്പറ്റി പിന്നീട് പറയാം.

അയാൾ വാച്ചുനോക്കി, ഒരു നിമിഷത്തിനുള്ളിൽ അപ്രത്യക്ഷനാവുകയും ചെയ്തു.

അകത്ത് ഭാരതി ചന്ദനത്തിരികളുടെ നടുവിലായിരുന്നു. അവൾ തലയുയർത്തി ചോദിച്ചു.

കട അടച്ചുവോ? സമയമെത്രയായി?

അവളുടെ സ്വരം ക്ഷീണിച്ചിരുന്നു. ഭൂതകാലത്തെവിടെയോ ഉള്ള ഒരു കല്ലറയിലെ തടവുകാരിയെപ്പോലെ തോന്നിച്ചു അവൾ. കാറ്റും വെളിച്ചവും കടക്കാത്ത കല്ലറയിലെ സ്ഥലകാലബോധം നശിച്ച ഒരു തടവുകാരി.

ഈ മുറിയിലെ ബൾബു മാറ്റണം. വല്ലാതെ മങ്ങിയിരിക്കുന്നു. ഞാൻ പറഞ്ഞു.

സമയമെത്രയായി എന്ന അവളുടെ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞില്ലെന്നോർത്തു. അവൾ മറുപടി പ്രതീക്ഷിച്ചിരുന്നോ? നഷ്ടപ്പെട്ട അവസരങ്ങളുടെയും യാദൃശ്ചികതയുടെയും തടവറയിൽക്കിടക്കുന്ന അവൾക്ക് അതിന്റെ ആവശ്യമുണ്ടോ?

ഒരു പുതിയ വ്യക്തിയെ കാണുന്ന പോലെ ഞാൻ ഭാരതിയെ നോക്കി. അവൾ കുനിഞ്ഞിരുന്ന് ജോലി ചെയ്യുന്നു. അവൾ അവളുടേതായ ഒരു ലോകത്താണ്. ഞാനവളെ നോക്കി പഠിച്ചു. ഒതുക്കമില്ലാത്ത തലമുടി നെറുകയിൽ കെട്ടവച്ചിരിക്കുന്നു. കാതിലിട്ട കമ്മലുകൾ ചെവിയിൽ പറ്റിപ്പിടിച്ചിരിക്കുന്നു. മഞ്ഞയിൽ ചെറിയ ചുവന്ന പൂക്കളായ സാരിയാണവൾ ഉടുത്തിരുന്നത്. തീരെ അപരിചിതയായ ഒരു സ്ത്രീയെയെന്ന പോലെ ഞാൻ അവളെ കൗതുകത്തോടെ നോക്കി. ഞാനും അവളും തമ്മിലെന്താണു ബന്ധം? ഒപ്പം താമസിക്കുക, സമയവും സന്ദർഭവും കിട്ടുമ്പോൾ ഇണചേരുക എന്നതല്ലാതെ അവളുടെ വികാരങ്ങളെ ന്തല്ലാമാണെന്നറിയാൻ ഞാൻ ശ്രമിച്ചിരുന്നോ? ഞാൻ എപ്പോഴും എന്റെ വികാരങ്ങൾക്കു മാത്രമേ ശ്രദ്ധ കൊടുത്തിരുന്നുള്ളു. ഇപ്പോൾ ഈ സമയത്ത് അവൾ എന്തായിരിക്കും ആലോചിക്കുന്നുണ്ടാവുക? അവൾ എനിയ്ക്കു തീരെ അപരിചിതയായിരുന്നു.

അവൾക്ക് വികാരങ്ങളുണ്ടെന്നു പരിഗണിക്കാത്ത ഞാൻ, എന്റെ സ്വകാര്യഭയങ്ങളും, വേദനകളും അപമാനഭാരങ്ങളും അവളുമായി പങ്കിട്ടിരുന്നില്ല. ഒരു വിശ്വാസമില്ലായ്മ, കാര്യമുണ്ടോ എന്ന സംശയം അത്രമാത്രം. ഒരു പക്ഷേ അവളോട് പറഞ്ഞാൽ അതിനെപ്പറ്റി സംസാരിക്കാൻ ഒരവസരമുണ്ടാകുകയും, അതിൽനിന്ന് എന്തെങ്കിലും പരിഹാരം ഉരുത്തിരിയുകയും ചെയ്യുമായിരിക്കും. അതിനുപകരം അവ ഞാൻ തന്നെ സ്വയം ചവച്ചരച്ച് പാകമാക്കുന്നു. രാവിലെയുണ്ടായ അനുഭവങ്ങൾ ഞാൻ ഭാരതിയോടു പറഞ്ഞില്ല. അവർക്ക് തല്ക്കാലം ചന്ദനത്തിരികൾ ആവശ്യമില്ലെന്നു മാത്രം പറഞ്ഞു.

വൈകുന്നേരം വരെ ആ സംഭവം എന്റെ മനസ്സിൽ ഉറങ്ങാതെ ജോലിയെടുത്തു കൊണ്ടിരിക്കയായിരുന്നു. അതുകൊണ്ട് എനിക്കിപ്പോൾ അതു കുറച്ചുകൂടി വ്യക്തമായി വിശകലനം ചെയ്യാൻ പറ്റി. എനിയ്ക്ക് എവിടെയാണ് തെറ്റു പറ്റിയതെന്നു മനസ്സിലായി. ചന്ദനത്തിരി വിൽക്കാൻ പോകേണ്ടിയിരുന്നത് പി. രാഘവൻ എന്ന കമ്പനിയുടമയല്ല. എന്നിലെ സെയിൽസ്മാനായിരുന്നു. എന്നിലെ സെയിൽസ്മാൻ മാത്രമെയുണ്ടായിരുന്നുള്ളുവെങ്കിൽ സംഭവങ്ങൾ വ്യത്യസ്തമായേനേ.

മോഹൻ പിള്ള എന്റെ ഒരു സ്വഭാവമായി മാറിയിരുന്നു. രാത്രി ഏഴുമണി കഴിഞ്ഞാൽ ഞാൻ ഗേയ്റ്റിലേക്കു നോക്കിയിരുന്നു. അയാൾ വരാത്ത ദിവസങ്ങളിൽ എനിയ്ക്കു വിഷമമുണ്ടാവുന്നു.

ചില ദിവസം അയാളെ കാത്തിരുന്ന് മടുത്ത് കുറച്ചു വെള്ളം കുടിക്കാൻ അകത്തു പോകുമ്പോഴായിരിക്കും അയാൾ വരിക. ഞാൻ തിരിച്ചു വരുമ്പോൾ മോഹൻ പിള്ള ചിരിച്ചുകൊണ്ടു നിൽക്കുന്നുണ്ടാവും.

ഒരു ദിവസം അയാൾ ചോദിച്ചു.

എന്തു ധൈര്യത്തിലാണ് നിങ്ങൾ കട തുറന്നിട്ട് പോകുന്നത്?

ഞാൻ ചിരിക്കുക മാത്രം ചെയ്യും.

ഞാൻ സത്യസന്ധനായതുകൊണ്ട് നിങ്ങളുടെ കട കൊള്ളയടിച്ചില്ല. എന്റെ അത്ര തന്നെ സത്യസന്ധര ല്ലാത്ത വരും ഇല്ലെ ഈ ലോകത്ത്?

എനിക്കു മനുഷ്യനെ വിശ്വാസമാണ്. ഞാൻ പറയുന്നു. മറ്റൊന്നിനെ വിശ്വസിച്ചില്ലെങ്കിലും ഞാൻ മനുഷ്യ നിലും അവന്റെ നന്മയിലും വിശ്വസിക്കുന്നു.

നിങ്ങൾ ഭ്രാന്താണ്. മോഹൻപിള്ള പറഞ്ഞു. ചിരിച്ചുകൊണ്ടു തന്നെ, എന്നെ കളിയാക്കുന്ന മട്ടിൽ. മനുഷ്യൻ മനുഷ്യനെ ചതിക്കുന്നു. നാലു കാശിനുവേണ്ടി കൊല്ലുന്നു. കിഴവൻമാർ എട്ടും പത്തും വയസ്സു ള്ള കുട്ടികളെ ബലാൽസംഗം ചെയ്യുന്നു. സ്വന്തം കീശ നിറയ്ക്കാൻ വേണ്ടി ആളുകൾ പൊതുവനം വെട്ടി നശിപ്പിക്കുന്നു. അതു വളരുന്ന തലമുറയുടെ ഭാവി നശിപ്പിക്കുകയാണെന്ന് ഓർക്കുന്നില്ല. മരുന്നു കമ്പനി ക്കാർ മറ്റു രാജ്യങ്ങളിൽ നിരോധിച്ച വിഷമരുന്നുകൾ വിറ്റ് കാശാക്കുന്നു. വൻരാജ്യങ്ങൾ അന്യോന്യം നൂറിരട്ടി നശിപ്പിക്കാൻ മാത്രം അണുബോംബുകൾ ഉണ്ടാക്കി വെച്ചിരിക്കുന്നു. ഇത്രയൊക്കെയായിട്ടും നിങ്ങൾക്ക് മനുഷ്യനിലുള്ള വിശ്വാസം നശിച്ചിട്ടില്ലെന്നോ. നിങ്ങളൊരു സ്വപ്നജീവിയാണ് ഹേ.

മോഹൻ പിള്ള പറയുന്നതെല്ലാം ശരിയാണെന്നറിയാം. എന്നാലും മനുഷ്യൻ. അവനെ സ്നേഹിക്കാതിരി ക്കാനും വിശ്വസിക്കാതിരി ക്കാനും വയ്യ. അതെന്റെ ബലഹീനതയാണ്.

പൂപ്പൽ പിടിച്ച ചിത്രം ഒരിക്കൽകൂടി വൃത്തിയാക്കപ്പെട്ടു. പത്തുകൊല്ലം ചെറിയ കച്ചവടക്കാരനെ വലിയ മുതലാളിയാക്കാൻ രാവുപകൽ ശ്രമിച്ച് അതിൽ വിജയം വരിച്ചു. സ്വന്തം വീട്ടിൽ ഒരു ചെറിയ മുറിയിൽ മേശയും, രണ്ടു കസേരയും റാക്കിൽ ഏതാനും പാക്കറ്റ് സാബിംൾ ചെരിപ്പുകളും കാൻവാസ് ഷൂകളും കുട്ടികളുടെ ഉടുപ്പുകളുമായി വർഗ്ഗീസ് മാപ്പിള തുടങ്ങിയ ബിസിനസ്സ് ഞാൻ എന്റെ പരിശ്രമഫലമായി എം.ജി റോഡിൽ ഒരു വലിയ കടയിൽ എത്തിച്ചു. അതോടെ വർഗ്ഗീസ് മാപ്പിള എന്നോടു തന്ന വാഗ്ദാനങ്ങൾ മറന്നു.

തന്റെ അടുത്ത് എന്താണ് രേഖയുള്ളത് തന്നെ പാർട്ടണറാക്കാമെന്ന്.

എന്റെ കയ്യിൽ രേഖയൊന്നും ഉണ്ടായിരുന്നില്ല. എത്രയോ പ്രാവശ്യം വർഗ്ഗീസ് മാപ്പിള നേരിട്ടു പറഞ്ഞത ല്ലാതെ എന്റെ കയ്യിൽ രേഖയൊന്നുമില്ല.

എല്ലാം വിശ്വാസത്തിന്റെ പേരിലാണ് ചെയ്തത് കമ്പനിയിൽ കാശില്ലാതെ വന്നപ്പോൾ സ്വന്തം പോക്ക റ്റിൽ നിന്ന് പണമെടുത്തു. ബന്ധുക്കളിൽ നിന്നും സ്നേഹിതരിൽ നിന്നും കടം വാങ്ങി വർഗ്ഗീസ് മാപ്പിളയെ സഹായിച്ചു.

അവസാനം ഒരു ദിവസം പ്രതീക്ഷിക്കാത്ത ഏറ്റുമുട്ടലുണ്ടായി. വർഗ്ഗീസ് മുതലാളിയുമായി തീർക്കാത്ത കണക്കുമായി പുറത്തിറങ്ങുമ്പോൾ തീർച്ചയാക്കി, ഇനി ആരുടെ കീഴിലും ജോലിയെടുക്കില്ല. വർഗ്ഗീസ് മുതലാളി തരാനുള്ള നാലു മാസത്തെ ശമ്പളം വാങ്ങാൻ പോകലുണ്ടായില്ല. അയാൾക്ക് മര്യാദയുണ്ടെങ്കിൽ ആ പണം ഒരു ചെക്കോ ഡ്രാഫ്റ്റോ ആയി അയച്ചുതരാമായിരുന്നു. ഏതായാലും നാലു കൊല്ലങ്ങൾക്കു ശേഷവും ഇടയ്ക്കിടയ്ക്ക് തീരാത്ത കണക്കിന്റെ ഓർമ്മ വരുമ്പോൾ, എന്റെ നിസ്സഹായതയോർത്ത് ഞാൻ അമർഷം കൊള്ളുന്നു.

പുതിയ ബിസിനസ്സിനെപ്പറ്റി മോഹൻ പിള്ള പറയുന്നു. അയാളുടെ ഒരു സ്നേഹിതൻ ഐലന്റിൽ കയറ്റുമതി ബിസിനസ്സ് നടത്തുന്നു. ഗൾഫിലേക്കാണ് കാര്യമായ കയറ്റുമതി. അയാൾക്ക് ചന്ദനത്തിരികൾ വളരെയധികം ആവശ്യമാകും. ഞാൻ പരിചയപ്പെടുത്തിതരാം. പക്ഷെ വളരെ വലിയ ക്വാണ്ടിറ്റി വേണ്ടി വരും. പതിനായിരക്കണക്കിന് പാക്കറ്റുകൾ ഒരു സമയത്ത് കൊടുക്കേണ്ടി വരും.

അതു ചെയ്യാൻ വിഷമമില്ല. ഞാൻ രണ്ടു പെൺകുട്ടികളെ നിയമിക്കുന്നുണ്ട്. പിന്നെ നമുക്ക് ലോക്കലായി കുറച്ചു വാങ്ങുകയും ചെയ്യാമല്ലൊ.

ഇത് ഒരു ഷുവർ ബിസ്സിനസ്സാണ്. മോഹൻപിള്ള പറയുന്നു. പുള്ളിക്കാരൻ എന്റെ വളരെ അടുത്ത സ്നേഹിതനാണ്. ഇപ്പോഴുള്ള സപ്ലയറെ മാറ്റിയിട്ടെങ്കിലും നിങ്ങൾക്കു ബിസിനസ്സു തരും.

രാത്രി ഊണുകഴിക്കുമ്പോൾ ഭാരതിയോട് പറയുന്നു.

മോഹൻ പിള്ളയുടെ സ്നേഹിതന് കയറ്റുമതി ബിസിനസ്സാണ് കയറ്റുമതി ചെയ്യാൻ ധാരാളം ചന്ദനത്തിരി കൾ വേണ്ടിവരുമത്രെ. അയാൾ ശരിയാക്കാമെന്ന് ഏറ്റിട്ടുണ്ട്.

എത്ര വേണ്ടി വരും?

ഒരേ സമയത്ത് പതിനായിരക്കണക്കിന് വേണ്ടിവരുമത്രെ.

ഞാൻ എന്റെ ശബ്ദത്തിൽ ഉത്തേജനമുണ്ടാവാതിരിക്കാൻ ശ്രദ്ധിച്ചു. ഒരു സാധാരണ കാര്യം പറയുന്ന പോലെ, അങ്ങിനെയൊക്കെയാണ് കാര്യങ്ങൾ എന്ന മട്ടിൽ.

ഭാരതിയുടെ കണ്ണുകൾ വിടർന്നു.

പതിനായിരം? നമുക്കത്രയധികം എങ്ങിനെയാണുണ്ടാക്കാൻ പറ്റുക? രാത്രി ഒരു മണി വരെ ജോലി ചെയ്തിട്ട് എത്ര കുറച്ചാണ് ഉണ്ടാക്കാൻ പറ്റുന്നത്.

അതിനെന്താ. നമുക്ക് രണ്ടു പെൺകുട്ടികളെ ജോലിക്കു വെക്കാം. അങ്ങിനെയാവുമ്പോൾ നിനക്ക് കുറച്ചൊരു ഒഴിവു കിട്ടും.

ഞാൻ വീണ്ടും സ്വപ്നങ്ങൾ വിൽക്കുന്ന സെയിൽസ്മാനായി. എന്റെ കച്ചവടച്ചരക്കുകൾ നിരത്തി. ഭാരതി അതിന്റെ തന്മയത്വത്തിൽ മുഴുകി.

ഞാനും സ്വന്തം വാക്കുകളാൽ വഞ്ചിക്കപ്പെടാൻ തുടങ്ങിയിരിക്കുന്നു. ഭാരതിയുടെ ലോകം വർണ്ണശബള

മാക്കാൻ ഉപയോഗിക്കുന്ന ചായങ്ങളിൽ ഞാൻ തന്നെ ആകൃഷ്ടനാവുന്നു. ക്രമേണ അവ സ്വയം വിശ്വസിക്കുന്നു. അവയുടെ യുക്തിരാഹിത്യം എന്റെ തലയിൽ കയറുന്നില്ല. ഉദാഹരണമായി പതിനായിരം പാക്കറ്റുകൾ ഉണ്ടാക്കാൻ ആവശ്യമുള്ള മുതൽ മുടക്കിനെപ്പറ്റി ഞാൻ ചിന്തിച്ചിട്ടേ ഇല്ല. ജോലിക്കാർക്ക് കൊടുക്കേണ്ട ശമ്പളം, ഇതെല്ലാം കഴിഞ്ഞ് വല്ല ലാഭമുണ്ടാകുമോ എന്നൊന്നും എന്റെ മനസ്സിൽ പോകുന്നില്ല. എന്റെ ഉള്ളിൽ വലിയ ഒരു കയറ്റുമതി ഓർഡർ മാത്രമാണ് നിറഞ്ഞു നിൽക്കുന്നത്. ആ ഓർഡർ കൂടുതൽ ഓർഡറുകളിലേക്കുള്ള ഏണിപ്പടിയാകും. അങ്ങിനെ അധികം അകലെയല്ലാതെ കുറച്ചുകൂടി മെച്ചപ്പെട്ട ഒരു ജീവിതം. ഭൂതകാലം സമ്മാനിച്ച ഓർമ്മകൾ മായ്ക്കാൻ കഴിവുള്ള ഒരു ഭാവിയുണ്ടാക്കാൻ.

ഭാരതി ചിലപ്പോൾ എന്റെ സ്വപ്നാടനം തകർക്കുന്നു.

അവൾ പറയുന്നു.

മോഹൻപിള്ള ഒരു തരികിടയാണെന്നാണ് എനിയ്ക്കു തോന്നുന്നത്.

കാരണം?

ഒന്നാമതായി അയാൾ ഇതുവരെ സ്വന്തം ആവശ്യത്തിനായി ഒരു പാക്കറ്റ് ചന്ദനത്തിരി പോലും വാങ്ങിച്ചിട്ടില്ല.

അതുകൊണ്ട്?

ഞാനുദ്ദേശിക്കുന്നത്.........

ഭാരതി നിർത്തി എന്റെ മുഖത്തേക്കു നോക്കി. എന്നെ വിഷമിപ്പിക്കാൻ പോകുന്നുവെന്നവൾക്കറിയാം. പക്ഷെ അതിനേക്കാൾ പ്രധാനമായത് കാര്യം പറയലാണ്.

അയാൾക്ക് നമ്മുടെ കാര്യത്തിൽ ഇത്ര താല്പര്യമുണ്ടാവാൻ എന്താണ് കാര്യം? നമ്മുടെ നിരത്തടിക്കുന്ന തൂപ്പുകാരി കൂടി ഇവിടെനിന്ന് ചന്ദനത്തിരി വാങ്ങാറ്ണ്ട്. വേറെ എവിടീം കിട്ടാത്തതുകൊണ്ടാണോ? നമ്മെ പരിചയമുള്ളതുകൊണ്ടിവിടെ നിന്നു വാങ്ങുന്നു. നാലുറുപ്പികയുടെ ബിസിനസ്സാണെങ്കിൽത്തന്നെ അത് പരിചയമുള്ളവർക്ക് കൊടുക്കാമല്ലൊ എന്നു കരുതിയാണത്.

ഇയ്യാളെന്താണ് ചെയ്യുന്നത്? വൈകുന്നേരമായാൽ വരുന്നു. സംസാരിച്ച് സമയം കളയുന്നു. എനിക്ക് നിങ്ങളോട് എന്തെങ്കിലും ചോദിക്കാനും കൂടി പറ്റില്ല. ഏതോ ഒരു കാര്യം ചോദിക്കാൻ മോനെ വിട്ടതിന് നിങ്ങൾ അവനെ എത്ര ചീത്ത പറഞ്ഞു.

ഞാൻ ഒന്നും പറയാതെ നിന്നു മോനെ കഴിഞ്ഞ ആഴ്ച ഒരു ദിവസം ചീത്ത പറഞ്ഞത് ശരിയാണ്. മോഹൻ പിള്ളയുമായി സംസാരിച്ചിരിക്കുമ്പോഴാണ് അവൻ കടയുടെ പിന്നിലെ കിളിവാതിൽ തുറന്നു വന്നത്. അവന്റെ മുഖത്ത് കരിയുണ്ടായിരുന്നു. കൈകളിലും കരിപുരണ്ടിരുന്നു.

അവൻ അമ്മയെ സഹായിക്കുകയായിരുന്നു.

മോഹൻ പിള്ളയെ കണ്ടപ്പോൾ അവൻ തിരിച്ചുപോകുകയും ചെയ്തു.

മോൻ നിങ്ങളെ സഹായിക്കുന്നുണ്ടല്ലെ? അയാൾ ചോദിച്ചു.

അതെയതെ, ഞാൻ ഒരു ഇളിഞ്ഞ ചിരിയോടെ പറഞ്ഞു. ചിലപ്പോൾ ധാരാളം ജോലിയുണ്ടാവും. അപ്പോൾ അവൻ സഹായിക്കാറുണ്ട്.

ചൈൽഡ് ലേബറിന്റെ മറ്റൊരു മുഖം! മോഹൻ പിള്ള പറഞ്ഞു.

എന്തുകൊണ്ടോ എനിക്കാ അഭിപ്രായ പ്രകടനം ഇഷ്ടമായില്ല. ഞാൻ ഒന്നും പറയാതെ ഇരുന്നു. മോഹൻ പിള്ള വീണ്ടും, വരാൻ പോകുന്ന എക്സ്പോർട്ട് ഓർഡറിനെപ്പറ്റി സംസാരിക്കുകയും സാധാരണ മട്ടിൽ പെട്ടെന്ന് ഇറങ്ങിപ്പോകുകയും ചെയ്തു.

ഞാൻ അകത്തുപോയി രവിയുടെ ചെവി പിടിച്ചു. പകച്ചുനിന്ന അവന്റെ നേരെ ശകാരങ്ങൾ ഉതിർത്തു. നമ്മൾ വീടിന്റെ ഒരു ഭാഗത്താണ് കട തുറന്നിരിക്കുന്നതെങ്കിലും, വരുന്ന കസ്റ്റമർക്ക് അതു തോന്നരുതെന്നും മെയിൻ റോഡിലെവിടെയെങ്കിലുമുള്ള മറ്റേത് കടയിൽ കേറിയ മാതിരി തോന്നണമെന്നും അതിനുള്ള വസ്ത്രധാരണങ്ങളും മര്യാദകളും നമ്മൾ അനുഷ്ഠിക്കണമെന്നും മറ്റുമായിരുന്നു ഞാൻ പറഞ്ഞിരുന്നത്. പതിനഞ്ചു മിനിറ്റ് നേരം ശകാരിച്ചിട്ടും അവന് അവന്റെ തെറ്റെന്തെന്ന് മനസ്സിലായില്ലെന്ന് സ്പഷ്ടമായിരുന്നു. ഇതിനകം എന്റെ മനസ്സിൽ ഒരു കുറ്റബോധം വളരാനും തുടങ്ങിയിരുന്നു. അവൻ പലപ്പോഴും ഞങ്ങളെ സഹായിച്ചിരുന്നത് ഞങ്ങൾ ആവശ്യപ്പെടാതെ തന്നെയായിരുന്നു. ഇന്നും വൈകുന്നേരം നാലരയ്ക്ക് സ്കൂൾ വിട്ടു വന്ന ഉടനെ ഇരുന്നതാണവൻ അമ്മയുടെ അടുത്ത്. ചായയുണ്ടാക്കാൻ അമ്മയെ ഒഴിവാക്കി ആ ജോലി ചെയ്യാൻ തുടങ്ങിയതാണ്. ആ ഇരിപ്പ് രാത്രി എട്ടുമണി വരെ നിന്നു. അതിനിടയ്ക്ക് എന്തോ ചോദിക്കാനാണ് അവൻ കടയിൽ വന്നത്. മോഹൻ പിള്ളയെ കണ്ടപ്പോൾ അവൻ ഒന്നും ചോദിക്കാതെ തിരിച്ചുപോവുകയും ചെയ്തു.

മോഹൻ പിള്ള അവനെ ആ വേഷത്തിൽ കണ്ടതാണ് എനിയ്ക്കു ദേഷ്യം പിടിക്കാൻ കാരണം. രവിയെ നല്ല വേഷത്തിൽ മറ്റുള്ളവർ കാണണമെന്ന ആഗ്രഹമായിരുന്നു അതിനു പിന്നിൽ. പോരാത്തതിന് 'ചൈൽഡ്ലേബർ' എന്ന മോഹൻ പിള്ളയുടെ അഭിപ്രായപ്രകടനവും! മോഹൻപിള്ളയെ പിണക്കാൻ ഞാൻ തയ്യാറായിരുന്നില്ല. ഒരു വലിയ ഓർഡർ അയാളെ ആശ്രയിച്ചാണിരിക്കുന്നത്. ഞാൻ ആ വലിയ ഓർഡർ സ്വീകരിക്കാൻ തയ്യാറെടുക്കു കയായിരുന്നു. ചന്ദനത്തിരിയുണ്ടാക്കാൻ ആവശ്യമായ സാധനങ്ങൾ വാങ്ങി ശേഖരിച്ചു തുടങ്ങി. പലരിൽ നിന്നുമായി കടം വാങ്ങേണ്ടിവന്നു. ഈ ഒരു സപ്ലൈ മാത്രം മതി ഞങ്ങളെ എല്ലാ കടങ്ങളിൽ നിന്നും രക്ഷിക്കാൻ.

ഭാരതിയും ഞാനും രാത്രി ഏകദേശം മുഴുവനും ജോലി ചെയ്തു. പുലർച്ചെ നാലു മണിയാകുമ്പോൾ ക്ഷീണിച്ചു കിടന്നുറങ്ങും. ആറു മണിക്ക് വീണ്ടും എഴുന്നേൽക്കണം.

എത്ര കാലമായി ഇങ്ങനെ രാവുപകൽ ജോലി! ഭാരതി പറയുന്നു. അതിൽ ആക്ഷേപമില്ല നൈരാശ്യം മാത്രം. മുമ്പ് രാത്രി ഒരുമണിക്കെങ്കിലും കിടക്കാമായിരുന്നു. ഇപ്പോൾ അതും പറ്റുന്നില്ല.

അവളുടെ സ്വരത്തിൽ ആക്ഷേപമുണ്ടെങ്കിലെന്ന് ഞാൻ ആശിച്ചു.

കുറച്ചുകാലം കൂടി ക്ഷമിക്കൂ. ഞാൻ പറയുന്നു. ഒന്നു രണ്ടു വലിയ ഓർഡറുകൾ കിട്ടിയാൽ മതി. പിന്നെ നമുക്ക് ഈ ബിസിനസ്സ് കുറച്ചു കൂടി നന്നായിട്ട് കൊണ്ടു നടത്താം.

ഭാരതിയുടെ മുഖത്ത് പ്രതികരണമൊന്നുമില്ല. അവൾക്ക് എന്റെ വാക്കുകളിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അവളുടെ മുഖത്ത് ക്ഷീണത്തിന്റെ വരകൾ. അവൾക്ക് എന്റെ സാഹസികത എത്ര ദിവസം കൂടി താങ്ങാനാവും? ക്ഷീണിച്ചുവരുന്ന അവളുടെ ദേഹം ഞാൻ വല്ലായ്മയോടെ നോക്കി. ലക്ഷ്യം വളരെ അടുത്തെത്തിക്കാണുന്ന ഒരു ഓട്ടക്കാരന്റെ മാതിരിയായിരുന്നു ഞാൻ. കാലുകൾ നീങ്ങുന്നില്ല. എങ്കിലും ഓടാതെ വയ്യ. ഏതാനും മീറ്ററുകൾ മാത്രം. അവസാനത്തെ കുതിക്കലിന് തയ്യാറാവുക തന്നെ വേണം.

മോഹൻ പിള്ള വീണ്ടും വന്നു.

എല്ലാം ശരിയായിട്ടുണ്ട്. അയാൾ പറഞ്ഞു. ഞാൻ നാളെ അയാളെ കൂട്ടിവരാം. വിശദാംശങ്ങളെല്ലാം നിങ്ങൾ സംസാരിച്ചാൽ മതി. പ്രൊഡക്ഷനൊക്കെ എങ്ങനെയുണ്ട്? പറഞ്ഞ സമയത്തു തന്നെ സപ്ലൈ നടത്തണം. എക്സ്പോർട്ട് ബിസിനസ്സിൽ അതു വളരെ പ്രധാനമാണ്.

അതൊന്നും സാരമില്ല. ഞാൻ നുണ പറയുന്നു. മൂന്നു പെൺകുട്ടികളെ ജോലിക്കു വെച്ചിട്ടുണ്ട്. പ്രൊഡക്ഷനൊക്കെ ഫുൾ സ്വിങ്ങിലാണ്.

പിന്നെ അല്പം ആലോചിച്ച ശേഷം പറഞ്ഞു.

നിങ്ങൾക്ക് ഒരു ചെറിയ കട്ട് എടുക്കാം. നിങ്ങളല്ലെ മറ്റെ ആളെ പരിചയപ്പെടുത്തുന്നത്. ഒന്നോ രണ്ടോ ശതമാനം എടുത്താൽ വലിയ വ്യത്യാസമൊന്നും വരാൻ പോകുന്നില്ല. വലിയ ഓർഡറുകളാണെങ്കിൽ നിങ്ങൾക്ക് ഒരു മാതിരി നല്ല സംഖ്യ കിട്ടുകയും ചെയ്യും.

ഞങ്ങളുടെ കാര്യങ്ങളിൽ എടുക്കുന്ന ശുഷ്കാന്തിയിൽ മോഹൻ പിള്ളയ്ക്ക് എന്തെങ്കിലും തരത്തിൽ പ്രത്യുപകാരം ചെയ്യണമെന്ന് എനിയ്ക്കു തോന്നി. മോഹൻ പിള്ള ഒരു നിമിഷം ആലോചിച്ചു, പിന്നെ പറഞ്ഞു.

വേണ്ട, പല കാരണങ്ങൾ കൊണ്ട്. ഒന്നാമതായി ഞാൻ ഒന്നും മനസ്സിൽ കണ്ടു കൊണ്ടല്ല നിങ്ങളെ സഹായിക്കാനുദ്ദേശിച്ചത്. നമ്മളെല്ലാം തന്നെ അന്യോന്യം സഹായിക്കാൻ ബാദ്ധ്യസ്ഥരാണ്. ഈ വക ചെറിയ ഉപകാരങ്ങൾക്കുകൂടി പ്രതിഫലം വാങ്ങാൻ തുടങ്ങിയാൽ ലോകത്തിന്റെ അവസ്ഥ എന്താവും? പിന്നെ രണ്ടാമത് എക്സ്പോർട്ട് ഓർഡറുകളിൽ ഒന്നു രണ്ടു ശതമാനങ്ങൾ വളരെ വ്യത്യാസമുണ്ടാക്കും. അതുപോട്ടെ, നിങ്ങൾ ഈ ഓർഡറും ഇനി വരാൻ പോകുന്ന ഓർഡറും നന്നായി എക്സിക്യൂട്ട് ചെയ്താൽ മതി, എനിക്കു സന്തോഷമായി.

അയാൾ പോയി.

അതു തിങ്കളാഴ്ചയായിരുന്നു.

ചൊവ്വാഴ്ച അയാൾ വന്നില്ല. ബുധനാഴ്ചയും ഞാൻ കാത്തു. വ്യാഴാഴ്ചയും, വെള്ളിയാഴ്ചയും, ശനിയാഴ്ചയും കാത്തു. മോഹൻ പിള്ള വന്നില്ല. അതിനിടയ്ക്ക് രവി അയാളെ അടുത്തു തന്നെയുള്ള പുതിയ കടക്കു മുമ്പിൽ കണ്ടതായി പറഞ്ഞു.

എന്തെങ്കിലും വാങ്ങുകയായിരുന്നോ? ഞാൻ ചോദിച്ചു.

അല്ല വെറുതെ നടക്കുകയായിരുന്നു.

പുതിയ കട ഞങ്ങളിൽ പലവിധ വികാരങ്ങളാണുണ്ടാക്കിയിരുന്നത്. ഞങ്ങളുടെ ചെറിയ ഇടനിരത്ത് മെയിൻ റോഡിൽ ചെന്നു മുട്ടുന്നിടത്താണ് ആ കട.

അതിന് മെയിൻ റോഡിലേയക്ക് രണ്ടും, ഞങ്ങളുടെ ഇടനിരത്തിലേയ്ക്ക് ഒന്നും മുറികളുണ്ട്. വളരെ വലിയ കട ഒരു ഡിപ്പാർട്ടുമെന്റ് സ്റ്റോറു തന്നെ. തുണിത്തരങ്ങളും, ഇരുമ്പുസാധനങ്ങളും, മരുന്നുമല്ലാത്ത എന്തും അവിടെ കിട്ടും. നന്നായി അലങ്കരിച്ച് നിറയെ ട്യൂബ് ലൈറ്റുകളും ചില്ലിട്ടു ലാമിനേറ്റു ചെയ്ത ഷോകേസുകളും. മെയിൻ റോഡിൽ അങ്ങിനത്തെ ഒരു കട തുടങ്ങണമെങ്കിൽ അയാൾ ചുരുങ്ങിയത് മുപ്പതു മുപ്പത്തഞ്ചു ലക്ഷം ഉറുപ്പിക ഇറക്കിയിട്ടുണ്ടാവും. ഇത്രയും വലിയ സംഖ്യ എങ്ങിനെ ഒരാൾക്കു ഉണ്ടാക്കാൻ കഴിയുന്നു എന്ന് ഞങ്ങൾ അത്ഭുതപ്പെടുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം മുപ്പത്തഞ്ചുറുപ്പിക വരെ പ്രശ്നമാവാറുണ്ട്. ഞങ്ങൾക്കു വേണ്ട പല വ്യഞ്ജനമെല്ലാം അവിടെ കിട്ടുമെന്ന മെച്ചമുണ്ട്. മുമ്പ് ഒരു കിലോമീറ്റർ പോകണം എന്തെങ്കിലും വാങ്ങാൻ. ഞങ്ങൾക്കിഷ്ടമാവാത്തത് അയാൾ ഞങ്ങളുടെ കോംപീറ്റിറ്റർ കൂടിയാണെന്നതു കൊണ്ടാണ്. ഈ മത്സരത്തിൽ യാതൊരു താരതമ്യവുമില്ല എന്നാലും ആ കട വരുന്നതിനു മുമ്പ് കുറച്ചെങ്കിലും വില്പന ഞങ്ങളുടെ കടയിൽ നടന്നിരുന്നു. ഇപ്പോൾ ആൾക്കാർക്ക് അതായത് ഞങ്ങളുടെ കട പരിചയമുള്ള ആൾക്കാർക്കു കൂടി ഉള്ളിലേക്കു വരാതെ മെയിൻ റോഡിലെ കടയിൽ നിന്നു തന്നെ ചന്ദനത്തിരിയും വാങ്ങാം, മറ്റു സാധനങ്ങൾ വാങ്ങുന്നതിനൊപ്പം. ഞങ്ങളുടെ ചന്ദനത്തിരി ആ കടയിൽ വെക്കാൻ പറയാൻ ഇതുവരെ തരപ്പെട്ടിട്ടുമില്ല.

ആ കടക്കു മുമ്പിലാണ് രവി മോഹൻ പിള്ളയെ കണ്ടത്. അപ്പോൾ മോഹൻ പിള്ള സ്ഥലത്തു തന്നെയുണ്ട്.

ഒരു പക്ഷെ അയാളുടെ സ്നേഹിതന് സമയം കിട്ടിയിട്ടുണ്ടാവില്ല.

അതെയതെ! ഭാരതി അമർഷത്തോടെ പറഞ്ഞു ഞാൻ ആദ്യമേ പറയാറുണ്ട്. അയാളൊരു തരികിടയാണെന്ന് ഇനി അയാളെ കണ്ടെങ്കിലല്ലെ?

നമ്മൾ ഭയപ്പെടുന്ന കാര്യങ്ങൾ നമ്മോട് മറ്റുള്ളവർ പറയുന്നത് നമുക്ക് എത്ര അലോസരമുണ്ടാക്കും. ഇതെല്ലാം ഞാൻ ഓരോ നിമിഷവും ഭയപ്പെട്ടിരുന്ന കാര്യങ്ങളാണ്. അഥവാ മോഹൻ പിള്ള കാര്യമായി പറയുന്നതല്ല ഇതൊന്നും എങ്കിൽ? ചന്ദനത്തിരിയുണ്ടാക്കാനുള്ള പണം കടം വാങ്ങുമ്പോഴും, സാധനങ്ങൾ വാങ്ങുമ്പോഴും, ചന്ദനത്തിരി പാക്ക് ചെയ്ത് അട്ടിയട്ടിയായി വെക്കുമ്പോഴും ഞാൻ ആലോചിച്ചിരുന്നത് ഇതു തന്നെയാണ്. അഥവാ മോഹൻ പിള്ള പെട്ടെന്ന് അപ്രത്യക്ഷനായാലോ? പിന്നെ ആശ്വസിക്കുകയും ചെയ്തു. മനുഷ്യനെ വിശ്വസിക്കാൻ പറ്റിയില്ലെങ്കിൽ പിന്നെ എന്തിനെയാണ് വിശ്വസിക്കുക?

ഞങ്ങൾ ചന്ദനത്തിരിയുണ്ടാക്കൽ തുടർന്നു. മനുഷ്യനെ വിശ്വസിക്കുക എന്നാണ് ഞാൻ ഭാരതിയോട് പറഞ്ഞിരുന്നത്. നീ ചെകുത്താനേയും ദൈവങ്ങളേയും വിശ്വസിക്കേണ്ട. പക്ഷെ മനുഷ്യനെ വിശ്വസിക്കൂ.

പത്തു ദിവസങ്ങൾ മോഹൻ പിള്ളയെ കാത്തു നിന്നതുകൊണ്ട് കട അടച്ചത് വൈകിട്ടായിരുന്നു. ഇനി അയാൾ വരുമ്പോൾ കട അടച്ചു കണ്ട് തിരിച്ചു പോകാൻ ഇടയാവേണ്ട. ഒമ്പതര മണിയോടെ കട അടച്ച് തികച്ചും വിജനമായ നിരത്തിൽ ഇറങ്ങി നിന്ന് രണ്ടു ഭാഗത്തേക്കും നോക്കി ആരുമില്ലെന്നുറപ്പാക്കിയ ശേഷം ഞാൻ വീട്ടിലേക്കു നടക്കും.

ആ മനുഷ്യന് എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടാവണം. ഞാൻ ആശ്വസിച്ചു. അധിക ദിവസം ആശ്വസിച്ച് ഇരിക്കേണ്ടിവന്നില്ല പക്ഷെ.

ശനിയാഴ്ച വൈകുന്നേരം ഞാൻ എട്ടുമണിക്കു തന്നെ കട അടച്ചു. കുറച്ചു സാധനങ്ങൾ വാങ്ങാനുണ്ട്. കുറെ ദിവസമായി സാധനങ്ങളൊന്നും വാങ്ങാൻ പറ്റിയിരുന്നില്ല, കട വിട്ട് പുറത്തിറങ്ങിയാൽ മോഹൻ പിള്ളയെ കാണാൻ പറ്റിയില്ലെങ്കിലോ എന്ന ഭയം. നാളെ ഞായറാഴ്ച കടകൾ മുടക്കമായതുകൊണ്ട് ഇന്നുതന്നെ സാധനങ്ങൾ വാങ്ങണം. സഞ്ചിയുമെടുത്ത് ഞാൻ പുറത്തിറങ്ങി. പുതിയ കട പ്രകാശത്തിൽ മുങ്ങിക്കിടക്കുന്നു. എട്ടു മണിക്കും നല്ല തിരക്കാണവിടെ. പലചരക്കു തൂക്കിക്കൊടുക്കാൻ രണ്ടു പേരുണ്ട്. രണ്ടുപേരും തിരക്കിലാണ്. ആരെങ്കിലും ഒരാളുടെ കൈയ്യൊഴിയാൻ കാത്തുകൊണ്ട് ഒരു തൂണും ചാരി നിന്നു. അപ്പോഴാണ് സുപരിചിതമായ ആ ശബ്ദം കേട്ടത്.

എനിക്ക് നിങ്ങളുടെ കട ഇഷ്ടപ്പെട്ടു.

തിരിഞ്ഞു നോക്കാൻ ധൈര്യമില്ലാതെ ഞാൻ അവിടെ മരവിച്ചു നിന്നു.

ഇതാണ് ശരിക്കുള്ള വലിപ്പം, ഒട്ടും വലുതാകേണ്ട, ചെറുതും. എല്ലാം ഒരു കൂരയ്ക്കു താഴെ. ഒരു വീട്ടിലേക്കു വേണ്ട സാധനങ്ങൾ മുഴുവൻ.

കടക്കാരൻ മറുപടി പറഞ്ഞു. അയാൾ വളരെ പതിഞ്ഞ സ്വരത്തിലാണ് സംസാരിക്കാറ്.

വീണ്ടും പരിചിതമായ ആ ശബ്ദം.

അതെയതെ, എനിക്കറിയാം. ഇതിനു പിന്നിലുള്ള പരിശ്രമങ്ങൾ, അദ്ധ്വാനം എല്ലാം മനസ്സിലാക്കാവുന്നതേയുള്ളൂ........

ഞാൻ കടയിൽ നിന്നിറങ്ങി. സാധനങ്ങൾ നാളെ വാങ്ങാം. അല്ലെങ്കിൽ തിങ്കളാഴ്ച. മോഹൻ പിള്ള ആ നിമിഷത്തിൽ എന്നെ കാണാൻ പാടില്ല. കണ്ടാൽ അയാളുടെ മുഖം, എങ്ങിനെയുണ്ടാവുമെന്ന് ഞാൻ ഊഹിച്ചു. അയാൾക്ക് വിഷമമുണ്ടാവാതിരിക്കട്ടെ.

രവിയാണ് വാതിൽ തുറന്നത്. അവന്റെ കയ്യിൽ മഷി പുരണ്ടിരുന്നു. ഹോം വർക്ക് ചെയ്യുകയായിരിക്കും. സാധാരണ മട്ടിൽ കയ്യിൽ മഷിയാക്കിയതിന് അവനെ ശാസിച്ചേനെ. പുറത്ത് ഇരുട്ടായിരുന്നു ഇപ്പോൾ മനസ്സിൽ നിറയെ കരിമഷിയുമായി വന്ന ഞാൻ അവന്റെ കൈവിരലിലെ മഷിയെപ്പറ്റി എന്തു പറയാനാണ്?

അകത്തു ഭാരതി ചുമരിൽ ചാരി ഉറക്കമായിരിക്കുന്നു. തല ചുമരിൽ ചാരി, വായ അല്പം തുറന്ന് അവൾ ഉറങ്ങുകയാണ്. അല്പം തുറന്ന കയ്യിൽ ചന്ദനക്കൂട്ടിന്റെ ഒരു ഉരുള ബലമില്ലാതെ പിടിച്ചിരിക്കുന്നു. നോക്കിക്കൊണ്ടിരിക്കെ അത് നിലത്തുരുണ്ടു വീണു. ഞാൻ അവളുടെ തോളിൽ തൊട്ടു. അവൾ ഉണർന്നില്ല. ഞാൻ ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് അവളുടെ കൈകഴുകി തോർത്തി നല്ല ഉറക്കം. ഞാൻ അവളെ എടുത്ത് കിടക്കയിൽ കിടത്തി പുതപ്പിച്ചു. അവൾ പുതപ്പ് കഴുത്തുവരെയാക്കി ചുരുണ്ടു കിടന്നു.

ഞാൻ അടുക്കളയിലേക്കു നടന്നു. മോന് വിശക്കുന്നുണ്ടാവും. രവി അടുക്കളയിൽ തന്നെയായിരുന്നു. ഓരോ പാത്രങ്ങളുടെ അടപ്പും പൊന്തിച്ചു നോക്കിക്കൊണ്ട് അവൻ വിഷണ്ണനായി നിൽക്കുകയാണ്.

അമ്മ ഇന്ന് ചോറും കൂട്ടാനും ഉണ്ടാക്കാൻ മറന്നൂന്ന് തോന്നുന്നു.

അവൻ പറഞ്ഞു.

മോന് വിശക്ക്ണ്ണ്ടോ?

ഉണ്ടെന്നവൻ തലയാട്ടി,

മോൻ പോയി പഠിക്കു. ഞാൻ അര മണിക്കൂറിനുള്ളിൽ എല്ലാം ഉണ്ടാക്കി വിളിക്കാം. അമ്മ പാവം കുറെ ദിവസായി ഉറങ്ങിയിട്ട്. ഇപ്പോൾ കുറച്ചുനേരം ഉറങ്ങട്ടെ,

ഞാൻ അരി കഴുകി അടുപ്പത്തിട്ടു. കഷ്ണം എന്നു പറയാൻ ഉരുളക്കിഴങ്ങും സബോളയും മാത്രമേയുള്ളൂ. പരിപ്പിന്റെ പാത്രം ഒരു മാതിരി ഒഴിഞ്ഞിരുന്നു. ഒരു നേരത്തേക്ക് കഷ്ടിയാവും. മസാലയുടെ പാത്രങ്ങളുടെയും സ്ഥിതി അതുതന്നെ. ഭാരതി ഇത്രയും പരിമിതികൾ വെച്ചുകൊണ്ട് എങ്ങിനെയാണ് ഈ അടുക്കള കൊണ്ടു നടക്കുന്നത്? അത്ഭുതം തന്നെ, എന്തായാലും അര മണിക്കൂർ കൊണ്ട് ചോറും സാമ്പാറെന്നു പറയാവുന്ന കൂട്ടാനും ഉണ്ടാക്കി. കൂട്ടാൻ വറവിടുന്ന വാസന കേട്ടിട്ടാണെന്നു തോന്നുന്നു ഭാരതി എഴുന്നേറ്റു വന്നു.

ഞാൻ ഉറങ്ങിപ്പോയി അല്ലേ?

സാരമില്ല. ഊണു തയ്യാറാക്കിയിരിക്കുന്നു. ഊണു കഴിച്ച് വേഗം പുറപ്പെട്ടോളൂ. നമുക്കിന്ന് ഒരു

സിനിമയ്ക്കു പോകാം. വേഗം വേണം സമയം ഒമ്പതാവുന്നു.

സിനിമയോ?

ഭാരതിയുടെ മുഖം വികസിച്ചു. അര മണിക്കൂർ നേരത്തെ ഉറക്കം അവളെ വീണ്ടും ഉന്മേഷവതിയാക്കിയിരിക്കുന്നു.

പിന്നെ, ഞാനിന്ന് സാധനങ്ങളൊന്നും വാങ്ങിയില്ല. ഞാൻ പറഞ്ഞു കടയിൽ നല്ല തിരക്കായിരുന്നു.

സാരമില്ല. അവൾ പറഞ്ഞു. നമുക്ക് തിങ്കളാഴ്ച വാങ്ങാം.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ വീണ്ടും എന്നിലേയ്ക്കു തിരിച്ചുവരുന്നു. എല്ലാം ആദ്യം മുതൽ തുടങ്ങണമെന്നാലോചിച്ചപ്പോൾ വിഷമം തോന്നി. പക്ഷെ ഈ നൂലാമാലകളിൽ നിന്ന് ഊരി പുറത്തു കടക്കാൻ പറ്റുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. പിന്നെ ഉറക്കം വന്ന് കണ്ണുകളടഞ്ഞപ്പോൾ ഒരു പുതിയ ഓർമ്മ കാലത്തിന്റെ ഈർപ്പം നിറഞ്ഞ വഴികളിൽ പൂപ്പൽ പിടിക്കാൻ വിട്ടുകൊണ്ട്, മനുഷ്യനിൽ ഒരിക്കലും നശിക്കാത്ത വിശ്വാസവും മുറുകെപ്പിടിച്ചു കൊണ്ട് ഏകനായി നടന്നകലുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു. പിന്നെ അത്ഭുതമെന്നു പറയട്ടെ, മനസ്സ് യാതൊരു പകയ്ക്കും വിദ്വേഷത്തിനും ഇടകൊടുക്കാതെ ശാന്തമാവുന്നത് ഞാനറിഞ്ഞു.

back to index

# പുതിയൊരു വെളിപാടിനു വേണ്ടി

**യു**വകവി ഒരു പ്രതിസന്ധിയിലായിരുന്നു. എന്തു ചെയ്യണം? എങ്ങോട്ടു പോകണം? സാഹിത്യരചനയുടെ നിത്യസംഘട്ടനങ്ങളുടെ നാൽക്കവലയിൽ നിന്നുകൊണ്ട് അയാൾ ആലോചിച്ചു. നിന്നോടത്തുതന്നെ നില്ക്കാൻ വയ്യെന്നായിരിക്കുന്നു. നില്ക്കുക എന്നതിനർത്ഥം തുരുമ്പുപിടിക്കുക, പുറ്റാവുക, വിസ്മൃതിയിൽ മറയുക എന്നാണ്. നിരന്തരചലനം ആവശ്യമാണ്. പക്ഷേ എങ്ങോട്ട്? ഏതു ദിശയിലേയ്ക്ക്? ചുറ്റുമുള്ള ഒച്ചപ്പാടുകൾ ചെകിടടക്കുന്നതാണ്, അമ്പരിപ്പിക്കുന്നതാണ്. അതിൽ നിന്ന് തന്റേതായൊരു വഴി കണ്ടുപിടിക്കുക എളുപ്പമല്ല.

തന്റെ ഗുരു കൂടിയായ മഹാകവി ഈ പ്രതിസന്ധിയെപ്പറ്റി നേർത്തെ തന്നെ പറഞ്ഞു വെച്ചിരുന്നു. അദ്ദേഹം പറയാറുണ്ട്.

കുമാരൻ, എല്ലാവരുടെ ജീവിതത്തിലും, സാഹിത്യജീവിതത്തിൽ പ്രത്യേകിച്ചും, ഒരു പ്രതിസന്ധിയുണ്ടാവും. നമുക്ക് തീരുമാനിക്കേണ്ടി വരും നാം എന്തിനു നിലകൊള്ളുന്നു, നമ്മുടെ ലക്ഷ്യമെന്താണ്? നമുക്ക് കടപ്പാടുകൾ ഉണ്ടോ? വ്യക്തികളോടും സമൂഹത്തോടും. എന്റെ ജീവിതത്തിൽ ഈ സംഘട്ടനം വളരെ നേർത്തെയാണുണ്ടായത്. ഏകദേശം ഇരുപത്തഞ്ചാം വയസ്സിൽ.

പുഴയുടെ സാന്ത്വനമരുളുന്ന തണുത്ത കാറ്റേറ്റ്, മണലിൽ ചമ്രം പടിഞ്ഞിരുന്ന് കുമാരൻ കേട്ടിരുന്നു. ഗുരുവിനെ ബീഡിപ്പുക മണത്തിരുന്നു. നരച്ച് എണ്ണമയമില്ലാത്ത തലമുടി കാറ്റിൽ പറന്നു. താടിയിൽ ഒരാഴ്ച പ്രായമുള്ള നരച്ച കുറ്റിരോമങ്ങൾ കാവിനിറമുള്ള അവിടവിടെ പിന്നിയ ഖദർജുബ്ബ.

കുമാരൻ കേട്ടിരുന്നു. ഗുരുവിന്റെ വാക്കുകൾ അമൃതവർഷബിന്ദുക്കൾ പോലെ അയാൾ പാനം ചെയ്തു. പിൽക്കാലങ്ങളിൽ മാനസിക സംഘട്ടനങ്ങളുണ്ടാവുമ്പോഴെല്ലാം ഈ വാക്കുകളുടെ ഓർമ്മ അയാൾക്ക് ആശ്വാസം നല്കി.

ഏകദേശം ഇരുപത്തഞ്ചുവയസ്സായിക്കാണും. മഹാകവി പറഞ്ഞു. ഞാൻ ഒരു മരപ്പീടികയിൽ കണക്കെഴുത്തും പാതിപ്പട്ടിണിയുമായി കഴിയുകയായിരുന്നു മുതലാളി എനിയ്ക്കു തന്നിരുന്നത് പതിനഞ്ചുറുപ്പികയാണ്. ഒരു അഞ്ചുറുപ്പിക കൂടി തന്നാൽ എന്റെ പട്ടിണി ഒഴിവാക്കാമായിരുന്നു. ഞാൻ പക്ഷെ അതിനെപ്പറ്റിയൊന്നും ആലോചിച്ചില്ല. കാരണം ഞാൻ താഴേക്കാണ് നോക്കിയിരുന്നത്. മരപ്പേട്ടയിൽ ജോലിയെടുത്തിരുന്ന തൊഴിലാളി കളെ. എല്ലാം പട്ടിണിക്കാർ. രാവിലെ എട്ടു മുതൽ വൈകുന്നേരം ആറുവരെ മരം വലിച്ചും, ചുമന്നും, ഊർന്നും അവർ കഠിനാദ്ധ്വാനം ചെയ്തു. അവർക്കു കിട്ടിയിരുന്നതും വളരെ തുച്ഛമായ വേതനമാണ്. ഞാനും രാവിലെ എട്ടു മുതൽ രാത്രി എട്ടുവരെ ജോലി ചെയ്തിരുന്നതു കൊണ്ട്, ഇതിലൊന്നും വലിയ പാകപ്പിഴയും കണ്ടില്ല.

എന്റെ കാഴ്ചപ്പാടിനെ തകിടം മറിച്ചത് ഒരപകടമായിരുന്നു. ലോറിയിൽനിന്ന് മരമിറക്കുമ്പോഴാണതുണ്ടായത്. ഒരു തൊഴിലാളി ലോറിയിൽ നിന്നു വീണു, ഒപ്പം തന്നെ ഉരുണ്ടു വീണ വലിയൊരു മരത്തടി അയാളെ അരച്ചു കളഞ്ഞു! വിശ്വസിക്കാൻ പ്രയാസമായിരുന്നു. ഒരു നിമിഷം മുമ്പ്, അയാൾ തമാശ പറഞ്ഞുകൊണ്ട്, ചിരിച്ചു ബഹളമുണ്ടാക്കിക്കൊണ്ട് ലോറിക്കു മുകളിൽ നിയതിക്കധീതനാണെന്ന ഭാവത്തിൽ നിന്നു. അടുത്ത നിമിഷം, ഒരു ഇമ വെട്ടുന്ന നിമിഷം മാത്രം, അയാൾ താഴെ മരത്തടികൾക്കിടയിൽ വെറും മാംസപിണ്ഡമായി കിടക്കുന്നു. കറുത്തു മെലിഞ്ഞ കാലുകൾ ഏതാനും നിമിഷം ചലിച്ചു. പിന്നെ അതും ഇല്ല. എനിയ്ക്കു ഭയങ്കരമായ ഞെട്ടലുണ്ടായി.

എന്നാൽ ശരിക്കും പരുഷമായ ഞെട്ടലുണ്ടായത് പിന്നീടാണ്. ഞാൻ ആ നിർഭാഗ്യവാന്റെ വീട്ടിൽ പോയപ്പോൾ. ദാരിദ്ര്യം എന്നത് എത്രത്തോളം നീചമാണെന്ന് എനിക്കന്നു മനസ്സിലായി. പാതിപ്പട്ടിണിയും ഉടുക്കാൻ കീറിയ വസ്ത്രങ്ങളും ഉള്ള എന്റെ പരിതാപകരമായ അവസ്ഥയാണ് ദാരിദ്ര്യം എന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ദാരിദ്ര്യം എന്നത് അതിലുമൊക്കെ താഴെ, വ്യാഖ്യാനത്തിനുമൊക്കെ അപ്പുറത്താണെന്ന് ഒരു ഞെട്ടലോടെ തന്നെ ഞാൻ മനസ്സിലാക്കി.

കറുത്തിരുണ്ട മെലിഞ്ഞ പേക്കോലങ്ങൾ. അവരുടെ ഇരുണ്ട മുഖത്ത് വിശപ്പുണ്ടായിരുന്നു. മരിച്ച തൊഴിലാളിയുടെ അലമുറയിടുന്ന ഭാര്യ ധരിച്ചിരുന്ന കീറിയ വസ്ത്രങ്ങളിലൂടെ അവരുടെ ഉണങ്ങിയ ശരീരം കാണാം. വിറകു കൊള്ളിപോലെ ശുഷ്കമായ കൈകാലു കൾ, ഉണങ്ങി ഒട്ടിയ മുലകൾ. ചുറ്റും കിടന്നു കരയുന്ന കുട്ടികൾ ഒരു കാലത്ത് കടിച്ചു വലിച്ചു ചപ്പിയിരുന്ന മുലകൾ. അവരും ജോലിക്കു പോകാറുണ്ടെന്ന് ഞാനറിഞ്ഞു. ഇഷ്ടികയുണ്ടാക്കുന്ന കമ്പനിയിൽ. രണ്ടുപേരും ജോലിയെടുത്തിട്ടും അവരുടെ സ്ഥിതി ഇതാണ്. പുഴുക്കളേക്കാൾ മോശമായ ജീവിതം.

ആ അനുഭവം എന്റെ മനസ്സിൽ കുറെ ചോദ്യങ്ങൾ ഉയർത്തി. എന്ത്? എന്തിന്? എങ്ങോട്ട്? ഒരു തീരുമാനമെടുക്കാൻ വളരെ എളുപ്പമായിരുന്നു. അന്നാണ് ഞാൻ ചുമട്ടുതൊഴിലാളികളെപ്പറ്റിയുള്ള കവിത എഴുതിയത്.

ആ കവിതയാണ് മഹാകവിയ്ക്ക് വിപ്ലവകവി എന്നപേർ നേടിക്കൊടുത്തത്. കുമാരൻ ഓർത്തു.

മഹാകവി ജീവിച്ചിരുന്ന കാലത്ത് മത്സരം കുറവായിരുന്നു. വരുംവരായ്കളെപ്പറ്റി അധികമൊന്നും ആലോചിക്കാതെതന്നെ ജനം പെട്ടെന്നൊരാളെ അംഗീകരിച്ചു. ചോദ്യം ചെയ്യലില്ല, വിധി പറയലില്ല, അംഗീകാരം മാത്രം. ഇന്നതല്ല സ്ഥിതി. രംഗത്ത് കൂടുതൽ പേർ മത്സരത്തിനുണ്ട്. ആൾക്കാരുടെ ശ്രദ്ധ പിടിച്ചു പറ്റാനുള്ള മത്സരമാണ്. ശ്രദ്ധ പിടിച്ചു പറ്റലാണ് കാര്യം, എന്തെഴുതുന്നു എന്നതില്ലല്ല. അതിനായി ചെപ്പടി വിദ്യയും പൊടിക്കയ്യും നോക്കേണ്ടിവരും. വായനക്കാരെ അത്ഭുതപ്പെടുത്തുകയാണ്, ഞെട്ടിക്കുകയാണ് വേണ്ടത്.

അതിനു വേണ്ടി ഏതു മാർഗ്ഗവും അവലംബിക്കാം. മാർഗ്ഗത്തെ ആരും ചോദ്യം ചെയ്യുന്നില്ല. അവർക്ക് ഫലമാണ് കാര്യം. അതിൽ സംതൃപ്തനാണെങ്കിൽ അംഗീകാരം അനായാസേന വരുന്നു.

തന്റെ കവിതകളുടെ ഗുണനിലവാരത്തെപ്പറ്റി കുമാരന് മതിപ്പുണ്ട്, തന്റെ ഓരോ വരിയിലും കവിത തുളുമ്പി നിൽക്കുന്നത് അയാൾ കാണുന്നുണ്ട്. പക്ഷെ അംഗീകാരം മാത്രം കൈയ്യെത്താദൂരത്ത് അകന്നുനിന്നു. മറിച്ച് തന്നെക്കാൾ പ്രാഗത്ഭ്യം കുറഞ്ഞ പുതിയ എഴുത്തുകാരാകട്ടെ പ്രശ സ്തിയിലേക്ക് കുതിക്കുന്നതും കാണുന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ അംഗീ കാരം പുറംവാതിൽക്കൽ വന്ന് എത്തി നോക്കുന്നുണ്ട്. അത് കുമാരന് ബോദ്ധ്യമായത് സ്വന്തം കവിതകൾ സ്റ്റേജുകളിൽ ചൊല്ലാൻ തുടങ്ങിയപ്പോഴാണ്. കുമാരന്റെ ശബ്ദം ഘനഗംഭീരമായിരുന്നു. സ്വന്തം കവിതകൾ വളരെ തന്മയത്വത്തോടെ സ്റ്റേജുകളിൽ ഉറക്കെപ്പാടി. ജനത്തിന്നതിഷ്ടമായി. അവർ വീണ്ടും വീണ്ടും പാടാൻ കുമാരനെ നിർബ്ബന്ധിച്ചു. കവിത ഉറക്കെ താളാത്മകമായി പാടാനുള്ളതാണെന്ന കാര്യം അയാളാണ് മറ്റുള്ളവരെ മനസ്സിലാക്കിച്ചത്.

താൻ കൂടുതൽ അരങ്ങുകളിൽ ക്ഷണിയ്ക്കപ്പെട്ടത് കുമാരനെ അത്ഭുതപ്പെടുത്തി. കവിതാപാരായണത്തിൽത്തന്നെ നവീനതകൾ ഉണ്ടാക്കാൻ അയാൾ ശ്രദ്ധിച്ചു. തന്റെ കവിതയുടെ ഉൾക്കാമ്പിനോടൊത്ത വേഷധാരണങ്ങൾ, സ്റ്റേജ് സജ്ജീകരണങ്ങൾ, വെളിച്ച സംവിധാനം എന്നിവ ഉണ്ടാക്കാൻ അയാൾ ശ്രദ്ധിച്ചു. ഗുഹാമനുഷ്യനെപ്പറ്റിയുള്ള തന്റെ കവിത ചൊല്ലുമ്പോൾ അയാൾ ഇലകൾ തുന്നിക്കൂട്ടിയ വസ്ത്രം ധരിച്ചു, സ്റ്റേജിൽ നേരിയ വെളിച്ചം മാത്രം വീഴ്ത്തി. ഇതെല്ലാം ആസ്വാദ്യതയുടെ മാറ്റുകൂട്ടുകയും കുമാരനെ കൂടുതൽ സ്വീകാര്യനാക്കുകയും ചെയ്തു.

പക്ഷെ ഇതൊന്നും കുമാരനെ സന്തോഷിപ്പിക്കുകയല്ല ചെയ്തത്. ഒരു സ്റ്റേജ് ആർട്ടിസ്റ്റെന്ന നിലയ്ക്കല്ലാതെ ഒരു കവിയെന്ന നിലയിൽ തനിയ്ക്കുള്ള അംഗീകാരം കുറവായിരുന്നു. അതയാളെ വേദനിപ്പിച്ചു. സ്വന്തം കവിതകൾക്കു പകരം മറ്റേതെങ്കിലും കവികളുടെ കവിതകൾ ചൊല്ലിയാലും, അത് ഒരു സ്ക്കൂൾകുട്ടിയെഴുതിയ പദ്യമായാലും മതി, തനിയ്ക്ക് ഇതേ തരത്തിലുള്ള കൈയ്യടി കിട്ടുമെന്ന് കുമാരന് ഉറപ്പായിരുന്നു. അതയാളെ ചൊടിപ്പിക്കുകയും അതേ സമയം വേദനിപ്പിക്കുകയും ചെയ്തു. തനിയ്ക്ക് വേണ്ടത് കവിയെന്ന നിലയ്ക്കുള്ള അംഗീകാരമാണ്. പാട്ടുകാരനെന്ന നിലയ്ക്കല്ല. ഒരു പാട്ടുകാരനെന്ന നിലയ്ക്ക് തനിയ്ക്കധികം ഉയരാൻ പറ്റില്ലെന്ന് അയാൾക്കറിയാമായിരുന്നു. ഒരു ജന്മവാസനകൊണ്ടും, കുട്ടിക്കാലത്ത് അമ്മ നാമം ജപിക്കുന്നതിന്റെ ശീലു കേട്ട ഓർമ്മയിലുമാണ് അയാൾ പാടുന്നത്. ശാസ്ത്രീയ സംഗീതത്തിന്റെ ബാലപാഠങ്ങൾ പോലും അയാൾ പഠിച്ചില്ലായിരുന്നു. അതു കുമാരനെ ഭയപ്പെടുത്തുകയും ചെയ്തു. ഒരിയ്ക്കൽ തന്റെ കവിതയ്ക്ക് അകമ്പടിയായി ഒരു ഉടുക്കുകാരനെ കൊണ്ടുവന്നു. താൻ കാണിച്ചതിൽ വെച്ചേറ്റവും വലിയ വിഡ്ഢിത്തമായി ആ പരീക്ഷണം കലാശിച്ചു. കവിത തുടങ്ങിയപ്പോൾ ഉടുക്കുകാരൻ ഒരു വഴിക്കും കുമാരൻ വേറൊരു വഴിക്കും പോകുന്നതും, രണ്ടുപേരും തടഞ്ഞു വീഴുന്നതും അയാൾ കണ്ടു. ഉടുക്കുകാരൻ തന്റെ ഒപ്പമെത്താൻ പല പ്രാവശ്യം വിഫലമായി ശ്രമിക്കുന്നതയാൾ കണ്ടിരുന്നു. പരീക്ഷണം പാതിയിൽ നിർത്തേണ്ടിവന്നു.

താൻ ഏതുവഴിക്കു തിരിയണമെന്ന പ്രശ്നം അയാളെ വീണ്ടും അലട്ടി. അയാൾ സംതൃപ്തനായിരുന്നില്ല. അതൃപ്തിയുടെ ഭാണ്ഡവുമേന്തി അയാൾ തെരുവുകൾ തോറും അലഞ്ഞു. പെട്ടെന്നൊരു ദിവസം അയാൾക്ക് ഭൂതോദയമുണ്ടായി. ബോധിവൃക്ഷത്തിനു താഴെ ഇരുന്ന സിദ്ധാർത്ഥന്റെ മട്ടിൽ അറിവ് കുമാരനിൽ ഒരു ധാരയായി വന്നു ചേർന്നു.

ഒരു സിനിമാഹാളിൽ വെച്ചാണതുണ്ടായത്. നഗരത്തിലെ അനേകം സിനിമാഹാളുകളിൽ ഒന്ന്. ഒടിഞ്ഞ കസേലകളും, ചവറും എലികളും നിറഞ്ഞ നിലവും, വായുവിൽ കഞ്ചാവിന്റെ മണവുമുള്ള ഒരു സിനിമാഹാൾ. സിനിമ തുടങ്ങിയപ്പോഴാണയാൾ മനസ്സിലാക്കിയത്. വെറും ഒരു മൂന്നാം തരം സിനിമ. താനെന്തിനാണ് ഈ സിനിമയ്ക്ക് കയറിയതെന്ന് അയാൾ അത്ഭുതപ്പെടുകയായിരുന്നു. ഒരു പക്ഷെ വിധിയായിരിക്കാം. പുറത്തുള്ള മടുപ്പും. അതൃപ്തിയും. വ്യക്തിപരമായ ആശയക്കുഴപ്പങ്ങളിൽ നിന്ന് താൽക്കാലികശാന്തി കിട്ടുമെന്ന ധാരണയുമാണയാളെ സിനിമാഹാളിലേക്കു നയിച്ചത്. എന്തായാലും ആ തീരുമാനത്തിൽ അയാൾ പശ്ചാത്തപിക്കാൻ തുടങ്ങിയിരുന്നു.

അപ്പോഴാണതുണ്ടായത്. വെള്ളിത്തിരയിൽ ഒരു ബലാൽസംഗം നടക്കുന്നു. നായികയെ വില്ലൻമാരെല്ലാം കൂടി ഒരു കൂട്ടബലാൽസംഗം. ഹാൾ നിശ്ശബ്ദമായിരുന്നു. എല്ലാവരും വെള്ളിത്തിരയിലേക്കു തന്നെ വീർപ്പടക്കി നോക്കിയിരിക്കയാണ്.

അഞ്ചു മിനിറ്റുനേരം നീണ്ടുനിന്ന ബലാൽസംഗത്തിനുശേഷം നായിക അല്പപ്രാണയായി, അല്പ വസ്ത്രയായി കിടക്കുന്നതോടെ സീൻ മാറുന്നു.

ആവു അഞ്ചുറുപ്പിക മൊതലായി.

പിൻസീറ്റിൽ നിന്നൊരാൾ പറഞ്ഞു. കുമാരൻ നോക്കിയപ്പോൾ പലരും എഴുന്നേറ്റു ഹാൾ വിടുകയാണ്. അപ്പോൾ ഈ ഒരു കാഴ്ച കാണാൻ വേണ്ടി കാശുകൊടുത്ത് ഇരച്ചുകയറിയവരാണിവർ. ഒരു പക്ഷെ ഈ ഒരേ ഒരു സീൻമാത്രം കാട്ടിയാലും ആൾക്കാർ അഞ്ചുറുപ്പിക കൊടുത്ത് ടിക്കറ്റെടുത്ത് കാണാൻ വരുമായിരിക്കും.

ഈ അറിവ് കവിയുടെ മനസ്സിൽ ധാർമ്മികരോഷം ഉണർത്തി. ഒപ്പം തന്നെ മാരകമായൊരു അറിവും. മനുഷ്യ മനസ്സുകളുടെ ഇരുണ്ട ഉള്ളറകളെപ്പറ്റിയുള്ള അറിവ്. ഇരുട്ടിൽ നേരിയ വെട്ടം വീണപോലെ. അയാൾ ആലോചിച്ചു. എല്ലാം മനുഷ്യരിലും ഒരു നല്ലവശമുണ്ട്, ധർമ്മത്തെ കാമിക്കുന്ന, ധാർമ്മിക മൂല്യങ്ങളെ സംരക്ഷിക്കാൻ വെമ്പുന്ന ഒരു വശം. അലക്കി ഇസ്തിരിയിട്ട വസ്ത്രം പോലെ മനുഷ്യർ ഈ വശം മാത്രം

പുറത്തുകാട്ടുന്നു. എന്നാൽ ഒപ്പം അത്ര തന്നെയോ അല്ലെങ്കിൽ അതിനേക്കാൾ ശക്തമായോ വേറൊരു വശമുണ്ട്. ഇതിനെല്ലാം എതിരെ, ഇതിനെയെല്ലാം കാറ്റിൽ പറത്തുന്ന ഒരു വശം അധർമ്മത്തിന്റേതായ ഒരു വശം സ്ത്രീ ബലാൽസംഗം ചെയ്യപ്പെടുന്നതു കാണുമ്പോൾ അവരെ രക്ഷിക്കാൻ ശ്രമിക്കുന്ന വശത്തിനൊപ്പം തന്നെ ആ ബലാൽസംഗം കണ്ട് ആസ്വദിച്ചു തൃപ്തിയടയാനും, പറ്റുമെങ്കിൽ ആ ക്രിയയിൽ ഭാഗഭാക്കാവുവാനും വെമ്പുന്ന ഒരു മനസ്സ്.

ഈ സിനിമയിലെ നായിക സുന്ദരിയായിരുന്നു. അവൾ എപ്പോഴും അഭിനയിച്ചിരുന്നത് ശാലീനയായ ഒരു കാമുകിയെപ്പോലെയോ, കുലീനയായ ഒരു നവവധുവിനെപ്പോലെയോ ചാരിത്രവതിയായ വീട്ടമ്മയെപ്പോലെയോ ആണ്. കുലീനയായ ഒരു സ്ത്രീയുടെ പ്രതിഛായയാണ് ആ നടി പാടുപെട്ടുണ്ടാക്കിയിരുന്നത്. അതൊരു പക്ഷെ ഈ പ്രേക്ഷകരിൽ കൂടുതൽ ഉത്സാഹത്തിമർപ്പുണ്ടാക്കിയിരിക്കണം. കുലീനത എത്ര കൂടുന്നുവോ, അത്രയും സംതൃപ്തിയാണ് അതു നശിപ്പിക്കപ്പെടുന്നതു കാണാൻ. ഒരു മരക്കൊള്ളി ഒടിക്കുന്നതിൽ സംതൃപ്തിയില്ല. ഒരു തുടുത്ത പൂവു ഞെരിക്കുമ്പോഴാകട്ടെ, ചവുട്ടിയരക്കുമ്പോഴാകട്ടെ നമ്മുടെ അധമഭാഗത്തിന് സംതൃപ്തിയുണ്ടാക്കുന്നു.

ഈ ചിന്ത യുവകവിയിൽ ചില ചലനങ്ങളുണ്ടാക്കി. ഒരു രാസക്രിയ പോലെയായിരുന്നു അത്. കുറച്ചു കാലമായി മനസ്സിനെ, അലട്ടിയിരുന്ന പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കണ്ടെത്തിയിരിക്കുന്നു. പോകേണ്ട വഴി മുന്നിൽ തെളിഞ്ഞു വന്നിരിക്കുന്നു. അംഗീകാരത്തിലേക്കുള്ള പാത, ഉയരങ്ങളിലേയ്ക്കുള്ള ഏണിപ്പടികൾ. കുമാരൻ പിന്നെ ഒന്നും ആലോചിച്ചില്ല.

സ്നേഹത്തിന്റെ സൗന്ദര്യത്തിനു പകരം അയാൾ ഉഷ്ണപ്പുണ്ണിന്റെ വൈരൂപ്യത്തെപ്പറ്റി എഴുതി. സ്വഛമായ അരുവികൾക്കു പകരം നാറുന്ന, പുഴുക്കൾ പുളയുന്ന ഓടകളെപ്പറ്റി എഴുതി. സ്ത്രീത്വത്തിന്റെ മഹിമക്കു പകരം വ്യഭിചാരത്തിന്റെ അഭികാമ്യതയെ പുകഴ്ത്തി. കാവ്യാസ്വാദനത്തിനു പകരം കഞ്ചാവിന്റെ ലഹരിയെ സ്തുതിച്ചു. ഒരു പുതിയ കാവ്യ വീക്ഷണം. ഒരു പുതിയ സൗന്ദര്യദർശനം.

പുതിയ കവിതകൾ വിജയകരമായിരുന്നു. കവിതകളെ, അവയിലില്ലാത്ത ഗുണങ്ങളാൽ പ്രകീർത്തിക്കാൻ നിരൂപകന്മാർ മത്സരിച്ചു. കനത്ത നിരൂപണങ്ങളും പഠനങ്ങളും ഒന്നിനൊന്നായി പ്രത്യക്ഷപ്പെട്ടു. ലാറ്റിനമേരിക്കയിലേയും ആഫ്രി ക്കയിലേയും കവികളുമായി കുമാരനെ താരതമ്യപ്പെടുത്തി കവിതയുടെ മാറ്റ് ഉരച്ചു കാണിക്കുകയും ചെയ്തു.

പുതിയ കവിതകൾ ചൊല്ലുന്നതു കേൾക്കാൻ ആൾക്കാർ ഇരച്ചുകയറി. കവിത വായിക്കാനുള്ള ക്ഷണം നിരന്തരം ഒഴുകി വന്നു. കവിതകൾ കാസറ്റുകളിൽ ആക്കപ്പെട്ടു. കാസറ്റുകൾ പെട്ടെന്ന് വിറ്റഴിഞ്ഞു. വീണ്ടും പുതിയ കവിതകൾ ഉൾക്കൊള്ളുന്ന കാസറ്റുകൾ.

പ്രശസ്തിയുടെ പാരമ്യത്തിലെത്തിയപ്പോൾ കുമാരൻ ചില ചിട്ടകളെല്ലാം ഉണ്ടാക്കി. കവിത ചൊല്ലിക്കഴിഞ്ഞാൽ അയാൾ സ്റ്റേജിൽ നിന്നിറങ്ങി ഹാളിന്റെ വാതിലിനു പുറത്ത് നിലയുറപ്പിക്കും. ആരാധകർക്ക് ദർശനത്തിനായിരുന്നു അത്. ഈ പരിപാടി അയാൾ വളരെ ക്രമമായി ഒരു ആചാരമെന്ന പോലെ അനുഷ്ഠിച്ചു പോന്നു. ആരാധകരിൽ ആസ്വാദകരുണ്ടായിരുന്നു, അനുഗ്രഹാശിസ്സുകൾ തേടുന്ന കൊച്ചുകവികളുണ്ടായി രുന്നു. താന്താങ്ങളുടെ അരങ്ങിലേയ്ക്കു കവിത ചൊല്ലാൻ ക്ഷണിയ്ക്കുന്ന സംഘാടകരുണ്ടായിരുന്നു. എല്ലാവരേയും കുമാരൻ ദീനാനുകമ്പയോടെ സ്വീകരിച്ചു ആശിർവ്വദിച്ചു.

കൂടുതൽ കവികൾ പങ്കെടുക്കുന്ന കവിയരങ്ങിലാവട്ടെ കുമാരന്റെ ആചാരമുറകൾ ബുദ്ധിമുട്ടുണ്ടാക്കി. കുമാരന്റെ കവിത ചൊല്ലൽ കഴിഞ്ഞാൽ സ്റ്റേജിൽ ബാക്കിയുള്ളവരെ തീരെ അവഗണിച്ചുകൊണ്ട് കുമാരൻ സ്റ്റേജിൽ നിന്നിറങ്ങുകയും വാതിലിനു പുറത്ത് ആരാധകരേയും പ്രതീക്ഷിച്ച് നില്ക്കുകയും ചെയ്യും. പരിപാടിയിൽ പങ്കെടുക്കുന്ന മറ്റ് കവികൾക്ക് ഇതൊരു തലവേദനയായി മാറാറുണ്ട്. അവരുടെ കവിതാ പാരായണത്തിനിടയ്ക്കായിരിക്കും കുമാര ന്റെ വാതില്ക്കലുള്ള നില്പ്. അത് ഹാളിൽ അങ്കലാപ്പുണ്ടാവുന്നു. അത് തങ്ങളോടുള്ള അവഗണനയായി മറ്റു കവികൾ കരുതി. പരാതി പറയാൻ അവർ അശക്തരായിരുന്നു, കാരണം ഒഴുക്ക് കുമാരന്റെ ഭാഗത്തേക്കായിരുന്നു. അവർ വിഷണ്ണരായി, എങ്കിലും അതു മറച്ചുവെച്ചു അക്ഷോഭ്യരായി കൂടുതൽ ഉച്ചത്തിൽ കവിത വായിച്ചു. ഇത് കുമാരനിൽ ഗർവ്വുണ്ടാക്കി. താൻ ലോകത്തിനു മുകളിൽ നിൽക്കുകയാണെന്ന തോന്നൽ അയാൾക്കുണ്ടായി.

വാസതവം പറഞ്ഞാൽ കുമാരന്റെ കവിതകൾ ആരേയും സ്വാധീനിച്ചിട്ടില്ല. സ്വാധീനിച്ചിരുന്നെങ്കിൽ ഫലം ദാരുണമായേനെ. നാട്ടിൽ വ്യഭിചാരവും, കൊല്ലും കൊലയും. ബലാൽസംഗവും അധികമായേനെ. അങ്ങിനെയൊന്നുമുണ്ടായില്ലെന്ന് കണക്കുകൾ തെളിയിച്ചു. നാട്ടുകാർ കുമാരന്റെ കവിതകൾ അതർഹിക്കുന്ന വിധത്തിൽ തന്നെ എടുത്തു. വായിക്കാൻ, കേൾക്കാൻ, അത്രമാത്രം. ആ വായനയിലുണ്ടാകുന്ന ലഹരിയിൽ, മനസ്സിന്റെ അധമഭാഗത്തെ അവർ സംതൃപ്തരാക്കി. അപകടങ്ങൾ മറ്റുള്ളവർക്കുണ്ടാകുന്നത്, അന്യന്റെ ഭാര്യ ബലാൽസംഗം ചെയ്യപ്പെടുന്നതു കാണുന്നത് അവർക്കിഷ്ടമായിരുന്നു എത്രയായാലും ഇതൊക്കെ കവിത മാത്രമല്ലെ എന്ന ഒഴിവുകഴിവ് അവർക്കൊരു മറയായി.

മുകളിൽ എത്താനുള്ളതിനേക്കാൾ വിഷമമാണ് ആ സ്ഥാനം കൈവിടാതെ സൂക്ഷിക്കാൻ. കയറുന്നതിനേക്കാൾ കൂടുതൽ അഭ്യാസം കാണിക്കണം വീഴാതിരിക്കാൻ. ആൾക്കാരുടെ ശ്രദ്ധ മറ്റൊന്നിലേക്ക് വ്യാപരിക്കാതിരിക്കാൻ പുതിയ അഭ്യാസങ്ങൾ കാണിക്കേണ്ടിയിരിക്കുന്നു. കുമാരന്റെ അഭ്യാസങ്ങളുടെ കലവറ ഒഴിഞ്ഞു തുടങ്ങിയിരുന്നു. തന്റെ കവിതകളെപ്പറ്റിയുള്ള നിരൂപണങ്ങളും പഠനങ്ങളും കുറഞ്ഞുതുടങ്ങി. മുമ്പത്തെപ്പോലെ ഉത്സാഹമില്ല. തന്റെ ഗുരുവായ മഹാകവി പറയാറുള്ളത് കുമാരൻ ഓർത്തു. നമ്മുടെ കവിതകൾ ഇപ്പോഴുള്ള വായനക്കാർ എങ്ങനെ സ്വീകരിക്കുന്നു എന്നത് നോക്കണ്ട. നമ്മൾ സത്യസന്ധരായാൽ മതി. വായനക്കാർ ഒരു പക്ഷെ നമ്മെ മനസ്സിലാക്കാൻ കുറെ സമയമെടുക്കും, ഒരു പക്ഷെ നാം മരിച്ചു

പോയതിനു ശേഷമാവും മനസ്സിലാക്കുക. മനസ്സിലാക്കുമ്പോഴാകട്ടെ അതവരെ ആഹ്ലാദഭരിതരാക്കണം, അത്ഭുതപ്പെടുത്തണം.

ഗുരു പറഞ്ഞത് ശരിയാണെന്ന് കുമാരന് ഇപ്പോൾ ബോദ്ധ്യമായിത്തുടങ്ങി. മഹാകവിയുടെ കവിതകളുടെ പഠനങ്ങൾ ഇപ്പോൾ വരാൻ തുടങ്ങിയിട്ടേയുള്ളൂ. ആ പഠനങ്ങൾ എഴുതുന്ന നിരൂപകന്മാരാകട്ടെ വളരെയേറെ പഠിച്ചവരും. തന്റെ കവിതകളെപ്പറ്റി ധാരാളം പഠനങ്ങൾ വന്നുകഴിഞ്ഞു. പക്ഷെ അവയെല്ലാം തന്നെ അപക്വമതികളായ പടിഞ്ഞാറു നോക്കികളും, വായനക്കാരെ ഭ്രമിപ്പിക്കുമാറ് വാചക കസർത്തുകൾ നടത്തുന്ന വരും സത്യസന്ധതയും ആത്മാർത്ഥതയും തീണ്ടിയിട്ടില്ലാത്തവരുമായിരുന്നു. ജനപ്രീതി നേടിയതിനെ പുകഴ്ത്തി പേരെടുക്കാൻ ശ്രമിക്കുന്നവരായിരുന്നു അവർ. നാളെ തന്റെ കവിതകളോ, ഈ നിരൂപകരുടെ പഠനങ്ങളോ ആരും വായിക്കാൻ പോകുന്നില്ലെന്ന് കുമാരന് ബോദ്ധ്യവുമായിരുന്നു.

പ്രഗത്ഭരായ ചെറുയുവകവികൾ ഉയർന്നുവരുന്നത് ഒരു ഭീതിയോടെ കുമാരൻ നോക്കിക്കണ്ടു. അവരിൽ ത്തന്നെ ഒരു കവി ഒരുജ്ജ്വല നക്ഷത്രം പോലെ പ്രകാശിക്കുന്നതും അയാളെ ഭയപ്പെടുത്തി. മലയാളം എം.എ. ബിരുദധാരിയാണ് ഉണ്ണി നമ്പൂതിരി.  വാരികകളിൽ കവിതകൾ വരാൻ തുടങ്ങിയിട്ട് കുറച്ചുകാലമായി. അയാൾ ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയെന്നതാണ് ഏറ്റവും അപകടം പിടിച്ചത്. ഉണ്ണിയുടെ കവിതകൾ പഠനവിധേയമാക്കി ത്തുടങ്ങി. തന്റെ ഗുരു മഹാകവിയുടെ കവിതകളെപ്പറ്റി പഠനങ്ങളെഴുതുന്ന തലമുതിർന്ന നിരൂപകരാണ് ഉണ്ണിയുടെ കവിതകളെപ്പറ്റിയും എഴുതുന്നത്. അല്ലാതെ തന്റെ കവിതകളെപ്പറ്റി പൊള്ളയായ വാചകങ്ങളെ ഴുതുന്ന പടിഞ്ഞാറുനോക്കികളല്ല. ഇത് കുമാരന് ക്ഷീണമുണ്ടാക്കി.

തന്റെ കവിതകളുടെ നേരെ എതിരായാണ് ആ യുവകവി എഴുതിയിരുന്നത്. മുല്ലപ്പൂവിന്റെ സൗരഭ്യം ഓടയുടെ ഗന്ധത്തേക്കാൾ നല്ലതാണെന്ന് അയാൾ പാടി. കാല്പനികതയെ വീണ്ടും കുടിയിരുത്താനുള്ള ശ്രമത്തിൽ ഉണ്ണി വിജയിച്ചു. അയാളും കവിതാപാരായണം ഒരു കലയായി വികസിപ്പിച്ചെടുത്തിരുന്നു. നമ്പൂതിരിക്ക് ശാസ്ത്രീയ സംഗീതത്തിൽ പിടിപാടുള്ളതുകൊണ്ട് കൂടുതൽ തന്മയത്വത്തോടെ അകമ്പടിക ളോടെ പാടുവാൻ കഴിഞ്ഞിരുന്നു. വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ ഉണ്ണിനമ്പൂതിരി സ്റ്റേജിൽ കയറുമ്പോൾത്തന്നെ ആൾക്കാർ കയ്യടിക്കാൻ തുടങ്ങി. കവിത ഉറക്കെ വായിക്കുക മാത്രമല്ല സംഗീതാവിഷ്ക രണം ചെയ്യുക കൂടി ആവാമെന്നയാൾ തെളിയിച്ചു.

പച്ചപ്പുല്ലിന്റെ നൈർമ്മല്യം, മുക്കൂറ്റിപ്പൂവിന്റെ ചാരുത, പുതുമഴയുടെ സംഗീതം, മണ്ണിന്റെ വാസന, ഇതെല്ലാം വായനക്കാരെ തങ്ങളുടെ കുട്ടിക്കാലത്തെത്തിച്ചു. ഇതൊന്നും തങ്ങൾക്ക് നഷ്ടപ്പെട്ടിട്ടില്ലെന്ന ബോധം ഉണ്ണിയുടെ കവിതകൾ അവരിലുണ്ടാക്കി.

ഇതെല്ലാം സ്വാഭാവികമായി വരേണ്ട അനിവാര്യതയുടെ തുടക്കം മാത്രമായിരുന്നു. ജനങ്ങളെ കുറച്ചുകാലം കളിപ്പിക്കാം. അവർ ആ പുകമറയിൽ നിന്ന് രക്ഷപ്പെടുകതന്നെ ചെയ്യും. പുറത്തുകടന്ന് ശുദ്ധവായു ശ്വസിക്കു മ്പോഴാണ് അവർക്ക് ഇത്രയും കാലം നഷ്ടപ്പെട്ടതെന്താണെന്നു മനസ്സിലാവുന്നത്. ലോകം വൈരൂപ്യം നിറഞ്ഞ തു തന്നെ, പക്ഷെ നമ്മുടെ രചനകൊണ്ട് ആ വൈരൂപ്യം കൂട്ടണമെന്നില്ലല്ലൊ. അതുപോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള അടുപ്പം; അതും വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും പഴമയുടെ പേരിലെങ്കിലും അതു ണ്ടെന്ന് നടിച്ചു കൂടെ?

തന്റെ പ്രശസ്തി കുറഞ്ഞുവരുന്നത് കുമാരൻ വല്ലായ്മയോടെ നോക്കി. ഒപ്പം ഉണ്ണിനമ്പൂതിരിയുടെ കവിതയ്ക്ക് പ്രിയം കൂടുന്നതും.

ഉണ്ണിനമ്പൂതിരിയുമായി ഒരേ സ്റ്റേജിൽ പ്രത്യക്ഷപ്പെടാതിരിക്കാൻ കുമാരൻ ഒഴിവു കഴിവുകൾ കണ്ടെത്തി. ഒരു സംഘട്ടനം ഉണ്ടാവുമെന്നയാൾക്കറിയാം. അതിനായി അയാൾ മനസ്സിൽ തയ്യാറെടുപ്പു നടത്തി. പ്രതീക്ഷിച്ച സംഘട്ടനം പ്രതീക്ഷിച്ചതിലും നേർത്തെ ഉണ്ടായി.

ഹാളിന്നു പുറത്തെ കമാനത്തിനു താഴെ കുമാരൻ സംശയിച്ചു നിന്നു. കമാനം വളരെ ഉയർന്നതായിരുന്നു. അതിനു താഴെ താൻ ഒരു ഉറുമ്പായി കുമാരനു തോന്നി. ഒരു മാസം മുമ്പ് ആ കമാനത്തിനു താഴെ താൻ ആരാധകരാൽ ചുറ്റപ്പെട്ടു നിന്നതയാൾ ഓർത്തു. അന്ന് ഈ കമാനത്തിന് ഇത്ര ഉയരമുണ്ടായിരുന്നില്ല. പുറത്തേക്കു വെച്ച ഉച്ചഭാഷിണിയിൽക്കൂടി ഉണ്ണി നമ്പൂതിരിയുടെ ശബ്ദം വാദ്യഘോഷങ്ങൾക്കിടയിൽ കേട്ടു. ഒപ്പം തന്നെ ആൾക്കാരുടെ കയ്യടിയും, ആഹ്ലാദതിമർപ്പും. ഉണ്ണിനമ്പൂതിരി തുടങ്ങിയിട്ടേയുള്ളു. പത്തുമിനിറ്റു മുമ്പ് താൻ സ്റ്റേജിൽ കവിത വായിച്ചിരുന്നത് കുമാരൻ ഓർത്തു. ഒന്നോ രണ്ടോ അപശബ്ദങ്ങൾ ഹാളിൽനിന്നു കേട്ടതു വകവെയ്ക്കാതെ കവിതവായന തുടർന്നത്, ആ അപശബ്ദങ്ങൾ ഒരു കൂവലായി മാറിയത്, ഒരു താളക്രമത്തോടെ, ഒരറ്റം മുതൽ മറ്റേ അറ്റം വരെ പടർന്നു പിടിച്ചത്, സംഘടിതമായത്, തന്റെ വായന ആ സംഘടിതശബ്ദത്തിൽ മുങ്ങിപ്പോയത്, കവിത മുഴുമിപ്പിക്കാതെ പിൻമാറിയത്. ആലോചിക്കുമ്പോൾ അമർഷംകൊണ്ടയാളുടെ മുഖം വികൃതമായി. ഹാളിന് തീ കൊടുത്ത് അവിടെ നിന്നോടിപോകാൻ അയാൾ ക്കു തോന്നി.

തനിക്ക് പോകാമായിരുന്നു. സംഘാടകരെ ആരെയെങ്കിലും കണ്ടാൽ തനിക്കുവേണ്ടി ഒരു വാഹനം ഏർപ്പെടുത്താൻ പറയാമായിരുന്നു. സാധാരണ അവർ തന്നെ ഒപ്പം വന്ന് കാറിൽ കയറ്റി വിടുമായിരുന്നു. ഇന്ന് ആരേയും പുറത്തു കാണാനില്ല. എല്ലാവരും ഉണ്ണിനമ്പൂതിരിയുടെ മാസ്മരവിദ്യയിൽ മയങ്ങിയിരിക്കുക യായിരിക്കും,

അയാൾ പടികൾ ഇറങ്ങി, മണൽ വിരിച്ച മുറ്റത്തുകൂടെ നടന്ന് ഗേറ്റു കടന്നു. ഒരു പുതിയ ബോധിവൃക്ഷത്തിനു വേണ്ടി, ഒരു പുതിയ വെളിപാടിനു വേണ്ടി കുമാരൻ നടന്നു.

back to index

# മുഴുമിക്കാത്ത ഒരു യാത്ര

ദേഹത്തുവരിഞ്ഞ ഇളംകൈ പതുക്കെ മാറ്റി, മുളച്ചു വരുന്ന നനുത്ത മീശക്കു താഴെയുള്ള ചുണ്ടുകളിൽ ചുണ്ടുചേർത്ത് അവസാനമായി ചുംബിച്ച്, അഴിഞ്ഞ പാവാടചരടുകൾ ചേർത്തുപിടിച്ച് അവൾ എഴുന്നേറ്റു. സാരിയെടുത്തുടുത്ത് അപ്പോഴും കിടക്കുകയായിരുന്ന ജയനെ വിളിച്ചു.

എണീക്കു ജയന് പോകേണ്ട സമയായി.

മുറിയിൽ ഇരുട്ട് നിറഞ്ഞു തുടങ്ങി. മരത്തിന്റെ അഴികളുള്ള ജനലിലൂടെ കാണുന്ന മരങ്ങൾ നിഴലുക ളായി മാറി അതിനും അപ്പുറത്ത് കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ വെളിച്ചം സ്ഫുരിച്ചു നിന്നു, പുറത്ത് കിളിക ളുടെ അസ്വസ്ഥ ശബ്ദങ്ങൾ കേട്ടു.

ഞാൻ നാളേം വരും. അതിന് ടീച്ചറ് സമ്മതിച്ചാല ല്ലാതെ ഞാൻ പോവില്ല്യ.

കഴിഞ്ഞ ഒരു മണിക്കൂറായി അവൾ ജയനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു. തുടരാൻ വിഷമമായ ബന്ധത്തെപ്പറ്റി അവന്റെ ഭാവിയെപ്പറ്റി. സ്നേഹം എന്നും നിലനില്ക്കില്ലെന്നും, അതുകൊണ്ട് സ്നേഹബന്ധങ്ങൾ പുതുമ നശിക്കുന്നതിനു മുമ്പു തന്നെ നിർത്തുകയാണ് നല്ലതെന്നും. പിന്നെ തുടർന്നാൽ സംഭവിച്ചേക്കാവുന്ന അപവാദങ്ങളെപ്പറ്റിയും.

അവന് പതിനെട്ട് വയസ്സേ ആയിട്ടുണ്ടായിരുന്നുള്ളൂ. ആ പ്രായത്തിൽ ബുദ്ധി ഹൃദയത്തിന് വഴിമാറിക്കൊടു ക്കുന്നു. ഇരുപത്താറു വയസ്സുള്ള ഗ്രേസിടീച്ചർക്ക തറിയാം.

എണീക്കൂ, നല്ല കുട്ടിയാവു.

അവൾ കൈ നീട്ടി. ഒരനുസരണയുള്ള കുട്ടിയെപ്പോ ലെ അവൻ ആ നീട്ടിയ മൃദുലമായ കൈപിടിച്ചെഴുന്നേറ്റു. തലമുടി കൈകൊണ്ടു കോതി. പുസ്തകങ്ങൾ എടുത്തു പുറത്തുകടക്കുമ്പോൾ അവൻ വീണ്ടും പറഞ്ഞു.

ടീച്ചർ, ഞാൻ നാളെയും വരും.

അവർ ഒന്നും പറയാതെ വാതില്ക്കൽ നിന്നു. അവനെ തിരിച്ച് വിളിച്ച് ഒരിക്കൽക്കൂടി മാറിൽ അമർത്തി ആലിം ഗനം ചെയ്യാനുള്ള വെമ്പൽ അടക്കി. മുണ്ടു മാടിക്കുത്തി അവൻ പടി കടന്നു പാടത്തെ നാട്ടുവെളിച്ചത്തിൽ നടന്ന കലുന്നത് അവൾ നോക്കിനിന്നു. പിന്നെ അവൻ കണ്ണിൽ നിന്നു മറഞ്ഞപ്പോൾ കട്ടിലിൽ വന്നിരുന്ന് തേങ്ങിതേങ്ങി ക്കരഞ്ഞു. അവൾ രാത്രി ഊണുകഴിച്ചില്ല, ഉറങ്ങിയ തുമില്ല.

രണ്ടുമണിയായപ്പോൾ അവൾ എഴുന്നേറ്റു. അടുക്കള യിൽ കടന്ന് വൃത്തിയാക്കാൻ തുടങ്ങി. ചോറിൻ പാത്ര ത്തിലെ ചോറും കൂട്ടാനും ഒരു കടലാസ്സിലാക്കി പുറത്ത് ഇറയത്ത് വെച്ചു. വല്ല നായ്ക്കളും തിന്നുപെയ്ക്കോളും. പാത്രങ്ങളെല്ലാം കഴുകി കമിഴ്ത്തി വെച്ചു. കിടപ്പു മുറിയിൽ വന്ന് ചെറിയൊരു സൂട്ട്കേസ് പുറത്തെടുത്തു. അത്യാവശ്യം വേണ്ട വസ്ത്രങ്ങൾ മാത്രം ഒതുക്കിവെച്ചു. രണ്ടു കത്തുകൾ എഴുതാനുണ്ട്. അതും കൂടി എഴുതിയാൽ തനിക്കുപോകാം. രണ്ടു വ്യക്തികൾക്കേ തന്റെ ജീവിതത്തിൽ സ്ഥാനമുള്ളു. അവർക്കുള്ള കത്തെഴുതി. ഭർത്താവിനുള്ള കത്ത് മേശപ്പുറത്തു വെച്ചു. ജയനുള്ള കത്ത് പൂമുഖത്ത് രണ്ടാമത്തെ വരി ഓടി ന്നിടയിലും. വാതിലിൽ പൂട്ടു കണ്ടാൽ എവിടെയാണ് ടീച്ചറുടെ കത്തിനുവേണ്ടി തപ്പേണ്ടതെന്നവനറിയാം. ഭർത്താവിന് ഒരു കത്ത് അദ്ദേഹം ജോലി ചെയ്യുന്ന സ്ക്കൂളിന്റെ വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യാം. അദ്ദേഹം ഒന്നുമറിയാതെ ഇവിടെവന്ന് പൂട്ടിയിട്ട വാതിൽ കണ്ട് ഞെട്ടേണ്ട.

സൂട്ട്കേസുമെടുത്ത് ഗ്രേസിടീച്ചർ പുറത്തുകടന്നു. സമയം അഞ്ചുമണി. അഞ്ചര മണിക്കാണ് റെയിൽവേ സ്റ്റേഷനിലേക്കുള്ള ആദ്യത്തെ ബസ്സ്.

ബോട്ടിൽ നിന്നിറങ്ങി ജയൻ ചുറ്റും നോക്കി. തൂവെള്ള മണൽ. നിറയെ തെങ്ങുകൾ. ചെറിയ വീടുകൾ. തന്റെ ആറുകൊല്ലത്തെ അന്വേഷണം ഇവിടെ അവസാനിക്കുകയാണെന്നോർത്തപ്പോൾ ജയന്റെ ഹൃദയം മിടിച്ചു. ബോട്ടിൽ ഒപ്പമുണ്ടായിരുന്ന വെള്ളയൂണിഫോമിട്ട പെൺകുട്ടികൾ എല്ലാം ഇറങ്ങിയിരുന്നു. അതിൽ ഒരു പെൺകുട്ടിയോട് അയാൾ ചോദിച്ചു.

സ്ക്കൂൾ എവിടെയാണ്?

അതാ അവിടെ.

അവൾ ചൂണ്ടിക്കാട്ടി. ചെറിയ കെട്ടിടങ്ങൾക്കു നേരെ അവൾ ചൂണ്ടിക്കാട്ടിയ സ്ഥലത്തേക്ക് അയാൾ നോക്കി. ഏതാണ് സ്ക്കൂൾ എന്നയാൾക്കു മനസ്സിലായില്ല.

വരൂ. ഞങ്ങളുടെ ഒപ്പം വന്നാൽ മതി. അവൾ പറഞ്ഞു. ആരെയാണ് കാണേണ്ടത്?

ഗ്രേസിടീച്ചർ. അയാൾ പെട്ടെന്നു പറഞ്ഞു. ഉടനെ മനസ്സിലായി അവരെ ആ പേരിൽ ഈ കുട്ടികൾ അറിയുകയുണ്ടാവില്ല. അയാൾ തിരുത്തി.

സിസ്റ്റർ പോളിൻ.

സ്ക്കൂൾ കെട്ടിടം ചെറുതാണ്. സെന്റ് മേരീസ് ലോവർ പ്രൈമറി സ്ക്കൂൾ എന്ന് ബോർഡ് എഴുതി വെച്ചിട്ടുണ്ട്.

ഇവിടെ നില്ക്കു. ആ പെൺകുട്ടി പറഞ്ഞു ഞാൻ വിളിച്ചുകൊണ്ടുവരാം.

അവൾ പോയി ഒരു മുറിയിലേക്കു കടന്നു. ഉടനെ തന്നെ പുറത്തു കടന്നു. ഒപ്പം കന്യാസ്ത്രീകളുടെ

തിരുവസ്ത്രം ധരിച്ച ഒരു സ്ത്രീയുമുണ്ടായിരുന്നു. അവൻ പെട്ടെന്നവരെ തിരിച്ചറിഞ്ഞു. അവരും, മുഖത്തുണ്ടായ സ്തോഭം നിയന്ത്രിച്ച് അവൻ ജയന്റെ അടുത്തു വന്നു.

ആര് ജയനോ?

പിന്നെ തിരിഞ്ഞ് ഒരു ചോദ്യഭാവത്തോടെ നിൽക്കുന്ന പെൺകുട്ടിയോടവർ പറഞ്ഞു.

ഇത് എന്റെ അനുജനാണ് മോളെ. മോള് പൊയ്ക്കൊള്ളു.

ഞാൻ മദർസുപ്പീരിയറോട് സമ്മതം ചോദിച്ചു വരാം, അവരാണ് ഹെഡ്മിസ്ട്രസ്സ്.

ഗ്രേസിടീച്ചർ നടന്നകലുന്നതും, വരാന്തയിലെ അവസാനത്തെ മുറിയിലേക്കു കടക്കുന്നതും, രണ്ടു മിനിറ്റിനകം തിരിച്ചു വരുന്നതും ജയൻ കണ്ടു. ഗ്രേസിടീച്ചർ വരാന്തയുടെ പകുതി ഭാഗം നടന്നപ്പോൾ ഹെഡ്മിസ്ട്രസ്സിന്റെ മുറിയിൽ നിന്ന് ഒരു തടിച്ച കന്യാസ്ത്രീ പുറത്തു കടന്ന് കണ്ണടയിലൂടെ തന്നെ ഗൗരവ പൂർവ്വം നോക്കുന്നതവൻ കണ്ടു.

വരു നമുക്ക് ക്വാർട്ടേഴ്സിൽ പോകാം.

അവർ മുറ്റത്തിറങ്ങി നടന്നു. ഒപ്പം ബ്രീഫ്കെയ്സ് പിടിച്ച് ജയനും നടന്നു.

ക്വാർട്ടേഴ്സ് കുറച്ചകലെയാണ്. അഞ്ചു മിനിറ്റ് നടക്കാനുള്ള ദുരം. ഓടിട്ട ഒരു ചെറിയ വീട്. തിരുവസ്ത്രത്തിൽ തൂക്കിയിട്ട താക്കോൽക്കൂട്ടത്തിൽ നിന്നെടുത്ത താക്കോൽ കൊണ്ട് അവർ വാതിൽ തുറന്നു. ചെറിയ ഒരു മുറി. ചുമരിനോടടുപ്പിച്ച് ഇട്ട ഒരു മേശ. മൂന്നു വശത്തായി മൂന്നു കസേരകൾ. നീല മേശവിരി. നാലഞ്ചു പുസ്തകങ്ങൾ. ഒരു വശത്ത് ചുമരിൽ, മുള്ളുകൾ തറച്ച് രക്തമൊലി ക്കുന്ന ഹൃദയം തുറന്നുകാട്ടുന്ന കൃസ്തു ദേവന്റെ ചിത്രം. അടുത്തത് കിടപ്പു മുറിയാണ്. അവിടെ രണ്ടരുകിലായി വെള്ളവിരിപ്പിട്ട കിടക്കകളുള്ള ചെറിയ കട്ടിലുകൾ.

ഞാൻ ചായയുണ്ടാക്കാം.

ഗ്രേസിടീച്ചർ അടുക്കളയിലേക്കു കടന്നു.

ജയൻ ഒന്നും പറയാതെ അവരെ ശ്രദ്ധിക്കുകയായിരുന്നു. ഗ്രേസിടീച്ചർക്ക് മാറ്റമൊന്നുമില്ല. വെളുത്തു സുന്ദരമായ മുഖം. ഉരുണ്ട കൈകൾ. കന്യാസത്രീയുടെ വസ്ത്രം അവർക്ക് ഒട്ടും യോജിക്കുന്നുണ്ടായിരുന്നില്ല. ഒരു പക്ഷെ താനവരെ മറ്റു വസ്ത്രങ്ങളിൽ കണ്ടതുകൊണ്ടായിരിക്കണം. അവരെ നിറമുള്ള പൂക്കളുള്ള സാരിയിൽ ജയൻ സങ്കല്പിച്ചു. അവർ അതീവ സുന്ദരിയായിരുന്നു.

മേശയ്ക്കപ്പുറത്തും ഇപ്പുറത്തും ഇരുന്ന് ചായ കുടിക്കുമ്പോൾ ഗ്രേസിടീച്ചർ ചോദിച്ചു.

നീയെന്തിനാണ് വന്നത്?

ടീച്ചറെ കാണാൻ, കൊണ്ടുപോകാൻ.

അവർ ചിരിച്ചു.

നീ നിന്റെ ഭ്രാന്തൊന്നും മറന്നിട്ടില്ലെ?

ജയൻ ചിരിച്ചില്ല. അവന് കുറെയധികം പറയണമെന്നുണ്ട്. എന്തിനാണ് ടീച്ചർ തന്നിൽ നിന്ന് ഓടിപ്പോയ തെന്ന്, വൈകുന്നേരം സാധാരണ മട്ടിൽ പുസ്തകവുമായി ടീച്ചറുടെ വീട്ടിൽ ട്യൂഷനെത്തിയപ്പോൾ വീട് പൂട്ടിക്കണ്ടത്. ടീച്ചർ പുറത്തെങ്ങോട്ടെങ്കിലും പോയിട്ടുണ്ടാകും, അല്ലെങ്കിൽ പെട്ടെന്ന് ഭർത്താവിന്റെ അടുത്ത്, തന്നെ അറിയിക്കാതെ പോകേണ്ടി വന്നതാവും, എന്നേ വിചാരിച്ചുള്ളു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവർ തനിയ്ക്കുവേണ്ടി കുറിപ്പെഴുതി വെക്കാറുള്ള സ്ഥലത്ത് താൻ നോക്കിയപ്പോൾ കണ്ട കത്ത് തന്റെ മനസ്സ ഉലച്ചത്.

'ജയൻ, നീ വീണ്ടും വരുമെന്ന് എനിക്കറിയാം അതുകൊണ്ട് ഞാൻ പോകുന്നു. നീ നശിക്കരുതെന്നുണ്ട് എനിയ്ക്ക്. എന്നെ അന്വേഷിക്കരുത്. ഞാൻ ജോസിനേയും ഉപേക്ഷിക്കുകയാണ്. ജോസിനും ഞാൻ എഴുതിയിട്ടുണ്ട്. ജയൻ, പഠിച്ച് മിടുക്കനാവണം. ടീച്ചറെ ഓർമ്മയുണ്ടായാൽ മതി - ജയന്റെ ഗ്രേസിടീച്ചർ.'

ജയൻ എന്നെയൊക്കെ മറന്നിട്ടുണ്ടാവുമെന്നാണ് ഞാൻ കരുതിയത്.

ഞാൻ എഞ്ചിനീയറിംഗ് പാസ്സായി. അവൻ പറഞ്ഞു.

അതേയോ? നന്നായി. അവർ തികച്ചും സന്തോഷത്തോടെ പറഞ്ഞു. ഇനി ഒരു ജോലിക്കു ശ്രമിക്കു, എന്നിട്ട് നല്ലൊരു പെൺകുട്ടിയെ കല്യാണം കഴിച്ചു സുഖായി ജീവിക്കു.

ടീച്ചർ എനിക്കു റാങ്കുണ്ട്. സ്റ്റേറ്റിൽ പന്ത്രണ്ടാമത്തെ റാങ്ക്. എനിക്ക് ജോലി കിട്ടിക്കഴിഞ്ഞു. റാങ്കുള്ള വരെ വലിയ കമ്പനികൾ അന്വേഷിച്ച് ജോലി കൊടുക്കും. ആറുമാസം ട്രെയിനിംഗിന്റെ കാലത്ത് അധികം ശമ്പളമുണ്ടാവില്ല. അതു കഴിഞ്ഞാൽ നല്ല ശമ്പളമാണ്. ക്വാർട്ടേഴ്സ് കിട്ടും. ടീച്ചർ എന്റെ ഒപ്പം വരു. നമുക്ക് കല്യാണം കഴിച്ച് സുഖമായി കൂടാം.

ടീച്ചർ വിശ്വാസമാവുന്നില്ലെന്ന മട്ടിൽ ജയനെ നോക്കി. ഓമനത്വമുള്ള മുഖത്തെ മീശ കൂടുതൽ കറുത്തിരിക്കുന്നു. ശബ്ദം കൂടുതൽ കനത്തിട്ടുണ്ട്. ദേഹം കുറച്ചുകൂടി ഉരുണ്ടിട്ടുണ്ട്.

ജയൻ, നിനക്കറിയാമോ എനിയ്ക്കിപ്പോൾ എന്ത് സന്തോഷമായെന്ന്. സ്നേഹിക്കപ്പെടുക എന്നത് എല്ലാവരുടേയും ആവശ്യമാണ്. പക്ഷെ ഞാനിന്ന് സ്വതന്ത്രയല്ല. എല്ലാം കർത്താവിൽ അർപ്പിച്ചിരിക്കയാണ്. അതിലാണ് ഞാൻ സുഖം കണ്ടെത്തുന്നത്. മറ്റു വികാരങ്ങൾ എന്നെ സ്പർശിക്കുന്നേയില്ല.

ടീച്ചർ, ഈ വസ്ത്രങ്ങൾ നിങ്ങൾക്ക് യോജിക്കുന്നേയില്ല. ഇതെല്ലാം അഴിച്ചു വലിച്ചെറിയു. ടീച്ചർ മുമ്പു ടുത്തിരുന്ന മാതിരി ഭംഗിയുള്ള വസ്ത്രങ്ങൾ ഉടുക്കു. ഞാൻ പണം കൊണ്ടുവന്നിട്ടുണ്ട്. ടൗണിൽ പോയി നല്ല വസ്ത്രങ്ങൾ വാങ്ങാം.

ഗ്രേസിടീച്ചർ ഒന്നും പറയാതെ കണ്ണടച്ചിരുന്നു. കടൽക്കാറ്റ് ജനലിലൂടെ വന്ന് അവരുടെ വസ്ത്രങ്ങൾ ഉലച്ചു. ശാന്തമായിരുന്ന അവരുടെ മുഖത്ത് ക്ഷോഭങ്ങളുടെ വേലിയേറുന്നതും ഇറങ്ങുന്നതും ജയൻ കണ്ടു.

നിമിഷങ്ങൾ കഴിഞ്ഞ് തുറന്ന കണ്ണുകൾ ഈറനായിരുന്നു. അവർ ജയനെ നോക്കി പുഞ്ചിരിച്ചു.

ജയൻ, ഞാൻ രണ്ടു പേരെ വളരെയധികം സ്നേഹിച്ചു. അവരെ നശിപ്പിക്കാതിരിക്കാനാണ് ഓടിപ്പോയത്. ഞാൻ പ്രസവിക്കില്ലാ എന്നു മനസ്സിലായിട്ടും ജോസ് എന്നെ വളരെയധികം സ്നേഹിച്ചു. ഞാൻ മാറിനിന്നാൽ ഒരു പക്ഷെ അദ്ദേഹം വീണ്ടും കല്ല്യാണം കഴിക്കും. കുട്ടികളുണ്ടാവുകയും ചെയ്യും. രണ്ടാമത്തെ ആൾ നിനക്കറിയാമല്ലൊ. ജയന്റെ സ്നേഹം തീവ്രമാകുകയാണെന്നു മനസ്സിലായപ്പോൾ അതു നിർത്താൻ ഞാൻ ശ്രമിച്ചു. കഴിഞ്ഞില്ല. പിന്നെയുള്ള പോംവഴി അപ്രത്യക്ഷയാവുക മാത്രമായിരുന്നു.

നീ ഇനിയും നിർബ്ബന്ധിക്കുകയാണെങ്കിൽ ഞാൻ ഇവിടെ നിന്നും അപ്രത്യക്ഷയാകും.

ജയൻ എഴുന്നേറ്റു പുറത്തു കടന്നു. കുറച്ചകലെ തെങ്ങുകൾക്കിടയിലൂടെ കടലിന്റെ ജലരേഖ കാണാം. കടൽ ക്കരയിലേക്കയാൾ നടന്നു. തണുത്ത കടൽക്കാറ്റ് അയാൾക്ക് വീടിനുള്ളിൽ കിട്ടാത്ത സാന്ത്വനമരുളി.

ഗ്രേസിടീച്ചർ അടുക്കളയിലേക്ക് കടന്നു. ജയന് ഇഷ്ടമുള്ള ഭക്ഷണമെന്താണെന്നവർക്കറിയാം. സ്ക്കൂളിൽ നിന്നു വരുന്ന മകന് അവനിഷ്ടമുള്ള ഭക്ഷണമുണ്ടാക്കുന്ന അമ്മയുടെ നിഷ്കർഷയോടെ അവർ ചോറും കൂട്ടാനും ഉണ്ടാക്കി.

ഭക്ഷണം കഴിക്കുമ്പോൾ ഗ്രേസിടീച്ചർ പറഞ്ഞു.

ഇതൊരു ചെറിയ തുരുത്താണ്, നാലു പാടും വെള്ളം. പുറത്തു പോകണമെങ്കിൽ കടത്തു കടക്കണം. ഞാൻ ചില പ്പോൾ ആലോചി ക്കാറുണ്ട്.......

അവർ നിർത്തി, അല്ലെങ്കിൽ ഇതിലൊക്കെയെന്താണുള്ളതെന്ന ഭാവത്തിൽ തലയാട്ടി.

നിനക്കു ഞാൻ കുറച്ചുകൂടി ചീരക്കറി തരട്ടെ?

തരു.

അവൻ ചോദിച്ചു. എന്താണ് ആലോചിക്കാറുണ്ടെന്നു പറഞ്ഞത്.

ഒന്നുമില്ല. അവർ പറഞ്ഞു. ഞാൻ ഈ തുരുത്തിനെപ്പറ്റി പറയുകയായിരുന്നു ഇവിടെ കടത്തുകൂലി ഒരു ഭാഗത്തേക്കെ കൊടുക്കേണ്ടു. തിരിച്ചുപോവുമ്പോൾ കൂലികൊടുക്കേണ്ട. അപ്പോൾ എനിയ്ക്ക് എപ്പോൾ വേണമെങ്കിലും പുറത്തുപോകാം. ഒരു ബാദ്ധ്യതയുമില്ലാതെയാണ് വന്നത്, അതുപോലെ പോവുകയും ചെയ്യാം.

ഊണു കഴിച്ചശേഷം അവർ വിശ്രമിക്കാനായി കിടന്നു. രണ്ടു കട്ടിലുകളിൽ അഭിമുഖമായി കിടന്ന് അവർ സംസാരിച്ചു.

ടീച്ചർ പോയപ്പോൾ എനിയ്ക്കു ഭയങ്കര സങ്കടായി. ജയൻ പറഞ്ഞു ഞാൻ കുറെ നേരം കരഞ്ഞു. പിന്നെ ഒരു തീരുമാനമെടുത്തു. ടീച്ചർ എവിടെയെങ്കിലുമുണ്ടാവുമെന്നറിയാം. ഞാൻ പഠിച്ച് ഡിഗ്രിയെടുക്കും, നല്ല മാർക്കോടെ. എന്നിട്ട് നല്ല ഒരു ജോലി കിട്ടിയാൽ ടീച്ചറെ അന്വേഷിച്ചു പിടിച്ച് കല്ല്യാണം കഴിക്കും. ആ ഒരു സമാധാനത്തിലാണ് ഞാൻ ഇതുവരെ ജീവിച്ചിരുന്നത്.

ഇവിടെ ഞങ്ങളുടെ മഠം വളരെ ചെറുതാണ്. ടീച്ചർ പറഞ്ഞു. മഠം എന്നു പറയാനൊന്നുമില്ല. മദർ സുപ്പീ രിയർ, പിന്നെ ഞങ്ങൾ മൂന്നു സിസ്റ്റർമാർ അത്രയേയുള്ളു. കാര്യമായി ഈ സ്കൂൾ നടത്തിപ്പിനുവേണ്ടിയാണ് ഞങ്ങൾ ഇവിടെ നിൽക്കണത്. ഞങ്ങൾ നാലുപേരും പഠിപ്പിക്കുന്നുണ്ട്. ബാക്കിയുള്ള ടീച്ചർമാർ ടൗണിൽ നിന്ന് കടത്തു കടന്ന് വരികയാണ്. ഇവിടെ ഒരു ചെറിയ അനാഥാലയവും നടത്തുന്നുണ്ട്. പന്ത്രണ്ടു കുട്ടികളുണ്ട്. ഞങ്ങൾ അവർക്കൊക്കെ അമ്മയാണ്. പിന്നെ നല്ല ആരോഗ്യമുള്ള കടൽക്കാറ്റ്. മനസ്സിനെ യാതൊരു അല്ലലുമില്ലാത്ത ജീവിതം! ഇതൊക്കെയല്ലെ നമുക്ക് വേണ്ടത്!

അടുത്തുതന്നെ ഈ തുരുത്തിലും ഒരു പള്ളി വരും. അപ്പോൾ ഞങ്ങളുടെ ഉത്തരവാദിത്വവും കൂടും. മറ്റൊന്നിനെപ്പറ്റിയും ആലോചിക്കാൻ സമയമുണ്ടാവില്ല.

ടീച്ചറുടെ ഭർത്താവെന്തു ചെയ്യുന്നു?

അദ്ദേഹം എന്നെത്തേടി വന്നിരുന്നു. ഞാൻ തിരിച്ചു വരുന്നില്ലെന്നു പറഞ്ഞു. വേറെ കല്ല്യാണം കഴിക്കാനും നിർബ്ബന്ധിച്ചു. കല്ല്യാണത്തിനുമുമ്പ് വീണ്ടും വന്നിരുന്നു. ഇനി വരേണ്ടെന്നും പറഞ്ഞു. അദ്ദേഹം സമാധാന പൂർവ്വം ജീവിക്കട്ടെ.

ഞാൻ ടീച്ചറുടെ അടുത്തു വന്നു കിടക്കട്ടെ? ജയൻ പെട്ടെന്നു പറഞ്ഞു.

കിടന്നോളു, അവർ വാത്സല്യത്തോടെ പറഞ്ഞു. കിടക്കയിൽ അരുകിലേക്ക് നീങ്ങിക്കിടക്കുകയും ചെയ്തു. നല്ല കുട്ടിയായി പെരുമാറണമെന്നു മാത്രം.

ജയൻ എഴുന്നേറ്റ് ടീച്ചറുടെ ഒപ്പം കിടക്കയിൽ കിടന്നു. കിടക്ക ചെറുതായിരുന്നു. അവർ വളരെ അടുത്ത് മുഖ ത്തോടു മുഖം കിടന്നു. അവരുടെ കൂസലില്ലായ്മയിൽ അവന് അത്ഭുതം തോന്നി. അവർ വഴങ്ങാനുള്ള ശ്രമമാണോ എന്നവൻ സംശയിച്ചു. അവന്റെ ഹൃദയം ശക്തിയായി മിടിച്ചു. അവൻ അവരുടെ മാറിൽ കൈവെച്ചു.

ജയന്റെ കൈ പതുക്കെ എടുത്തുമാറ്റി അവർ പറഞ്ഞു. വികൃതി, ഞാൻ പറഞ്ഞില്ലെ നല്ല കുട്ടിയാവണ മെന്ന്.

പെട്ടെന്ന് നഷ്ടപ്പെട്ടവയെല്ലാം ഓർത്ത് അവൻ കരയാൻ തുടങ്ങി. അവർ ഒരു നിമിഷം പകച്ചുപോയി. പിന്നെ സാവധാനത്തിൽ അവനെ ആശ്വസിപ്പിക്കാൻ തുടങ്ങി.

നിനക്ക് ഇരുപത്തിനാല് വയസ്സേ ആയിട്ടുള്ളു. നീ ഇപ്പോഴും ഒരു കുട്ടിയാണ്. എനിയ്ക്ക് മുപ്പത്തിരണ്ട് കഴിഞ്ഞു. നീ എന്നെ ചേച്ചിയെന്നു വിളിക്കൂ.

ജയൻ കരച്ചിൽ നിർത്തിയില്ല. അവർ അവന്റെ അരക്കെട്ടിലൂടെ കയ്യിട്ട് അവനെ അടുപ്പിച്ചു, നെറ്റിമേൽ ചുംബിച്ചു.

ജയൻ, അവർ പതുക്കെ പറഞ്ഞു, എനിയ്ക്കിപ്പോഴും നിന്നെ ഇഷ്ടമാണ്. കരയേണ്ട.

ആറുകൊല്ലം മുമ്പ് വൃദ്ധനായ പാതിരിയുടെ മുമ്പിൽ കുമ്പസാരിച്ചത് ഗ്രേസിടീച്ചർ ഓർത്തു, പാതിരിയുടെ ശബ്ദം ദീനാനുകമ്പമായിരുന്നു.

മകളെ നീ കരയേണ്ട. കുമ്പസാരിക്കുക വഴി നീ നിന്റെ പാപങ്ങളെല്ലാം കഴുകി കളഞ്ഞിരിക്കുന്നു. പിതാവിന്റെ സേവനത്തിനായി നിന്റെ ജീവിതം അർപ്പിക്കാനുള്ള തീരുമാനം ഉചിതമായി. നിന്നെ ഞാൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.......

ഉറങ്ങിക്കോളു. അവർ പറഞ്ഞു. ഞാൻ അഞ്ചുമണിക്ക് വിളിക്കാം.

ഒരു കൊച്ചുകുട്ടിയെപോലെ ജയൻ ഉറങ്ങുന്നത് സിസ്റ്റർ നോക്കിക്കിടന്നു. സമയം നാലേമുക്കാലായി. സാവധാനത്തിൽ അവർ എഴുന്നേറ്റ് അടുക്കളയിൽ പോയി ചായയുണ്ടാക്കി.

പോകുന്നതിനു മുമ്പ് ഒരിക്കൽകൂടി അവനെ തന്നിലേയ്ക്കടുപ്പിച്ച് അവർ അവന്റെ നെറ്റിമേൽ ചുംബിച്ചു. ജയൻ ഒതുക്കുകൾ ഇറങ്ങിയപ്പോൾ അവർ തിരിച്ച് മുറിയിലേക്ക് വന്നു. യേശുവിന്റെ ചിത്രത്തിനു മുമ്പിൽ മുട്ടുകുത്തി ഇരുന്നു, പ്രലോഭനങ്ങളിൽ നിന്ന് രക്ഷിച്ചതിന് അവർ നന്ദി പറഞ്ഞു. പ്രാർത്ഥനയിൽ മുഴുകി. കണ്ണീർ ധാരയായി വന്ന് അവരുടെ മാറിടം നനച്ചു.

ഞായറാഴ്ച അവർ കുമ്പസാരിച്ചു.

ഫാദർ, അവൻ വന്നു.

എന്നിട്ട്?

ഫാദറിന്റെ ശബ്ദത്തിൽ ഉദ്വേഗമുണ്ടായിരുന്നു. മുമ്പിലുള്ള മറയ്ക്കു പിന്നിൽ നിൽക്കുന്ന ഫാദറിന്റെ രൂപം അവർ ഭാവന ചെയ്തു. അദ്ദേഹത്തിന്റെ ചുളിഞ്ഞു തുടങ്ങിയ മുഖം ഓർമ്മയിൽ വന്നു. നരച്ച പുരികം. മെലിഞ്ഞ കൈകൾ.

ഞാൻ സാത്താന്റെ പ്രലോഭനങ്ങൾക്കു വഴങ്ങാതെ അവനെ പറഞ്ഞയച്ചു.

മറയ്ക്കു പിന്നിൽ നിന്ന് ഒരു ദീർഘനിശ്വാസം.

സ്ത്രീയെ ഫാദർ പറഞ്ഞു തുടങ്ങി. നീ ചെയ്തതു മഹനീയം തന്നെ. സാത്താൻ തന്ന കനി തിന്നാൻ വിസമ്മതി ക്കുക മൂലം നീ ആദിസ്ത്രീയായ ഹവ്വയേക്കാൾ ശ്രേഷ്ഠയായിരിക്കയാണ്. ഭാവിയിലും ഇപ്രകാരം പ്രലോഭന ങ്ങൾക്കു വഴങ്ങാതെ, സാത്താനുമായുള്ള വിട്ടുവീഴ്ചയില്ലാത്ത സമരത്തിൽ വിജയിക്കാനുള്ള കരുത്ത് നിനക്കു ണ്ടാവട്ടെ. ഞാൻ കർത്താവായ യേശുവിനോട് പ്രാർത്ഥിക്കുന്നു. അവൻ എന്നും നിനക്ക് തുണയായി നിൽക്കട്ടെ.

സിസ്റ്റർക്ക് പെട്ടെന്ന് ഫാദറിനോട് ദേഷ്യം തോന്നി. വാക്കുകൾ ഒരു ഓടത്തണ്ട്പോലെ പൊള്ളയാണെന്നും, അവ പാതിരിയുടെ കർത്തവ്യത്തെ ലഘൂകരിക്കുകയല്ലാതെ തന്റെ ആന്തരികമായ വൈകാരിക സംഘട്ടനങ്ങളിൽ പ്രയോജനകരമായിട്ടില്ലെന്നും അവർ കണ്ടു.

അവർ താൻ താമസിക്കുന്ന തുരുത്തിനെപ്പറ്റി ഓർത്തു. പള്ളി നിലകൊള്ളുന്നത് വേറൊരു തുരുത്തിലായി രുന്നു. കുറച്ചുകൂടി വലിയ തുരുത്തിൽ. താമസം തുടങ്ങിയ ശേഷം അവർ ആകെ പുറത്തു പോയിട്ടുള്ളത് ഈ രണ്ടു തുരുത്തുകൾക്കിടയിലാണ്. അവിടെ നിന്നു നോക്കുമ്പോൾ കര ക്ഷണിക്കുന്നതായി തോന്നും. ജെട്ടിയ്ക്കു പിന്നിൽ ചുവന്ന ബസ്സുകൾ നിൽക്കുന്നു. കടത്തു കടക്കുകയേ വേണ്ടു. ആ ബസ്സുകളിലൊന്നിൽ കയറി രക്ഷപ്പെടാം. കടത്തുകൂലി കൂടി കൊടുക്കണ്ട.

ബോട്ട് മറുവശത്ത് തുരുത്തിലായിരുന്നു. ടിക്കറ്റു വാങ്ങി ജയൻ ജെട്ടിയിൽ കാത്തുനിന്നു. മറുവശത്ത് തുരുത്തിൽ ഉയർന്നുകണ്ട വെള്ളക്കുരിശ് അപ്പോഴാണയാൾ കണ്ടത്. ഒരു പള്ളിയുടെ ശിഖരമാണതെന്നയാൾ മനസ്സിലാക്കി. സൂക്ഷിച്ചു നോക്കിയപ്പോൾ തെങ്ങുകൾക്കിടയിൽ പള്ളിയുടെ വെള്ളച്ചുമരുകളും കമാനങ്ങളും കണ്ടു. പുതുതായി പണിതതാണ്. അഞ്ചുകൊല്ലത്തിനുള്ളിൽ പല മാറ്റങ്ങളും വന്നതയാൾ ശ്രദ്ധിച്ചു. കുറേക്കൂടി വേഗതയുള്ള വലിയ ബോട്ടുകളാണിപ്പോൾ ഉള്ളത്. ബോട്ടു ജെട്ടിയും കുറേക്കൂടി പുതുക്കി യിരിക്കുന്നു. അഞ്ചുകൊല്ലം മുമ്പ് താൻ രണ്ടു പ്രാവശ്യം അടുപ്പിച്ച് ഗ്രേസിടീച്ചറെ കാണാൻ പോയപ്പോഴും എല്ലാം പഴയ മട്ടായിരുന്നു. ആദ്യപ്രാവശ്യം താൻ കല്യാണം കഴിക്കാൻ പോകുകയാണെന്നു പറയാൻ, രണ്ടാമത് ഭാര്യയുമൊത്ത്. അതിനുശേഷം അവരെ കാണാൻ പോകാഞ്ഞതിൽ അയാൾ സ്വയം കുറ്റപ്പെടുത്തി. ഈ ദുരന്തത്തിന്റെ വിത്തുകൾ അന്നേ പാകിയിരുന്നുവെന്നും, പിന്നീട് ഇടയ്ക്കെങ്കിലും അവരെ വന്നു കാണാൻ പറ്റിയിരുന്നെങ്കിൽ അതൊഴിവാക്കാമായിരുന്നെന്നും അയാൾക്കു തോന്നി.

സിസ്റ്റർ പോളിൻ മരിച്ചുവെന്നും, സൗകര്യപ്പെട്ടാൽ വന്നു കാണണമെന്നുമുള്ള കമ്പി അയാളുടെ കീശയിൽ ഉണ്ടായിരുന്നു. ഒരു റവറണ്ട് ഫാദർ ആണ് അയച്ചിരിക്കുന്നത്. ഇഗ്നേഷ്യസ് ആണോ, ഓർമ്മയില്ല. കമ്പി കീശയിൽ നിന്നെടുക്കാൻ അയാൾക്കു തോന്നിയില്ല.

ബോട്ട്, ജെട്ടിയിലടുത്തു. മറ്റു യാത്രികരോടൊപ്പം ജയനും കയറി.

ബോട്ടിന്റെ ഒരു വശത്തിരുന്ന് തെന്നിപ്പോകുന്ന ഓളങ്ങളെ നോക്കിയപ്പോൾ ഗ്രേസിടീച്ചർ പറഞ്ഞതയാൾ ക്ക് ഓർമ്മവന്നു.

ജയൻ, ഞാൻ ഒരു കന്യാസ്ത്രീയാവാൻ പറ്റിയവളല്ലെന്നു തോന്നുന്നു. ഈ തുരുത്ത് എനിക്കൊരു കാരാഗ്രഹമായി തോന്നുന്നു. ഞാൻ ഒരിക്കൽ ഇവിടെ നിന്ന് രക്ഷപ്പെടും. കടത്തുടിക്കറ്റിന്റെ കാര്യം പറഞ്ഞല്ലൊ. ഞാൻ കാര്യമായി പറഞ്ഞതാണ്. എന്റെ യാത്ര പകുതിയാക്കിയിട്ടേയുള്ളുവെന്ന തോന്നൽ ആ ടിക്കറ്റ് എനിയ്ക്ക് തരുന്നുണ്ട്. ആ ടിക്കറ്റ് എന്റെ ഡയറിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇടയ്ക്കിടയ്ക്ക് അതെടുത്തു നോക്കും, ഈ കടവു കടക്കാൻ അതിന്റെ ആവശ്യമൊന്നുമില്ല. പക്ഷെ അതെനിക്ക് എന്നെങ്കിലും രക്ഷപ്പെടാമെന്ന ആശ തരുന്നു. വളരെ ആശ്വാസവും.

ജയൻ കല്ല്യാണം കഴിക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ എനിയ്ക്ക് എന്ത് സന്തോഷമായെന്നോ. ഫോട്ടോവിൽ കാണുമ്പോൾ കുട്ടി നല്ല ഭംഗിയുണ്ട്. ഒരു സാധുവാണെന്നു തോന്നുന്നു. പക്ഷെ ഒപ്പം തന്നെ ജയൻ എനിയ്ക്ക് നഷ്ടപ്പെടാൻ പോവുകയാണെന്ന ബോധം അടക്കാൻ പറ്റുന്നില്ല. ജയൻ ആറാറുമാസം കൂടുമ്പോഴെങ്കിലും വന്നിരുന്നപ്പോൾ എനിയ്ക്ക് ജയനെ നഷ്ടപ്പെട്ടിരുന്നില്ല. ഇപ്പോൾ എന്തോ എനിക്കങ്ങിനെയൊരു തോന്നൽ.

കല്ല്യാണം കഴിഞ്ഞാലും താൻ വരുമെന്ന് അയാൾ വാക്കുകൊടുത്തു. പക്ഷെ ഒരിക്കൽ ഭാര്യയെ കാണിക്കാൻ മാത്രമാണ് പോയത്. പിന്നെ അഞ്ചു കൊല്ലത്തേയ്ക്ക് എന്തുകൊണ്ടോ പോകാൻ പറ്റിയില്ല. ഒരിക്കൽ അവരുടെ കത്തുകിട്ടി. ഒന്നു വന്നു കാണാൻ പറ്റുമോ എന്നന്വേഷിച്ചു കൊണ്ട്. അടുത്തു തന്നെ ചെല്ലാമെന്നു മറുപടി അയച്ചു. അതിനിടയ്ക്ക് സ്വന്തം പ്രാരാബ്ധങ്ങൾ. ജോലിസ്ഥലമാറ്റം, കുട്ടികൾ പഠിപ്പ്.

ബോട്ടിൽ നിന്നിറങ്ങി ജയൻ നടന്നു. പള്ളി പഴയ സ്‌ക്കൂളിനോട് തൊട്ടുതന്നെയായിരുന്നു. മുറ്റത്ത് നിറയെ ആൾക്കാർ കൂടി നിന്നിരുന്നു. പള്ളിയുടെ ഉള്ളിലും ആൾക്കാർ കൂടിനിന്നിരുന്നു. സ്ത്രീകൾ വെളുത്ത ശിരോവസ്ത്രം ധരിച്ചിരുന്നു. പള്ളിയ്ക്കുള്ളിൽ ഒരു കന്യാസ്ത്രീ അയാളെ തിരിച്ചറിഞ്ഞു. അവർ അടുത്തു വന്നു ചോദിച്ചു.

ജയൻ അല്ലെ.

അതെ.

സിസ്റ്റർ പോളിൻ അവിടെയാണ്. അവർ അയാളെ മുന്നിലേയ്ക്ക് കൊണ്ടുപോയി. അവിടെ അൾത്താരയ്ക്കു മുമ്പിൽ ശവമഞ്ചത്തിൽ ഗ്രേസിടീച്ചർ കിടന്നിരുന്നു. മുഖം മാത്രമേ വെളിയിൽ കാണുന്നുള്ളു. ശവമഞ്ചം ആകെ പൂക്കൾകൊണ്ട് മൂടപ്പെട്ടിരുന്നു. താൻ പൂക്കൾ കൊണ്ടു വന്നില്ലെന്ന വിഷമമുണ്ടായി ജയന്. അല്ലെങ്കിൽ താൻ എന്നാണ് ടീച്ചർക്ക് പൂക്കൾ കൊടുത്തിട്ടുള്ളത്.

അവരുടെ മുഖം ശാന്തമായിരുന്നു; മരണത്തിലും മനോഹരമായിരുന്നു. അയാൾ അവരുടെ കാൽക്കൽ മുട്ടുകുത്തി നിന്നു.

വയസ്സായ ഒരു പാതിരി അയാളുടെ അടുത്തുവന്നു. ചുമലിൽ കൈ വെച്ചു. ജയൻ എഴുന്നേറ്റു.

സാരമില്ല മകനെ.

തൂവാലയെടുത്ത് ജയൻ കണ്ണുകളൊപ്പി.

ഫാദർ, അയാൾ ചോദിച്ചു. എങ്ങിനെയാണ് സിസ്റ്റർ മരിച്ചത്?

പാതിരി ഒരു നിമിഷം കണ്ണടച്ച് ധ്യാനനിരതനായി നിന്നു. ചോദ്യം അദ്ദേഹത്തെ വേദനിപ്പിച്ചെന്നു തോന്നുന്നു. ചുളിവുകളുള്ള മുഖത്തെ അയഞ്ഞ പേശികൾ തുടിച്ചു. നേരിയ ചുണ്ടുകൾ പ്രാർത്ഥനയിൽ ഇളകി. അനിർവച നീയമായ സ്നേഹത്തിന്റെ നീരുറവ ആ വൃദ്ധനയനങ്ങളെ സാന്ദ്രമാക്കി. സാവധാനത്തിൽ കണ്ണു തുറന്ന് കുരിശു വരച്ചശേഷം അദ്ദേഹം പറഞ്ഞു.

അവളെ കർത്താവു വിളിച്ചു അവൾ പോയി. അവളുടെ ആത്മാവിന് ശാന്തി ലഭിക്കട്ടെ.

അൾത്താരയിൽ ഇട്ട മേശയ്ക്കു പിന്നിൽ നാലു വൈദികർ ചുവപ്പും വെള്ളയുമായ കാർമ്മികവേഷത്തിൽ വന്നു നിന്നു. വിശുദ്ധ കുർബ്ബാന തുടങ്ങുകയാണ്. ജയൻ പതുക്കെ ഹാളിന്റെ പിന്നിലേക്കു നടന്നു.

തിരിച്ച് ബോട്ടിൽ പോകുമ്പോൾ അയാൾ നാട്ടിൻ പുറത്തെ നെൽപ്പാടങ്ങൾ ഓർത്തു. ചായ്ഞ്ഞുനിൽക്കുന്ന നെൽച്ചെടികളിൽ നിന്ന് മൂത്ത നെൽമണികൾ ഊരിയെടുത്ത് കൊറിച്ച് വരമ്പിലൂടെ ഉത്സാഹത്തോടെ ടീച്ചറുടെ വീട്ടിൽ ട്യൂഷന് പോയിരുന്നത്. താൻ പടി കടന്നു ചെല്ലുന്നത്, ഉമ്മറത്തെ കസേരയിലിരുന്ന് അവർ നോക്കിയിരുന്നത്. അതെല്ലാം സ്ഥലകാല പരിമിതികൾക്കുമപ്പുറത്തേതോ കൗമാരലോകത്ത് എത്താത്തലങ്ങളിൽ വരച്ചിട്ട ചിത്രം പോലെ അയാൾക്കു തോന്നി. ഇനി അതൊന്നും അയാളുടെ ജീവിതത്തിൽ ഉണ്ടാവാൻ പോകുന്നില്ലെന്ന അറിവ് അയാളെ തളർത്തി.

പള്ളിയും ആൾക്കാരും വളരെ പിന്നിലായെന്നുറപ്പായപ്പോൾ അയാൾ കീശയിൽ നിന്ന് ടീച്ചറുടെ കത്ത് പുറത്തെടുത്തു. വിട പറയുമ്പോൾ പാതിരിയച്ചൻ ളോഹയുടെ കീശയിൽ നിന്നെടുത്തു തന്നതായിരന്നു ആ തുറന്ന കത്ത്. രണ്ടു വരി മാത്രം.

ജയൻ, എന്റെ യാത്ര മുഴുമിക്കാൻ കഴിഞ്ഞില്ല. എന്നോട് ക്ഷമിക്കു. സ്നേഹം ഗ്രേസിടീച്ചർ.

ചുറ്റും ഏകാന്തത നിറഞ്ഞ സ്നേഹത്തിന്റേതായ ഒരു തുരുത്ത്. അയാൾ ഓർത്തു. ഒരിയ്ക്കൽ യാത്ര മുഴുമിപ്പിക്കാമെന്ന മോഹത്തിൽ സൂക്ഷിച്ചുവെയ്ക്കപ്പെട്ട ഒരു കടത്തു ടിക്കറ്റും.

back to index

# നഗരം

**അ**ന്തോണിച്ചേട്ടന്റെ തയ്യൽക്കടയുടെ മേൽപുര തകരം കൊണ്ടാണ്. ചുമരുകളും. പണ്ടത് ഒരു ബസ്സ് ഷെഡ്ഡായിരുന്നു. കമ്പനി പൊളിഞ്ഞപ്പോൾ അനാഥമായ ഒരു കരിബസ്സ് അതിൽ കുറേ കാലം കിടന്നിരുന്നു. ഒരു ദിവസം ആരോ വന്ന് ആ ബസ്സ് ഇരുമ്പുവിലയ്ക്ക് വാങ്ങിക്കൊണ്ടു പോയി. പിന്നെ കുറെക്കാലം അവിടെ ഒരു ചായക്കടയായിരുന്നു. നാരായണൻ നായരുടെ ചായക്കട. രാവിലെ അഞ്ചുമണി മുതൽ പലതരം പലഹാരത്തിന്റെയും വാസന വരാറുണ്ട്. ഏറ്റവും ആദ്യം വാസന ഉയരുന്നത് പുട്ടിന്റെതാണ്. കയറു വരിഞ്ഞ മുളംകുഴലിൽ സുലഭം ചേർത്ത നാളികേരം അരിപ്പൊടിയോടൊപ്പം വേവുന്ന വാസന. ഉടനെതന്നെ ചായയുടെ മണവും, രാവിലെ ആറുമണിക്കുതന്നെ വിശപ്പുണ്ടാക്കും. പിന്നെ ദോശയുണ്ടാക്കുന്ന മണം, ഉച്ചതിരിയു മ്പോൾ പരിപ്പുവട, പപ്പടവട എന്നിവ എണ്ണയിൽ മൊരിയുന്ന മണം. നാരായണൻ നായർ ഉണ്ടാക്കുന്ന എന്തിനും ഒരു ഗുണമേന്മയുണ്ടായിരുന്നു. മായം ചേർക്കൽ അന്നു കണ്ടുപിടിച്ചിട്ടുണ്ടായിരുന്നില്ല. അതെല്ലാം മുപ്പതു വർഷം മുമ്പ് നടന്ന കാര്യങ്ങൾ. അയാൾ ആലോചിച്ചു. തനിയ്ക്ക് എട്ടു പത്തു വയസ്സുള്ളപ്പോൾ. ഇപ്പോൾ ഓർക്കുമ്പോൾ നേരിയ വേദന തോന്നുന്നു. ജീവിതം അന്ന് കുറെക്കൂടി മെച്ചപ്പെട്ടതായിരുന്നുവെന്ന തോന്നൽ.

നാരായണൻനായർ പെട്ടെന്നു മരിച്ചു. എങ്ങിനെയാണെന്നയാൾക്ക് ഓർമ്മയില്ല. പിന്നെ കുറെക്കാലം ആ പീടിക അടച്ചിട്ടു. അതിനുശേഷം പെട്ടെന്നാണ് കുന്നം കുളത്തുകാരൻ അന്തോണി ആ ഷെഡ്ഡിൽ സാർട്ടോറിയൽ ടൈലറിംഗ് തുടങ്ങിയത്. സാർട്ടോറിയൽ എന്നതിന്റെ അർത്ഥം രവീന്ദ്രന് അന്നറിയില്ലായിരുന്നു. തന്റെ കയ്യിലുള്ള പോക്കറ്റ് നിഘണ്ടുവിൽ ആ വാക്കില്ലായിരുന്നു. അത് പള്ളിയോടു ബന്ധപ്പെട്ട എന്തോ വാക്കാണെന്നയാൾ ധരിച്ചുവെച്ചു. കാരണം അന്തോണിച്ചേട്ടൻ കഴുത്തിൽ സ്വർണ്ണമാലയിൽ ഒരു സ്വർണ്ണക്കുരിശു ധരിച്ചിരുന്നു; ഞായറാഴ്ച പള്ളിയിൽ പോകാറുമുണ്ട്.

ഒന്നാംക്ലാസ്സിൽ പഠിപ്പിച്ച ചാക്കോ മാസ്റ്റർ കഴിഞ്ഞാൽ പിന്നെ അയാൾ കാണുന്ന ഒരേ ഒരു നസ്രാണി അന്തോണിച്ചേട്ടനായിരുന്നു. നസ്രാണികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കൃസ്ത്യാനികൾ വളരെ അകലെ ഏതോ നാട്ടിൽ നിന്നു വരുന്നവരാണെന്നായിരുന്നു അയാൾ അന്നു വിശ്വസിച്ചിരുന്നത്. പോർട്ടുഗീസുകാർ കോഴിക്കോട്ടിറങ്ങിയതുപോലെ അവർ ഒരു ദിവസം കപ്പലിറങ്ങി വന്നവരാണെന്നും, സ്ഥിരതാമസ സ്ഥലമില്ലാതെ ദേശാടനം ചെയ്തും കച്ചവടം ചെയ്തും കാലക്ഷേപം കഴിക്കുകയാണെന്നും അയാൾ കരുതിയിരുന്നു. ചാക്കോമാസ്റ്റർ ഒരു മുക്കാലിന് രണ്ടു ചോക്കാ പെൻസിലുകൾ വിറ്റിരുന്നു. ചോക്കാ പെൻസിലുകൾ പുതുമയാണ്. നഗരത്തിലെ കടകളിലൊന്നുമില്ല. ചാക്കോമാസ്റ്റർ കുന്നം കുളത്തുനിന്നാണ് ചോക്കാപെൻസിലുകൾ കൊണ്ടുവരുന്നത്. അങ്ങിനെയാണ് കുന്നംകുളം എന്ന സ്ഥലത്തെപ്പറ്റി അറിയുന്നത്. അനേകായിരം നാഴിക ദൂരെയുള്ള ഒരു സ്ഥലം. അവിടെ നിന്നാണ് കൃസ്ത്യാനികൾ വരുന്നത്.

അന്തോണിച്ചേട്ടൻ വന്നത് ഒരു പുതിയ 'ഉഷ', തയ്യൽ യന്ത്രവുമായാണ്. ക്രോമിയം പ്ലേറ്റ് ചെയ്ത ഭാഗങ്ങൾ തിളങ്ങുന്ന, ത്രീ ഇൻ വൺ എണ്ണയുടെ വാസനയുള്ള യന്ത്രം. ഷെഡ്ഡ് മാവിൻ പലകകൾ വെച്ച് രണ്ടായി വിഭജിച്ചു. ഉള്ളിൽ ട്രയൽറൂമും, അളവെടുക്കുന്ന സ്ഥലവും. മുമ്പിലുള്ള മുറിയിൽ തയ്യൽമെഷീൻ. മെഷീന്റെ പിന്നിൽ അന്തോണിച്ചേട്ടൻ ജോലി ചെയ്തു. കാൽ പെഡലിൽ അമരുന്ന താളത്തോടൊപ്പം അയാൾ കുലുങ്ങി. തല താളത്തോടെ മുന്നോട്ടും പിന്നോട്ടും ആടി. മുന്നോട്ടുള്ള ആട്ടത്തിൽ നെറ്റിയും, മെഷീന്റെ പൊങ്ങിത്താഴുന്ന ഹോൾഡറുമായി ഒരു തലനാരിഴയുടെ വ്യത്യാസമെ ഉണ്ടാവു. മുറിച്ചുകളഞ്ഞ ശീലക്കഷ്ണങ്ങൾക്കു വേണ്ടി ഷാപ്പിനു മുമ്പിൽ പരതുമ്പോൾ, അയാൾ അന്തോണിച്ചേട്ടൻ ജോലി ചെയ്യുന്നതു ഒരു മാസ്മരവിദ്യയാണെന്നപോലെ നോക്കിനിൽക്കാറുണ്ട്.

അന്തോണിച്ചേട്ടന് ധാരാളം ബിസിനസ്സ് കിട്ടി. നഗരത്തിൽ അതുവരെയുണ്ടായി രുന്ന ഒരേ ഒരു ടെയ്ലർ കുമാരനായിരുന്നു. അയാളുടെ തുരുമ്പു പിടിച്ച യന്ത്രം പലപ്പോഴും കേടായി കിടന്നു. അയാൾ ഉപയോഗിച്ചിരുന്നത് മോശം നൂലായിരുന്നു. അവ രണ്ടുമൂന്നാഴ്ചക്കുള്ളിൽ തന്നെ പൊടിഞ്ഞു പോയി. നിസ്സാരമായ ഒരു ജോലി കൊടുത്താൽ പോലും അയാൾ ആൾക്കാരെ കുറെ പ്രാവശ്യം നടത്തിച്ചു. കുമാരനെക്കൊണ്ട് മടുത്തിരിക്കുന്ന സമയത്താണ് അന്തോണിച്ചേട്ടന്റെ വരവ്. അദ്ദേഹമാവട്ടെ നഗരവാസികൾക്ക് ഒരു പുതിയ രൂപം തന്നെ കൊടുത്തു. സ്റ്റൈൽ എന്നാൽ എന്താണെന്ന് അവരെ മനസ്സിലാക്കിച്ചു. കൃത്യനിഷ്ഠ സൗകര്യമാണെന്ന് പട്ടണവാസികളെ ബോദ്ധ്യപ്പെടുത്തി. വസ്ത്രധാരണത്തിൽ ഒരു നവോത്ഥാനം തന്നെ അയാൾ ഉണ്ടാക്കിത്തീർത്തു. അന്തോണിച്ചേട്ടൻ വന്ന് ഒരു കൊല്ലത്തിനകം തന്നെ നഗരവാസികൾ കാണാൻ കൊള്ളാവുന്നവരായി. ചുരുങ്ങി, മേൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങളുമായി സാൻഫറൈസ്ഡ് പരസ്യത്തിലെ കഥാപാത്രങ്ങളെപ്പോലെ നടന്നവർ അപ്രത്യക്ഷരായി. തുന്നൽ വിട്ട ബ്ലൗസുകൾ സ്ത്രീകൾ കൂറഗുളികയുടെ മണമുള്ള ഇരുമ്പു പെട്ടികൾക്കടിയിൽ പൂഴ്ത്തി വെച്ചു. നീണ്ട് വായവട്ടമുള്ള പട്ടാള ട്രൗസറുകൾക്കു പകരം കുട്ടികൾ കുറച്ചുകൂടി നീളം കുറഞ്ഞ് തുടയുടെ ഭംഗി കാണിക്കുന്ന തരം ട്രൗസറുകൾ ഇട്ടു തുടങ്ങി. ഏറ്റവും വിപ്ലവാത്മകമായ പരിവർത്തനം ഷർട്ടിന്റെ കുടുക്കുകളായിരുന്നു. കുടുക്കുകൾ ഷർട്ടിന്മേൽ തന്നെ തയ്ച്ചു പിടിപ്പിക്കാമെന്ന് നഗരവാസികൾക്ക് മനസ്സിലാവുന്നത് അപ്പോഴാണ്. അതുവരെ ചെയ്തിരുന്നത് കുടുക്കുകൾ ഒരു ശീലപ്പട്ടമേൽ പിടിപ്പിക്കുകയാണ്. ആ പട്ട ഷർട്ടിനടിയിൽ വെച്ച് അതിലെ കുടുക്കുകൾ ഷർട്ടിന്റെ രണ്ടു ദ്വാരങ്ങൾക്കിടയിലൂടെ ഫിറ്റുചെയ്യുന്ന സങ്കീർണ്ണമായ പരിപാടി അവസാനിച്ചു. നഗരം നിശ്ശബ്ദമായി ഒരു മാർഗ്ഗദർശകന് നന്ദിപറഞ്ഞു.

ഈ പൂർവ്വ കഥകളെല്ലാം അമ്പതുകളുടെ രണ്ടാം ഭാഗത്ത് നടന്നവയാണ്. വളരെ പഴയ കഥകൾ. അതി

നിടയ്ക്ക് രവീന്ദ്രൻ പത്താം ക്ലാസ് പാസ്സായി, ടൈപ്പ് റൈറ്റിംഗും ഷോർട്ട് ഹാന്റും പഠിച്ച് ജോലിക്കായി ബോംബെയ്ക്കു വണ്ടി കയറി.

അയാളുടെ അഭാവത്തിൽ നഗരം വളരാൻ തുടങ്ങി. വളർച്ചയാകട്ടെ അഭൂതപൂർവ്വമായിരുന്നു. തന്റെ പതിനേഴു വയസ്സിനിടയിൽ ആ നഗരത്തിൽ കാര്യമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല. വല്ലപ്പോഴും ഒരു ഓലപ്പുര മാറ്റി ഓടാക്കുകയോ, പീടികകളിലൊന്നിന്റെ കേടുവന്ന നിരപ്പലക മാറ്റുകയോ അല്ലാതെ കാര്യമായ മാറ്റങ്ങളൊന്നുമില്ലാതെ നഗരം ജീവിച്ചു. ഇപ്പോഴിതാ, പെട്ടെന്ന് ഉണർന്നെഴുന്നേറ്റ പോലെ നഗരം കർമ്മനിരതമായി. ഫലം അത്ഭുതാവഹമായിരുന്നു. കൊല്ലംതോറും ഒരു മാസത്തെ ലീവിൽ വരുമ്പോൾ നഗരത്തിന്റെ മുഖഛായ മാറി വരുന്നതയാൾ കണ്ടു. അതയാളിൽ സന്തോഷമുണ്ടാക്കി. ഒപ്പം തന്നെ നീരസവും. താൻ പുറത്തു പോകാൻ കാത്തിരുന്നപോലെയാണ് നഗരത്തിന്റെ വളർച്ച.

ആദ്യത്തെ കൊല്ലം ലീവിൽ വന്നപ്പോൾ റോഡിന്റെ ഒരു വശത്തായി ഇരുമ്പിന്റെ കാലുകൾ നാട്ടി കമ്പി വലിക്കുകയാണ്. വിദ്യുച്ഛക്തി വരുന്നു. മണ്ണെണ്ണ വിളക്കുകളുടെ കാലം കഴിഞ്ഞു. അടുത്ത കൊല്ലം ലീവിൽ വന്നപ്പോഴേയ്ക്ക് നഗരം മുഴുവൻ വൈദ്യുതവിളക്കുകളുടെ പ്രഭാവത്തിൽ തുടിച്ചു നില്ക്കുകയാണ്. ഓരോ പീടികകൾക്കും ബോർഡുണ്ടാക്കിയിരിക്കുന്നു. ബോർഡിനു മുകളിൽ വളഞ്ഞ ഒരു ബ്രാക്കറ്റിൽ കത്തി നിൽക്കുന്ന വിളക്കുകൾ. വിദ്യുച്ഛക്തി വന്നതോടെ ഇലക്ട്രിക് സ്റ്റോറുകളും വയർമാൻമാരുടെ പീടികകളും വന്നു.

അഞ്ചു ബസ്സുകൾക്ക് ഒരേ സമയം നില്ക്കാൻ ഉതകുന്ന ഒരു ബസ് സ്റ്റാന്റ് വന്നു. അതുവരെ ബസ്സുകൾ നിന്നിരുന്നത് സരസ്വതി വിലാസം കാപ്പി ക്ലബ്ബിനു മുമ്പിലായിരുന്നു.

ഗ്രാമീണവായനശാലയിൽ ഒരു റേഡിയോ സ്ഥാപിച്ചു. അതിന്റെ കോളാമ്പിയുടെ ആകൃതിയിലുള്ള ഉച്ചഭാഷിണി നിരത്തിന്റെ ബഹളത്തിലേയ്ക്ക് തിരിച്ചു വിട്ടു. വൈകുന്നേരം റേഡിയോ സിലോണിൽ കിട്ടുന്ന തമിഴ് പാട്ടുകൾ കേൾക്കാൻ ആളുകൾ തടിച്ചുകൂടി. റേഡിയോ അന്ന് ഒരു അപൂർവ്വ വസ്തുവായിരുന്നു. നഗരത്തിലെ ഹെഡ്പോസ്റ്റാഫീസിൽ ആകെ രജിസ്റ്റർ ചെയ്ത റേഡിയോകളുടെ എണ്ണം ഏഴായിരുന്നു. അതിൽ അഞ്ചെണ്ണം വന്നത് കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ.

നഗരത്തോടൊപ്പം അന്തോണിച്ചേട്ടനും വളർന്നു. അയാളുടെ പീടികയിൽ കണ്ണാടി വാതിലുകളും, ഉള്ളിൽ ചില്ലുവെച്ച ഷോകേസുകളും വന്നു. അവയിൽ നിറയെ വർണ്ണശബളമായ ബ്ലൗസുകളും. അന്തോണിച്ചേട്ടന്റെ തുന്നൽപ്പീടിക ഒരു ലേഡീസ് ഓൺ ടെയ്ലറിംഗ് ആയി മാറിയിരുന്നു. ആണുങ്ങളോട് ചെയ്ത ഒരു കൊടും ചതിയായിരുന്നു അത്. എങ്കിലും സംഭവിക്കേണ്ടത് സംഭവിച്ചു. പുറത്തു തൂക്കിയിട്ട ബോർഡിൽ ലേഡീസ് ഓൺ ടെയ്ലേഴ്സ് എന്ന് എഴുതിയതിന്നടിയിൽ കറുത്ത പെയിന്റടിച്ചു മായ്ച്ചു കളഞ്ഞ സാർട്ടോറിയൽ എന്ന വാക്ക് അവ്യക്തമായി കാണാം. ഷോകേസുകളിലും തട്ടിന്മേലുമായി അഞ്ചു ട്യൂബ് ലൈറ്റുകൾ. മുകളിൽ ഒരു മുപ്പത്താറ് ഇഞ്ച് സീലിംഗ് ഫാൻ. അതിനു താഴെ ലാമിനേറ്റ് പതിച്ച ഷോകേസിനു പിന്നിൽ അന്തോണിച്ചേട്ടൻ പുഞ്ചിരികൊണ്ട് നിൽക്കുന്നു.

ബ്ലൗസുകളും ഉടുപ്പുകളും അളവെടുത്തേ തുന്നു എന്ന വാശിക്കാരനാണ് അന്തോണിച്ചേട്ടൻ. പാകത്തിന് ബ്ലൗസു കൊടുത്താൽകൂടി അളവെടുത്തേ തുന്നാറുള്ളു. കൗണ്ടറിന്റെ പിന്നിലുള്ള ട്രയൽ റൂമിലാണ് അളവെടുക്കാറ്. അയാൾ ഒരു കലാകാരനായിരുന്നു. ഒരു സ്ത്രീയുടെ ദേഹം അയാൾക്ക് എന്നും ഒരു വെല്ലുവിളിയായിരുന്നു. അതിന്റെ നിമ്നോന്നതങ്ങൾ അയാളെ ഹരം പിടിപ്പിച്ചു. ഒരു സ്ത്രീയിൽ നിന്ന് വേറൊരു സ്ത്രീയിലേക്ക് വരുമ്പോഴുള്ള മാറ്റം. ആ നിമ്നോന്നതങ്ങളെ ഒതുക്കി നിർത്താനുള്ള കവചങ്ങൾ നിർമ്മിക്കുമ്പോൾ അയാൾ ആ വെല്ലുവിളി സ്വീകരിക്കുകയായിരുന്നു. ഒരു ചിത്രകാരന് കാൻവാസ്സുപോലെ, ശില്പിക്ക് കരിങ്കല്ലു പോലെ ഒന്നായിരുന്നു അന്തോണിച്ചേട്ടനു സ്ത്രീദേഹം. അതിനെ ഒരു ആകൃതിയിലാക്കാൻ അയാൾ കിണഞ്ഞു ശ്രമിച്ചു. അതിന്റെ ഫലം സ്വയം കണ്ട് സംതൃപ്തിയടഞ്ഞു. ഒരു സ്ത്രീ ശരീരം അയാൾക്ക് കാമോദ്ദീപകമായിരുന്നില്ല. അത് അയാളുടെ തപസ്യയായിരുന്നു. അതുകൊണ്ട് അന്തോണിച്ചേട്ടനെപ്പറ്റി യാതൊരു പരാതിയും ഒരു സ്ത്രീയും പറഞ്ഞിരുന്നുമില്ല. ഒരിക്കൽ മാത്രം അയാളുടെ മനസ്സ് അല്പം പതറി അതയാളെ ഒരു വഴിത്തിരിവിൽ എത്തിക്കുകയും ചെയ്തു.

അന്തോണിച്ചേട്ടന് ഉച്ചയ്ക്ക് ചോറു കൊണ്ടുവന്നിരുന്നത് മേരിക്കുട്ടിയായിരുന്നു. പതിനെട്ടു വയസ്സുകാരി മേരിക്കുട്ടി വളരെ സുന്ദരിയായിരുന്നു. സൗന്ദര്യവും ധനവും ഒന്നിച്ചിരിയ്ക്കാറില്ലല്ലൊ. അതുകൊണ്ട് അവൾ വളരെ പാവപ്പെട്ട ഒരു വീട്ടിലെയായിരുന്നു. കീറിയ ബ്ലൗസും പാവാടയും ഇട്ടു വരുന്ന മേരിക്കുട്ടിയെ നോക്കി അന്തോണിച്ചേട്ടൻ എന്നും പറയും.

നിനക്കൊരു ബ്ലൗസ് തുന്നിക്കാൻ മേലെ?

ഓ, ഞങ്ങളൊക്കെ പാവങ്ങളാണെ, അങ്ങിനെയൊക്കെ മതി.

അവളുടെ മറുപടിയുമുണ്ടാകും. വീണ്ടും വീണ്ടും ഈ അന്വേഷണം തുടർന്നപ്പോൾ ഒരു ദിവസം അവൾ ചോദിച്ചു.

ബ്ലൗസ് വെറുതെ തുന്നിത്തരുമോ?

ഓ തുന്നിത്തരാലോ തുണി കൊണ്ടു വാ.

അയാൾ ഊണു കഴിക്കുമ്പോൾ അവൾ പുറത്തു കാത്തു നിൽക്കുകയോ, അല്ലെങ്കിൽ അകത്ത് കൗണ്ടറിന്മേൽ കൈകുത്തി നിൽക്കുകയോ ചെയ്യും. ഷോകേസിൽ തൂക്കിയിട്ട ബ്ലൗസുകളും ഉടുപ്പുകളും അവൾ സശ്രദ്ധം പഠിക്കും.

അന്തോണിച്ചേട്ടൻ മേരിക്കുട്ടിയുടെ വെളുത്ത ശരീരം ശ്രദ്ധിക്കും. ബ്ലൗസിന്റെ കീറലിന്നടിയിൽ കാണുന്ന അവളുടെ ദേഹം അയാളിൽ വല്ലായ്മയുണ്ടാക്കും. അയാൾ അസ്വസ്ഥനാവും. അയാൾക്ക് 30 വയസ്സായി

രുന്നു. വിവാഹത്തെപ്പറ്റി ചിന്തിച്ചിട്ടേ ഉണ്ടായിരുന്നില്ല.

ഒന്നാം തീയ്യതിയായിരുന്നു അയാൾ ഊണിന്റെ പണം കൊടുക്കാറ്. ഇരുപത്തഞ്ചു രൂപ. രണ്ടാം തീയ്യതി ചോറു കൊണ്ടുവരുമ്പോൾ മേരിക്കുട്ടിയുടെ കയ്യിൽ ഒരു ചെറിയ പൊതിയുണ്ടായിരുന്നു.

ഇതെന്താ ഒരു പൊതി? അന്തോണിച്ചേട്ടൻ ചോദിച്ചു.

ഒന്നുമില്ല. അവൾ പറഞ്ഞു. അവൾ അന്തോണിച്ചേട്ടൻ ഉണ്ണുന്നതും നോക്കി നിന്നു. പക്ഷെ അവൾക്ക് കുറച്ചു തിടുക്കമുണ്ടായിരുന്നു. അയാൾ ഊണുകഴിച്ച് കൗണ്ടറിൽ എത്തിയപ്പോൾ അവൾ ആ പൊതി അയാൾക്കു നേരെ നീട്ടി.

ഇതാ തുണി. പാകത്തിനുള്ള ബ്ലൗസും ഒപ്പമുണ്ട്. വെറുതെ തുന്നിത്തരാംന്ന് പറഞ്ഞില്ലെ?

അയാൾ പൊതി നിവർത്തി. ഒരു ചുവപ്പു ചീട്ടിത്തുണി. പാകത്തിനുവെച്ച ബ്ലൗസ് കീറിയതാണ്.

അയാൾ പെട്ടെന്ന് നിശ്ശബ്ദനായി. വിലകുറഞ്ഞ ആ ചുവപ്പു ചീട്ടിത്തുണി അയാളെ വേദനിപ്പിച്ചു. അവൾ പാവപ്പെട്ടവളാണ് എന്നതിൽ തനിയ്ക്കും ഒരു പങ്കുണ്ടെന്ന തോന്നൽ. സരസ്വതി വിലാസത്തിൽ ഒന്നേകാൽ ഉറുപ്പികക്കാണ് ബ്രാഹ്മണ ഭോജനം കിട്ടുന്നത്. ഇവൾ കൊണ്ടു വരുന്ന ഊണ് അതിനേക്കാൾ പതിന്മടങ്ങ് നല്ലതാണ്. എന്നിട്ടും അത് പീടികയിൽ കൊണ്ടുവരുവാനുള്ള കൂലിയടക്കം താൻ കൊടുക്കുന്നത് മാസം ഇരുപത്തഞ്ചു രൂപയാണ്. ദിവസവും മത്സ്യമുണ്ടാകും. ആഴ്ചയിൽ രണ്ടു ദിവസം മാട്ടിറച്ചിയും. താൻ ഇന്നലെ കൊടുത്ത പണത്തിൽ നിന്നു അമ്മയോടു ചോദിച്ചു വാങ്ങിയ പണം കൊണ്ടായിരിക്കണം അവൾ ഈ തുണി വാങ്ങിയത്. അയാൾ ടേപ്പ് കയ്യിലെടുത്തു പറഞ്ഞു.

വരൂ അളവെടുക്കാം.

ഉം, ഉം അളവെടുക്കണ്ട. ഈ ബ്ലൗസു മാതിരി തുന്നിയാൽ മതി.

അതു പറ്റില്ല. അളവെടുക്കണം.

വേണ്ട, എനിക്ക് നാണമാവും.

നാണിക്കാനെന്താണുള്ളത്? ഇതാ ഈ കാണുന്ന ബ്ലൗസുകളെല്ലാം അളവെടുത്തു തുന്നിയതാണ്. ഇതിൽ പതിനഞ്ചു വയസ്സുതൊട്ട് അമ്പതു വയസ്സുവരെയുള്ളവരുടെ ബ്ലൗസുകളുണ്ട്. അവർക്കൊക്കെ അളവു കൊടുക്കാൻ മടിയില്ലെങ്കിൽ നിനക്കെന്താണിത്ര നാണം?

എനിയ്ക്കു നാണമാവും. അവൾ വീണ്ടും പറഞ്ഞു.

അളവെടുക്കാതെ ഞാൻ തുന്നില്ല അയാൾ തീർത്തു പറഞ്ഞു. അവൾ കുറച്ചുനേരം കൗണ്ടറിനു മുന്നിൽ നിന്നു പിന്നെ ഒഴിഞ്ഞ ചോറിൻ പാത്രവുമായി തിരിച്ചുപോയി.

പിറ്റെ ദിവസം അവൾ ചോദിച്ചു. ബ്ലൗസ് തയ്യാറായോ?

അളവെടുക്കാതെ ഞാൻ തുന്നാറില്ല. അയാൾ പറഞ്ഞു.

പിറ്റേന്നും അതിനു പിറ്റേന്നും അവൾ ഒരേ ചോദ്യം ചോദിച്ചു. ഒരേ മറുപടി കിട്ടി.

പെരുന്നാളിന് ഇനി ഒരാഴ്ചയേ ഉള്ളു. അതിനുമുമ്പ് ബ്ലൗസ് കിട്ടിയാൽ നന്നായിരുന്നു.

അളവെടുക്കട്ടെ എന്നാൽ തുന്നാം. അവൾ കൊടുത്ത തുണിയും ബ്ലൗസും അയാൾ ചില്ലിട്ട അലമാരിയിൽ വെച്ചിരുന്നത് അവൾ എന്നും നോക്കും. പെരുന്നാളിന് മൂന്നു ദിവസമുള്ളപ്പോൾ അവൾ ചോദിച്ചു.

ബ്ലൗസ് തുന്നില്ലെ?

അളവെടുത്താൽ തുന്നാം.

എന്നാൽ വേണ്ട. ആ ശീല മടക്കിത്തന്നോളൂ. ഞാൻ കുമാരന്റെ തയ്യൽക്കടയിൽ കൊടുക്കാം.

ഉണ്ടുകൊണ്ടിരുന്ന അന്തോണിച്ചേട്ടൻ പെട്ടെന്ന് നിവർന്നിരുന്നു, ഊണു മതിയാക്കി, കൈകുടഞ്ഞെഴുന്നേറ്റു തൂക്കുപാത്രത്തി ന്റെ തട്ടുകൾ ഓരോന്നായി അടുക്കി, കാതുമിട്ട് അവളുടെ മുമ്പിൽ വെച്ചു. കൈ കഴുകി തോർത്തു കൊണ്ടു തുടച്ച് അയാൾ പറഞ്ഞു.

അമ്മച്ചിയോടു പറയു നാളെതൊട്ട് എനിക്ക് ചോറ് വേണ്ടെന്ന്. മേരിക്കുട്ടിയുടെ ബ്ലൗസ്പീസും ബ്ലൗസും കടലാസിൽ പൊതിഞ്ഞ് അവളുടെ മുമ്പിൽ വെച്ചു.

അന്തോണിച്ചേട്ടന്റെ പ്രതികരണം ഇത്ര ക്രൂരമായിരിക്കുമെന്ന് മേരിക്കുട്ടി കരുതിയില്ല. അവൾ സ്തബ്ധയായി നിന്നു, പിന്നെ കണ്ണി ൽ നിന്ന് നീർ ധാരയായി ഒഴുകാൻ തുടങ്ങി. തേങ്ങലിനിടയിൽ അവൾ വിക്കി വിക്കി പറഞ്ഞു.

അളവെടുത്തോളു.

വിജയശ്രീലാളിതനായ അന്തോണിച്ചേട്ടൻ ടേപ്പ് കഴുത്തിലൂടെ ഒരു മാല പോലെ ഇട്ട് പെൻസിലും പുസ്തകവുമായി ട്രയൽ മുറിയിലേക്കു നടന്നു. അവൾ പിന്നാലെ നടന്നു.

തേങ്ങലുകളും സാന്ത്വനങ്ങളും ഇടവിട്ട് വിങ്ങിനിന്ന ആ ട്രയൽ മുറിയിൽ എന്താണ് നടന്നതെന്ന് ആർക്കും അറിയില്ല. അന്തോണിച്ചേട്ടന്റെ അസിസ്റ്റന്റ് ഊണു കഴിക്കാൻ പോയിരുന്നു. അളവെടുക്കൽ അരമണിക്കൂറോളം നീണ്ടുനിന്നു പുറത്തു കടന്നപ്പോൾ മേരിക്കുട്ടിയുടെ മുഖം നാണം കൊണ്ട് ചുവന്നിരുന്നു. അവൾ തൂക്കു പാത്രവുമെടുത്ത് തല കുനിച്ച് വീട്ടിലേക്കു നടന്നു.

പിറ്റേന്ന് അവളുടെ അമ്മച്ചിയാണ് ചോറുകൊണ്ടുവന്നത്. അത് അന്തോണിച്ചേട്ടനെ തെല്ലു ഭയപ്പെടുത്തി.

മോള് സുഖല്ല്യാതെ കെടക്കാണ്.

എന്താണ് അസുഖം?

പന്യാണ്. ഇന്നലെ വരുമ്പോൾ തന്നെ സുഖല്ല്യാന്ന് പറഞ്ഞിരുന്നു.

അന്തോണിച്ചേട്ടന് ആശ്വാസമായി, പെണ്ണ് തന്നെ ഒറ്റിക്കൊടുത്തിട്ടില്ല. ഒപ്പം ഒരു കുറ്റബോധവും മനസ്സിൽ വളർന്നു. ഊണിന്നിടയിൽ അവളെ നോക്കിയിരിക്കുമ്പോൾ ഉണ്ടാവാറുള്ള തോന്നലെന്താണെന്നയാൾക്കു

മനസ്സിലായി. അയാൾ നിശബ്ദനായി ഊണുകഴിച്ചു.
പിറ്റേന്നും ഉമ്മതന്നെയാണ് ചോറു കൊണ്ടുവന്നത്.
മോൾക്ക് എങ്ങിനെയുണ്ട്?
ഭേദമുണ്ട് ഉമ്മ പറഞ്ഞു. കെടക്ക്ന്യാണ് ഒന്നും കഴിക്കുന്നൂല്ല്യാ പാവം.
പിറ്റേന്ന് പെരുന്നാളാണ് അയാൾ മനസ്സിൽ കരുതി. അയാൾ അന്നുറങ്ങിയില്ല. തന്റെ തയ്യൽ യന്ത്രത്തിനു മുമ്പിൽ അയാൾ തപസ്സിരുന്നു. രാത്രി നീണ്ടു പോയി. ഭക്ഷണത്തിന്റെ കാര്യം അയാൾ മറന്നുപോയിരുന്നു. മനസ്സിൽ കീറിയ ബ്ലൗസിട്ട ഒരു പാവം പെൺകുട്ടിയുടെ ഓർമ്മ കടന്നുവന്നു. ചീട്ടിത്തുണിയുടെ ഒരു ബ്ലൗസും അയാൾക്ക് ഓർമ്മ വന്നു. അയാൾ കരയാൻ തുടങ്ങി.
തേങ്ങലുകൾക്ക് ശമനമുണ്ടായപ്പോൾ അയാൾ എഴുന്നേറ്റു. അലമാരി തുറന്ന് പുതിയ ടു ബൈ ടു ശീലകൾ പുറത്തെടുത്ത് മുറിക്കാൻ തുടങ്ങി. കത്തിരി വിശ്രമിക്കാൻ തുടങ്ങിയപ്പോൾ ജോലി തയ്യൽ മെഷിൻ ഏറ്റെടുത്തു.
പിറ്റേന്ന് കട മുടക്കമായിരുന്നു. പതിനൊന്നു മണിക്ക് മേരിക്കുട്ടിയുടെ വാതിൽപ്പടിയിൽ എത്തിയ അന്തോണിച്ചേട്ടന്റെ കയ്യിൽ ഒരു വലിയ പൊതിക്കു പുറമെ ഒരു കെട്ടു റോസാപൂക്കളുമുണ്ടായിരുന്നു.
നഗരത്തിൽ അപ്പോഴും ഒരു പൂക്കട തുടങ്ങിയിട്ടുണ്ടായിരുന്നില്ല; എന്നു വെച്ചാൽ പൂക്കട മുതലായ ആഡംബരങ്ങൾ ഉണ്ടാവാൻ മാത്രം നഗരം അന്നു വളർന്നിരുന്നില്ല. അപ്പോൾ അന്തോണിച്ചേട്ടന് ഒരു കെട്ടുണ്ടാക്കാൻ മാത്രം റോസാപ്പൂക്കൾ എവിടെ നിന്നു കിട്ടിയെന്നത് അജ്ഞാതമാണ്.
അയാൾ മേരിക്കുട്ടിയുടെ കട്ടിലിന്നരികിൽ കസേരയിൽ ഇരുന്ന് റോസാപ്പൂക്കൾ നീട്ടി. അവൾ അതു വാങ്ങി മുഖത്തോടടുപ്പിച്ചു. അവൾ സാധാരണത്തേക്കാൾ സുന്ദരിയായിരുന്നു. പെട്ടെന്ന് എന്തോ ഓർത്ത് അവൾ നാണിച്ചു മുഖമാകെ ചുവന്നു.
നീ തുന്നാൻ തന്ന ബ്ലൗസ് റെഡിയായിട്ടുണ്ട്.
വലിയപൊതി അവളുടെ നേരെ നീട്ടി അന്തോണിച്ചേട്ടൻ പറഞ്ഞു. അവൾ ഒരു സംശയത്തോടെ ആ പൊതി വാങ്ങി, ഒരു ചോദ്യഭാവത്തിൽ അതു തുറന്നു.
ആ പൊതിയിൽ മൂന്നു ബ്ലൗസുകൾ. ഒന്ന് അവൾ തുന്നാൻ കൊടുത്തതു തന്നെ പിന്നെ വേറെ ഒരു ഓറഞ്ചും ഒരു പച്ചയും. രണ്ടു സാരികൾ, ഓറഞ്ചും പച്ചയും, അതിനുയോജിച്ച രണ്ടു പാവാടകളും.
സാരികളും ബ്ലൗസുകളും ചിതറിക്കിടന്ന പൊതി മടിയിൽ വെച്ച് അവൾ അന്തോണിച്ചേട്ടനെ നോക്കി.
ഞാൻ ഈയൊരു ബ്ലൗസു മാത്രമല്ലെ തന്നിട്ടുള്ളു, പിന്നെന്തിനാണ് ഇതെല്ലാം കൊണ്ടു വന്നത്?
നിനക്കുവേണ്ടി വാങ്ങിയതാണ് ഇഷ്ടപ്പെട്ടോ?
അവൾ ഒന്നും പറഞ്ഞില്ല.
വാങ്ങിക്കോ മോളെ.
ഉമ്മ പറഞ്ഞു, അവർക്കതിന്റെ അർത്ഥം മനസ്സിലായി.
അമ്മച്ചീ ഞാൻ മേരിക്കുട്ടിയെ ഇന്നു വലിയ പള്ളിയില് പെരുന്നാളിന് കൊണ്ടു പോകട്ടെ?
പെയ്ക്കൊ മക്കളെ അവർ പറഞ്ഞു. പിന്നെ തിരിഞ്ഞു നിന്ന് ആരും കാണാതെ കർത്താവിന് കുരിശു വരച്ചു.
മേരിക്കുട്ടി അന്തോണിച്ചേട്ടന്റെ ഒപ്പം വലിയ പള്ളിയില് പെരുന്നാളിന് പോകുക തന്നെ ചെയ്തു. എല്ലാവർക്കും പറയാനുണ്ടായിരുന്നത് മേരിക്കുട്ടിയുടെ ബ്ലൗസിന്റെ ഫിറ്റിംഗിനെപ്പറ്റിയാണ്. ഇത്രയും നല്ല ഫിറ്റിംഗുള്ള ബ്ലൗസ് ഇതുവരെ ആരും കണ്ടിട്ടില്ല. അന്തോണിച്ചേട്ടന്റെ മാസ്റ്റർ പീസായിരുന്നു അത്.
ആയില്ലെങ്കിലല്ലെ അത്ഭുതമുള്ളു.
പിറ്റത്തെ ഞായറാഴ്ച കല്ല്യാണത്തിന് മേരിക്കുട്ടിയുടെ വെഡ്ഡിംഗ് ഡ്രസ്സും തയ്ച്ചത് അന്തോണിച്ചേട്ടൻ തന്നെയായിരുന്നു.
ഇതെല്ലാം പഴയ കഥകൾ. താൻ ബോംബെയിലായിരുന്ന കാലത്ത് നടന്ന സംഭവങ്ങൾ. നഗരത്തിന്റെ വളർച്ചയോടൊപ്പം അതാതു കാലത്ത് പ്രചരിച്ചിരുന്ന കഥകളിലൊന്ന് മാത്രം. ഗ്രാമീണവായനശാലയുടെ സെക്രട്ടറിയും, തന്റെ സുഹൃത്തുമായ രാഹുലൻ പറഞ്ഞു തന്ന കഥയാണിത്, അയാൾ ഒരു സാഹിത്യകാരനും കൂടി ആയിരുന്നു. അയാളുടെ മനോധർമ്മം ഇതിന് എത്രമാത്രം നിറം കൊടുത്തുവെന്നറിയില്ല.
ഇപ്പോൾ അതെല്ലാം മാറിയിരിക്കുന്നു. അന്തോണിച്ചേട്ടന്റെ ലേഡീസ് ഓൺ ടെയ്ലറിംഗിനു എതിർവശത്തുള്ള തന്റെ വീട്ടിൽ ജനലിന്നടുത്തുള്ള കട്ടിലിൽ കിടന്നു കൊണ്ട് രവീന്ദ്രൻ ആലോചിച്ചു. ആ കാലമെല്ലാം മാറിയിരിക്കുന്നു. കഴിഞ്ഞ പത്തു കൊല്ലം അയാൾ നാട്ടിൽ വരലുണ്ടായില്ല. അതിനുശേഷം അയാൾ ജോലി രാജി വെച്ച് നാട്ടിലേയ്ക്കു വന്നതാണ്. മനസ്സിൽ താൻ താമസിച്ചിരുന്നതും, തിരിച്ചൊന്നും തരാതെ തന്റെ ജീവിതത്തിന്റെ ഏറ്റവും നല്ല ഭാഗം അപഹരിച്ചതുമായ നഗരത്തോടുള്ള വെറുപ്പും, ശ്വാസകോശത്തിൽ അനുദിനം കാർന്നു തിന്നുന്ന രോഗവുമായി. സ്രെപ്റ്റോമൈസിൻ ഇൻജക്ഷനും ഒരു പറ്റം ഗുളികകളുമായി അയാൾക്ക് ചുരുങ്ങിയത് നാലു മാസമെങ്കിലും വിശ്രമിക്കണം. പകൽ മുഴുവൻ, ചിലപ്പോൾ രാത്രി വളരെ വൈകും വരെ അയാൾ ജനലിലൂടെ പുറത്തേയ്ക്കു നോക്കിക്കിടന്നു. അന്തോണിച്ചേട്ടനാണ് തൊട്ടുമുമ്പിൽ. അയാളെ നോക്കിയിരിക്കുമ്പോഴാണ് രവീന്ദ്രൻ ഒരമർഷത്തോടെ മനസ്സിലാക്കിയത്, നഗരത്തെ സംബന്ധിച്ചിടത്തോളം ധീരോദാത്തയുടെയും പ്രണയ സൗരഭ്യങ്ങളുടെയും കാലം കഴിഞ്ഞിരിക്കുന്നു. താൻ തിരിച്ചുവരാൻ കാത്തിരിക്കുകയായിരുന്നു നഗരം ഇതിനു വേണ്ടി, അതിന്റെ വികൃതരൂപം കാണിച്ചുതരാനായി.
അമ്മ ഇടയ്ക്ക് മുകളിലേയ്ക്ക് കയറി വരും, കട്ടിലിൽ ഇരുന്ന് കിതപ്പിന്നിടയിൽ തന്റെ തല തലോടും.
മുടിയൊക്കെ പോയിത്തുടങ്ങി. അവർ പരാതിപ്പെടും. ഇനിയെന്നാ നീ കല്ല്യാണൊക്കെ കഴിക്കാൻ

പോണത്? മുപ്പത്തെട്ടു വയസ്സായില്ലെ?

അയാൾ ചിരിച്ചു. അയാൾക്ക് നാല്പത് തികഞ്ഞിരുന്നു. രണ്ടുവർഷങ്ങൾ അമ്മയുടെ മനസ്സിൽ നിന്ന് എങ്ങിനെയോ ചോർന്നു പോയിരുന്നു. അവർക്ക് ഒരു മാതിരി നഷ്ടപ്പെട്ടുവെന്നു കരുതിയ മകനെ തിരിച്ചു കിട്ടിയതിലുള്ള സന്തോഷമാണ്. രോഗം ചികിത്സിച്ചു ഭേദമാക്കാവുന്നതേയുള്ളു. എല്ലാം ഭേദപ്പെട്ടാൽ ഒരു പുതിയ ജീവിതം തുടങ്ങാമല്ലൊ. മുമ്പെല്ലാം വളരെ കൃത്യമായി എല്ലാ വർഷവും ലീവിൽ വന്നിരുന്നതാണ്. കഴിഞ്ഞ പത്തു കൊല്ലമായി അതുണ്ടായില്ല. വേണമെന്ന് വെച്ചിട്ടല്ല. എന്താണുണ്ടായതെന്ന് അയാൾക്ക് ഓർമ്മയില്ല. മോശപ്പെട്ടുകൊണ്ടിരുന്ന ആരോഗ്യം, അസംതൃപ്തരായ മേലധികാരികൾ, തരം കിട്ടിയാൽ തന്നെ അപമാനിക്കുന്ന കമ്പനിയുടമ. ഇതിനെല്ലാമിടയിൽ പത്തുവർഷങ്ങൾ കഴിച്ചുകൂട്ടി. ഇപ്പോൾ അതെല്ലാം ഒരു മഞ്ഞിന്നിടയിലൂടെ കാണുന്ന പോലെയാണ്. ഒന്നിനും തെളിമയില്ല. താൻ അതിൽനിന്നെല്ലാം വളരെ അകലെയാണല്ലൊ എന്ന സമാധാനം. ശത്രുവിൽനിന്നോടി രക്ഷപ്പെട്ട ഇരയുടെ മനോഭാവം.

അന്തോണിച്ചേട്ടൻ ഇര പിടിക്കാൻ പതുങ്ങി നില്ക്കുകയാണ്. ഇടയ്ക്കിടയ്ക്ക് പീടികയിൽ നിന്നിറങ്ങി നിരത്തി ന്റെ രണ്ടറ്റത്തേക്കും നോക്കും. ആരെങ്കിലും വരുന്നുണ്ടെന്നു കണ്ടാൽ ഉടനെ പീടികയിലേയ്ക്കു വലിയും. കണ്ണാടിച്ചില്ലില്ലൂടെ തുറുകണ്ണും പായിച്ച് നിൽക്കും. ആ നിർഭാഗ്യവാൻ അടുത്തെത്തിയാൽ ഒരു ചാട്ടമാണ്. സംശയിക്കാതെ നടന്നു പോകുന്ന വഴിയാത്രക്കാരൻ അന്തോണിച്ചേട്ടന്റെ കയ്യിൽപ്പെടുന്നു. പിന്നെ മോചനമില്ല. അന്തോണിച്ചേട്ടൻ ഇരയെ അകത്തേയ്ക്കു വലിച്ചിഴച്ചു കൊണ്ടുപോകുന്നു. അര മണിക്കൂറോളം അയാളെ പീഡിപ്പിക്കുന്നു. ഇര ഇടയ്ക്കിടയ്ക്ക് പിടഞ്ഞെഴുന്നേറ്റ് രക്ഷപ്പെടാൻ നോക്കുന്നു. ഒരു ബലമായ കൈ ഇരയെ വീണ്ടും തട്ടിതാഴ്ത്തിടുന്നു. വീണ്ടും പീഡനം തന്നെ. അന്തോണിച്ചേട്ടൻ കണ്ണുകൾ ഇടയ്ക്കിട യ്ക്ക് റോഡിലേയ്ക്ക് പായിക്കുന്നു. പെട്ടെന്ന് പുതിയൊരു ഇരയെ കണ്ടാൽ ചാടിയെഴുന്നേല്ക്കുന്നു. റോഡിലേക്കു കുതിക്കുന്നു. ആ തക്കം നോക്കി പഴയ ഇര വേച്ച് വേച്ച് രക്ഷപ്പെടുന്നു. വേറെ ഇരയെ കിട്ടി യില്ലെങ്കിൽ വീണ്ടും പഴയ പടി കണ്ണാടിച്ചില്ലിനു പിറകിൽ തുറുകണ്ണും പായിച്ചു നിൽക്കുകയോ, അല്ലെങ്കിൽ നിരുപദ്രവിയെന്നു തോന്നും വിധം നിരത്തിൽ ഉലാത്തുകയോ ചെയ്യും. മറ്റൊരിരയെ കിട്ടും വരെ. രാത്രി വിളക്കുകാലിന്റെ വെളിച്ചത്തിൽ നിന്നും അകന്ന് നിഴലിൽ അയാൾ കാത്തു നിൽക്കുന്നു. വെളിച്ചത്തിൽ നടക്കുന്ന ഇരകൾ, പതുങ്ങി നിൽക്കുന്ന അന്തോണിച്ചേട്ടനെ കാണുന്നില്ല. പെട്ടെന്നാണ് ആക്രമണ മുണ്ടാവുക.

എവിടെയോ എന്തോ പിശകുണ്ട്. അയാൾ ഓർത്തു. ഇങ്ങിനെയൊന്നുമായിരുന്നില്ല തന്റെ മനസ്സിലുണ്ടാ യിരുന്ന നഗരം. രണ്ടാഴ്ച കൂടുമ്പോൾ ക്ലിനിക്കിലേക്കു പോകണം. ഒന്നുകിൽ എക്സ്‌റേ എടുക്കാനോ, അല്ലെങ്കിൽ രക്തം പരിശോധിക്കാനോ. ആ യാത്രയിലാണ് നഗരത്തിന്റെ പൊടിപുരണ്ട മുഖം അയാൾ കാണുന്നത്. വർഷങ്ങൾക്കു മുമ്പ് താൻ ലീവിൽ വന്നിരുന്നപ്പോൾ ഒരു തരുണിയെപ്പോലെ കാത്തു നിന്ന നഗരം വാർദ്ധക്യലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയിരിക്കുന്നു. വാതിലുകളുടെയും ജനലുകളുടെയും ചായം അടർന്നു മങ്ങിയിരുന്നു. പീടികകളുടെ പേരെഴുതിയ ബോർഡുകൾ തുരുമ്പു പിടിച്ചിരുന്നു. ഓടകളിൽ ചീഞ്ഞ വെള്ളം കെട്ടിനിന്നു നാറിത്തുടങ്ങിയിരുന്നു. എല്ലാറ്റിലും അസഹനീയമായത് നഗരവാസികളുടെ അവഗണന യായിരുന്നു. അതവരുടെ ഭാവത്തിലും, പ്രവൃത്തിയിലും, സംസാരത്തിലും നിഴലിച്ചുകണ്ടു. നഗരം പെട്ടെന്ന വർക്ക് അന്യാധീനമായ പോലെ അവർ നഗരത്തെ സംശയത്തോടെ നോക്കി. പുതുതായി ഒരാളെക്കണ്ടാൽ അവർ വിചാരണ തുടങ്ങും. എന്താണ് പേര്? വീടെവിട്യാ? എന്താ ജോലി? ശമ്പളം? ലീവിൽ വന്നതാണോ, എത്ര ലീവുണ്ട്? അവർ നിങ്ങളെ നഗ്നരാക്കുന്നു. അരഞ്ഞാൺ ചരടും കൂടി പൊട്ടിച്ചെറിഞ്ഞാൽ സമാധാന മായി. നിങ്ങളെ പദവിയുടെ ഏതു തട്ടിലിടണമെന്നവർ ഗണിച്ചുണ്ടാക്കുന്നു. അയാളുടെ ഭാവിയിലുള്ള നീക്കങ്ങളെല്ലാം ഈ വിലയിരുത്തലിനെ ആധാരമാക്കിയായിരിക്കും. അയാൾ അഭ്യുദയകാംക്ഷികൾക്കെല്ലാം മുന്നറി യിപ്പും കൊടുക്കുന്നു.

ജോലി രാജിവെച്ച് വന്നിരിക്ക്യാണത്രെ. അല്ലെങ്കിലെന്തു കിട്ടാനാന്നെ ഈ ടൈപിംഗിന്റെ ജോലിക്ക്. ഇക്കാലത്തൊക്കെ ഒരു എഞ്ചിനീയറാവണം അല്ലെങ്കിൽ ഡോക്ടർ. അതുമല്ലെങ്കിൽ ഗവർമ്മെണ്ടിൽ വല്ലതും കിട്ടണം.

വാർത്ത പരക്കുന്നു. പ്രതിക്ക് ഭ്രഷ്ട് കല്പിക്കുന്നു. നേരെ വരുന്ന ആൾക്കാർ മുഖം തിരിച്ച് കണ്ടില്ലെന്ന് നടിച്ച് പോകുന്നു.

താൻ ജനിച്ചു വളർന്ന നഗരം തന്നെയാണോ ഇത്?

തിരിച്ച് വീട്ടിലെത്തുമ്പോൾ അയാൾ അലമാരിയിൽ പരതുന്നു. എവിടെയൊ പൊടിപിടിച്ച ആ ചെറിയ ആൽബം കാണണം. ക്ഷീണം വകവെയ്ക്കാതെ അയാൾ തിരച്ചിൽ തുടരുന്നു, ആ ആൽബം കിട്ടുംവരെ. അതിൽ ആദ്യത്തെ പേജിൽതന്നെ അയാളുടെ ഫോട്ടോ ഉണ്ട്. ഏകദേശം പത്തു വയസ്സു പ്രായമുള്ളപ്പോൾ എടുത്ത ഫോട്ടോ. മുറ്റത്ത് ആ പയ്യൻ കയ്യും തൂക്കിയിട്ട് സങ്കോചമുള്ള കണ്ണുകളോടെ നില്ക്കുന്നു. പിന്നിൽ വെയിലിൽ കുളിച്ചു നില്ക്കുന്ന പൂച്ചെടികൾ. ആ പൂച്ചെടികൾ നട്ടുപിടിപ്പിച്ചതയാൾക്ക് ഓർമ്മയുണ്ട്. ആ പൂച്ചെടികൾ നട്ടിരുന്നിടത്ത് ഇപ്പോൾ വെറും പുല്ലുകൾ മാത്രമേയുള്ളു എന്നയാൾ ഓർത്തു. ആൽബത്തിന്റെ മറ്റു പേജുകൾ മറിക്കാൻ അയാൾ അശക്തനായിരുന്നു. ആൽബം മടക്കി അലമാരിയിൽ തന്നെ വെച്ച് അയാൾ കട്ടിലിൽ പോയി കിടന്നു. പുറത്ത് അന്തോണിച്ചേട്ടൻ ഒരു ഇരയെ കിട്ടിയ സന്തോഷത്തിൽ വെളുക്കെ ചിരിച്ചു നില്ക്കുകയാണ്.

back to index